# ഹജ്ജ്, ഉംറ
# സിയാറത്ത്

﴿ الحج والعمرة والمشروع في الزيارة ﴾

[ Malayalam – മലയാളം – مليالم ]

## ശൈഖ് മുഹമ്മദു ബ്ൻ സ്വാലിഹ് അൽഉസൈമീൻ (റ)

## الشيخ/محمد بن صالح العثيمين رحمه الله

വിവർത്തനം: മുഹമ്മദ്കുട്ടി കടന്നമണ്ണ

ترجمة : محمد كوتي أبو بكر

www.islamhouse.com


١٤٣١هـ - ٢٠١٠م

المكتب التعاوني للدعوة وتوعية الجاليات بالربوة

Islamic Propagation Office in Rabwah

P.O.Box 29465 RIYADH 11457 – TEL 4454900 – 4916065

FAX: 4970126 - E-Mail: rabwah@islamhouse.com

http://www.islamhouse.com

# താളുകളിൽ


| അധ്യായം | പേജ് |
| --- | --- |
| രചയിതാവിന്റെ വാക്കുകൾ | 4 |
| യാത്ര: ചില മര്യാദകൾ | 6 |
| യാത്രയിലെ നമസ്കാരം | 12 |
| ഹജ്ജിന്റെ നിബന്ധനകൾ | 22 |
| രക്തബന്ധം മുഖേനയുള്ള മഹ്റമുകൾ | 31 |
| വിവാഹ ബന്ധത്തിലൂടെയുള്ള മഹ്റമുകൾ | 34 |
| മീഖാത്തുകൾ, ബലിയുടെ ഇനങ്ങൾ | 37 |
| മൂന്ന് കർമ്മരൂപങ്ങൾ | 44 |
| ബലി നിർബന്ധമാവുന്ന കർമ്മങ്ങളും മൃഗത്തിന്റെ വിശേഷണങ്ങളും | 51 |
| ബലി: ചില വിഷയങ്ങൾ | 57 |
| ഇഹ്റാമിൽ നിഷിദ്ധമായ കാര്യങ്ങൾ | 67 |
| സ്ത്രീപുരുഷന്മാർക്ക് നിഷിദ്ധമായ കാര്യങ്ങൾ | 68 |
| പുരുഷന്മാർക്ക് മാത്രം നിഷിദ്ധമായ കാര്യങ്ങൾ | 80 |
| ഉംറയുടെ രൂപം | 90 |
| ഉംറ: കർമ്മങ്ങൾ ചുരുക്കത്തിൽ | 109 |

ഹജ്ജിന്റെ രൂപം 110

ഹജ്ജ് കർമ്മങ്ങൾ: സംക്ഷിപ്ത രൂപം 160

ഹജ്ജിന്റെ നിർബന്ധ ഘടകങ്ങൾ 165

ചില ഹാജിമാരിലുണ്ടാവുന്ന അബദ്ധങ്ങൾ 178

ഇഹ്റാമും അതിലെ അബദ്ധങ്ങളും 183

ത്വവാഫും അതിലെ അബദ്ധങ്ങളും 188

മറ്റുചില അബദ്ധങ്ങൾ 190

ത്വവാഫിലെ വാക്യാബദ്ധങ്ങൾ 194

ത്വവാഫാനന്തരനമസ്കാരവും അബദ്ധങ്ങളും 199

സ്വഫാ മർവ, സഅ്യ്: അബദ്ധങ്ങൾ 202

അറഫയിൽ നിൽക്കൽ, അതിലെ അബദ്ധങ്ങൾ 206

ജംറകളിലെ ഏറ്, അതിലെ അബദ്ധങ്ങൾ 208

മറ്റുചില അബദ്ധങ്ങൾ 212

വിടവാങ്ങൽ ത്വവാഫും അബദ്ധങ്ങളും 219

മറ്റുചില അബദ്ധങ്ങൾ 221

മസ്ജിദുന്നബവി സന്ദർശനം 227

നബിയുടെ ഖബ്ർ സന്ദർശിക്കൽ 232

ഹജ്ജ്: സംശയങ്ങളും മറുപടിയും 252

## مقدمة

## രചയിതാവിന്റെ വാക്കുകൾ

الحمد لله ، والصلاة والسلام على رسول الله ، وعلى آله وصحبه ، أما بعد :

യാത്ര, ഹജ്ജ്, മസ്ജിദുന്നബവി സന്ദർശനം എന്നീ വിഷയങ്ങളിൽ വിവിധ സദസ്സുകളിൽ ഞാനെടുത്ത ക്ലാസുകളുടെ ലിഖിത രൂപമാണ് ഈ പുസ്തകം ഉൾക്കൊള്ളുന്നത്. താഴെ കാണുന്ന രൂപത്തിൽ പത്ത് അധ്യായങ്ങളായി അത് വിഭജിക്കപ്പെട്ടിരിക്കുന്നു.

**ഒന്ന്:** യാത്ര– ചില മര്യാദകൾ.

**രണ്ട്:** ഹജ്ജിന്റെ നിബന്ധനകൾ.

**മൂന്ന്:** മീഖാത്തുകൾ, കർമ്മങ്ങൾ.

**നാല്:** ബലി നിർബന്ധമായ കർമ്മരൂപങ്ങൾ, ഉരുവിന്റെ വിശേഷണങ്ങൾ.

**അഞ്ച്:** ഇഹ്റാമിൽ നിഷിദ്ധമായ കാര്യങ്ങൾ.

**ആറ്:** ഉംറയുടെ രൂപം.

**ഏഴ്:** ഹജ്ജിന്റെ രൂപം.

**എട്ട്:** ഹജ്ജിന്റെ കടമകൾ.

**ഒമ്പത്:** ഹാജിമാർ ചെയ്യുന്ന അബദ്ധങ്ങൾ.

**പത്ത്:** മസ്ജിദുന്നബവി സന്ദർശനം.

ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട ചില സുപ്രധാന പ്രശ്നങ്ങൾ ചോദ്യോത്തര രൂപത്തിൽ നാം ഇതിൽ ചേർത്തിരിക്കുന്നു. ഈ ത്യാഗം അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി മാത്രമായിരിക്കട്ടെ എന്നും ഇതു കൊണ്ട് പ്രയോജനം ലഭിക്കട്ടെ എന്നും അവനോട് പ്രാർത്ഥിക്കുന്നു. തീർച്ചയായും അവൻ അത്യുദാരനും അതിമാന്യനുമാകുന്നു.

– ഗ്രന്ഥകർത്താവ്

അധ്യായം ഒന്ന്

## السفر وشيء من آدابه

## യാത്ര: ചില മര്യാദകൾ

സ്വദേശം വെടിയുക എന്നതാണ് യാത്ര കൊണ്ട് ഉദ്ദേശിക്കുന്നത്. അത് ഭൗതികവും പാരത്രികവുമായ പല ലക്ഷ്യങ്ങൾക്ക് വേണ്ടിയാവാം. ഏതൊരു ലക്ഷ്യത്തിനാണോ യാത്ര പോവുന്നത് ആ ആവശ്യത്തെക്കുറിച്ച ഇസ്‌ലാമിക വീക്ഷണമാണ് യാത്രയുടെയും ഇസ്‌ലാമികവിധി. അനുവദനീമായ കച്ചവടം പോലെയുള്ള ഒരു കാര്യത്തിനാണ് യാത്രയെങ്കിൽ യാത്രയും അനുവദനീയമാവും. കുറ്റകൃത്യങ്ങൾക്കും കുഴപ്പങ്ങൾക്കുമുള്ള യാത്ര പോലെ അനുവദനീയമല്ലാത്ത ഒരു കാര്യത്തിനാണ് യാത്രയെങ്കിൽ ആ യാത്രയും ഹറാമാണ്.

ഹജ്ജിനോ മറ്റേതെങ്കിലും ഒരാരാധനക്കോ വേണ്ടി യാത്ര ചെയ്യുന്ന ഒരാൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**1) ആത്മാർത്ഥത** – അതായത് തന്റെ യാത്രയിലൂടനീളം അല്ലാഹുവിന്റെ സാമീപ്യം ആഗ്രഹിക്കുക. തന്റെ മുഴുവൻ വാക്കുകളും കർമ്മങ്ങളും ക്രയവിക്രയങ്ങളും മറ്റും അല്ലാഹുവിന്റെ പ്രീതിക്കു

വേണ്ടി മാത്രമായിരിക്കുക. എങ്കിൽ നന്മകൾ അധികരിക്കപ്പെടും, പാപങ്ങൾ പൊറുക്കപ്പെടും, പദവികൾ ഉയർത്തപ്പെടും.

നബി(ﷺ) സഅ്ദ്ബ്നു അബീവഖാസ്(رضي الله عنه) നോട് പറഞ്ഞു: 'അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചു കൊണ്ട് താങ്കൾ ചിലവഴിക്കുന്നവക്കെല്ലാം തീർച്ചയായും പ്രതിഫലമുണ്ട്, നിന്റെ സഹധർമ്മിണിയുടെ വായിൽ നീ വെച്ച് കൊടുക്കുന്നതിന് വരെ' (ബുഖാരി, മുസ്ലിം).

**2) അല്ലാഹു തനിക്ക് നിർബന്ധമാക്കിയവ അനുഷ്ഠിക്കുവാനും നിഷിദ്ധമാക്കിയവ വെടിയുവാനും ആർത്തികാണിക്കുക.** നമസ്കാരങ്ങൾ അവയുടെ സമയങ്ങളിൽ ജമാഅത്തോടൊപ്പം തന്നെ നിർവ്വഹിക്കുക, അതിനായി തന്റെ കൂട്ടുകാരോടെല്ലാം ഉപദേശിക്കുക, നന്മ കൽപ്പിക്കുകയും തിന്മയെ തടയുകയും ചെയ്യുക, യുക്തിയോടും സദുപദേശത്തോടും കൂടി അവരെ അല്ലാഹുവിലേക്ക് ക്ഷണിക്കുക.

ഹറാമായ വാക്കുകളും പ്രവർത്തികളും വെടിയുന്നതിലും അത്യാഗ്രഹമുണ്ടായിരിക്കുക. കള

വും ഏഷണിയും പരദൂഷണവും അരുത്, വഞ്ച നയും ചതിയും മറ്റു പാപങ്ങളും വെടിയുക.

**3) ഉത്തമമായ സ്വഭാവം കാണിക്കുക, ധനം, അറിവ്, ശരീരം, എല്ലാം കൊണ്ടും ഉദാരത കാണിക്കുക.** സഹായം ആവശ്യമുള്ളവനെ സഹായിക്കുക, വിദ്യ തേടുന്നവർക്കും ആവശ്യക്കാർക്കും അറിവ് പകർന്നു കൊടുക്കുക, തന്റെ ധനം കൊണ്ട് ഉദാരത കാണിക്കുക, തന്റെയും തന്റെ സഹോദരങ്ങളുടെയും നന്മക്കാവശ്യമായത് ചിലവഴിക്കുക.

യാത്രാചിലവിനായി അൽപ്പം കൂടുതൽ കരുതുന്നത് നല്ലതാണ്. ചിലപ്പോൾ ആവശ്യം വന്നേക്കാം, കണക്കു കൂട്ടലുകൾ തെറ്റിയേക്കാം. ഇതിലെല്ലാം തന്നെ മുഖപ്രസന്നതയും ശുദ്ധമനസ്കതയും സംതൃപ്തിയും ഉണ്ടായിരിക്കുകയും, തന്റെ കൂട്ടുകാരിൽ സന്തോഷം പകരാൻ ശ്രദ്ധിക്കുകയും അവരോട് ഇണങ്ങിക്കഴിയുകയും ചെയ്യുക. കൂട്ടുകാരിൽ നിന്ന് മോശമായ പെരുമാറ്റം ഉണ്ടാവുകയോ അവർ തന്റെ അഭിപ്രായത്തോട് എതിരാവുകയോ ചെയ്താൽ ക്ഷമിക്കുകയും ഏറ്റവും ഉത്തമമായ രൂപത്തിൽ അവരെ കാര്യങ്ങൾ ധരിപ്പിക്കുകയും ചെയ്യുക. എങ്കിൽ അവർക്കിടയി

ൽ താങ്കൾ ആദരിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യും.

**4) യാത്രാവേളയിലും യാത്രയിലും നബി(ﷺ)യിൽ നിന്നും സ്ഥിരപ്പെട്ടുവന്ന പ്രാർത്ഥനകൾ ചൊല്ലുക.** വാഹനത്തിൽ കാൽവെച്ചാൽ بسم الله എന്ന് പറയുക. വാഹനത്തിൽ കയറിയിരുന്നാൽ ഈ വാഹനം തനിക്ക് എളുപ്പമാക്കിത്തന്നതിലൂടെ അല്ലാഹു തനിക്ക് നൽകിയ അനുഗ്രഹത്തെ സ്മരിക്കുകയും ശേഷം ഇപ്രകാരം പറയുകയും ചെയ്യുക:

اللہ أکبر، اللہ أکبر، اللہ أکبر ( سُبْحَانَ الَّذِي سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِينَ ، وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ) اللَّهُمَّ إِنَّا نَسْأَلُكَ فِي سَفَرِنَا هَذَا الْبِرَّ وَالتَّقْوَى وَمِنَ الْعَمَلِ مَا تَرْضَى ، اللَّهُمَّ هَوِّنْ عَلَيْنَا سَفَرَنَا هَذَا وَاطْوِ عَنَّا بُعْدَهُ ، اللَّهُمَّ أَنْتَ الصَّاحِبُ فِي السَّفَرِ وَالْخَلِيفَةُ فِي الْأَهْلِ ، اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ وَعْثَاءِ السَّفَرِ وَكَآبَةِ الْمَنْظَرِ وَسُوءِ الْمُنْقَلَبِ فِي الْمَالِ وَالْأَهْلِ )

“സുബ്ഹാനല്ലദീ സഖ്ഖറ ലനാ ഹാദാ വമാ കുന്നാ ലഹു മുഖ്രിനീൻ വഇന്നാ ഇലാ റബ്ബിനാ ലമുൻഖലിബൂൻ. അല്ലാഹുമ്മ ഇന്നാ നസ്അലുക്ക

ഫീ സഫരിനാ ഹാദാ അൽ ബിർറ വത്തഖ്വാ വ മിനൽ അമലി മാ തർദാ, അല്ലാഹുമ്മ ഹവ്വിൻ അലൈനാ സഫറനാ ഹാദാ വത്വി അന്നാ ബുഅ്ദഹു, അല്ലാഹുമ്മ അൻത സ്സ്വാഹിബു ഫിസ്സഫർ, വൽ ഖലീഫത്തു ഫിൽ അഹ്ൽ, അല്ലാഹുമ്മ ഇന്നീ അഊദു ബിക മിൻ വഅ്ഥാഇസ്സഫർ, വകആബത്തിൽ മൻദർ, വസൂഇൽ മുൻഖലബി ഫിൽ മാലി വൽ അഹ്ൽ'

'ഞങ്ങൾക്ക് വേണ്ടി ഇതിനെ വിധേയമാക്കിത്തന്നവൻ എത്ര പരിശുദ്ധൻ ഞങ്ങൾക്കതിനെ ഇണക്കുവാൻ കഴിയുമായിരുന്നില്ല. തീർച്ചയായും ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിങ്കലേക്ക് തിരിച്ചെത്തുന്നവർ തന്നെയാകുന്നു' (സുഖ്റുഫ്:13). 'അല്ലാഹുവേ, ഈ യാത്രയിൽ പുണ്യത്തിനും തഖ്വക്കും നീ തൃപ്തിപ്പെട്ട കർമ്മങ്ങൾക്കുമായി ഞങ്ങൾ നിന്നോട് യാചിക്കുന്നു, അല്ലാഹുവേ, ഈ യാത്ര ഞങ്ങൾക്ക് നീ എളുപ്പമാക്കിത്തരികയും അതിന്റെ ദൂരം ലഘൂകരിക്കുകയും ചെയ്യേണമേ.., അല്ലാഹുവേ.. യാത്രയിലെ കൂട്ടുകാരനും കുടുംബത്തിലെ പ്രതിനിധിയും നീയാണ്. അല്ലാഹുവേ, യാത്രാ ക്ലേശങ്ങളിൽ നിന്നും മോശമായ കാഴ്ചകളിൽ നിന്നും കുടുംബത്തിലും ധനത്തിലുമുള്ള

മോശമായ പരിണിതിയിൽ നിന്നും ഞാൻ നിന്നിൽ ശരണം തേടുന്നു'.

കയറ്റങ്ങൾ കയറുമ്പോൾ തക്ബീർ ചൊല്ലുന്നതും ഇറക്കങ്ങൾ ഇറങ്ങുമ്പോൾ തസ്ബീഹ് ചൊല്ലുന്നതും ഉത്തമമാണ്. എവിടെയെങ്കിലും വിശ്രമത്തിനായും മറ്റും ഇറങ്ങിയാൽ

( أَعُوذُ بِكَلِمَاتِ اللَّهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ )

(അഊദു ബികലിമാത്തില്ലാഹിത്താമ്മാത്തി മിൻ ശർറി മാ ഖലക്ക്) എന്ന് പ്രാർത്ഥിക്കുക. സാരം: 'പരിപൂർണ്ണമായ അല്ലാഹുവിന്റെ നാമങ്ങൾ കൊണ്ട് അവൻ സൃഷ്ടിച്ചവയുടെ നാശങ്ങളിൽ നിന്നും ഞാൻ ശരണം തേടുന്നു'. ഒരിടത്ത് ഇറങ്ങിയ ശേഷം ആരെങ്കിലും ഇപ്രകാരം പ്രാർത്ഥിച്ചാൽ അവൻ അവിടെ നിന്ന് യാത്രയാവുന്നത് വരെ അവനെ യാതൊന്നും ഉപദ്രവിക്കുകയില്ല.

************

## الصلاة في السفر

## യാത്രയിലെ നമസ്കാരം

നാട്ടിൽ താമസിക്കുന്നവനെപ്പോലെത്തന്നെ യാത്രക്കാരനും നമസ്കാരം അവയുടെ സമയത്ത് ജമാഅത്തായി നിർവ്വഹിക്കൽ നിർ ബന്ധമാണ്. അല്ലാഹു പറയുന്നു:

وَإِذَا كُنتَ فِيهِمْ فَأَقَمْتَ لَهُمُ الصَّلاَةَ فَلْتَقُمْ طَآئِفَةٌ مِّنْهُم مَّعَكَ وَلْيَأْخُذُواْ أَسْلِحَتَهُمْ فَإِذَا سَجَدُواْ فَلْيَكُونُواْ مِن وَرَآئِكُمْ وَلْتَأْتِ طَآئِفَةٌ أُخْرَى لَمْ يُصَلُّواْ فَلْيُصَلُّواْ مَعَكَ ..... ( النساء : ١٠٢ )

(നബിയേ), നീ അവരുടെ കൂട്ടത്തിലുണ്ടായിരിക്കുകയും, അവർക്ക് നേതൃത്വം കൊടുത്തുകൊണ്ട് നമസ്കാരം നിർവ്വഹിക്കുകയുമാണെങ്കിൽ അവരിൽ ഒരു വിഭാഗം നിന്റെ കൂടെ നിൽക്കട്ടെ. അവർ അവരുടെ ആയുധങ്ങൾ എടുക്കുകയും ചെയ്യട്ടെ. അങ്ങനെ അവർ സുജൂദ് ചെയ്ത് കഴിഞ്ഞാൽ അവർ നിങ്ങളുടെ പിന്നിലേക്ക് മാറി നിൽക്കുകയും, നമസ്കരിച്ചിട്ടില്ലാത്ത മറ്റേ വിഭാഗം വന്ന് നിന്റെ കൂടെ നമസ്കരിക്കുകയും ചെയ്യട്ടെ' (നിസാഅ്: 102).

ഭയത്തോടൊപ്പം സംഘട്ടനവും യുദ്ധവും നടക്കുന്ന അവസരത്തിൽപ്പോലും ജമാത്ത് നമസ്കാരം അല്ലാഹു രണ്ട് വിഭാഗങ്ങളുടെ മേലും നിർബന്ധമാക്കിയിരിക്കുന്നു. എങ്കിൽ സമാധാനവും ശാന്തിയുമുള്ള അവസരത്തിൽ അത് കൂടുതൽ നിർബന്ധമാകുന്നു.

യാത്രയിലാണെങ്കിലും സ്വദേശത്താണെങ്കിലും റസൂൽ(ﷺ)യും സഹാബത്തും ജമാഅത്ത് നമസ്കാരത്തിൽ കൃത്യനിഷ്ഠ പാലിക്കുന്നവരായിരുന്നു. അബ്ദുല്ലാഹിബ്നു മസ്ഊദ്(ؓ) പറയുകയുണ്ടായി: 'കാപട്യം വ്യക്തമായ കപട വിശ്വാസികളല്ലാത്ത മറ്റാരും ജമാഅത്ത് നമസ്കാരങ്ങളിൽ നിന്ന് പിന്തി നിൽക്കാറില്ലായിരുന്നുവെന്ന് ഞങ്ങളെക്കുറിച്ച് ഞാൻ മനസ്സിലാക്കിയിരുന്നു. രോഗിയായ ആളെ മറ്റ് രണ്ട് പേർക്കിടയിൽ തൂക്കിപ്പിടിച്ചു കൊണ്ടെങ്കിലും കൊണ്ടുവരപ്പെടുകയും സ്വഫ്ഫിൽ നിറുത്തുകയും ചെയ്യുമായിരുന്നു' (മുസ്ലിം).

ശുദ്ധിയിലും വുദുവിലും നിർബന്ധമായും ജാഗ്രത വേണം. മലമൂത്ര വിസർജ്ജനം, കീഴ്വായു പുറപ്പെടൽ, ഗാഢമായ ഉറക്കം മുതലായവ

കാരണത്താൽ ചെറിയ അശുദ്ധിയുണ്ടായാൽ വുദു എടുക്കുകയും, സംയോഗം, ഇന്ദ്രിയ സ്ഘലനം പോലെയുള്ള കാരണങ്ങളാൽ വലിയ അശുദ്ധിയുണ്ടായാൽ കുളിക്കുകയും വേണം.

ഇനി വെള്ളം ലഭിച്ചില്ലെങ്കിൽ, അല്ലെങ്കിൽ കൂടെയുള്ള അൽപ്പം ജലം ഭക്ഷണ പാനീയങ്ങൾക്ക് ആവശ്യമായതാണെങ്കിൽ അവൻ തയമ്മും ചെയ്താൽ മതി. അല്ലാഹു പറയുന്നു:

...وَإِن كُنتُمْ جُنُبًا فَاطَّهَّرُواْ وَإِن كُنتُم مَّرْضَى أَوْ عَلَى سَفَرٍ أَوْ جَاء أَحَدٌ مَّنكُم مِّنَ الْغَائِطِ أَوْ لاَمَسْتُمُ النِّسَاء فَلَمْ تَجِدُواْ مَاء فَتَيَمَّمُواْ صَعِيدًا طَيِّبًا فَامْسَحُواْ بِوُجُوهِكُمْ وَأَيْدِيكُم مِّنْهُ مَا يُرِيدُ اللّهُ لِيَجْعَلَ عَلَيْكُم مِّنْ حَرَجٍ وَلَـكِن يُرِيدُ لِيُطَهَّرَكُمْ وَلِيُتِمَّ نِعْمَتَهُ عَلَيْكُمْ لَعَلَّكُمْ تَشْكُرُونَ ( المائدة : ٦ )

'നിങ്ങൾ രോഗികളാകുകയോ യാത്രയിലാകുകയോ ചെയ്താൽ, അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്ര വിസർജ്ജനം കഴിഞ്ഞു വരികയോ, നിങ്ങൾ സ്ത്രീകളുമായി സംസർഗ്ഗം നടത്തുകയോ ചെയ്തിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയില്ലെങ്കചന്റ ശുദ്ധമായ ഭൂമുഖം തേടിക്കൊള്ളുക. എന്നിട്ട് അതുകൊണ്ട് നിങ്ങളുടെ മുഖങ്ങളും കൈകളും തട

വുക. നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തി വെക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല, എന്നാൽ നിങ്ങളെ ശുദ്ധീകരിക്കണമെന്നും അവന്റെ അനുഗ്രഹം നിങ്ങളുടെ മേൽ പൂർത്തിയാക്കിത്തരണമെന്നും അവൻ ഉദ്ദേശിക്കുന്നു, നിങ്ങൾ നന്ദിയുള്ളവരായേക്കാം' (മാഇദ: 6).

വുദുവിന്റെയും കുളിയുടെയും രൂപം സുവിദിതമാണല്ലോ. (അതിനാൽ അതിവിടെ വിവരിക്കുന്നില്ല).

കൈപ്പടം രണ്ടും ഭൂമിയിൽ അടിക്കുകയും ശേഷം അവ കൊണ്ട് മുഖവും മുൻകൈകളും തടവുകയും ചെയ്യലാണ് തയമ്മും. നബി(ﷺ) അമ്മാറുബ്നുയാസിർ(رضي الله عنه)വിനോട് പറഞ്ഞതായി ഇമാം ബുഖാരി റിപ്പോർട്ട് ചെയ്യുന്നു: 'താങ്കൾക്ക് മുഖവും കൈപ്പടങ്ങളും (തടവിയാൽ) മതിയാകുന്നതാണ്'. മറ്റൊരു റിപ്പോർട്ടിൽ, 'നബി(ﷺ) തന്റെ കൈ കൊണ്ട് ഭൂമിയെ അടിക്കുകയും എന്നിട്ടത് കൊണ്ട് തന്റെ മുഖവും കൈപ്പടങ്ങളും തടവുകയും ചെയ്തു' എന്നുണ്ട്. മുസ്‌ലിമിന്റെ റിപ്പോർട്ടിൽ 'അദ്ദേഹം തന്റെ കൈ കൊണ്ട് ഭൂമിയിൽ ഒരു അടി അടിച്ചു ' എന്നും വന്നിട്ടുണ്ട്.

തയമ്മും കൊണ്ടുള്ള ശുദ്ധീകരണം സമയ ബന്ധിതമാണ്. വെള്ളം കിട്ടുന്നതോടെ തയമ്മും ബാത്വിലാവുകയും ആ വെള്ളം ഉപയോഗിക്കൽ അയാൾക്ക് നിർബന്ധമാവുകയും ചെയ്യുന്നു. വെള്ളം കിട്ടുന്നതോടെ, വലിയ അശുദ്ധിയകറ്റാൻ തയമ്മും ചെയ്ത ആൾക്ക് കുളിയും, ചെറിയ അശുദ്ധിയകറ്റാൻ വുദുവും നിർബന്ധമാവുന്നു. ഹദീസിൽ കാണാം:

(الصعيد الطيب وضوء المسلم وإن لم يجد الماء عشر سنين،وإذا وجد الماء فليتق الله وليمسه بشرته) (البزار )

'ശുദ്ധിയുള്ള ഭൂതലം മുസ്‌ലിമിന്റെ ശുദ്ധീകരണ വസ്തുവാണ്, പത്തുവർഷത്തിന് വെള്ളം കിട്ടിയില്ലെങ്കിൽ പോലും. എന്നാൽ വെള്ളം കിട്ടിയാൽ അദ്ദേഹം അല്ലാഹുവെ സൂക്ഷിക്കുകയും തന്റെ തൊലിയിൽ വെള്ളം സ്പർശിക്കുകയും ചെയ്യട്ടെ' (ബസ്സാർ).

ദുഹ്ർ, അസ്വർ, ഇശാ എന്നീ നാല് റക്അത്തുകളുള്ള നമസ്കാരങ്ങൾ രണ്ട് റക്അത്തുകളാക്കി ചുരുക്കി നമസ്കരിക്കൽ യാത്രക്കാരന് സുന്നത്താണ്. ഇബ്നു ഉമറി(ﷺ)ൽ നിന്നും ഇമാം ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്യുന്നു. അ

ദ്ദേഹം പറയുന്നു: 'ഞാൻ നബി(ﷺ)യോടൊപ്പം സഹയാത്രികനായിരുന്നു, അദ്ദേഹം യാത്രയിൽ നമസ്കാരം രണ്ട് റക്അത്തിനെക്കാൾ അധികരിപ്പിച്ചിരുന്നില്ല. അബൂബക്കറും(ؓ) ഉമറും(ؓ) ഉസ്മാനും(ؓ) അപ്രകാരം തന്നെയായിരുന്നു'. ആയിശ (ؓ) പറഞ്ഞതായി ഇമാം ബുഖാരി ഉദ്ധരിക്കുന്നു:

(فرضت الصلاة ركعتين ثم هاجر النبي صلى الله عليه وسلم ففرضت أربعاً، وتركت صلاة السفر على الأولى) ( بخاري )

'നമസ്കാരം നിർബന്ധമാക്കപ്പെട്ടത് രണ്ട് റക്അത്തുകളായാണ്, പിന്നീട് നബി(ﷺ) മദീനയിലേക്ക് ഹിജ്റ പോയപ്പോൾ നാല് റക്അത്തുകളായി നിർബന്ധമാക്കപ്പെട്ടു, യാത്രയിലുള്ള നമസ്കാരം ആദ്യത്തെ നിയമമനുസരിച്ച് നിലനിറുത്തപ്പെടുകയും ചെയ്തു'.

അപ്പോൾ യാത്രക്കാരൻ തന്റെ നാട്ടിൽ നിന്നും പുറപ്പെട്ട് അവിടെ തിരിച്ചെത്തുന്നത് വരെ നാലു റക്അത്തുള്ള നമസ്കാരങ്ങൾ രണ്ടാക്കി ചുരുക്കി നമസ്കരിക്കലാണ് സുന്നത്ത്, ആ യാത്ര ദീർഘിച്ചതാണെങ്കിലും ചുരുങ്ങിയതാണെങ്കിലും ശരി.

ഇബ്നു അബ്ബാസ് (ﷺ) വിൽ നിന്നും ഇമാം ബുഖാരി റിപ്പോർട്ട് ചെയ്യുന്നു: 'മക്കാവിജയ വർഷം നബി(ﷺ) പത്തൊമ്പത് ദിവസം മക്കയിൽ രണ്ട് റക്അത്ത് വീതം നമസ്കരിച്ചുകൊണ്ട് കഴിച്ചു കൂട്ടി'. എന്നാൽ നാല് റക്അത്ത് നമസ്കരിക്കുന്ന ഇമാമിന്റെ പിന്നിലാണ് നമസ്കരിക്കുന്നതെങ്കിൽ നിർബന്ധമായും യാത്രക്കാരനും നാല് റക്അത്ത് നമസ്കരിക്കണം. അയാൾ ഇമാമിനോടൊപ്പം ചേർന്നത് നമസ്കാരത്തിന്റെ ആരംഭത്തിലാണെങ്കിലും ഇടയിലാണെങ്കിലും ശരി. നബി(ﷺ) പറഞ്ഞു: 'ഇമാം നിശ്ചയിക്കപ്പെട്ടിരിക്കുന്നത് അദ്ദേഹം തുടരപ്പെടാൻ വേണ്ടിയാണ്, അതിനാൽ നിങ്ങൾ അദ്ദേഹത്തോട് എതിരാവരുത്' (ബുഖാരി,മുസ്ലിം). മറ്റൊരു ഹദീസിൽ കാണാം, നബി (ﷺ) പറഞ്ഞു: 'ഇമാമിനോടൊപ്പം നിങ്ങൾക്ക് ലഭിച്ചത് നിങ്ങൾ നമസ്കരിക്കുക, നഷ്ടപ്പെട്ടത് നിങ്ങൾ പൂർത്തിയാക്കുകയും ചെയ്യുക' (ബുഖാരി, മുസ്ലിം).

ഇബ്നുഅബ്ബാസ്(ﷺ) ചോദിക്കപ്പെട്ടു: 'യാത്രക്കാരൻ എന്തു ചെയ്യണം? തനിച്ച് നമസ്കരിക്കുമ്പോൾ രണ്ട് റക്അത്തും സ്വദേശിയായ ഒരു ഇ

മാമിനെ തുടർന്ന് നമസ്കരിക്കുമ്പോൾ നാലുമാണോ നമസ്കരിക്കേണ്ടത്?, അപ്പോൾ അദ്ദേഹം പറഞ്ഞു? അതാണ് പ്രവാചകചര്യ'.

(സ്വദേശിയായ) ഇമാമിന്റെ കൂടെ നമസ്കരിക്കുമ്പോൾ ഇബ്നു ഉമർ(ﷺ) പൂർത്തിയായി നമസ്കരിക്കുകയും യാത്രയിൽ തനിച്ചായിരിക്കുമ്പോൾ ചുരുക്കി നമസ്കരിക്കുകയുമാണ് ചെയ്യാറുണ്ടായിരുന്നത്.

തുടർച്ചയായ യാത്രയാൽ പ്രയാസം നേരിടുമ്പോൾ യാത്രക്കാരന് 'ദുഹ്റും', 'അസ്വറും' തമ്മിലും 'മഗ്രിബും', 'ഇശാഉം' തമ്മിലും ചേർത്ത് ('ജംഅ്'ആക്കി) നമസ്കരിക്കാവുന്നതാണ്. ഇത്തരം ഘട്ടത്തിൽ തനിക്ക് കൂടുതൽ സൗകര്യ പ്രദമായ രൂപത്തിൽ അവയെ മുന്തിച്ചോ പിന്തിച്ചോ 'ജംഅ്' ആക്കാവുന്നതാണ്.

അനസുബ്നു മാലിക് (ﷺ) വിൽ നിന്നും ഇമാം ബുഖാരി റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ കാണാം നബി(ﷺ)സൂര്യൻ മധ്യത്തിൽ നിന്നും തെറ്റുന്നതിന് മുമ്പ് യാത്ര പുറപ്പെട്ടാൽ 'ദുഹ്റി'

നെ 'അസ്വറി'ന്റെ സമയത്തിലേക്ക് പിന്തിപ്പിക്കുകയും ശേഷം രണ്ടും ചേർത്ത് നമസ്കരിക്കുകയും ചെയ്യും. യാത്ര പുറപ്പെടുന്ന ഘട്ടത്തിൽ സൂര്യൻ മധ്യത്തിൽ നിന്ന് തെറ്റിയിട്ടുണ്ടെങ്കിൽ അദ്ദേഹം 'ദുഹ്ർ' നമസ്കരിക്കുകയും ശേഷം പുറപ്പെടുകയും ചെയ്യും.

ഇമാം ബൈഹഖിയുടെ ഒരു റിപ്പോർട്ടിൽ കാണാം: 'നബി(ﷺ) യാത്ര പുറപ്പെടുമ്പോൾ സൂര്യൻ മധ്യത്തിൽ നിന്നും നീങ്ങിയിട്ടുണ്ടെങ്കിൽ അദ്ദേഹം 'ദുഹ്റും','അസ്വറും' ചേർത്ത് നമസ്കരിക്കുമായിരുന്നു'.

എന്നാൽ യാത്രക്കാരന് 'ജംഅ്' ചെയ്യേണ്ടുന്ന ആവശ്യമില്ല എങ്കിൽ അങ്ങനെ വേണ്ടതില്ല. ഉദാഹരണമായി ഒരാൾ യാത്രക്കിടയിൽ ഒരിടത്ത് ഇറങ്ങുകയും, അടുത്ത നമസ്കാരത്തിന്റെ സമയമായ ശേഷമല്ലാതെ അവിടെ നിന്ന് പുറപ്പടുകയും ചെയ്യുന്നില്ല എങ്കിൽ അയാൾ 'ജംഅ്' ചെയ്യാതിരിക്കലാണ് ഉത്തമം. കാരണം അയാൾക്ക് അതിന്റെ ആവശ്യമില്ല. അപ്രകാരം ആവശ്യമില്ലാതിരുന്നതിനാലാണ് നബി(ﷺ) അദ്ദേഹത്തിന്റെ വിട

വാങ്ങൽ ഹജ്ജിൽ മിനായിൽ വെച്ച് 'ജംഅ്' ചെ യ്യാതിരുന്നത്.

യാത്രക്കാരന് സ്വദേശത്തുള്ളവൻ നമസ്ക രിക്കുന്നതു പോലെത്തന്നെ 'ദുഹാ',രാത്രി നമസ് കാരം, 'വിത്റ്', പോലെയുള്ള ഐച്ഛിക നമസ് കാരങ്ങൾ നിർവ്വഹിക്കാവുന്നതാണ്. എന്നാൽ 'ദുഹ്റി'ന്റെയും 'മഗ്രിബി'ന്റെയും 'ഇശാഇ'ന്റെ യും റവാത്തിബ് നമസ്കാരങ്ങൾ നിർവ്വഹിക്കാ തിരിക്കലാണ് പ്രവാചകചര്യ. الله أعلم

************

## അധ്യായം രണ്ട്

## شروط الحج

## ഹജ്ജിന്റെ നിബന്ധനകൾ

ഇസ്‌ലാമിക ശരീഅത്ത് നിയമമാക്കപ്പെട്ടിരിക്കുന്നത് യുക്തിമാനും സൂക്ഷ്മജ്ഞാനിയുമായ അല്ലാഹുവിൽ നിന്നാണ്. യുക്തിക്ക് യോജിക്കുന്നതും നീതിയുക്തവുമായതല്ലാതെ അവൻ നിയമമാക്കുകയില്ല. അതുകൊണ്ട് തന്നെ ഓരോ നിർബന്ധ ബാധ്യതയും അതാതിന്റെ സ്ഥാനത്തായിരിക്കാൻ വേണ്ടി, ഈ നിയമങ്ങളൊന്നും പരിഗണനീയമായ നിബന്ധനകളോടെയല്ലാതെ സൃഷ്ടികളുടെ മേൽ ബാധ്യതയാക്കുന്നില്ല.

അതിൽപ്പെട്ട ഒരു ബാധ്യതയാണ് ഹജ്ജ്. ചില പ്രത്യേക നിബന്ധനകളോടെയല്ലാതെ ഹജ്ജ് നിർബന്ധമാവുന്നില്ല.

- **ഒന്ന്: മുസ്‌ലിമായിരിക്കുക**. ഇസ്‌ലാം സ്വീകരിക്കുന്നതിന്റെ മുമ്പ് അവിശ്വാസിക്ക് ഹജ്ജ് നിർബന്ധമാവുന്നില്ലെന്നർത്ഥം. നമുക്കയാളോട് ആദ്യമായി പറയാനുള്ളത് ഇസ്‌ലാം സ്വീകരിക്കണമെന്നാണ്. കാരണം മത കാര്യങ്ങൾ ഇസ്‌ലാമിനോടൊപ്പ

മല്ലാതെ സ്വീകരിക്കപ്പെടുകയില്ല. അല്ലാഹു പറയുന്നു: 'അവര്‍ അല്ലാഹുവിലും അവന്റെ ദൂതനിലും അവിശ്വസിച്ചിരിക്കുന്നു എന്നതും, മടിയന്മാരായിക്കൊണ്ടല്ലാതെ അവര്‍ നമസ്കാരത്തിന് ചെല്ലുകയില്ല എന്നതും, വെറുപ്പുള്ളവരായിക്കൊണ്ടല്ലാതെ അവര്‍ ചിലവഴിക്കുകയില്ല എന്നതും മാത്രമാണ് അവരുടെ പക്കല്‍ നിന്ന് അവരുടെ ദാനങ്ങള്‍ സ്വീകരിക്കപ്പെടുന്നതിന് തടസ്സമായിട്ടുള്ളത്' (തൗബ : 54)

- **രണ്ട്: ബുദ്ധിയുണ്ടായിരിക്കുക.** ഭ്രാന്തന് ഹജ്ജ് നിര്‍ബന്ധമില്ല. അവന്റെ ഹജ്ജ് ശരിയാവുകയുമില്ല. കാരണം ഹജ്ജിന് നിര്‍ബന്ധമായും ഉദ്ദേശ്യവും ലക്ഷ്യവുമുണ്ടായിരിക്കണം. ഭ്രാന്തനില്‍ നിന്നും അതുണ്ടാവുക സാധ്യമല്ലല്ലൊ.
- **മൂന്ന്: പ്രായപൂര്‍ത്തി എത്തിയിരിക്കുക.** പുരുഷനില്‍ താഴെ പറയുന്ന കാരണങ്ങളില്‍ ഒന്നു കൊണ്ട് പ്രായപൂര്‍ത്തി എത്തിയതായി പരിഗണിക്കപ്പെടും.

1) ഇന്ദ്രിയ സ്ഖലനം ഉണ്ടാവുക, (അതിനുള്ള പ്രായം എത്തുക). അല്ലാഹു പറയുന്നു:

وَإِذَا بَلَغَ الْأَطْفَالُ مِنكُمُ الْحُلُمَ فَلْيَسْتَأْذِنُوا كَمَا اسْتَأْذَنَ الَّذِينَ مِن قَبْلِهِمْ ........ ( النور : ٥٩ )

'നിങ്ങളിൽ നിന്നുള്ള കുട്ടികൾ പ്രായപൂർത്തി എത്തിയാൽ അവരും അവർക്ക് മുമ്പുള്ളവർ സമ്മതം ചോദിച്ചതുപോലെത്തന്നെ സമ്മതം ചോദിക്കേണ്ടതാണ്' (നൂർ: 59) നബി(ﷺ) പറഞ്ഞു:

( غسل الجمعة واجب على كل محتلم ) ( متفق عليه )

'വെള്ളിയാഴ്ച കുളിക്കൽ എല്ലാ പ്രായപൂർത്തി എത്തിയവനും നിർബന്ധമാണ്' (ബുഖാരി, മുസ്ലിം).

2) ഗുഹ്യരോമം മുളക്കൽ. ലിംഗത്തിന് ചുറ്റും രോമം മുളക്കലാണ് ഇതുകൊണ്ട് ഉദ്ദേശ്യം. അതിയ്യ അൽ ഖുറളി(رضي الله عنه) പറയുന്നു: 'ഖുറൈളാ ദിവസം (ബനൂഖുറൈള ഗോത്രത്തിനെതിരെ നടപടിയെടുത്ത ദിവസം) ഞങ്ങളെ നബി(ﷺ)യുടെ മുമ്പിൽ ഹാജറാക്കപ്പെട്ടു. ഇന്ദ്രിയ സ്ഘലനം ഉണ്ടായിട്ടുള്ളവർ, അല്ലെങ്കിൽ ഗുഹ്യഭാഗത്ത് രോമം മുളച്ചിട്ടുള്ളവർ മുഴുവനും കൊല്ലപ്പെട്ടു, അല്ലാത്തവർ ഉപേക്ഷിക്കപ്പെട്ടു'.

3) പതിനഞ്ച് വയസ്സ് പൂർത്തിയാവൽ. അബ്ദുല്ലാഹിബ്നു ഉമർ(ﷺ) പറയുന്നു: 'എന്നെയും ഒരു പതിനഞ്ചുകാരനെയും ഉഹ്ദ് ദിവസം പ്രവാചകന്റെ മുമ്പിൽ കാണിക്കപ്പെട്ടു. നബി(ﷺ) എനിക്ക് അനുവാദം തന്നില്ല'.

ഇമാം ബൈഹഖിയുടെയും ഇബ്നുഹിബ്ബാന്റെയും ഒരു റിപ്പോർട്ടിൽ ഇപ്രകാരം കൂടുതലുണ്ട്, 'എനിക്ക് പ്രായപൂർത്തി എത്തിയിട്ടില്ല എന്ന് അദ്ദേഹം കണ്ടു. ഖൻദഖ് യുദ്ധ ദിവസം എന്നെ പ്രവാചകന്റെ മുമ്പിൽ കാണിക്കപ്പെട്ടു, അന്നെനിക്ക് പതിനഞ്ച് വയസ്സ് പ്രായമാണ്. അദ്ദേഹം എനിക്കനുവാദം നൽകി'. അവരുടെത്തന്നെ മറ്റൊരു റിപ്പോർട്ടിൽ 'എനിക്ക് പ്രായപൂർത്തി എത്തിയതായി അദ്ദേഹം കണ്ടു'. എന്നാണുള്ളത്.

നാഫിഅ് പറയുന്നു: 'അങ്ങനെ ഞാൻ ഉമറുബ്നു അബ്ദിൽ അസീസിന്റെ അടുക്കൽ ചെന്നു, അദ്ദേഹമാണ് അപ്പോഴത്തെ ഖലീഫ അദ്ദേഹത്തിന് ഞാൻ ഈ ഹദീസ് പറഞ്ഞുകൊടുത്തു. അങ്ങനെ, പട്ടാളക്കാർക്ക് നൽകുന്ന അലവൻസിന് 15 വയസ്സായ എല്ലാവരെയും ഉൾപ്പെടുത്താൻ

അദ്ദേഹം തന്റെ ഉദ്യോഗസ്ഥർക്കെഴുതി' (ബുഖാരി).

4) പുരുഷന് പ്രായപൂർത്തി എത്തുന്ന എല്ലാ കാരണങ്ങൾ കൊണ്ടും സ്ത്രീയിലും പ്രായപൂർത്തി എത്തും. പുറമെ, ആർത്തവമുണ്ടാവുക എന്നത് സ്ത്രീക്ക് അധികമായുള്ളൊരു കാര്യമാണ്. സ്ത്രീ ആർത്തവകാരിയായാൽ അവൾക്ക് പ്രായപൂർത്തിയെത്തി. അവൾക്ക് 10 വയസ്സായിട്ടില്ലെങ്കിലും.

തന്റെ പ്രായക്കുറവ് കാരണത്താലും, പൊതുവിൽ മതത്തിന്റെ ഭാരങ്ങൾ വഹിക്കാൻ സാധ്യമാവുകയില്ല എന്നതിനാലും പ്രായപൂർത്തിയെത്താത്തവർക്ക് ഹജ്ജ് നിർബന്ധമാവുകയില്ല. നബി(ﷺ) പറയുന്നു: 'മൂന്ന് കൂട്ടരിൽ നിന്ന് പേന ഉയർത്തപ്പെട്ടിരിക്കുന്നു, ഉറങ്ങിയവൻ ഉണരുന്നതുവരെ, കുട്ടി പ്രായപൂർത്തി എത്തുന്നതുവരെ, ഭ്രാന്തൻ ബോധോദയം ഉണ്ടാവുന്നതുവരെ' (അഹ്മദ്, അബൂദാവൂദ്).

എന്നാൽ പ്രായപൂർത്തിയാവാത്ത കുട്ടിയുടെ ഹജ്ജ് ശരിയാവുന്നതാണ്. ഇബ്നുഅബ്ബാസ്

(ﷺ)വിൽ നിന്നും നിവേദനം, നബി(ﷺ) റൗഹാഉൽ വെച്ച് ഒരു യാത്രാസംഘത്തെ കണ്ടുമുട്ടി. അപ്പോൾ അദ്ദേഹം ചോദിച്ചു: 'ആരാണിക്കൂട്ടർ'?. അവർ പറഞ്ഞു:'മുസ്ലിംകളാണ്'.അപ്പോൾ അവർ ചോദിച്ചു: 'നീ ആരാണ്'?. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതനാണ്'. അപ്പോൾ അവരിൽ നിന്നും ഒരു സ്ത്രീ ഒരു കുട്ടിയെ ഉയർത്തിപ്പിടിച്ചുകൊണ്ട് ചോദിച്ചു: 'ഈ കുട്ടിക്ക് ഹജ്ജുണ്ടോ? അദ്ദേഹം പറഞ്ഞു: 'അതെ, നിനക്ക് പ്രതിഫലവും'. (മുസ്ലിം).

കുട്ടിക്ക് റസൂൽ(ﷺ) ഹജ്ജ് സാധുവാക്കിയതോടെ ഈ ഹജ്ജിന്റെ കൽപ്പനകളും പാലിക്കൽ കുട്ടിക്ക് കടമയാവുന്നു, അതിനാൽ ഇഹ്റാമിൽ പ്രവേശിച്ച ഒരാൾ വെടിയേണ്ട എല്ലാ കാര്യങ്ങളിൽ നിന്നും അവനും വിട്ടു നിൽക്കണം. എന്നാൽ അവൻ മനപ്പൂർവ്വം വല്ലതും ചെയ്താലും അത് പിഴവ് മാത്രമാണ്, അതിന്റെ പേരിൽ അവനോ അവന്റെ രക്ഷിതാവോ പ്രായശ്ചിത്തമൊന്നും ചെയ്യേണ്ടതില്ല.

- **നാല്: സ്വതന്ത്രനായിരിക്കണം.** സ്വാതന്ത്ര്യമില്ലാത്തതിനാൽ അടിമയുടെ മേൽ ഹജ്ജ് ബാധ്യതയില്ല.
- **അഞ്ച്: ശാരീരികമായും സാമ്പത്തികമായും ശേഷിയുണ്ടാവുക.** ഹജ്ജിന് പോകുവാനും തിരിച്ചു വരാനും വഴിച്ചിലവിനും ആവശ്യമായ സമ്പത്തുണ്ടായിരിക്കണമെന്നർത്ഥം. തന്റെ കടബാധ്യതകളെല്ലാം വീട്ടി, തന്റെ മേൽ നിർബന്ധമായ ബാധ്യതകളെല്ലാം പൂർത്തിയാക്കി, ഭക്ഷണപാനീയങ്ങൾ, വസ്ത്രം, വിവാഹം, വീട്, അതുമായി ബന്ധപ്പെട്ട മുഴുവൻ ചിലവുകൾ, തനിക്കാവശ്യമായ വാഹനം, വിജ്ഞാന സമ്പാദ്യത്തിനാവശ്യമായ ഗ്രന്ഥങ്ങൾ പോലെയുള്ള ചിലവുകളെല്ലാം കഴിച്ചതിന് ശേഷമുള്ള സമ്പാദ്യമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അല്ലാഹു പറയുന്നു:

....... وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلاً
..... (آل عمران :٩٧)

'ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു' (ആലു ഇംറാൻ: 97)

തന്റെ കൂടെ 'മഹ്റം'(ഭർത്താവ്, അല്ലെങ്കിൽ വിവാഹബന്ധം നിഷിദ്ധമാക്കപ്പെട്ട ഒരാൾ) ഉണ്ടായിരിക്കുക എന്നത് സ്ത്രീക്ക് ഹജ്ജ് നിർബന്ധമാവാൻ അനിവാര്യമായ കാര്യങ്ങളിൽപ്പെട്ടതാണ്.

കാരണം 'മഹ്റമി'ല്ലാതെ യാത്ര ചെയ്യൽ സ്ത്രീക്ക് മതപരമായി വിരോധിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഹജ്ജിനാവട്ടെ അല്ലാത്ത യാത്രയാവട്ടെ 'മഹ്റമി'ല്ലാതെ യാത്ര പോവൽ സ്ത്രീക്ക് പാടില്ല. ആ യാത്ര ദീർഘമായതാണെങ്കിലും ചെറിയതാണെങ്കിലും, അവളുടെ കൂടെ മറ്റു സ്ത്രീകൾ ഉണ്ടെങ്കിലും ഇല്ലെങ്കിലും, അവൾ യുവതിയും ഭംഗിയുള്ളവളുമാണെങ്കിലും അതല്ല, അവൾ വൃദ്ധയും വിരൂപയുമാണെങ്കിലും, യാത്ര വിമാനത്തിലാണെങ്കിലും മറ്റു മാർഗ്ഗേണയാണെങ്കിലും ശരി. ഇബ്നു അബ്ബാസ് (ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'നബി(ﷺ) ഖുതുബ പറയുന്നത് ഞാൻ കേട്ടു, അദ്ദേഹം പറഞ്ഞു:

(لا يخلون رجل بامرأة إلا ومعها ذو محرم، ولا تسافر المرأة إلا مع ذي محرم) الحديث .. (متفق عليه )

‘ഒരു പുരുഷനും ഒരു സ്ത്രീയോടൊപ്പം തനിച്ചാവരുത്, അവളോടൊപ്പം വിവാഹം നിഷിദ്ധമായ ഒരാൾ കൂടെയുണ്ടായിട്ടല്ലാതെ. സ്ത്രീയോടൊപ്പം ‘മഹ്റം’ ഉണ്ടായിക്കൊണ്ടല്ലാതെ അവൾ യാത്ര പോവരുത്’. അപ്പോൾ ഒരാൾ എഴുന്നേറ്റ് നിന്ന് ചോദിച്ചു: അല്ലാഹുവിന്റെ ദൂതരെ, എന്റെ ഭാര്യ ഹജ്ജിനായി പുറപ്പെട്ടിരിക്കുന്നു. ഞാനാണെങ്കിൽ യുദ്ധത്തിൽ പങ്കെടുക്കാനായി എന്റെ പേര് രജിസ്റ്റർ ചെയ്തിരിക്കുന്നു. അപ്പോൾ നബി(ﷺ) പറഞ്ഞു: ‘താങ്കൾക്ക് പോകാം, താങ്കൾ പോയി ഭാര്യയോടൊപ്പം ഹജ്ജ് ചെയ്യുക’ (ബുഖാരി,മുസ്ലിം)

ഇവിടെ നബി(ﷺ)അവളോടൊപ്പം മറ്റു സ്ത്രീകൾ ഉണ്ടോ ഇല്ലേയോ എന്നും, അവൾ യുവതിയും സുന്ദരിയുമാണോ അല്ലേയോ എന്നും, വഴി നിർഭയമാണോ അല്ലേയോ എന്നും വേർതിരിച്ചിട്ടില്ല.

സ്ത്രീയെ ‘മഹ്റമോ’ടൊപ്പമല്ലാത്ത യാത്രയിൽ നിന്നും തടഞ്ഞതിന്റെ ഉദ്ദേശ്യം എല്ലാതരം നാശങ്ങളിൽ നിന്നും കുഴപ്പങ്ങളിൽ നിന്നും അവളെ കാത്തുസൂക്ഷിക്കലും, തെമ്മാടികളിൽ നിന്നും തോന്നിവാസികളിൽ നിന്നും അവളെ രക്ഷി

ക്കലുമാണ്. കാരണം സ്ത്രീ ചിന്താപരമായും ബുദ്ധിപരമായും പിന്നോക്കമുള്ളവളും സ്വന്തമായി പ്രതിരോധത്തിന് ശേഷിയില്ലാത്തവളുമാണ്. അവൾ പുരുഷന്മാരുടെ അഭിലാഷമാണ്, ചിലപ്പോൾ അവൾ വഞ്ചിക്കപ്പെട്ടേക്കാം അല്ലെങ്കിൽ കീഴ്പ്പെടുത്തപ്പെട്ടേക്കാം. അതുകൊണ്ട് തന്നെ അവളെ സംരക്ഷിക്കാനും അവൾക്ക് ശക്തി പകരാനും കൂടെ ഒരാൾ (മഹ്റം) ഇല്ലാതെയുള്ള അവളുടെ യാത്ര വിലക്കിയ നടപടി തീർത്തും യുക്തമാണ്. അതുകൊണ്ട് തന്നെ കൂടെയുള്ള 'മഹ്റം' പ്രായപൂർത്തിയെത്തിയവനും ബുദ്ധിമാനുമായിരിക്കണം. 'മഹ്റം' പ്രായം കുറഞ്ഞവനോ ബുദ്ധിമാന്ദ്യമുള്ളവനോ ആയിരിക്കരുത്.

സ്ത്രീയുടെ ഭർത്താവും, രക്തബന്ധം കൊണ്ടോ മുലകുടി ബന്ധം കൊണ്ടോ വിവാഹബന്ധം കൊണ്ടോ ഒരിക്കലും വിവാഹം അനുവദിക്കപ്പെടാത്ത പുരുഷന്മാരുമാണ് 'മഹ്റം' കൊണ്ടുള്ള വിവക്ഷ.

### രക്ത ബന്ധം മുഖേനയുള്ള മഹ്റമുകൾ

**1) പിതൃശൃംഘല.** പിതാവ് വഴിക്കോ മാതാവ് വഴിക്കോ ഉള്ള പിതാക്കളും പിതാമഹന്മാരുമാണവ

ർ, അവർ എത്ര തലമുറ മേൽപ്പോട്ട് പോയാലും ശരി.

**2) പുത്ര ശൃംഖല**. പുത്രന്മാരും പൗത്രന്മാരും പൗത്രിമാരുമാണവർ, അവർ എത്ര തലമുറ താഴോട്ടെത്തിയാലും ശരി.

**3) സഹോദരങ്ങൾ**. തന്റെ മാതാപിതാക്കൾക്കുള്ള സഹോദരങ്ങളും പിതാവിലൂടെയോ മാതാവിലൂടെയോ മാത്രമുള്ള സഹോദരങ്ങളും ഇതിൽ ഉൾപ്പെടുന്നു.

**4) പിതൃവ്യന്മാർ**. അവർ മാതാപിതാക്കളൊന്നിച്ച പിതൃവ്യന്മാരാണെങ്കിലും, പിതാവിലൂടെയോ മാതാവിലൂടെയോ മാത്രം ഉള്ള പിതൃവ്യന്മാരാണെങ്കിലും ശരി. അതുപോലെ സ്ത്രീയുടെ പിതൃവ്യരോ അല്ലെങ്കിൽ അവളുടെ മാതാപിതാക്കളിലാരുടെയെങ്കിലും പിതൃവ്യരോ ആണെങ്കിലും ശരി. കാരണം ഒരാളുടെ പിതൃവ്യൻ അയാൾക്കും അയാളുടെ സന്താനങ്ങൾക്കും പിതൃവ്യനായിരിക്കും, അവർ എത്ര തലമുറ താഴേക്കെത്തിയാലും ശരി.

**5) മാതൃസഹോദരങ്ങൾ**. അവർ മാതാപിതാക്കളൊത്ത മാതൃസഹോദരങ്ങളാണെങ്കിലും പിതാ

വിലൂടെയോ മാതാവിലൂടെയോ ഉള്ള മാതൃസ ഹോദരങ്ങളാണെങ്കിലും ശരി. അതുപോലെ സ്ത്രീയുടെ മാതൃസഹോദരങ്ങളോ, അവളുടെ മാതാപിതാക്കളിൽ ആരുടെയെങ്കിലും മാതൃസഹോദരങ്ങളാണെങ്കിലും ശരി. കാരണം ഒരാളുടെ മാതൃസഹോദരൻ അയാളുടെയും അയാളുടെ സന്താനങ്ങളുടെയും മാതൃസഹോദരനാണ്. അവർ എത്ര തലമുറ താഴേക്കെത്തിയാലും.

6) **സഹോദര പുത്രന്മാർ**, അവരുടെ പുത്രന്മാരുടെ പുത്രന്മാർ, അവരുടെ പുത്രിമാരുടെ പുത്രന്മാർ. അവർ എത്ര തലമുറ താഴേക്കെത്തിയാലും, അവർ മാതാപിതാക്കൾ വഴിയുള്ളവരോ അല്ലെങ്കിൽ പിതാവിന് മാത്രമോ മാതാവിന് മാത്രമോ ഉള്ളവരോ ആണെങ്കിലും ശരി.

7) **സഹോദരീപുത്രന്മാർ**, അവരുടെ പുത്രന്മാരുടെ പുത്രന്മാർ, അവരുടെ പുത്രിമാരുടെ പുത്രന്മാർ, അവർ എത്ര താഴേക്കെത്തിയാലും. അവർ മാതാപിതാക്കൾ വഴിയുള്ളവരോ മാതാവോ പിതാവോ വഴി മാത്രമുള്ളവരോ ആണെങ്കിലും ശരി.

മുലകുടി ബന്ധത്തിലൂടെയുള്ള മഹ്റമുകൾ രക്തബന്ധത്തിലൂടെയുള്ള മഹ്റമുകൾക്ക് തുല്യമാണ്. നബി(ﷺ) പറഞ്ഞു:

(يحرم من الرضاع ما يحرم من النسب) (متفق عليه)

‘രക്തബന്ധത്തിലൂടെ നിഷിദ്ധമാവുന്നതെല്ലാം മുലകുടി ബന്ധത്തിലൂടെയും നിഷിദ്ധമാവും’ (ബുഖാരി, മുസ്‌ലിം).

## വിവാഹ ബന്ധത്തിലൂടെയുള്ള മഹ്റമുകൾ

**1)** സ്ത്രീയുടെ ഭർത്താവിന്റെ പുത്രന്മാർ, അദ്ദേഹത്തിന്റെ പുത്രന്മാരുടെ പുത്രന്മാർ, അദ്ദേഹത്തിന്റെ പുത്രിമാരുടെ പുത്രന്മാർ, അവർ എത്ര തലമുറ താഴേക്കെത്തിയാലും.

**2)** സ്ത്രീയുടെ ഭർത്താവിന്റെ പിതാക്കൾ, പിതാവ് വഴിയായോ മാതാവ് വഴിയായോ ഉള്ള അദ്ദേഹത്തിന്റെ പിതാമഹന്മാർ. അവർ എത്ര തലമുറ ഉയർന്നാലും.

**3)** സ്ത്രീയുടെ പുത്രിമാരുടെ ഭർത്താക്കന്മാർ, അവളുടെ പുത്രന്മാരുടെ പുത്രീഭർത്താക്കന്മാർ, അവളുടെ പുത്രിമാരുടെ പുത്രീ ഭർത്താക്കന്മാർ. അവർ എത്ര തലമുറ താഴോട്ടെത്തിയാലും.

ഈ മൂന്ന് വിഭാഗവും, ഭാര്യയുടെ മേലുള്ള ശരിയായ വിവാഹക്കരാറുകൊണ്ട് തന്നെ അവരിൽ 'മഹ്റമിയ്യത്തി'നെ സ്ഥിരപ്പെടുത്തുന്നു. അവളുമായി തനിച്ചാവുന്നതിന്റെയും ബന്ധപ്പെടുന്നതിന്റെയും മുമ്പ് അവൻ അവളെ വേർപിരിഞ്ഞാൽ പോലും.

**4)** സ്ത്രീയുടെ മാതാക്കളുടെ ഭർത്താക്കന്മാർ, അവളുടെ പിതാമഹിമാരുടെ ഭർത്താക്കന്മാർ, അവർ എത്ര തലമുറ ഉയർന്നാലും. ഇവർ പിതാവ് വഴിക്കുള്ളതാണെങ്കിലും മാതാവ് വഴിക്കു ള്ളതാണെങ്കിലും ഒരു പോലെത്തന്നെ. എന്നാൽ സാധുവായ വിവാഹത്തിലൂടെയുള്ള സംയോഗത്തിലൂടെയല്ലാതെ ഇവരിൽ 'മഹ്റമിയ്യത്ത്' (വിവാഹം നിഷിദ്ധമാവൽ) സ്ഥിരപ്പെടുകയില്ല. ഒരാൾ ഒരു സ്ത്രീയെ വിവാഹം കഴിക്കുകയും സംയോഗത്തിനു മുമ്പായി അവളുമായി അയാൾ വേർപിരിയുകയും ചെയ്താൽ അയാൾ അവളുടെ പെൺ കുട്ടികൾക്ക് –അവർ എത്ര തലമുറ താഴേക്കെത്തിയാലും– 'മഹ്റമാ'യിരിക്കുകയില്ല.

ഒരാൾ സാമ്പത്തികമായി ശേഷിയില്ലാത്തവനാണെങ്കിൽ അയാൾക്ക് ഹജ്ജ് നിർബന്ധമില്ല.

എന്നാൽ സാമ്പത്തികമായി ശേഷിയുള്ളവനും ശാരീരിക ശേഷി ഇല്ലാത്തവനുമാണെങ്കിൽ ചെയ്യേണ്ടത് താഴെ പറയുന്നു.

സുഖപ്പെടാവുന്ന രോഗം പോലെ നീങ്ങിപ്പോകാവുന്ന പ്രതിബന്ധമാണെങ്കിൽ അത് നീങ്ങിപ്പോവുന്നത് വരെ കാത്തിരിക്കണം. ശേഷം സാധ്യമാവുന്ന അവസരത്തിൽ ഹജ്ജ് സ്വയം നിർവ്വഹിക്കുകയും വേണം.

എന്നാൽ വാർദ്ധക്യം, സുഖപ്പെടുമെന്ന് ആശയില്ലാത്ത രോഗം പോലെ നീങ്ങിപ്പോവുമെന്ന് പ്രതീക്ഷയില്ലാത്ത പ്രതിബന്ധമാണെങ്കിൽ അദ്ദേഹത്തിന് പകരം തന്റെ കടമ നിറവേറ്റാൻ ഒരാളെ ഏൽപ്പിക്കണം. ഇബ്നുഅബ്ബാസ്(ﷺ)വിൽ നിന്നും ഉദ്ദരിക്കപ്പെടുന്നു, ഖഥ്അം ഗോത്രക്കാരിയായ ഒരു സ്ത്രീ പറഞ്ഞു: 'പ്രവാചകരേ, എന്റെ പിതാവിന് തന്റെ ഒട്ടകപ്പുറത്ത് ഇരിക്കാനാവാത്തത്ര വൃദ്ധനായിരിക്കെ അല്ലാഹു കടമയാക്കിയ ഹജ്ജ് നിർബന്ധമായിരിക്കുന്നു' നബി(ﷺ)പറഞ്ഞു: 'അദ്ദേഹത്തിന് പകരമായി നീ ഹജ്ജ് ചെയ്യുക' (അൽ ജമാഅ:)

ഹജ്ജ് നിർബന്ധമാവാൻ ഉണ്ടായിരിക്കേണ്ട നിബന്ധനകളാണ് ഇവയെല്ലാം. അവയെ അംഗീകരിക്കുക എന്നത് യുക്തിസഹവും കാരുണ്യത്തിനും നീതിക്കും തീർത്തും യോജിക്കുന്നതുമത്രെ.

************

**അധ്യായം മൂന്ന്**

## المواقيت وأنواع الأنساك

## <u>മീഖാത്തുകൾ, ബലിയുടെ ഇനങ്ങൾ</u>

മീഖാത്തുകൾ **സമയം, സ്ഥലം** എന്നിവയുമായി ബന്ധപ്പെട്ട രണ്ട് ഇനങ്ങളാണ്:

**സമയവുമായി ബന്ധപ്പെട്ടത്:** ഹജ്ജിന് പ്രത്യേകമായ സമയം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഉംറ സമയബന്ധിതമല്ല. അല്ലാഹു പറയുന്നു: الحج أشهر معلومات 'ഹജ്ജ് അറിയപ്പെട്ട ചില മാസങ്ങളാകുന്നു 'ശവ്വാൽ, ദുൽഖഅദ:, ദുൽഹിജ്ജ: എന്നീ മൂന്ന് മാസങ്ങളാണ് അവ.

സ്ഥലവുമായി ബന്ധപ്പെട്ട മീഖാത്തുകൾ അഞ്ചാണ്, നബി(ﷺ)യാണ് അവയെ നിശ്ചയിച്ചത്. ഇബ്നു അബ്ബാസ്(ﷺ)വിൽ നിന്നുള്ള ഒരു ഹദീസ് ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്തത് ഇപ്രകാരം കാണാം. അദ്ദേഹം പറയുന്നു: 'നബി(ﷺ) മദീനക്കാർക്ക് ദുൽഹുലൈഫയും, ശാംകാർക്ക് ജുഹ്ഫയും, നജ്ദ്കാർക്ക് ഖർനും,യമൻകാർക്ക് യലംലമും മീഖാത്തായി നിശ്ചയിച്ചുകൊടുത്തു, (അദ്ദേഹം പറയുകയും ചെയ്തു) 'അവ (മീഖാത്തുകൾ) ഹജ്ജും ഉംറയും ഉദ്ദേശിക്കുന്ന ആ നാട്ടുകാർക്കും ആവഴി വരുന്ന മറ്റുള്ളവർക്കും ഉള്ളതാണ്'.

ആയിശാ(ﷺ)യിൽ നിന്നും നിവേദനം,'നബി (ﷺ) ഇറാഖുകാർക്ക് 'ദാതുഇർഖ്' മീഖാത്തായി നിശ്ചയിച്ചുകൊടുത്തു'.

**ഒന്ന്:** ദുൽഹുലൈഫ, ഇത് ഇന്ന് അബ്‌യാർ അലി എന്ന് വിളിക്കപ്പെടുന്നു. ഇതിനും മക്കക്കും ഇടയിൽ ഏകദേശം 10 മർഹല ദൂരമുണ്ട്, ഇതാണ് മദീനക്കാരുടെയും ആ വഴി വരുന്നവരുടെയും മീഖാത്ത്.

**രണ്ട്:** അൽജുഹ്ഫ, ഇതൊരു പഴയ ഗ്രാമമാണ്. ഇതിനും മക്കക്കും ഇടയിൽ ഏകദേശം 3 മർഹലകൾ ദൂരമുണ്ട്, ആ ഗ്രാമം നശിച്ചപ്പോൾ പകരമായി ജനങ്ങൾ ഇഹ്റാം ചെയ്യുന്നത് 'റാബിഗി'ൽ വെച്ചാണ്. ദുൽഹുലൈഫ വഴി യാത്ര ചെയ്തില്ലെങ്കിൽ ശാംകാരുടെയും ആ വഴി വരുന്ന മറ്റുള്ളവരുടെയും മീഖാത്ത് അതാണ്. എന്നാൽ അവർ ദുൽഹുലൈഫ വഴി യാത്ര ചെയ്താൽ അവിടെ വെച്ച് ഇഹ്റാം ചെയ്യൽ അവർക്ക് നിർബന്ധമാണ്.

**മൂന്ന്:** ഖർനുൽമനാസിൽ, ഇന്ന് ഇത് 'സൈൽ' എന്ന പേരിൽ അറിയപ്പെടുന്നു. അതിനും മക്കക്കും ഇടയിൽ ഏകദേശം രണ്ട് മർഹലകൾ ദൂരമുണ്ട്. നജ്ദുകാരുടെയും ആ വഴി വരുന്ന മറ്റുള്ളവരുടെയും മീഖാത്ത് അതാണ്.

**നാല്:** യലംലം, തുഹാമയിലെ ഒരു പർവ്വതമോ ഒരു സ്ഥലമോ ആണ് ഇത്. അതിനും മക്കക്കും ഇടയിൽ ഏകദേശം രണ്ട് മർഹലകൾ ദൂരമുണ്ട്. ഇന്ന് ഇത് 'അസ്സഅദിയ്യ' എന്ന് വിളിക്കപ്പെടുന്നു.യമൻകാരുടെയും ആവഴി വരുന്ന മറ്റുള്ളവരുടെയും മീഖാത്തിതാണ്.

**അഞ്ച്**: ദാതു ഇർഖ്, നജ്ദുകാർ ഇതിനെ 'ദരീബ' എന്നു വിളിക്കുന്നു. അതിനും മക്കക്കും ഇടയിൽ ഏകദേശം രണ്ട് മർഹലകൾ ദൂരമുണ്ട്. ഇറാഖ്കാരുടെയും ആവഴി വരുന്ന മറ്റുള്ളവരുടെയും മീഖാത്ത് ഇതാണ്.

ഈ മീഖാത്തുകളെക്കാൾ മക്കയോട് ഏറ്റം അടുത്തുള്ളവർ തങ്ങളുടെ താമസസ്ഥലത്ത് വെച്ച് തന്നെയാണ് ഇഹ്റാം ചെയ്യേണ്ടത്. മക്കക്കാരും ഇഹ്റാം ചെയ്യേണ്ടത് മക്കയിൽ തന്നെ. എന്നാൽ ഉംറക്ക് ഇഹ്റാം ചെയ്യുമ്പോൾ ഹറമിനകത്തുള്ളവർ ഏറ്റവും അടുത്തുള്ള ഹറം ഏരിയക്ക് പുറത്ത് പോയി ഇഹ്റാം ചെയ്യണം. നബി(ﷺ) അബ്ദുറഹ്മാനുബ്നു അബീബകറി(رضي الله عنه) നോട് പറഞ്ഞു: 'നിന്റെ സഹോദരിയെയും കൊണ്ട് നീ ഹറമിന് പുറത്തുപോകുക, എന്നിട്ടവൾ ഉംറക്ക് ഇഹ്റാം ചെയ്യട്ടെ'. (ബുഖാരി, മുസ്ലിം). ആയിശ (رضي الله عنها) നബി(ﷺ)യോട് തനിക്ക് ഉംറ ചെയ്യേണമെന്നാവശ്യപ്പെട്ടപ്പോൾ ആണ് അദ്ദേഹം ഇപ്രകാരം പറഞ്ഞത്.

ഈ മീഖാത്തുകളിൽ നിന്നും വിദൂരമായി യാത്ര ചെയ്യുന്നവർ തങ്ങൾക്ക് ഏറ്റവും അടുത്ത

മീഖാത്ത് വിട്ടുകടക്കുന്ന പ്രദേശത്ത് വെച്ച് ഇഹ്റാം ചെയ്യുകയാണ് വേണ്ടത്. സുഡാനിലെ 'സവാകിന' പ്രദേശത്തുകാരെപ്പോലെ ഒരു മീഖാത്തും വിട്ടുകടന്ന് യാത്ര ചെയ്യാത്തവർ ജിദ്ദയിൽ വെച്ച് ഇഹ്റാം ചെയ്താൽ മതി.

ഹജ്ജോ ഉംറയോ ഉദ്ദേശിച്ചുകൊണ്ട് പോവുന്ന ഒരാളും ഈ മീഖാത്തുകളിലൊന്നിൽ വെച്ച് ഇഹ്റാം ചെയ്തുകൊണ്ടല്ലാതെ അത് വിട്ടു കടക്കാൻ പാടുള്ളതല്ല. ഈ അടിസ്ഥാനത്തിൽ വിമാന യാത്ര ചെയ്യുന്നവർ തങ്ങളുടെ മീഖാത്തിനു നേരെ എത്തുമ്പോൾ ഇഹ്റാമിൽ പ്രവേശിക്കണം. അതിനുവേണ്ടി മീഖാത്തിനു മുമ്പുതന്നെ നേരത്തെ തന്നെ എല്ലാം തയ്യാറെടുക്കുകയും ഇഹ്റാമിന്റെ വസ്ത്രം ധരിക്കുകയും മീഖാത്തിന്റെ നേരെ എത്തുന്നതോടെ ഉടനെ ഇഹ്റാമിൽ പ്രവേശിക്കുകയും വേണം.

ജിദ്ദയിൽ ഇറങ്ങുന്നതു വരെ ഇഹ്റാം വൈകിപ്പിക്കാൻ പാടുള്ളതല്ല. കാരണം അത് അല്ലാഹുവിന്റെ പരിധി വിട്ടുകടക്കലാണ്. അല്ലാഹു പറയുന്നു: 'അല്ലാഹുവിന്റെ നിയമപരിധികളെ വല്ലവ

നും അതിലംഘിക്കുന്ന പക്ഷം, അവൻ അവനോട് തന്നെ അന്യായം ചെയ്തിരിക്കുന്നു' (ത്വലാഖ്:1)

'ആർ അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുകയും, അവന്റെ നിയമപരിധികൾ ലംഘിക്കുകയും ചെയ്യുന്നുവോ അവനെ അല്ലാഹു നരകാഗ്നിയിൽ പ്രവേശിപ്പിക്കും. അവനതിൽ നിത്യവാസിയായിരിക്കും. അപമാനകരമായ ശിക്ഷയാണ് അവനുള്ളത്' (നിസാഅ്: 14).

ഹജ്ജോ ഉംറയോ ഉദ്ദേശിച്ചു കൊണ്ടല്ലാതെ മീഖാത്തുവഴി യാത്ര ചെയ്ത ഒരാൾക്ക് പിന്നീട് ഉംറയോ ഹജ്ജോ നിർവ്വഹിക്കണമെന്ന് തോന്നിയാൽ അവൻ എവിടെ വെച്ചാണോ തീരുമാനിച്ചത് അവിടെ നിന്നുതന്നെ ഇഹ്റാം ചെയ്താൽ മതി. ഇബ്നു അബ്ബാസ്(ﷺ) വിൽ നിന്നും നിവേദനം, മീഖാത്തുകളെക്കുറിച്ച് പറഞ്ഞ ഹദീസിൽ പ്രവാചകൻ പറഞ്ഞത് ആ മീഖാത്തുകൾ വഴിയല്ലാതെ എത്തുന്നവർ എവിടെ വെച്ചാണോ തീരുമാനിച്ചത് അവിടെ വെച്ച് ഇഹ്റാം ചെയ്താൽ മതി എന്നാണ്. ഹജ്ജോ ഉംറയോ ഉദ്ദേശ്യമില്ലാതെ, വിജ്ഞാന സമ്പാദനം, ബന്ധു സന്ദർശനം, ചികിൽസ, കച്ചവടം പോലെയുള്ള ആവശ്യങ്ങൾക്ക്

വേണ്ടി ഒരാൾ ഈ മീഖാത്തുകൾ വിട്ടു കടക്കുന്നുവെങ്കിൽ, അയാൾ നേരത്തെ തന്റെ ബാധ്യത നിർവ്വഹിച്ചിട്ടുണ്ടെങ്കിൽ അയാൾക്ക് ഇഹ്റാം നിർബന്ധമാവുന്നില്ല. അതാണ് മുമ്പ് സൂചിപ്പിച്ച, ഇബ്നു അബ്ബാസ്(ﷺ)വിന്റെ ഹദീസിൽ പറയുന്നത്. നബി(ﷺ)പറയുന്നു: 'അവ (മീഖാത്തുകൾ) അവർക്കും,ഹജ്ജും ഉംറയും ഉദ്ദേശിച്ചുകൊണ്ട് ആവഴി വരുന്ന മറ്റുള്ളവർക്കും ഉള്ളതാണ്'. ഹജ്ജോ ഉംറയോ ഉദ്ദേശിക്കാത്തവർക്ക് ഇഹ്റാം നിർബന്ധമാവുന്നില്ലെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു.

ഹജ്ജിലും ഉംറയിലുമുള്ള തന്റെ നിർബന്ധ ബാധ്യത നിർവ്വഹിച്ച ഒരാൾക്ക് വീണ്ടും ചെയ്യൽ കടമയില്ല. കാരണം ഹജ്ജും ഉംറയും ആയുഷ്കാലത്തിനിടക്ക് ഒരു പ്രാവശ്യം മാത്രമേ നിർബന്ധമുള്ളു. നബി(ﷺ)യോട് എല്ലാ വർഷവും ഹജ്ജ് നിർബന്ധമുണ്ടോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: (الحج مرة فما زاد فهو تطوع)ഹജ്ജ് ഒരു പ്രാവശ്യം മാത്രമേ കടമയുള്ളു, അതിൽക്കൂടുതൽ ആരെങ്കിലും ചെയ്താൽ അത് ഐച്ഛികമാണ്'

ഉംറയും ഹജ്ജ് പോലെത്തന്നെ ആയുസ്സിലൊരിക്കൽ മാത്രമേ നിർബന്ധമുള്ളു.

എന്നാൽ ഹജ്ജിന്റെ മാസങ്ങളിൽ മീഖാത്തിലൂടെ യാത്ര ചെയ്യുന്നവൻ, താൻ തന്റെ കടമ വീട്ടിയിട്ടുണ്ടെങ്കിൽപ്പോലും മഹത്തായപ്രതിഫലം നഷ്ടപ്പെടുത്താതിരിക്കാനായി ഹജ്ജിനോ ഉംറക്കോ ഇഹ്റാം ചെയ്യലാണ് ഏറ്റവും ഉത്തമം. അയാൾക്ക് ഇഹ്റാം നിർബന്ധമുണ്ടോ ഇല്ലെയോ എന്ന പണ്ഡിതന്മാരുടെ അഭിപ്രായഭിന്നതയിൽ നിന്നും അയാൾക്ക് സ്വസ്ഥനാവുകയും ചെയ്യാം.

## أنواع الأنساك الثلاثة

## മൂന്ന് കർമ്മരൂപങ്ങൾ

**ഒന്ന്: തമത്തുഅ്.** ഹജ്ജിന്റെ മാസങ്ങളിൽ ഉംറക്ക് മാത്രം ഇഹ്റാം ചെയ്യുകയും ശേഷം ത്വവാഫും സഅ്യും ചെയ്ത് മുടി മുറിച്ച് ഇഹ്റാമിൽ നിന്നും തഹല്ലുലാവുകയും ശേഷം അതേവർഷം തന്നെ ഹജ്ജിന്റെ സമയത്ത് അതിനായി ഇഹ്റാം ചെയ്യുകയും ചെയ്യലാണ് തമത്തുഅ് എന്ന് പറയുന്നത്.

**രണ്ട്: ഖിറാൻ.** ഹജ്ജിനും ഉംറക്കും ഒന്നിച്ച് ഇഹ്റാം ചെയ്യുന്നതിന്നാണ് ഖിറാൻ എന്നു പറയുന്നത്. അതുപോലെ ആദ്യം ഉംറക്കു മാത്രം ഇഹ്റാം ചെയ്യുകയും ശേഷം അതിന്റെ ത്വവാഫ് ആരംഭിക്കുന്നതിന് മുമ്പായി ഹജ്ജിനെക്കൂടി അതിൽ ഉദ്ദേശിക്കുകയും ചെയ്താൽ മക്കയിലെത്തിയാൽ ഖുദൂമിന്റെ ത്വവാഫ് ചെയ്യുകയും സ്വഫാമർവക്കിടയിൽ ഉംറക്കും ഹജ്ജിനും കൂടി ഒരൊറ്റ സഅ്യ് നടത്തുകയും ചെയ്യണം. ശേഷം പെരുന്നാൾ ദിവസംവരെ തന്റെ ഇഹ്റാമിൽ തന്നെ ശേഷിക്കുകയും വേണം. ത്വവാഫുൽ ഖുദൂമിന്റെ കൂടെ സഅ്യ് നിർവ്വഹിക്കാതെ ഹജ്ജിന്റെ ത്വവാഫിന്റെ കൂടെ നിർവ്വഹിക്കാവുന്നതുമാണ്. പ്രത്യേകിച്ചും അയാൾ മക്കയിൽ വൈകി എത്തുകയും, സഅ്യിൽ വ്യാപൃതനായാൽ തനിക്ക് ഹജ്ജ് നഷ്ടപ്പെടും എന്ന് ഭയപ്പെടുകയും ചെയ്താൽ.

**മൂന്ന്: ഇഫ്റാദ്.** ഹജ്ജിന് മാത്രം ഇഹ്റാം ചെയ്യുന്നതിനാണ് ഇഫ്റാദ് എന്നു പറയുന്നത്. മക്കയിൽ എത്തിയാൽ ത്വവാഫുൽ ഖുദൂം നിർവ്വഹിക്കുകയും ഹജ്ജിനായി സഅ്യ് നടത്തുകയും പെരുന്നാൾ ദിവസം വരെ തന്റെ ഇഹ്റാമിൽ ശേഷിക്കുകയും വേണം.

ഖാരിനെപ്പോലെത്തന്നെ ഹജ്ജിന്റെ ത്വവാഫ് വരെ മുഫ്രിദിനും സഅ്യ് വൈകിപ്പിക്കാവുന്നതാണ്. മുഫ്രിദിന്റെയും ഖാരിന്റെയും കർമ്മങ്ങൾ ഒന്ന് തന്നെയാണെന്ന് ഇതിൽ നിന്നും വ്യക്തമാവുന്നു. എന്നാൽ ഖാരിന് രണ്ടു കർമ്മങ്ങൾ ലഭിച്ചു എന്നതിനാൽ ബലി നിർബന്ധമാണെന്ന് മാത്രം.

ഇതിൽ ഏറ്റവും ശ്രേഷ്ഠമായ ഇനം തമത്തുഅ് ആണ്. കാരണം നബി(ﷺ) തന്റെ സഖാക്കളോട് അതിനായി കൽപ്പിക്കുകയും അതിനവരെ പ്രേരിപ്പിക്കുകയും ചെയ്തു. മാത്രവുമല്ല, തമത്തുഅ് ലഭിക്കാൻ വേണ്ടി ഹജ്ജിന്റെ നിയ്യത്തിനെ ഉംറയുടെ നിയ്യത്താക്കി മാറ്റാൻ അദ്ദേഹം അവരോട് കൽപ്പിക്കുകയും ചെയ്തു.

ഇബ്നു അബ്ബാസ്(رضي الله عنه)വിൽ നിന്നും നിവേദനം, ഹജ്ജിലെ متعة (സുഖാസ്വാദനം)നെക്കുറിച്ച് അദ്ദേഹം ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: 'ഹജ്ജത്തുൽ വിദാഇൽ മുഹാജിറുകളും അൻസ്വാറുകളും പ്രവാചകന്റെ ഭാര്യമാരും ഞങ്ങളെല്ലാവ

രും ഇഹ്റാമിൽ പ്രവേശിച്ചു. അങ്ങനെ ഞങ്ങൾ മക്കയിൽ എത്തിയപ്പോൾ നബി(ﷺ)പറഞ്ഞു:

( اجعلوا إهلالكم بالحج عمرةً إلا من قلد الهدي )

'നിങ്ങളുടെ ഹജ്ജിന്റെ ഇഹ്റാമുകളെ ഉംറയുടേതാക്കി മാറ്റുക, ബലിമൃഗത്തെ കൂടെ കൊണ്ടുവന്നവരൊഴികെ'.അങ്ങനെ ഞങ്ങൾ കഅ്ബയെ ത്വവാഫ് ചെയ്തു. സ്വഫാമർവക്കിടയിൽ സഅ്യ് നടത്തി. ഞങ്ങൾ സ്ത്രീകളെ പ്രാപിക്കുകയും വസ്ത്രം മാറുകയും ചെയ്തു' (ബുഖാരി).

ജാബിർ(رضي الله عنه)വിൽ നിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: 'ഞങ്ങൾ നബി(ﷺ)യുടെ കൂടെ ഹജ്ജിന് ഇഹ്റാം ചെയ്തവരായിക്കൊണ്ട് പുറപ്പെട്ടു. ഞങ്ങളുടെ കൂടെ സ്ത്രീകളും കുട്ടികളുമുണ്ടായിരുന്നു. അങ്ങനെ ഞങ്ങൾ മക്കയിലെത്തി ത്വവാഫും,സഅ്യും നിർവ്വഹിച്ചപ്പോൾ നബി(ﷺ) ഞങ്ങളോട് പറഞ്ഞു: 'തന്റെ കൂടെ ബലിമൃഗം ഇല്ലാത്തവരെല്ലാം വിരമിച്ചുകൊള്ളട്ടെ',ജാബിർ(رضي الله عنه) പറയുന്നു: 'ഞങ്ങൾ ചോദിച്ചു: ഏത് വിരാമം? നബി(ﷺ) പറഞ്ഞു: 'മുഴുവൻ വിരാമവും' അദ്ദേഹം

പറയുന്നു: 'അങ്ങനെ ഞങ്ങൾ സ്ത്രീകളെ പ്രാപിച്ചു, ഞങ്ങൾ വസ്ത്രം ധരിച്ചു, സുഗന്ധം പൂശി, പിന്നീട് തർവിയ ദിവസമായപ്പോൾ ഞങ്ങൾ ഹജ്ജിന് ഇഹ്റാം ചെയ്യുകയും ചെയ്തു'(മുസ്ലിം) അദ്ദേഹത്തിന്റെ മറ്റൊരു റിപ്പോർട്ടിൽ അദ്ദേഹം പറയുന്നു: 'നബി(ﷺ) ഞങ്ങളോട് പ്രസംഗിച്ചു, അദ്ദേഹം പറഞ്ഞു:

( قد علمتم أني أتقاكم لله وأصدقكم وأبركم ، ولو لا هديي لأحللت كما تحلون ، ولو استقبلت من أمري ما استدبرت لم أسق الهدي ، فحلوا )

'നിങ്ങളിൽ ഏറ്റവും അല്ലാഹുവിനെ സൂക്ഷിക്കുന്നവനും, നിങ്ങളിൽ ഏറ്റവും സത്യവാനും പുണ്യം ചെയ്യുന്നവനും ഞാനാണെന്ന് നിങ്ങൾക്കറിയാമല്ലോ, (എന്റെ കൂടെ) എന്റെ ബലിമൃഗം ഇല്ലായിരുന്നുവെങ്കിൽ ഞാനും നിങ്ങളോടൊപ്പം വിരമിക്കുമായിരുന്നു. പിന്തിച്ച് ചെയ്തത് ഞാൻ മുന്തിച്ചു ചെയ്തിരുന്നുവെങ്കിൽ, (തമത്തുഅ് ആയി ഹജ്ജ് നിർവ്വഹിക്കണമെന്ന് ഞാൻ നേരത്തെ തീരുമാനിച്ചിരുന്നുവെങ്കിൽ) ഞാൻ ബലി മൃഗത്തെ കൊണ്ടുവരുമായിരുന്നില്ല. അതിനാൽ നിങ്ങൾ ഇ

ഹ്റാമിൽ നിന്നും വിരമിക്കുക' അപ്പോൾ ഞങ്ങ ൾ ഇഹ്റാമിൽ നിന്നും വിരമിക്കുകയും,കേൾക്കു കയും അനുസരിക്കുകയും ചെയ്തു'.

ഇതെല്ലാം തന്നെ'തമത്തുഅ്' മറ്റു രൂപങ്ങളെ ക്കാൾ ശ്രേഷ്ഠമാണെന്ന് കാണിക്കുന്നു.പിന്തിച്ച് ചെയ്തത് മുന്തിച്ചു ചെയ്തിരുന്നുവെങ്കിൽ,ഞാൻ ബലിമൃഗത്തെ കൊണ്ടുവരുമായിരുന്നില്ല'. പ്രവാ ചകന്റെ ഈ വാക്കുകൾ അതാണ് പഠിപ്പിക്കുന്ന ത്. ബലിമൃഗത്തെ കൊണ്ടുവന്നു എന്നതല്ലാതെ ഇഹ്റാമിൽ നിന്നും മോചിതമാവാൻ മറ്റൊന്നും അദ്ദേഹത്തിന് തടസ്സമായിരുന്നില്ല. കാരണം ഹ ജ്ജിനും ഉംറക്കുമിടയിൽ സുഖമനുഭവിക്കാൻ സാധിക്കുന്നതിനാൽ'തമത്തുഅ്' ആണ് ഹാജിക്ക് കൂടുതൽ എളുപ്പമായിട്ടുള്ളത്. ഇതാണ് അല്ലാഹു വിന്റെ താൽപ്പര്യത്തോട് യോജിച്ച് വരുന്നത്. അ ല്ലാഹു പറയുന്നു:

( يُرِيدُ اللَّهُ بِكُمُ الْيُسْرَ وَلاَ يُرِيدُ بِكُمُ الْعُسْرَ ) (البقرة : ١٨٥)

'നിങ്ങൾക്ക് ആശ്വാസം ഉണ്ടാക്കാനാണ് അല്ലാ ഹു ഉദ്ദേശിക്കുന്നത്, നിങ്ങൾക്ക് ഞെരുക്കം ഉ ണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല' (ബഖറ: 185)

നബി(ﷺ) പറഞ്ഞു: 'വക്രതയില്ലാത്ത വിട്ടുവീഴ്ച യോടെയാണ് ഞാൻ നിയോഗിക്കപ്പെട്ടത്'.

തമത്തുഅ് ആക്കിക്കൊണ്ട് ഹജ്ജ് നിർവ്വഹി ക്കാൻ ഹാജി ഇഹ്റാം ചെയ്യുകയും പിന്നീട് അറ ഫയിൽ നിൽക്കുന്നതിന് മുമ്പ് ഉംറയെ പൂർത്തീ കരിക്കാൻ തനിക്ക് സാധ്യമല്ല എന്ന് കാണുക യും ചെയ്താൽ, ഈ ഘട്ടത്തിൽ ത്വവാഫുൽ ഖു ദൂമിന് മുമ്പായി ഉംറയുടെ മേൽ ഹജ്ജിനെ പ്ര വേശിപ്പിച്ച് 'ഖാരിൻ' ആവണം. ഇതിന് രണ്ട് ഉദാ ഹരണങ്ങൾ നോക്കുക.

**ഒന്ന്**: തമത്തുആയി ഹജ്ജ് ചെയ്യാൻ ഉദ്ദേശി ച്ചുകൊണ്ട് ഒരു സ്ത്രീ ഉംറക്ക് ഇഹ്റാം ചെയ്തു. ത്വവാഫിന് മുമ്പായി അവൾ ആർത്തവകാരിയാ വുകയോ പ്രസവിക്കുകയോ ചെയ്തു. അറഫയി ൽ നിൽക്കുന്നതിന് മുമ്പ് അവൾ ശുദ്ധിയാവുക യുമില്ല, എങ്കിൽ അവൾ തന്റെ ഇഹ്റാമിനെ ഹ ജ്ജിനുള്ളതാക്കുകയും അവൾ ഖാരിനത്താവുക യും ചെയ്ത്, കഅ്ബയെ ത്വവാഫ് ചെയ്യലും സ്വ ഫാമർവക്കിടയിൽ സഅ്യ് ചെയ്യലും ഒഴികെ ഹാജിമാർ ചെയ്യുന്ന എല്ലാ കർമ്മങ്ങളും ചെയ്യ ണം. അവൾ ശുദ്ധിയാവുകയും കുളിക്കുകയും

ചെയ്ത ശേഷമേ ത്വവാഫും സഅ്യും നിർവ്വഹിക്കാവൂ.

**രണ്ട്:** ഒരാൾ തമത്തുഅ് ആയി ഹജ്ജുദ്ദേശിച്ച് ഉംറക്കായി ഇഹ്റാം ചെയ്തു. പക്ഷെ അറഫയിൽ നിൽക്കുന്നതിന് മുമ്പ് മക്കയിൽ പ്രവേശിക്കാൻ അയാൾക്ക് സാധ്യമായില്ല. തന്റെ ഉംറ പൂർത്തിയാക്കാൻ സാധിക്കാത്ത ഈ ഘട്ടത്തിൽ അയാൾതന്റെ ഉംറക്ക് പകരം ഹജ്ജിന്റെ നിയ്യത്ത് സ്വീകരിക്കുകയും അതുവഴി ഖാരിൻ ആവുകയും ചെയ്താൽ മതി.

***********

**അധ്യായം നാല്**

فيما يجب به الهدي من الأنساك

**<u>ബലി നിർബന്ധമാവുന്ന കർമ്മങ്ങളും</u>**

**<u>മൃഗത്തിന്റെ വിശേഷണങ്ങളും</u>**

ഹജ്ജ് തമത്തുഅ്, ഖിറാൻ, ഇഫ്റാദ് എന്നിങ്ങനെ മൂന്ന് ഇനങ്ങളാണെന്ന് അധ്യായം 3 ൽ നാം പറയുകയുണ്ടായി. ഇതിൽ ബലി നിർബന്ധമാവുന്നത് തമത്തുഇനും ഖിറാനിനുമാണ്.

**മുതമത്തിഅ്**: ഹജ്ജിന്റെ മാസങ്ങളിൽ ഉംറക്ക് മാത്രം ഇഹ്റാം ചെയ്യുകയും ശേഷം ത്വവാഫും സഅ്യും ചെയ്ത് മുടി മുറിച്ച് ഇഹ്റാമിൽ നിന്നും തഹല്ലുലാവുകയും ശേഷം അതേ വർഷം തന്നെ ഹജ്ജിന്റെ സമയത്ത് അതിനായി ഇഹ്റാം ചെയ്യുകയും ചെയ്യുന്നയാളാണ് മുതമത്തിഅ്. ശവ്വാൽ മാസം പിറക്കുന്നതിന് മുമ്പായി ഉംറക്ക് മാത്രം ഇഹ്റാം ചെയ്ത് ഉംറ നിർവ്വഹിക്കുകയും, ശേഷം മക്കയിൽ താമസിച്ച് അതേ വർഷം തന്നെ ഹജ്ജും നിർവ്വഹിച്ചാൽ അയാൾക്ക് ബലി നിർബന്ധമില്ല. കാരണം അയാൾ ഉംറക്ക് ഇഹ്റാം ചെയ്തത് ഹജ്ജിന്റെ മാസങ്ങളിലല്ല എന്നതിനാൽ അയാൾ മുതമത്തിഅ് അല്ല.

ഇനി ഒരാൾ ഹജ്ജിന്റെ മാസങ്ങൾ പിറന്ന ശേഷം ഉംറ ചെയ്യുകയും പിന്നീട് അടുത്ത വർഷം ഹജ്ജ് ചെയ്യുകയും ചെയ്താലും അയാൾക്ക് ബലി നിർബന്ധമില്ല. കാരണം അയാളുടെ ഹജ്ജും ഉംറയും വെവ്വേറെ വർഷത്തിലാണല്ലോ.

അതുപോലെ ഹജ്ജിന്റെ മാസങ്ങളിൽ ഉംറക്ക് ഇഹ്റാം ചെയ്യുകയും, ഉംറ ചെയ്ത് വിരമിച്ച ശേഷം തന്റെ നാട്ടിലേക്ക് യാത്ര പോവുകയും വീണ്ടും ഹജ്ജിന് മാത്രം ഇഹ്റാം ചെയ്ത് വരിക

യും ചെയ്താലും മറ്റൊരു യാത്രയിലൂടെ അയാൾ ഹജ്ജിനെ ഒറ്റപ്പെടുത്തി എന്നതിനാൽ അയാൾ മുതമത്തിഅ് ആവുകയില്ല.

**ഖിറാൻ:** ഉംറക്കും ഹജ്ജിനും ഒന്നിച്ച് ഇഹ്റാം ചെയ്യുന്നതിന്നാണ് ഖിറാൻ എന്നു പറയുന്നത്. അതു പോലെ ആദ്യം ഉംറക്കു മാത്രം ഇഹ്റാം ചെയ്യുകയും ശേഷം അതിന്റെ ത്വവാഫ് ആരംഭിക്കുന്നതിന് മുമ്പായി ഹജ്ജിനെക്കൂടി അതിൽ ഉദ്ദേശിക്കുകയും ചെയ്യുന്നതും ഖിറാൻ തന്നെ.

മുതമത്തിഇനും ഖാരിനും അവർ മസ്ജിദുൽ ഹറാമിന്റെയോ മക്കയുടെയോ പരിധിക്കുള്ളിൽ താമസിക്കുന്നവരാവരുത് എന്ന നിബന്ധനയോടെ മാത്രമേ ബലി നിർബന്ധമാവുന്നുള്ളു. അവർ മക്കയിലോ ഹറമിലോ താമസിക്കുന്നവരാണെങ്കിൽ അവർക്ക് ബലി നിർബന്ധമില്ല. അല്ലാഹു പറയുന്നു:

ذَلِكَ لِمَن لَّمْ يَكُنْ أَهْلُهُ حَاضِرِي الْمَسْجِدِ الْحَرَامِ

(البقرة : 196)

‘കുടുംബ സമേതം മസ്ജിദുൽ ഹറാമിൽ താമസിക്കുന്നവർക്കാകുന്നു ഈ വിധി’ (ബഖറ: 196).

ജിദ്ദയിലുള്ളവർ തമത്തുഇനോ ഖിറാനോ ഇഹ്റാം ചെയ്താൽ അവർക്ക് ബലി നിർബന്ധമാണ്. കാരണം, അവർ മസ്ജിദുൽ ഹറാമിന്റെയും മക്കയുടെയും പരിധിക്ക് പുറത്തുള്ളവരാണ്.

മക്കക്കാരനായ ഒരാൾ പഠനാവശ്യാർത്ഥമോ മറ്റോ മക്കക്ക് വെളിയിൽ പോയി മുതമത്തിഅ് ആയോ ഖാരിൻ ആയോ തിരിച്ചു വന്നാലും അയാൾക്ക് ബലി നിർബന്ധമില്ല. കാരണം യഥാർത്ഥത്തിൽ അയാളുടെ വാസസ്ഥലം മക്കയാണ്.

എന്നാൽ ഹറമിലോ മക്കയിലോ താമസക്കാരനായിരുന്ന ഒരു വ്യക്തി പിന്നീട് പുറത്തേക്ക് താമസം മാറ്റുകയും ശേഷം മുതമത്തിഅ് ആയോ ഖാരിൻ ആയോ തിരിച്ച് വന്നാൽ അയാൾക്ക് ബലി നിർബന്ധമാണ്. കാരണം അന്നേരം അയാൾ കുടുംബ സമേതം മസ്ജിദുൽ ഹറാമിൽ താമസിക്കുന്നവരിൽപ്പെട്ടവനല്ല.

മുതമത്തിഇനോ ഖാരിഇനോ തനിക്ക് തന്റെ അത്യാവശ്യ ചിലവുകൾ കഴിച്ച് നിർബന്ധമായ

ബലി നൽകാൻ ആവശ്യമായ ധനം ഇല്ലാതെ വന്നാൽ അയാൾക്ക് തന്റെ ബലിയുടെ കടമ ഇല്ലാതെയാവുന്നു. പകരമായി അയാൾ നോമ്പ് പിടിക്കൽ നിർബന്ധമാണ്. അല്ലാഹു പറയുന്നു:

وَأَتِمُّواْ الْحَجَّ وَالْعُمْرَةَ لِلّه فَإِنْ أُحْصِرْتُمْ فَمَا اسْتَيْسَرَ مِنَ الْهَدْيِ وَلاَ تَحْلِقُواْ رُؤُوسَكُمْ حَتَّى يَبْلُغَ الْهَدْيُ مَحِلَّهُ فَمَن كَانَ مِنكُم مَّرِيضاً أَوْ بِهِ أَذًى مِّن رَّأْسِهِ فَفِدْيَةٌ مِّن صِيَامٍ أَوْ صَدَقَةٍ أَوْ نُسُكٍ فَإِذَا أَمِنتُمْ فَمَن تَمَتَّعَ بِالْعُمْرَةِ إِلَى الْحَجِّ فَمَا اسْتَيْسَرَ مِنَ الْهَدْيِ فَمَن لَّمْ يَجِدْ فَصِيَامُ ثَلاثَةِ أَيَّامٍ فِي الْحَجِّ وَسَبْعَةٍ إِذَا رَجَعْتُمْ تِلْكَ عَشَرَةٌ كَامِلَةٌ ذَلِكَ لِمَن لَّمْ يَكُنْ أَهْلُهُ حَاضِرِي الْمَسْجِدِ الْحَرَامِ وَاتَّقُواْ اللَّه وَاعْلَمُواْ أَنَّ اللَّه شَدِيدُ الْعِقَابِ ( البقرة : ١٩٦ )

'അപ്പോൾ ഒരാൾ ഉംറ നിർവ്വഹിച്ചിട്ട് ഹജ്ജ് വരെ സുഖമെടുക്കുന്ന പക്ഷം സൗകര്യപ്പെടുന്ന ഒരു ബലിമൃഗത്തെ (പ്രായശ്ചിത്തമായി ബലി കഴിക്കേണ്ടതാണ്). ഇനി ആർക്കെങ്കിലും അത് കിട്ടാത്ത പക്ഷം ഹജ്ജിനിടയിൽ മൂന്ന് ദിവസവും, നിങ്ങൾ നാട്ടിൽ തിരിച്ചെത്തിയിട്ട് ഏഴ് ദിവസവും ചേർത്ത് ആകെ പത്ത് ദിവസം നോമ്പനു ഷ്ഠിക്കേണ്ടതാണ്' (ബഖറ: 196).

മേൽപ്പറഞ്ഞ മൂന്ന് നോമ്പുകൾ തശ്രീഖി ന്റെ ദിവസങ്ങളിൽ (ദുൽഹജ്ജ് 11,12,13) തന്നെ നോൽക്കാവുന്നതാണ്. ആയിശ(ﷺ)യും ഇബ്നുഉ മർ(ﷺ)വും പറയുന്നു: 'ബലിമൃഗം ലഭിച്ചിട്ടില്ലാത്ത വനല്ലാതെ മറ്റാർക്കും അയ്യാമുത്തശ്രീഖിന്റെ ദി വസങ്ങളിൽ നോമ്പനുഷ്ഠിക്കാൻ അനുവാദം ല ഭിച്ചിട്ടില്ല' (ബുഖാരി).

ഉംറക്ക് ഇഹ്റാം ചെയ്ത ശേഷം, തനിക്ക് ബലി നൽകാൻ കഴിയില്ലെന്ന് അറിയാമായിരുന്നു വെങ്കിൽ തശ്രീഖ് ദിവസങ്ങൾക്ക് മുമ്പ് തന്നെ നോമ്പ് പിടിക്കുന്നതിനും വിരോധമില്ല. നബി(ﷺ) പറയുന്നു: 'ഉംറ അന്ത്യനാളുവരേക്കും ഹജ്ജിൽ പ്രവേശിക്കപ്പെട്ടിരിക്കുന്നു'. അതിനാൽ തന്നെ ഉം റയിൽ നോമ്പ് പിടിച്ചവൻ ഹജ്ജിൽ നോമ്പ് പിടി ച്ചവനെപ്പോലെത്തന്നെയാണ്.

എന്നാൽ ഈ ദിവസങ്ങളുടെ നോമ്പ് പെരു ന്നാൾ ദിവസം നോൽക്കാൻ പാടില്ല. അബൂസ ഈദ്(ﷺ)വിൽ നിന്നും നിവേദനം, 'രണ്ട് ദിവസം നോമ്പ് പിടിക്കുന്നത് അദ്ദേഹം വിരോധിച്ചിരിക്കു ന്നു: നോമ്പ് മുറിക്കുന്ന ദിവസവും (ചെറിയ പെ

രുന്നാൾ) ബലിയറുക്കുന്ന ദിവസവും (ബലി പെരുന്നാൾ) (ബുഖാരി, മുസ്ലിം).

ഈ മൂന്ന് നോമ്പുകൾ തുടർച്ചയായോ വേർപ്പെട്ടോ നോൽക്കാവുന്നതാണ്. എന്നാൽ അത് തശ്രീഖ് ദിവസങ്ങളെക്കാൾ വൈകിപ്പിക്കാൻ പാടില്ല. എന്നാൽ ബാക്കിയുള്ള ഏഴെണ്ണം താൻ നാട്ടിൽ തിരിച്ചെത്തിയ ശേഷം തന്റെ ആഗ്രഹമനുസരിച്ച് തുടർച്ചയായോ ഒന്നിച്ചോ നോൽക്കാവുന്നതാണ്. കാരണം അല്ലാഹു അതിനെ നിർബന്ധമാക്കുക മാത്രമാണ് ചെയ്തത്, അത് തുടർച്ചയായി പിടിക്കണമെന്ന് നിബന്ധനയാക്കിയിട്ടില്ല.

## مسائل تتعلق بالهدي

## ബലി: ചില വിഷയങ്ങൾ

1) ഉരുവിന്റെ ഇനം. 2) ഉരുവിന്റെ നിർബന്ധഗുണങ്ങൾ. 3) ബലിയറുക്കേണ്ട സ്ഥലം. 4) അറവിന്റെ സമയം. 5) അറവിന്റെ രൂപം. 6) മാംസം വിതരണം ചെയ്യേണ്ട വിധം.

### 1.) ഉരുവിന്റെ ഇനം:

ആട്, മാട്, ഒട്ടകം എന്നിവയാണ് ബലിക്ക് ഉപയോഗിക്കപ്പെടേണ്ടത്. അല്ലാഹു പറയുന്നു:

وَلِكُلِّ أُمَّةٍ جَعَلْنَا مَنسَكًا لِيَذْكُرُوا اسْمَ اللَّهِ عَلَى مَا رَزَقَهُم مِّن بَهِيمَةِ الْأَنْعَامِ فَإِلَٰهُكُمْ إِلَٰهٌ وَاحِدٌ فَلَهُ أَسْلِمُوا وَبَشِّرِ الْمُخْبِتِينَ ( الحج : ٣٤ )

'ഓരോ സമുദായത്തിനും നാം ഓരോ ആരാധനാ കർമ്മം നിശ്ചയിച്ചിട്ടുണ്ട്. അവർക്ക് നിശ്ചയിച്ചിട്ടുള്ള കന്നുകാലി മൃഗങ്ങളെ അവന്റെ നാമം ഉച്ചരിച്ച് കൊണ്ട് അവർ അറുക്കേണ്ടതിന് വേണ്ടിയത്രെ അത്' (ഹജ്ജ്: 34).

ആട്, മാട്, ഒട്ടകം എന്നിവയാണ് 'ബഹീമത്ത്' എന്നതുകൊണ്ട് വിവക്ഷ. ആടിനെയാണ് അറുക്കുന്നതെങ്കിൽ ഒരാൾക്ക് ഒന്നിനെ അറുക്കണം. എന്നാൽ മാട്, ഒട്ടകം എന്നിവയിൽ ഒരെണ്ണത്തിൽ ഏഴ് പേർക്ക് വരെ പങ്കു ചേരാവുന്നതാണ്. ജാബിർ (رضي الله عنه) വിൽ നിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: 'ഒരു ഒട്ടകത്തിൽ ഏഴ് പേർ എന്ന തോതിൽ പങ്ക് ചേരാൻ നബി(ﷺ) ഞങ്ങളോട് കൽപ്പിച്ചു' (ബുഖാരി, മുസ്ലിം).

**2.) ഉരുവിന്റെ നിർബന്ധ ഗുണങ്ങൾ:**

ബലി മൃഗത്തിൽ നിർബന്ധമായും രണ്ട് ഗുണങ്ങൾ ഉണ്ടായിരിക്കണം, അവ:

❖ **പ്രായം തികയുക**. ഒട്ടകത്തിന് അഞ്ചും, മാടുകൾക്ക് രണ്ടും വയസ്സ് പൂർത്തിയായിരിക്കണം, കോലാടുകൾക്ക് ഒരു വയസ്സും, ചെമ്മരിയാടിന് ആറ് മാസവും പൂർത്തിയായിരിക്കണം. അതിന് താഴെയുള്ളത് സ്വീകരിക്കപ്പെടുകയില്ല. നബി(ﷺ) പറയുന്നു: 'നിങ്ങൾ രണ്ട് വയസ്സായതിനെയല്ലാതെ അറുക്കരുത്. നിങ്ങൾക്ക് ഞെരുക്കമായെങ്കിലൊഴികെ, എങ്കിൽ നിങ്ങൾ ചെമ്മരിയാടിൽ നിന്നും ഒരു വയസ്സായതിനെ അറുക്കുക' (അൽജമാഅ: ബുഖാരി ഒഴികെ).

❖ സൂക്ഷ്മത പുലർത്താൻ നബി(ﷺ)കൽപ്പിച്ച നാല് ന്യൂനതകളിൽ നിന്ന് സുരക്ഷിതമായിരിക്കണം, അവ:

- വ്യക്തമായ രൂപത്തിൽ ഒറ്റക്കണ്ണുള്ളത്. കഠിനമായ അന്ധത ബാധിച്ചതും മതിയാവുകയില്ല.

– ചൊറിയോ മറ്റോ ബാധിച്ച വ്യക്തമായ രോഗമുള്ളത്.

– വ്യക്തമായ മുടന്തുള്ളത്, എല്ലു മുറിഞ്ഞ് നടക്കാൻ കഴിയാത്തത്. കാലു മുറിഞ്ഞത്.

– പാടെ ക്ഷീണിച്ച് ഓർമ്മ ശക്തിയില്ലാതായത്.

ഇമാം മാലിക് മുവത്വയിൽ ബറാഅ്ബ്നു ആസിബിൽ നിന്നും ഉദ്ധരിക്കുന്നു: നബി(ﷺ) ചോദിക്കപ്പെട്ടു: 'ബലിമൃഗത്തിൽ സൂക്ഷിക്കപ്പെടേണ്ട ന്യൂനതകളെന്തൊക്കെയാണ്? അപ്പോൾ അദ്ദേഹം തന്റെ കൈകൊണ്ട് ആംഗ്യം കാണിച്ചുകൊണ്ട് പറഞ്ഞു:'നാലെണ്ണമാണ്', 'എന്റെ കൈ റസൂൽ(ﷺ)യുടെ കൈയിനെക്കാൾ ചുരുങ്ങിയതാണ് എന്ന് പറഞ്ഞുകൊണ്ട് ബറാഉം തന്റെ കൈ കൊണ്ട് ആംഗ്യം കാണിക്കുന്നുണ്ടായിരുന്നു, അദ്ദേഹം പറയുന്നു:(സൂക്ഷിക്കപ്പെടേണ്ട നാലെണ്ണം, അവ:) വ്യക്തമായ മുടന്തുള്ളത്, വ്യക്തമായ രൂപത്തിൽ ഒറ്റക്കണ്ണുള്ളത്. വ്യക്തമായ രോഗമുള്ളത്, പാടെ ക്ഷീണിച്ച് ഓർമ്മശക്തിയില്ലാതായത്(എന്നിവയാണ്).

ഇവയല്ലാത്ത, കൊമ്പ്, ചെവി പോലെയുള്ളവക്കൊക്കെ ന്യൂനതകൾ ഉണ്ടെങ്കിൽ അതും വെറുക്കപ്പെട്ടതാണ്. പണ്ഡിതരുടെ മുൻഗണനാഭിപ്രായത്തിൽ അത് മതിയാവുകയില്ല.

എന്നാൽ ഉരുവിൽ ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ, കൊഴുപ്പ്, ശക്തി, വലിയ ശരീരമുള്ളത്,

കാഴ്ചക്ക് ഭംഗിയുള്ളത് എന്നിവയൊക്കെയാണ്. കൂടുതൽ നന്നാവുന്നിടത്തോളം അല്ലാഹുവിന് അത് കൂടുതൽ ഇഷ്ടമുള്ളതാണ്. അല്ലാഹു നല്ല വനാണ്, നല്ലതല്ലാതെ അവൻ സ്വീകരിക്കുകയില്ല.

**3.) ബലിയറുക്കേണ്ട സ്ഥലം:**

മിനായിൽ വെച്ചാണ് ബലി നിർ വ്വഹിക്കേണ്ടത്. എന്നാൽ മക്കയിലും ഹറമിന്റെ മറ്റു ഭാഗങ്ങളിലും കൂടി ബലി നിർവ്വഹിക്കാവുന്നതാണ്. നബി(ﷺ)പറഞ്ഞു: 'മക്കയുടെ എല്ലാ മാർഗ്ഗങ്ങളും ബലിയറുക്കാവുന്ന സ്ഥലവും വഴിയുമാണ്' ഇമാം ശാഫി(رحمه الله) പറഞ്ഞു: 'ഹറം മുഴുക്കെ ബലിയറുക്കാവുന്ന ഇടമാണ്, അവിടെ വെച്ച് ബലിനിർവ്വഹിക്കൽ ഹജ്ജിനും ഉംറക്കും അനുവദനീയമാണ്' ഇതിന്റെ അടിസ്ഥാനത്തിൽ മക്കയിൽ വെച്ച് ബലി നൽകുന്നത് സാധുക്കൾക്ക് കൂടുതൽ പ്രയോജനകരമാണെന്ന് കണ്ടാൽ പെരുന്നാൾ ദിവസമോ, അതിന്റെ ശേഷമുള്ള മൂന്ന് ദിവസങ്ങളിലോ അവിടെവെച്ച് അറുക്കാവുന്നതാണ്.

ഹറമിന്റെ പരിധിക്ക് പുറത്ത് അറഫയിലോ അതുപോലെ മറ്റെവിടെയെങ്കിലുമോ വെച്ച് ആരെ

ങ്കിലും ബലി നിർവഹിച്ചാൽ ബലവത്തായ അഭി പ്രായ പ്രകാരം അത് മതിയാവുകയില്ല.

**4.) അറവിന്റെ സമയം:**

പെരുന്നാൾ ദിവസം സൂര്യൻ ഒരു കുന്ത ത്തിന്റെ അത്ര ഉയർന്നു കഴിഞ്ഞ് പെരുന്നാൾ നമ സ്കാരം കഴിയുന്നത്ര സമയം കഴിഞ്ഞു പോയാ ൽ മുതൽ അയ്യാമുത്തശ്രീഖിന്റെ അവസാനം വ രെ അറവ് നടത്താവുന്നതാണ്. കാരണം പെരു ന്നാൾ ദിവസം ദുഹാ നേരത്താണ് നബി(ﷺ) ത ന്റെ ബലിയറുത്തത്. അദ്ദേഹം പറഞ്ഞതായി റി പ്പോർട്ട് ചെയ്യപ്പെടുന്നു: 'അയ്യാമുത്തശ്രീഖ് മുഴു വൻ അറവുണ്ട്'.

മുതമത്തിഇന്റെയോ ഖാരിനിന്റെയോ ബലി, പെരുന്നാൾ ദിവസത്തിന് മുമ്പായി നിർവ്വഹിക്ക ൽ അനുവദനീയമല്ല.കാരണം നബി(ﷺ) പെരുന്നാ ൾ ദിവസത്തിന് മുമ്പ് അറുത്തിട്ടില്ല,അദ്ദേഹം പറ ഞ്ഞു: 'നിങ്ങൾ എന്നിൽ നിന്നും നിങ്ങളുടെ കർ മ്മങ്ങൾ സ്വീകരിക്കുക'. അതുപോലെത്തന്നെ ബ ലിയുടെ ദിവസങ്ങൾക്കപ്പുറം പോവുമെന്നതിനാ

ൽ അയ്യാമു ത്തശ്രീഖിന്റെ ദിവസങ്ങൾക്കപ്പുറ ത്തേക്ക് വൈകിപ്പിക്കലും അനുവദനീയമല്ല.

ഈ നാല് ദിവസങ്ങളിൽ രാവും പകലും അറുക്കാവുന്നതാണ്. എന്നാൽ പകൽ നിർവ്വഹി ക്കുന്നതാണ് ഏറ്റവും ഉത്തമം.

**5.) അറവിന്റെ രൂപം:**

ഒട്ടകത്തെ അതിന്റെ ഇടതുകൈ ബന്ധിച്ചു നിറുത്തിയാണ് അറുക്കേണ്ടത്. അതിന് സാധ്യമാ യില്ലെങ്കിൽ നിറുത്തി അറുക്കണം.

ഒട്ടകമല്ലാത്തവയെ ചരിച്ചുകിടത്തിക്കൊണ്ട് അറുക്കലാണ് സുന്നത്ത്. നഹ്റ് എന്നത് കഴുത്തി ന് കീഴെ നെഞ്ചോട് ചേർത്തുള്ള അറവാണ്, എ ന്നാൽ തലയോട് ചേർന്നു കഴുത്തറക്കലാണ് 'ദ ബ്ഹ്. ഇതാണ് 'നഹ്റും','ദബ്ഹും' തമ്മിലുള്ള വ്യത്യാസം.

കഴുത്തിലെ രണ്ട് കുഴലുകളും (ശ്വാസ നാ ളം,അന്നനാളം) മുറിക്കുന്നതിലൂടെ രക്തമൊഴു ക്കുന്നതായിരിക്കണം അറവ്. നബി(ﷺ) പറഞ്ഞു: 'രക്തം ഒഴുക്കുകയും അല്ലാഹുവിന്റെ നാമം

സ്മരിക്കുകയും ചെയ്യപ്പെട്ടത് നിങ്ങൾ ഭക്ഷിക്കുക, അത് എല്ല് കൊണ്ടോ നഖം കൊണ്ടോ അറുത്തതല്ലെങ്കിൽ' (ബുഖാരി, മുസ്ലിം).

അറവ് നടത്തുന്ന വേളയിൽ അറുക്കുന്നവൻ നിർബന്ധമായും 'ബിസ്മില്ലാഹ്' എന്ന് പറയണം. അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെടാത്തത് ഭക്ഷിക്കാൻ പാടില്ല. അല്ലാഹു പറയുന്നു:

وَلاَ تَأْكُلُواْ مِمَّا لَمْ يُذْكَرِ اسْمُ اللَّه عَلَيْهِ وَإِنَّهُ لَفِسْقٌ (٦ : ١٢١)

'അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെടാത്തതിൽ നിന്ന് നിങ്ങൾ തിന്നരുത്, തീർച്ചയായും അത് അധർമ്മമാണ്' (അൻആം: 121).

ഇപ്രകാരം അറുക്കപ്പെട്ടത് ബലിയാവുകയില്ല. അത് ഭക്ഷിക്കൽ അനുവദനീയവുമല്ല. കാരണം അത് ശവമാണ്.

**5.) മാംസം വിതരണം ചെയ്യേണ്ട വിധം:**

അല്ലാഹു പറയുന്നു: 'നിങ്ങൾ അതിൽ നിന്നു ഭക്ഷിക്കുകയും ആവശ്യക്കാരെ ഭക്ഷിപ്പിക്കുകയും ചെയ്യുക' ഹജ്ജത്തുൽ വിദാഇൽ നബി(ﷺ) ഓരോ ഒട്ടകത്തിന്റെയും മാംസത്തിൽ നിന്നും ഓരോ കഷ്ണം എടുത്ത് ഒരുമിച്ചുകൂട്ടുക

യും അത് ഒരു വലിയ പാത്രത്തിൽ പാകം ചെയ്യാൻ കൽപ്പിക്കുകയും ചെയ്തു. അദ്ദേഹം ആ മാംസത്തിൽ നിന്നും കഴിക്കുകയും അതിന്റെ കറിയിൽ നിന്നും കുടിക്കുകയും ചെയ്തു) (മുസ്ലിം). തന്റെ ബലി മാംസത്തിൽ നിന്നും കഴിക്കുകയും മറ്റുള്ളവരെ ഭക്ഷിപ്പിക്കുകയും ചെയ്യുക എന്നതാണ് സുന്നത്ത്. അറുത്ത് അതിൽ നിന്ന് ഒന്നും ദാനം ചെയ്യാതെയും ഉപകാരപ്പെടുത്താതെയും ഉപേക്ഷിക്കാൻ പാടില്ല. കാരണം അത് ധനം ദുർവ്യയം ചെയ്യലാണ്. അല്ലാഹു കൽപ്പിച്ച ഭക്ഷിപ്പിക്കൽ അവിടെ സാധിക്കുന്നുമില്ല. എന്നാൽ അറവ് സ്ഥലത്ത് സാധുക്കൾ തന്റെ ചുറ്റിലുമുണ്ടെങ്കിൽ അറവിന് ശേഷം അവരെ ഏൽപ്പിച്ചു കൊടുത്താലും മതിയാവുന്നതാണ്.

തന്റെ ബലിയിൽ ഈ പറയപ്പെട്ട കാര്യങ്ങളിലെല്ലാം ഹാജി വേണ്ടത്ര പരിഗണന കൊടുക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ അത് അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെട്ട അവന്റെ സാമീപ്യം ആഗ്രഹിക്കപ്പെട്ട അല്ലാഹുവിന്റെ അടിമകൾക്ക് ഉപകാരപ്പെടുന്ന ബലിയാവുകയുള്ളു.

ഹാജിയോട് ബലി നിർവ്വഹിക്കുവാനും അതിന് സാധിക്കാത്തവരോട് നോമ്പ് പിടിക്കുവാനും കൽപ്പിച്ചിരിക്കുന്നത് ഒരു പ്രയോജ നവുമില്ലാതെ അവർക്ക് ഞെരുക്കമുണ്ടാക്കുവാനോ കഷ്ടപ്പെടുത്താനോ അല്ല. മറിച്ച് അത് കർമ്മങ്ങളുടെ പൂർത്തീകരണത്തിനു വേണ്ടിയാണ്. അത് അല്ലാഹുവിന്റെ കാരുണ്യവും നന്മയുമാണ്. അവരുടെ പ്രതിഫലം വർദ്ധിക്കുവാനും അല്ലാഹുവോട് കൂടുതൽ അടുക്കാനും അവരുടെ പദവികൾ വർദ്ധിക്കുവാനും വേണ്ടിയാണ് അതിൽ ചിലവ് ചെയ്യപ്പെടുന്ന ധനം പകരം ലഭിക്കപ്പെടുന്നതാണ്, അതിലെ ശ്രമങ്ങൾ നന്ദി കാണിക്കപ്പെടുന്നതാണ്, ബലിയറുക്കുകയോ, അല്ലെങ്കിൽ പകരം സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യൽ നന്ദി കാണിക്കപ്പെടേണ്ടുന്ന ഒരു മഹത്തായ അനുഗ്രഹമാണ്. ഈ ബലി നന്ദികർമ്മമാണ്, നിർബന്ധിത കർമ്മമല്ല. അതുകൊണ്ടാണ് ഹാജി അതിൽ നിന്നും ഭക്ഷിക്കുകയും ദാനവും ധർമ്മവും നൽകുകയും ചെയ്യുന്നത്.

അനേകം ആളുകൾ ഈ പ്രയോജനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നില്ല, അതിനാൽ തന്നെ അവർ നിർബന്ധ ബലിയിൽനിന്നും ഒളി ച്ചോടു

ന്നു. എത്രത്തോളമെന്നാൽ ബലിയോ അല്ലെങ്കിൽ നോമ്പോ ഒഴിവായിക്കിട്ടാനായാണ് പലരും മുഫ് രിദായിക്കൊണ്ട് ഹജ്ജിന് വരുന്നത്. അങ്ങനെ അവർ തമത്തുഇന്റെയും ബലിയുടെയും അല്ലെങ്കിൽ അതിന്റെ പകരത്തിന്റെയും പ്രതിഫലം അവരുടെ മേൽ ഹറാമാക്കുന്നു. അല്ലാഹുവിൽ സഹായം.

***********

**അധ്യായം അഞ്ച്**

محظورات الإحرام

**ഇഹ്റാമിൽ നിഷിദ്ധമായ കാര്യങ്ങൾ**

ഹജ്ജിനോ ഉംറക്കോ ഇഹ്റാം ചെയ്ത ആൾക്ക് നിഷിദ്ധമായ കാര്യങ്ങൾക്ക് ‘മഹ്ദൂറാത്തുൽ ഇഹ്റാം’ എന്ന് പറയുന്നു. അവ മൂന്ന് ഇനങ്ങളുണ്ട്:

**ഒന്ന്:** സ്ത്രീകൾക്കും പുരുഷന്മാർക്കും നിഷിദ്ധമായവ.

**രണ്ട്:** പുരുഷന്മാർക്ക് മാത്രം നിഷിദ്ധമായവ.

**മൂന്ന്**: സ്ത്രീകൾക്ക് മാത്രം നിഷിദ്ധമായവ.

**<u>സ്ത്രീ പുരുഷന്മാർക്ക് നിഷിദ്ധമായ കാര്യങ്ങൾ:</u>**

**1) തലമുടി നീക്കം ചെയ്യൽ:** അല്ലാഹു പറയുന്നു:

وَلاَ تَحْلِقُواْ رُؤُوسَكُمْ حَتَّى يَبْلُغَ الْهَدْيُ مَحِلَّهُ (البقرة : ١٩٦)

'ബലി മൃഗം എത്തേണ്ട സ്ഥാനത്ത് എത്തുന്നതു വരെ നിങ്ങൾ തല മുണ്ഡനം ചെയ്യാവുന്നതല്ല' (ബഖറ: 196)

ഭൂരിപക്ഷം പണ്ഡിതന്മാരും ശരീരത്തിന്റെ ബാക്കി ഭാഗങ്ങളിലെ രോമങ്ങളും ഇതോട് ചേർത്തുകൊണ്ട് വ്യാഖ്യാനിച്ചിട്ടുണ്ട്. അതിനാൽ ഇഹ്റാമിൽ പ്രവേശിച്ചവൻ തന്റെ ശരീരത്തിൽ നിന്നും ഒരു രോമവും നീക്കാൻ പാടില്ല. തലമുണ്ഡനം ചെയ്തവനുള്ള പ്രായശ്ചിത്തം അല്ലാഹു വ്യക്തമാക്കുന്നു:

..فَمَن كَانَ مِنكُم مَّرِيضاً أَوْ بِهِ أَذًى مِّن رَّأْسِهِ فَفِدْيَةٌ مِّن صِيَامٍ أَوْ صَدَقَةٍ أَوْ نُسُكٍ ... ( البقرة : ١٩٦ )

'നിങ്ങളിലാരെങ്കിലും രോഗിയാവുകയോ തലയിൽ വല്ല ശല്യവും അനുഭവപ്പെടുകയോ ആണെങ്കിൽ (മുടി നീക്കുന്നതിന്) പ്രായശ്ചിത്തമായി

നോമ്പോ, ദാനധർമ്മമോ, ബലി കർമ്മമോ നിർവ്വ ഹിച്ചാൽ മതിയാകും' (ബഖറ: 196).

മൂന്ന് നോമ്പാണ് നോൽക്കേണ്ടതെന്ന് നബി (ﷺ) വ്യക്തമാക്കുകയുണ്ടായി. മൂന്ന് സ്വാഅ് ഭക്ഷ ണം ആറ് സാധുക്കൾക്ക്, അഥവാ ഓരോ സാധു വിനും അര സ്വാഅ് വീതം നൽകണം, ഇതാണ് സ്വദഖയുടെ പരിധി. ബലി നൽകുകയാണെങ്കിൽ ബലിക്ക് പരിഗണിക്കപ്പെടുന്ന, പ്രായം തികഞ്ഞ, എല്ലാ ന്യൂനതകളിൽ നിന്നും മുക്തമായ ഒരു ആ ടിനെയാണ് നൽകേണ്ടത്. പണ്ഡിതന്മാർ ഈ പ്രാ യശ്ചിത്തത്തിന് 'ഫിദ്‌യത്തുൽ അദാ' എന്നു വി ളിക്കുന്നു.

**2) മുടി നീക്കുന്നതിനോട് സാദൃശ്യമാക്കിക്കൊ ണ്ട് നഖം മുറിക്കുന്നതും പറിക്കുന്നതും പാടില്ല എന്നതാണ് പണ്ഡിതന്മാരുടെ വ്യക്തമായ അഭി പ്രായം.**

കൈ നഖങ്ങളും കാൽ നഖങ്ങളും ഇക്കാര്യ ത്തിൽ വ്യത്യാസമില്ല. എന്നാൽ നഖം മുറിയുക യും അതു വേദനിപ്പിക്കുകയും ചെയ്യുന്നുവെങ്കി

ൽ വേദനിപ്പിക്കുന്ന ഭാഗം മുറിച്ച് കളയുന്നതിന് വിരോധമില്ല. അതിന് പ്രായശ്ചിത്തമില്ല.

3) **ഇഹ്റാമിന് ശേഷം തന്റെ ശരീരത്തിലോ വസ്ത്രത്തിലോ ശരീരത്തിലേക്ക് എത്തുന്ന മറ്റു വല്ലതിലോ സുഗന്ധം ഉപയോഗിക്കൽ.** ഇബ്നുഉമർ (ﷺ) വിൽ നിന്നും നിവേദനം, നബി(ﷺ) ഇഹ്റാം ചെയ്തവനെക്കുറിച്ച് പറഞ്ഞു: 'കുങ്കുമ'മോ 'വറസോ' (മഞ്ഞൾ, മഞ്ഞച്ചായം കൊടുക്കുന്ന ചെടി) സ്പർശിച്ചിട്ടുള്ള വസ്ത്രം ധരിക്കരുത്'. അറഫയിൽ നിൽക്കുന്ന വേളയിൽ, തന്റെ വാഹനം തള്ളിയിട്ട് കഴുത്തു പൊട്ടി മരിച്ച ഇഹ്റാമിലുള്ള ഒരാളുടെ കാര്യത്തിൽ പ്രവാചകൻ(ﷺ) പറഞ്ഞു: 'അദ്ദേഹത്തെ നിങ്ങൾ സുഗന്ധം അടുപ്പിക്കരുത്' അതിന് കാരണം പറഞ്ഞത്, അദ്ദേഹം അന്ത്യനാളിൽ തൽബിയത്ത് ചൊല്ലു ന്നവനായിക്കൊണ്ടാണ് ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുക എന്നാണ്. ഇതിൽ നിന്നെല്ലാം തന്നെ ഇഹ്റാമിലുള്ളയാൾക്ക് സുഗന്ധം അടുപ്പിക്കൽ ഹാറാമാണെന്ന് വ്യക്തമാകുന്നു.

സുഗന്ധം മണത്തു നോക്കാനോ, താൻ കുടിക്കുന്ന കാപ്പിയിലും മറ്റും രുചിയിലും വാസന

യിലും മാറ്റമുണ്ടാക്കുന്ന കുങ്കുമം ചേർക്കാനോ, ചായയിലും മറ്റും രുചിയും വാസനയും പ്രകടമാവുന്ന ചേരുവകൾ ചേർക്കാനോ ഇഹ്റാമിലുള്ള യാൾക്ക് പാടുള്ളതല്ല.

സോപ്പിൽ സുഗന്ധം കലർന്നിട്ടുള്ളതാണെങ്കിൽ അതും ഉപയോഗിക്കാവതല്ല. എന്നാൽ ഇഹ്റാമിന്റെ മുമ്പ് പുരട്ടിയ സുഗന്ധത്തിന്റെ വാസന ഇഹ്റാമിന്റെ ശേഷം നിലനിൽക്കുന്നതിന് വിരോധമില്ല. ആയിശ(ﷺ) പറയുന്നു: ‘നബി(ﷺ) ഇഹ്റാമിലായിരിക്കെ അദ്ദേഹത്തിന്റെ വസ്ത്രത്തിലുള്ള സുഗന്ധദ്രവ്യത്തിന്റെ പാടിലേക്ക് ഞാൻ നോക്കാറുണ്ടായിരുന്നു‘ (ബുഖാരി, മുസ്ലിം).

4) **വിവാഹക്കരാറിലേർപ്പെടൽ:** പ്രവാചകൻ(ﷺ) പറഞ്ഞു: ഇഹ്റാമിലുള്ളവൻ വിവാഹം കഴിക്കുകയോ, കഴിച്ചുകൊടുക്കുകയോ വിവാ ഹാലോചന നടത്തുകയോ ചെയ്യരുത്’(മുസ്ലിം). അതിനാൽ ഇഹ്റാമിലുള്ളയാൾ ഒരു സ്ത്രീയെ വിവാഹം കഴിക്കുകയോ, അവൾക്കുവേണ്ടി വലിയ്യുമായോ വക്കാലത്ത് ഏൽപ്പിക്കപ്പെട്ടയാളുമായോ വിവാഹക്കരാറിലേർപ്പെടുകയോ ചെയ്യരുത്. താൻ ഇഹ്റാ

മിൽ നിന്നും മോചിതനാവുന്നതുവരെ സ്ത്രീയെ വിവാഹാലോചന നടത്താനും പാടില്ല.

അതുപോലെ ഇഹ്റാമിലുള്ള ഒരു സ്ത്രീ വിവാഹം ചെയ്യപ്പെടുകയും അരുത്. ഇഹ്റാമിലിരിക്കെ നടക്കുന്ന വിവാഹക്കരാർ അസാധുവാണ്. നബി(ﷺ) പറഞ്ഞു:

( من عمل عملاً ليس عليه أمرنا فهو رد )

'നമ്മുടെ കൽപ്പനയില്ലാത്ത വല്ല കാര്യവും ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടുന്നതാണ്'.

**5) വികാരത്തോടു കൂടിയുള്ള ആലിംഗനം, ചുംബനം, സ്പർശനം മുതലായവ.** അല്ലാഹു പറയുന്നു:

( فَمَن فَرَضَ فِيهِنَّ الْحَجَّ فَلاَ رَفَثَ وَلاَ فُسُوقَ وَلاَ جِدَالَ فِي الْحَجِّ ) البقرة : ١٩٧

'ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് കർമ്മത്തിൽ പ്രവേശിച്ചാൽ പിന്നീട് സ്ത്രീ പുരുഷ സംസർഗ്ഗമോ ദുർവൃത്തിയോ വഴക്കോ ഹജ്ജിനിടയിൽ പാടുള്ളതല്ല' (ബഖറ: 197).

'റഫ്ഥ്' എന്നതിൽ സംയോഗത്തിന്റെ മുന്നോടിയായിട്ടുള്ള ചുംബനം, പിടിക്കൽ, ഞെക്കൽ, വികാരത്തോടെയുള്ള സല്ലാപം എന്നിവയെല്ലാം ഉൾപ്പെടുന്നതാണ്.

അതിനാൽ ഇഹ്റാമിൽ പ്രവേശിച്ചവന്ന് തന്റെ ഭാര്യയെ വികാരത്തോടെ ചുംബിക്കാനും സ്പർശിക്കാനും സല്ലപിക്കാനും,ഞെക്കാനും ഒന്നും തന്നെ പാടില്ല. അവൾ ഇഹ്റാമിലായിരിക്കെ അവൾക്ക് അവനോടും ഇപ്രകാരമൊന്നും പാടില്ല. വികാരത്തോടെയുള്ള നോട്ടവും അനുവദനീയമല്ല, കാരണം അതും ലൈംഗിക അനുഭൂതിയുണ്ടാക്കുന്നതാണ്.

**6) സംയോഗം.** അല്ലാഹു പറയുന്നു: 'ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് കർമ്മത്തിൽ പ്രവേശിച്ചാൽ പിന്നീട് സ്ത്രീ പുരുഷ സംസർഗ്ഗമോ ദുർവൃത്തിയോ വഴക്കോ ഹജ്ജിനിടയിൽ പാടുള്ളതല്ല' (ബഖറ: 197).

സംയോഗവും അതിന്റെ പ്രാരംഭ കാര്യങ്ങളുമാണ്'റഫ്ഥ്' കൊണ്ട് ഉദ്ദേശിക്കുന്നത്. സംയോഗം ഇഹ്റാമിന്റെ നിഷിദ്ധങ്ങളിൽ ഏറ്റവും

അപകടകരവും ഹജ്ജിനെ പ്രതികൂലമായി ബാധിക്കുന്നതുമാണ്. ഇതിന് രണ്ട് അവസ്ഥകളുണ്ട്.

**ഒന്ന്: ആദ്യ വിരാമത്തിന് മുമ്പ്**. ഈ സമയത്ത് സംയോഗം ചെയ്താൽ അതിന് രണ്ട് കാര്യങ്ങൾ ആവശ്യമായി വരുന്നു.

a) പ്രായശ്ചിത്തം നിർബന്ധമാവുന്നു. ഉദുഹിയ്യത്തിന് അനുഗുണമായ രൂപത്തിലുള്ള ഒട്ടകത്തെയോ മാടിനെയോ അറുക്കുകയും അത് മുഴുവനും സാധുക്കൾക്ക് വീതിച്ച് കൊടുക്കുകയും ചെയ്യുക,അതിൽനിന്ന് യാതൊന്നും അവൻ ഭക്ഷിക്കരുത്.

b) സംയോഗം സംഭവിച്ച ആ ഹജ്ജ് നഷ്ടമായി. ഒട്ടും തന്നെ വൈകാതെ അടുത്ത വർഷം തന്നെ ആ ഹജ്ജ് 'ഖദാ' വീട്ടണം.

മാലിക്(ﷺ) മുവത്വയിൽ പറയുന്നു: 'ഇഹ്റാമിലായിരിക്കെ തന്റെ ഭാര്യയെ പ്രാപിച്ച ഒരാളെപ്പറ്റി ഉമറും അലിയും അബൂഹുറൈറയും ചോദിക്കപ്പെട്ടു, അവർ പറഞ്ഞു: അവരെ രണ്ടുപേരെയും അവരുടെ ഹജ്ജ് കഴിയുന്നതുവരെ വേർപ്പെടുത്തണം, ശേഷം അടുത്ത കൊല്ലം അവർ ആ ഹ

ജ്ജിനെ 'ഖദാ' വീട്ടുകയും ബലി നൽകുകയും വേണം'. അദ്ദേഹം പറയുന്നു: അലി(ﷺ) പറഞ്ഞു: 'അടുത്ത വർഷം അവർ ഹജ്ജ് ചെയ്യുമ്പോഴും ഹജ്ജ് കഴിയുന്നതുവരെ അവർ പരസ്പരം വേർ പിരിയണം'. എന്നാൽ ബാക്കിയുള്ള നിഷിദ്ധങ്ങ ൾ സംഭവിച്ചാൽ ഹജ്ജ് നിഷ്ഫലമാവുകയില്ല.

**രണ്ട്: ആദ്യവിരാമത്തിന് ശേഷം സംയോ ഗം ചെയ്യൽ**. അതായത് ജംറത്തുൽ അഖബയിൽ എറിയലും മുണ്ഡനം ചെയ്യലും കഴിഞ്ഞ് ത്വവാ ഫുൽ ഇഫാദക്ക് മുമ്പായാണ് സംയോഗം സംഭ വിച്ചതെങ്കിൽ അവന്റെ ഹജ്ജ് ശരിയാണ്. എന്നാ ൽ പണ്ഡിതാഭിപ്രായത്തിൽ രണ്ട് കാര്യങ്ങൾ അ വന്റെ മേൽ നിർബന്ധമാവുന്നു.

a) ഒരു ആടിനെ ബലിയറുത്ത് അതിന്റെ മാംസം മുഴുവനും സാധുക്കൾക്ക് ധർമ്മം ചെയ്യു ക. അതിൽ നിന്നവൻ ഒന്നും തന്നെ ഭക്ഷിക്കരുത്.

b) അയാൾ ഹറമിന്റെ പരിധിക്ക് പുറത്ത് കടക്കുകയും തന്റെ ഇഹ്റാമിനെ പുതുക്കുകയും ചെയ്യുക. ഇഹ്റാമിന്റെ വസ്ത്രം ധരിച്ച് ശേഷം ത്വവാഫുൽ ഇഫാദ നിർവ്വഹിക്കുക.

**7) വേട്ട മൃഗത്തെ കൊല്ലൽ.** മുയലുകൾ, മാനുകൾ, പ്രാവുകൾ പോലെയുള്ള കരയിലുള്ള ഭക്ഷിക്കൽ അനുവദനീയമായ വന്യജീവികളാണ് വേട്ട മൃഗങ്ങൾ. അല്ലാഹു പറയുന്നു:

وَحُرِّمَ عَلَيْكُمْ صَيْدُ الْبَرِّ مَا دُمْتُمْ حُرُمًا ( المائدة : ٩٦ )

'നിങ്ങൾ ഇഹ്റാമിലായിരിക്കുമ്പോഴൊക്കെയും കരയിലെ വേട്ട ജന്തുക്കൾ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെടുകയും ചെയ്തിരിക്കുന്നു' (മാഇദ: 96). അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُواْ لاَ تَقْتُلُواْ الصَّيْدَ وَأَنتُمْ حُرُمٌ وَمَن قَتَلَهُ مِنكُم مُّتَعَمِّدًا فَجَزَاء مِّثْلُ مَا قَتَلَ مِنَ النَّعَمِ يَحْكُمُ بِهِ ذَوَا عَدْلٍ مِّنكُمْ هَدْيًا بَالِغَ الْكَعْبَةِ أَوْ كَفَّارَةٌ طَعَامُ مَسَاكِينَ أَو عَدْلُ ذَلِكَ صِيَامًا لِّيَذُوقَ وَبَالَ أَمْرِهِ عَفَا اللَّهُ عَمَّا سَلَف وَمَنْ عَادَ فَيَنتَقِمُ اللَّهُ مِنْهُ وَاللَّهُ عَزِيزٌ ذُو انْتِقَامٍ ( المائدة : ٩٥ )

'സത്യവിശ്വാസികളെ നിങ്ങൾ ഇഹ്റാമിലായിരിക്കെ വേട്ടമൃഗത്തെ കൊല്ലരുത്' (മാഇദ: 95).

ഇഹ്റാമിൽ പ്രവേശിച്ചയാൾക്ക് ഈ പറയപ്പെട്ടവ പോലെയുള്ള ജീവികളെ വേട്ടയാടൽ നിഷിദ്ധമാണ്. നേരിൽ കൊല്ലാൻ പാടില്ലെന്ന് മാത്ര

മല്ല, കൊല്ലാൻ വേണ്ടി സൂചനയിലൂടെയോ അിറയിക്കലിലൂടെയോ അതിനുള്ള മാർഗ്ഗമൊരുക്കിക്കൊടുക്കലിലൂടെയോ ആയുധം കൊടുക്കുന്നതിലൂടെയോ മറ്റോ സഹായിക്കുന്നതുമെല്ലാം നിഷിദ്ധമാണ്. എന്നാൽ അതിൽനിന്ന് ഭക്ഷിക്കൽ മൂന്ന് വിധമാണ്:

**ഒന്ന്:** ഇഹ്റാമിൽ പ്രവേശിച്ചവൻ കൊന്നത്. ഇതിൽ നിന്ന് ഭക്ഷിക്കൽ ഇഹ്റാമിലുള്ളവനും അല്ലാത്തവനും ഒരുപോലെ നിഷിദ്ധമാണ്.

**രണ്ട്:** ഇഹ്റാമിലുള്ള വ്യക്തി വേട്ടമൃഗത്ത കാണിച്ചു കൊടുക്കുകയോ ആയുധം കൊടുക്കുകയോ പോലുള്ള സഹായത്തിലൂടെ ഇഹ്റാമിലില്ലാത്തവൻ വേട്ടയാടിയത്. ഇതിൽ നിന്ന് ഭക്ഷിക്കൽ ഇഹ്റാമിലുള്ളവന് നിഷിദ്ധവും മറ്റുള്ളവർക്ക് അനുവദനീയവുമാണ്.

**മൂന്ന്:** മുഹ്രിമിനു വേണ്ടി ഇഹ്റാമിലില്ലാത്തവൻ വേട്ടയാടിയത്. ഇതും മുഹ്രിമിനു മാത്രം നിഷിദ്ധവും ബാക്കിയുള്ളവർക്ക് അനുവ ദനീയവുമാണ്. നബി(ﷺ)പറഞ്ഞു: 'കരയിലുള്ള വേട്ടമൃഗങ്ങൾ നിങ്ങൾ വേട്ടയിൽ പങ്ക് ചേർന്നിട്ടില്ലാത്തിടത്തോളവും നിങ്ങൾക്ക് വേണ്ടി വേട്ടയാടപ്പെട്ടിട്ടി

ല്ലാത്തിടത്തോളവും നിങ്ങൾക്ക് അനുവദനീയമാണ്' (അഹ്മദ്).

അബൂഖതാദ:(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം ഒരു കാട്ടു കഴുതയെ വേട്ടയാടി. അബൂഖതാദ(ﷺ) ഒഴികെ അദ്ദേഹത്തിന്റെ കൂട്ടുകാരൊക്കെ ഇഹ്റാമിലായിരുന്നു.അവർ അതിൽ നിന്നും ഭക്ഷിച്ചു. ശേഷം അവർ അവർ ഭക്ഷിച്ചതിനെക്കുറിച്ച് അന്യോന്യം ആവലാതിപ്പെട്ടു. അങ്ങനെ അവർ നബി(ﷺ)യോട് അതിനെക്കുറിച്ച് അന്വേഷിച്ചു. അദ്ദേഹം ചോദിച്ചു:'ആരെങ്കിലും അതിലേക്ക് സൂചന നൽകുകയോ കൽപ്പിക്കുകയോ ചെയ്തുവോ? അവർ പറഞ്ഞു: 'ഇല്ല'. അദ്ദേഹം പറഞ്ഞു: 'എങ്കിൽ നിങ്ങൾക്കത് ഭക്ഷിക്കാം' (ബുഖാരി, മുസ്ലിം).

ഇഹ്റാമിലുള്ളവൻ വേട്ടമൃഗത്തെ മനപ്പൂർവ്വം കൊന്നാൽ അതിന്നു പ്രായശ്ചിത്തം നിർബന്ധമാണ്. അല്ലാഹു പറയുന്നു:

'നിങ്ങളിലൊരാൾ മനഃപ്പൂർവ്വം അതിനെ കൊല്ലുന്ന പക്ഷം, അവൻ കൊന്നതിന് തുല്യമെന്ന് നിങ്ങളിൽ നിന്ന് രണ്ട് നീതിമാന്മാർ തീർപ്പ് കൽപ്പിക്കുന്ന കാലിയെ (അഥവാ കാലികളെ) കഅ്

ബത്തിങ്കൽ എത്തിച്ചേരേണ്ട ബലിമൃഗമായി നൽ കേണ്ടതാണ്. അല്ലെങ്കിൽ പ്രായശ്ചിത്തമായി ഏ താനും അഗതികൾക്ക് ആഹാരം നൽകുകയോ അല്ലെങ്കിൽ അതിനു തുല്യമായി നോമ്പെടുക്കുക യോ ചെയ്യേണ്ടതാണ്' (മാഇദ: 95).

ഉദാഹരണമായി ഒരാൾ ഒരു പ്രാവിനെ കൊ ന്നാൽ, അതിനു പകരമായി ഒരു ആടിനെ അറു ക്കുകയും അത് പാവങ്ങൾക്കിടയിൽ വീതിക്കുക യും വേണം, അല്ലെങ്കിൽ അതിന്റെ വിലക്ക് ഒരാ ൾക്ക് അര സ്വാഅ് എന്ന തോതിൽ പാവങ്ങളെ ഭ ക്ഷിപ്പിക്കണം. അല്ലെങ്കിൽ ഒരു സാധുവിനുള്ള ഭ ക്ഷണത്തിനുപകരം ഒരു നോമ്പ് എന്ന തോതിൽ നോമ്പുപിടിക്കണം. ഇവക്കിടയിൽ ഏത് തിര ഞ്ഞെടുക്കാനും അയാൾക്ക് സ്വാതന്ത്ര്യമുണ്ട്.

എന്നാൽ വൃക്ഷങ്ങൾ മുറിക്കൽ ഇഹ്റാമി ലുള്ളവന്ന് തന്റെ ഇഹ്റാം കൊണ്ട് നിഷിദ്ധമാവു ന്നതല്ല. അതിന് ഇഹ്റാമിൽ ഒരു സ്വാധീനവുമില്ല. മറിച്ച് ഹറമിന്റെ പരിധിക്കുള്ളിലുള്ള എല്ലാവർ ക്കും അവൻ ഇഹ്റാമിലാണെങ്കിലും അല്ലെങ്കി ലും അത് നിഷിദ്ധമാണ്. ഈ അടിസ്ഥാനത്തിൽ അറഫയിലുള്ള ഒരാൾക്ക്, അയാൾ ഇഹ്റാമിലു

ള്ളവനാണെങ്കിലും അല്ലെങ്കിലും വൃക്ഷം മുറിക്കുന്നതിന് വിരോധമില്ല. കാരണം അറഫ ഹറമിന്റെ പരിധിക്ക് പുറത്താണ്. മുസ്ദലിഫയും മിനായും ഹറമിന്റെ പരിധിക്കുള്ളിലാണ്. ഈ പറഞ്ഞ ഏഴ് കാര്യങ്ങൾ സ്ത്രീകൾക്കും പുരുഷന്മാർക്കും നിഷിദ്ധമാണ്.

## പുരുഷന്മാർക്ക് മാത്രം നിഷിദ്ധമായ കാര്യങ്ങൾ:

പുരുഷന്മാർക്ക് മാത്രം നിഷിദ്ധമായ കാര്യങ്ങൾ രണ്ടാണ്, അവ:

**1) തല മറക്കൽ**. അറഫയിൽ തന്റെ വാഹനപ്പുറത്ത് നിന്ന് വീണ് മരിച്ച ആളുടെ കാര്യത്തിൽ നബി(ﷺ) പറഞ്ഞു: 'നിങ്ങൾ അദ്ദേഹത്തെ വെള്ളം കൊണ്ടും താളികൊണ്ടും കുളിപ്പിക്കുകയും രണ്ട് വസ്ത്രത്തിൽ അദ്ദേഹത്തെ കഫൻ ചെയ്യുകയും ചെയ്യുക. അദ്ദേഹത്തിന്റെ തല നിങ്ങൾ മൂടരുത്' (ബുഖാരി, മുസ്ലിം).

അതിനാൽ, പുരുഷന്മാർ തലപ്പാവ്, തൊപ്പി, തട്ടം പോലെയുള്ള തലയോട് ചേർന്ന് നിൽക്കുന്ന വസ്തുക്കൾ കൊണ്ട് തല മറക്കാൻ പാടില്ല. എന്നാൽ തലയോട് ചേർന്നുനിൽക്കാത്ത കുട,

വാഹനത്തിന്റെ മേൽക്കൂര, ടെന്റ് പോലെയുള്ളവ കൊണ്ട് മറയാക്കുന്നതിൽ വിരോധമില്ല. ഉമ്മുഹുസൈ്വൻ(ﷺ) പറയുന്നു:'ഞങ്ങൾ നബി(ﷺ)യോടൊപ്പം ഹജ്ജത്തുൽ വിദാഇൽ ഹജ്ജ് ചെയ്തു. ജംറത്തുൽ അഖബയെ എറിഞ്ഞ അവസരത്തിൽ ഞാൻ അദ്ദേഹത്തെ കണ്ടു. അദ്ദേഹം (അവിടെ നിന്നും) തന്റെ വാഹനപ്പുറത്ത് പിരിഞ്ഞുപോയി. ബിലാലും(ﷺ) ഉസാമയും(ﷺ) അദ്ദേഹത്തോടൊപ്പമുണ്ട്. അവരിൽ ഒരാൾ അദ്ദേഹത്തിന്റെ വാഹനം നയിക്കുകയും മറ്റേയാൾ തന്റെ വസ്ത്രം നബി(ﷺ)യുടെ തലക്ക്മീതെ പിടിച്ച് സൂര്യനിൽ നിന്നും തണലേകുകുകയും ചെയ്യുന്നുണ്ട്' (മുസ്ലിം). മറ്റൊരു റിപ്പോർട്ടിൽ, 'ജംറത്തുൽ അഖബയിൽ എറിയുന്നത് വരെ അദ്ദേഹത്തിന് ചൂടിൽ നിന്നും മറപിടിച്ചിരിക്കുന്നു' എന്നാണുള്ളത്.

തലയുടെ അൽപ്പഭാഗം മറയുന്നുവെങ്കിൽപ്പോലും തന്റെ ചുമടുകൾ തലയിൽ വഹിക്കുന്നതിന് വിരോധമില്ല. കാരണം മിക്കപ്പോഴും അത് തലക്ക് മറപിടിക്കുക എന്ന ഉദ്ദേശ്യത്തോടെയല്ലല്ലൊ ചെയ്യാറുള്ളത്. വെള്ളത്തിൽ മുങ്ങുമ്പോൾ

തല വെള്ളത്താൽ മൂടുന്നുണ്ടെങ്കിലും അതിന് വിരോധമില്ല.

**2) തുന്നിയ വസ്ത്രം ധരിക്കൽ**. സാധാരണയായി ധരിക്കാറുള്ളത് പോലെയുള്ള വസ്ത്രം ധരിക്കലാണ് ഇതുകൊണ്ട് ഉദ്ദേശ്യം. അത് നീളക്കുപ്പായം, (ഥൗബ്) പോലെ ശരീരം മുഴുക്കെ മറക്കുന്നതാണെങ്കിലും, സിർവാൽ, (നീളൻ ട്രൗസർ) ബനിയൻ, ഷൂ, സോക്സ്, കൈയുറ, പോലെ ശരീരത്തിന്റെ അൽപ്പഭാഗം മറക്കുന്നതാണെങ്കിലും ശരി. ഇബ്നുഉമർ(ﷺ)വിൽ നിന്നും നിവേദനം, നബി (ﷺ) ചോദിക്കപ്പെട്ടു: 'ഇഹ്റാമിൽ പ്രവേശിച്ചവൻ ഏത് വസ്ത്രമാണ് ധരിക്കേണ്ടത്? അദ്ദേഹം പറഞ്ഞു: 'കുപ്പായം, തലപ്പാവ്, ശിരോവസ്ത്രം, സിർവാൽ,ഖുഫ്ഫകൾ,കുങ്കുമവും മഞ്ഞളും (മഞ്ഞ നിറം) സ്പർശിച്ചിട്ടുള്ള വസ്ത്രം എന്നിവ ധരിക്കാൻ പാടില്ല' (ബുഖാരി, മുസ്ലിം).

എന്നാൽ ഒരാൾക്ക് ഇഹ്റാമിന്റെ വസ്ത്രവും രണ്ട് ചെരിപ്പുകളും ലഭിച്ചില്ല എങ്കിൽ അയാൾക്ക് സിർവാലും, ഷൂവും ധരിക്കാവുന്നതാണ്. അതിന് അയാളുടെ മേൽ പ്രായശ്ചിത്തമൊന്നുമില്ല. ഇബ്നുഅബ്ബാസ്(ﷺ)വിൽ നിന്നും നിവേദനം,

നബി(ﷺ) അറഫയിൽ വെച്ച് പ്രസംഗിക്കുന്നത് ഞാൻ കേട്ടു: 'ഉടുമുണ്ട് ലഭിച്ചിട്ടില്ലാത്തവൻ സിർവാൽ ധരിച്ചുകൊള്ളട്ടെ, രണ്ട് ചെരുപ്പുകൾ കിട്ടിയിട്ടില്ലാത്തവൻ ഖുഫ്ഫകൾ ധരിച്ചുകൊള്ളട്ടെ' (ബുഖാരി, മുസ്‌ലിം).

കുപ്പായം ധരിക്കാതെ തന്റെ ശരീരത്തിൽ ചുറ്റിപ്പൊതിയുന്നതിന് വിരോധമില്ല. തന്റെ സാധാരണ പതിവുരീതിയല്ല എന്ന അടിസ്ഥാനത്തിൽ തന്റെ നീളവസ്ത്രം തട്ടം പോലെ ഉപയോഗിക്കുന്നതിന് വിരോധമില്ല.

കഷ്ണം വെച്ച ഉടുമുണ്ടോ തട്ടമോ ധരിക്കുന്നതിനും, തന്റെ ഉടുമുണ്ടിന്മേൽ തുന്നപ്പെട്ട നൂലുള്ളതുകൊണ്ടും വിരോധമില്ല.

മോതിരം, വാച്ച്, കണ്ണട, ശ്രവണ യന്ത്രം, വെള്ളം പാൽ പോലെയുള്ളത് നിറക്കുന്ന തോൽപ്പാത്രം, കഴുത്തിൽ തൂക്കിയിടുന്ന സഞ്ചി പോലെയുള്ളവ ധരിക്കുന്നതിനും വിരോധമില്ല.

അതുപോലെ തനിക്കാവശ്യമുള്ള ഘട്ടങ്ങളിൽ തട്ടം കൂട്ടിക്കെട്ടുന്നതിനും വിരോധമില്ല, കാരണം അപ്രകാരമുള്ളത് തടയപ്പെട്ടതായി പ്രവാചക

നിൽ നിന്നും ഉദ്ദരിക്കപ്പെട്ടിട്ടില്ല. പ്രവാചകൻ(ﷺ) പറഞ്ഞതിന്റെ അർത്ഥപരിധിയിൽ അത് വരുന്നുമില്ല. മറിച്ച് നബി(ﷺ) ചോദിക്കപ്പെട്ടത് ഇഹ്റാമിലുള്ള വ്യക്തി ധരിക്കേണ്ട വസ്ത്രത്തെ സംബന്ധിച്ചാണ്. അപ്പോളാണ് അദ്ദേഹം 'കുപ്പായം, തലപ്പാവ്, ശിരോ വസ്ത്രം, സിർവാൽ, (നീളട്രൗസർ) ഖുഫ്ഫകൾ, എന്നിവ ധരിക്കാൻ പാടില്ല' എന്ന് പറഞ്ഞത്. അപ്പോൾ ധരിക്കേണ്ടതേതെന്ന ചോദ്യത്തിന് ധരിക്കാൻ പാടില്ലാത്തതിനെക്കുറിച്ച് മറുപടി പറഞ്ഞതിൽ നിന്നും അതല്ലാത്തതെല്ലാം ഇഹ്റാമിലുള്ളവന് ധരിക്കാമെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

ചെരുപ്പുകൾ ലഭ്യമാവാത്തവന് തന്റെ പാദങ്ങൾക്ക് രക്ഷയാവശ്യമാണെന്നതിനാൽ അദ്ദേഹം ഖുഫ്ഫ ധരിക്കാൻ അനുവാദം നൽകി. അതുപോലെത്തന്നെയാണ് തന്റെ കണ്ണിനെ സംരക്ഷിക്കാൻ കണ്ണടയും മറ്റും ധരിക്കാനുള്ള അനുവാദവും.

ഈ രണ്ട് നിഷിദ്ധങ്ങളും പുരുഷന്മാർക്ക് മാത്രം പ്രത്യേകമായുള്ളതാണ്. എന്നാൽ സ്ത്രീക്ക് അവളുടെ തല മറക്കാം, ഇഹ്റാമിൽ അവൾക്ക്

ആഗ്രഹമുള്ള, ഭംഗി വെളിവാക്കാത്ത വസ്ത്രം ധരിക്കാം. എന്നാൽ അവൾക്ക് കൈയുറകൾ ധരിക്കാൻ പാടില്ല. പുരുഷന്മാർ അവളുടെ അടുത്തുകൂടെ നടന്നുപോവുമ്പോഴല്ലാതെ, അവൾ തന്റെ മുഖം മറക്കാനോ 'നിഖാബ്' ധരിക്കാനോ പാടില്ല. അത്തരം ഘട്ടത്തിൽ അവൾ മുഖം മറക്കണം, കാരണം അന്യപുരുഷന്മാരുടെ അതായത് 'മഹ്റമുകളല്ലാത്ത'വരുടെ മുമ്പിൽ മുഖം വെളിവാക്കാൻ അവൾക്ക് പാടുള്ളതല്ല.

സ്ത്രീക്കും പുരുഷനും തന്റെ ഇഹ്റാമിന്റെ വസ്ത്രം മാറ്റി, ഇഹ്റാമിൽ നിഷിദ്ധമാക്കപ്പെട്ടതല്ലാത്ത വസ്ത്രം ധരിക്കുന്നത് അനുവദ നീയമാണ്.

ഈ പറയപ്പെട്ട നിഷിദ്ധങ്ങളിൽ സംയോഗം, വേട്ടമൃഗത്തെ കൊല്ലൽ പോലെയുള്ള വല്ലതും ഇഹ്റാമിലുള്ള ഒരാൾ ചെയ്താൽ അയാൾക്ക് മൂന്ന് അവസ്ഥകളുണ്ട്, അവ:

**ഒന്ന്:** മറന്നുകൊണ്ടോ, അജ്ഞത കൊണ്ടോ, നിർബന്ധിതനായോ, ഉറങ്ങിയ അവസ്ഥയിലോ ആണ് അവയിൽ വല്ലതും സംഭവിച്ചതെങ്കിൽ അ

യാൾക്ക് ഒരു ബാധ്യതയുമില്ല, കുറ്റവുമില്ല പ്രായ ശ്ചിത്തവുമില്ല. അയാളുടെ കർമ്മം നഷ്ടപ്പെട്ടിട്ടു മില്ല. അല്ലാഹു പറയുന്നു:

ادْعُوهُمْ لِآبَائِهِمْ هُوَ أَقْسَطُ عِندَ اللَّهِ فَإِن لَّمْ تَعْلَمُوا آبَاءهُمْ فَإِخْوَانُكُمْ فِي الدِّينِ وَمَوَالِيكُمْ وَلَيْسَ عَلَيْكُمْ جُنَاحٌ فِيمَا أَخْطَأْتُم بِهِ وَلَكِن مَّا تَعَمَّدَتْ قُلُوبُكُمْ وَكَانَ اللَّهُ غَفُورًا رَّحِيمًا

( الأحزاب : ٥ )

'അബദ്ധവശാൽ നിങ്ങൾ ചെയ്ത് പോയതിൽ നി ങ്ങൾക്ക് കുറ്റമില്ല, പക്ഷെ നിങ്ങളുടെ ഹൃയങ്ങൾ അറിഞ്ഞും കൊണ്ട് ചെയ്തത് (കുറ്റകരമാകു ന്നു.)' (അഹ്സാബ്: 5).

നിർബന്ധിതന്റെ മേൽ നിന്ന് 'കുഫ്റി'ന്റെ വിധി ഇല്ലാതാവുമെങ്കിൽ അതിനു താഴെയുള്ള പാപങ്ങൾ (പൊറുക്കപ്പെടാൻ) അതിനേക്കാൾ അ ർഹമാണ്.

مَن كَفَرَ بِاللّهِ مِن بَعْدِ إيمَانِهِ إِلاَّ مَنْ أُكْرِهَ وَقَلْبُهُ مُطْمَئِنٌّ بِالإِيمَانِ وَلَـكِن مَّن شَرَحَ بِالْكُفْرِ صَدْرًا فَعَلَيْهِمْ غَضَبٌ مِّنَ اللّهِ وَلَهُمْ عَذَابٌ عَظِيمٌ ( النحل : ١٠٦ )

'വിശ്വസിച്ചതിനു ശേഷം അല്ലാഹുവിൽ അവിശ്വ സിച്ചവരാരോ അവരുടെ– തങ്ങളുടെ ഹൃദയം വി ശ്വാസത്തിൽ സമാധാനം പൂണ്ടതായിരിക്കെ നിർ ബന്ധിക്കപ്പെട്ടവരല്ല, പ്രത്യുത തുറന്ന മനസ്സോടെ വിശ്വാസം സ്വീകരിച്ചതാരോ അവരുടെ– മേൽ അല്ലാഹുവിൽ നിന്നുള്ള കോപമുണ്ടായിരിക്കും. അവർക്ക് ഭയങ്കരമായ ശിക്ഷയുമുണ്ടായിരിക്കും' (നഹ്ൽ: 106).

ഇതാണ് ഇഹ്റാമിൽ നിഷിദ്ധമായ കാര്യങ്ങ ളുടെയും മറ്റും പൊതുനിയമങ്ങൾ, അതിൽ ഒഴി കഴിവുള്ളവനിൽനിന്നും അതിന്റെ വിധി ഉയർത്ത പ്പെടുന്നതും ഇതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

വേട്ടയാടുന്നതിന്റെ നിഷിദ്ധത്തെക്കുറിച്ച് അ ല്ലാഹു പറഞ്ഞത്: 'നിങ്ങളിലൊരാൾ മനഃപ്പൂർവ്വം അതിനെ കൊല്ലുന്ന പക്ഷം' എന്നാണ്. ഇവിടെ പ്രായശ്ചിത്തം നിർബന്ധമാക്കപ്പെട്ടതിന് മനപ്പൂർ വ്വം ചെയ്യുക എന്ന നിബന്ധന വെച്ചിരിക്കുകയാ ണ്. മനപ്പൂർവ്വം ചെയ്തിരിക്കുക എന്നത് ശിക്ഷക ൾക്കുള്ള അനുയോജ്യമായ ഒരു വിശേഷണമാ ണ്. അതുകൊണ്ട് തന്നെ അതിനെ പരിഗണിക്ക ലും വിധിയെ അതുമായി ബന്ധപ്പെടുത്തലും നി

ർബന്ധമാണ്. മനപ്പൂർവ്വമല്ല എങ്കിൽ അവന്റെ മേൽ പ്രായശ്ചിത്തമോ കുറ്റമോ ഇല്ല. എന്നാൽ 'ഒഴികഴിവ്' നീങ്ങിപ്പോയാൽ,ഉദാഹരണമായി അജ്ഞതക്കാരൻ അറിഞ്ഞു, മറന്നവൻ ഓർമ്മിച്ചു, ഉറങ്ങിയവൻ ഉണർന്നു, നിർബന്ധിതാവസ്ഥ ഇല്ലാതായി എങ്കിൽ ഉടനെത്തന്നെ അവനിൽ വിധി നിർബന്ധമായിത്തീരും.

ഒഴികഴിവ് നീങ്ങിപ്പോയശേഷവും അവൻ നിഷിദ്ധത്തിൽ തന്നെ തുടരുന്ന പക്ഷം അവൻ കുറ്റക്കാരനായിരിക്കും. അപ്പോൾ അവന്റെ മേൽ അതിന്റെ അടിസ്ഥാനത്തിലുള്ള പ്രായശ്ചിത്തവും ഉണ്ടാവും.

ഉദാഹരണമായി, ഇഹ്റാമിലുള്ള ഒരാൾ ഉറങ്ങുന്നതിനിടെ തന്റെ മുഖം മറച്ചാൽ അയാൾക്ക് യാതൊരു ബാധ്യതയുമില്ല. എന്നാൽ ഉണർന്നാൽ തല വെളിവാക്കൽ അയാൾക്ക് നിർബന്ധമാണ്. വെളിവാക്കൽ തനിക്ക് നിർബന്ധമാണെന്ന് അറിഞ്ഞു കൊണ്ട് തുടർന്നും മറച്ചുകൊണ്ടിരുന്നാൽ അയാൾ കുറ്റക്കാരനാണ്. അയാൾക്ക് അതിന്റേതായ പ്രായശ്ചിത്തമുണ്ട്.

**രണ്ട്:** ഇഹ്റാമിലുള്ള വ്യക്തി, തനിക്ക് നിഷിദ്ധമായ ഒരു കാര്യം അനുവദനീയമാവുന്ന ഒരു ഒഴികഴിവ് ഉണ്ടായതിനാൽ മനപ്പൂർവ്വം തന്നെ ചെയ്യൽ. ഇങ്ങനെ സംഭവിച്ചാൽ അയാൾക്ക് അതിന്റെ പേരിൽ കുറ്റമില്ല, നിഷിദ്ധം ചെയ്ത ആൾക്കുള്ള പ്രായശ്ചിത്തം മാത്രമേയുണ്ടാവുകയുള്ളു. അല്ലാഹു പറയുന്നു:

﴿ وَلا تَحْلِقُوا رُؤُوسَكُمْ حَتَّى يَبْلُغَ الْهَدْيُ مَحِلَّهُ فَمَنْ كَانَ مِنْكُمْ مَرِيضاً أَوْ بِهِ أَذىً مِنْ رَأْسِهِ فَفِدْيَةٌ مِنْ صِيَامٍ أَوْ صَدَقَةٍ أَوْ نُسُكٍ﴾ (البقرة:١٩٦)

**മൂന്ന്:** ഇഹ്റാമിലുള്ളയാൾ നിഷിദ്ധമാക്കപ്പെട്ട കാര്യം തക്കതായ കാരണം ഇല്ലാതെ ചെയ്യൽ. അയാൾക്ക് അതിന് നിശ്ചയിക്കപ്പെട്ട പ്രായശ്ചിത്തത്തോടൊപ്പം തന്റെ പ്രവർത്തനത്തിനുള്ള കുറ്റവുമുണ്ടായിരിക്കും.

************

## അധ്യായം ആറ്

صفة العمرة

## ഉംറയുടെ രൂപം

ഇഹ്റാം, ത്വവാഫ്, സഅ്യ്, മുണ്ഡനം അല്ലെങ്കിൽ മുടി മുറിക്കൽ എന്നിവയുൾക്കൊള്ളുന്ന കർമ്മമാണ് ഉംറ.

(ഹജ്ജിന്റെയോ, ഉംറയുടെയോ) കർമ്മത്തിൽ പ്രവേശിക്കുന്ന നിയ്യത്തും അതിന്റെ വസ്ത്രം ധരിക്കലുമാണ് ഇഹ്റാം കൊണ്ടുള്ള വിവക്ഷ. അതിന് ഉദ്ദേശിക്കുന്ന ആൾക്ക് ജനാബത്ത്കാരൻ കുളിക്കുന്ന പോലെ കുളിക്കലും, തന്റെ തലയിലും താടിയിലും മറ്റും ദുഹ്ന്, ഊദ് പോലത്തെ ഏറ്റവും നല്ലയിനം സുഗന്ധം പൂശലും സുന്നത്താണ്. ആയിശ(ﷺ)വിൽ നിന്നും നിവേദനം, അവർ പറയുന്നു:

'നബി(ﷺ) ഇഹ്റാം ചെയ്യാൻ ഉദ്ദേശിച്ചാൽ അദ്ദേഹത്തിന്റെ പക്കലുള്ള ഏറ്റവും നല്ലയിനം സുഗന്ധം പുരട്ടാറുണ്ടായിരുന്നു, പിന്നീട് അതിന് (ഇഹ്റാമിന്) ശേഷവും കസ്തൂരിയുടെ പാടുകൾ അദ്ദേഹത്തിന്റെ തലയിലും താടിയിലുമെല്ലാം ഞാൻ കാണുകയും ചെയ്തിരുന്നു'.

ഇഹ്റാമിനുവേണ്ടി കുളിക്കൽ സ്ത്രീക്കും പുരുഷനും സുന്നത്താണ്. ആർത്തവകാരിക്കും പ്രസവിച്ചവൾക്കും പോലും. ജാബിർ(ﷺ) വിൽ നിന്നും നിവേദനം, അസ്മാഅ് ബിൻത് ഉമൈസ്(ﷺ) ദുൽ ഹുലൈഫയിൽ വെച്ച് മുഹമ്മദുബ്നു അബീബകറിനെ പ്രസവിച്ച വേളയിൽ നബി(ﷺ) അവരോട് പറഞ്ഞു: 'നീ കുളിക്കുകയും വസ്ത്രം കൊണ്ട് തറ്റ് കെട്ടിയുടുക്കുകയും ഇഹ്റാമിൽ പ്രവേശിക്കുകയും ചെയ്യുക' (മുസ്‌ലിം).

കുളിക്കുകയും സുഗന്ധം പൂശുകയും ചെയ്ത ശേഷം ഇഹ്റാമിന്റെ വസ്ത്രം ധരിക്കണം. പുരുഷന്മാർക്ക് ഒരു ഉടുമുണ്ടും ഒരു തട്ടവുമാണ് ഇഹ്റാമിന്റെ വസ്ത്രം. സ്ത്രീക്ക് ഭംഗി പ്രകടിപ്പിക്കാത്ത അവൾ ഉദ്ദേശിക്കുന്ന വസ്ത്രം ധരിക്കാവുന്നതാണ്. അവൾ മുഖം മറക്കാനോ കൈയുറ ധരിക്കാനോ പാടില്ല. എന്നാൽ അന്യപുരുഷന്മാരുടെ അടുക്കൽ അവൾ മുഖം മറക്കേണ്ടതാണ്.

ശേഷം ഫർദ് നമസ്കാരത്തിന്റെ സമയമാണെങ്കിൽ ആർത്തവകാരിയും പ്രസവിച്ചവളുമല്ലാത്തവർ നമസ്കാരം നിർവ്വഹിക്കണം. അല്ലെങ്കിൽ രണ്ട് റക്അത്ത് വുദുവിന്റെ സുന്നത്ത് നമസ്കരി

ക്കാവുന്നതാണ്. (അല്ലാതെ ഇഹ്റാമിന് പ്രത്യേക മായ സുന്നത്ത് നമസ്കാരമില്ല).

നമസ്കാരത്തിൽ നിന്നും വിരമിച്ചാൽ ശേ ഷം ഇഹ്റാമിൽ പ്രവേശിക്കണം.അതിന് ‘ലബ്ബൈ ക്ക ഉംറതൻ’ എന്ന് പറയുക. ശേഷം തൽബിയ ത്ത് ചൊല്ലണം.അതിന്റെ പദങ്ങൾ ഇപ്രകാരമാണ്

( لَبَّيْكَ اللَّهُمَّ لَبَّيْكَ ، لَبَّيْكَ لَا شَرِيكَ لَكَ لَبَّيْكَ ، إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لَا شَرِيكَ لَكَ)

(ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്, ലബ്ബൈക്ക ലാ ശ രീക്ക ലക്ക ലബ്ബൈക്, ഇന്നൽഹംദ വന്നിഅ്മത, ലക്ക വൽമുൽക് ലാ ശരീക്ക ലക്). ‘അല്ലാഹുവേ നിന്റെ വിളിക്കുത്തരം ചെയ്ത് കൊണ്ട് ഞങ്ങൾ ഇതാ വന്നിരിക്കുന്നു, ഞങ്ങൾ നിനക്കുത്തരം ചെ യ്തിരിക്കുന്നു, നിനക്ക് യാതൊരു പങ്കുകാരുമില്ല, നിനക്ക് ഞങ്ങൾ ഉത്തരം ചെയ്തിരിക്കുന്നു, തീർ ച്ചയായും എല്ലാ സ്തുതിയും എല്ലാ അനുഗ്രഹ ങ്ങളും എല്ലാ ആധിപത്യവും നിനക്കാണ്. നിനക്ക് യാതൊരു പങ്കുകാരുമില്ല’.ഇതാണ് പ്രവാചകന്റെ തൽബിയത്തിന്റെ രൂപം. ചിലപ്പോൾ അദ്ദേഹം لبيك إله الحق لبيك എന്നുകൂടി അധികരിപ്പിച്ചിരുന്നു.

പുരുഷന്മാർ തൽബിയത്ത് ഉച്ചത്തിലാക്കലാണ് സുന്നത്ത്.സാഇബ്ഇബ്നുഖലാദ്(ﷺ)വിൽ നിന്നും നിവേദനം, നബി(ﷺ)പറഞ്ഞു: 'നിയ്യത്ത് ഉച്ചരിക്കലും തൽബിയത്ത് ചൊല്ലലും ഉറക്കെയാക്കാൻ സ്വഹാബത്തിനോട് കൽപ്പിക്കണമെന്ന് ജിബ്രീൽ എന്റെ അടുക്കൽ വരികയും കൽപ്പിക്കുകയും ചെയ്തു'(അൽഖംസ). കാരണം,നിയ്യത്ത് ഉറക്കെയാക്കുന്നതിൽ അല്ലാഹുവിന്റെ ചിഹ്നങ്ങളെ പ്രകടിപ്പിക്കലും തൗഹീദിന്റെ പ്രഖ്യാപനവും ഉൾക്കൊള്ളുന്നുണ്ട്.എന്നാൽ സ്ത്രീ തൽബിയത്തോ മറ്റേതെങ്കിലും ദിക്റുകളോ ഉറക്കെയാക്കാൻ പാടില്ല. കാരണം, മറച്ചു വെക്കലാണ് സ്ത്രീയുടെ ബാധ്യത.

ജനങ്ങളോട് ഹജ്ജിന് വരാനായി ഇബ്രാഹീം നബി(ﷺ)യുടെയും മുഹമ്മദ് നബി(ﷺ)യുടെയും നാവിലൂടെ അല്ലാഹു പ്രഖ്യാപിച്ച വിളിയുടെ ഉത്തരമാണ് തൽബിയത്തിന്റെ വിവക്ഷ.

'(അല്ലാഹു അദ്ദേഹത്തോട് പറഞ്ഞു:) ജനങ്ങൾക്കിടയിൽ നീ തീർത്ഥാടനത്തെപ്പറ്റി വിളംബരം ചെയ്യുക. നടന്നുകൊണ്ടും വിദൂരമായ സകല മലമ്പാതകളിലൂടെയും വരുന്ന, എല്ലാവിധ മെലി

ഞ്ഞ ഒട്ടകങ്ങളുടെ പുറത്ത് കയറിയും അവര്‍ നിന്റെയടുത്ത് വന്നുകൊള്ളും' (ഹജ്ജ്: 27).

ഇഹ്റാം ഉദ്ദേശിക്കുന്നയാള്‍ തനിക്ക് രോഗമോ അതുപോലെ മറ്റു വല്ലതുമോ തന്റെ കര്‍മ്മങ്ങള്‍ പൂര്‍ത്തിയാക്കാന്‍ തടസ്സമാവുമെന്ന് ഭയപ്പെട്ടാല്‍ ഇഹ്റാമിന്റെ നിയ്യത്തില്‍ അയാള്‍ക്ക് നിബന്ധന വെക്കാവുന്നതാണ്.'എന്നെ രോഗമോ,വൈകലോ, മറ്റു എന്തെങ്കിലുമോ എന്റെ കര്‍മ്മങ്ങള്‍ പൂര്‍ത്തിയാക്കുന്നതില്‍ നിന്നും എന്നെ തടയുന്ന പക്ഷം ഞാന്‍ അവിടെ വെച്ച് ഇഹ്റാമില്‍ നിന്നും മോചിതനാവുന്നതാണ്' എന്ന് ഇഹ്റാമില്‍ പ്രവേശിക്കുമ്പോള്‍ അയാള്‍ പറഞ്ഞാല്‍ മതി. നബി(ﷺ) സുബൈറിന്റെ മകള്‍ ദിബാഅത്തിന്റെ അടുക്കല്‍ പ്രവേശിച്ചപ്പോള്‍ അദ്ദേഹം ചോദിച്ചു: 'നീ ഹജ്ജ് ഉദ്ദേശിക്കുന്നുണ്ടോ'? അവര്‍ പറഞ്ഞു: 'അല്ലാഹുവാണ് ഞാന്‍ വേദന മാത്രമേ കാണുന്നുള്ളു' അദ്ദേഹം പറഞ്ഞു:

(حجي واشترطي ، وقولي : اللَّهُمَّ محلي حيث حبستني ، وقال : إن لك على ربك ما استثنيت ) (متفق عليه )

‘നീ ഹജ്ജ് ചെയ്യുക, നിബന്ധന വെക്കുകയും ചെയ്യുക. നീ ഇപ്രകാരം പറയുക: ’അല്ലാഹുവേ, എന്റെ സ്ഥാനം ഞാൻ തടയപ്പെട്ട ഇടമാണ്’. അദ്ദേഹം പറഞ്ഞു: ‘നീ ഒഴിച്ച് നിറുത്തിയത് നിനക്ക് വകവെച്ചുതരൽ അല്ലാഹുവിന്റെ ബാധ്യതയാണ്’ (ബുഖാരി, മുസ്‌ലിം).

എന്നാൽ തടസ്സങ്ങളൊന്നും ഭയപ്പെടാത്ത ഒരാൾക്ക് നിബന്ധന വെക്കേണ്ടതിന്റെ ആവശ്യമില്ല. കാരണം നബി(ﷺ) ഇഹ്റാം ചെയ്തപ്പോൾ അപ്രകാരം ചെയ്തിട്ടില്ല. അദ്ദേഹം പറഞ്ഞു: ‘നിങ്ങൾ എന്നിൽ നിന്നും നിങ്ങളുടെ കർമ്മങ്ങൾ സ്വീകരിക്കുക’ (മുസ്‌ലിം). അതു പോലെ അദ്ദേഹം എല്ലാവരോടുമായി നിബന്ധനവെക്കാൻ പൊതുവായ കൽപ്പന നൽകിയിട്ടില്ല.മറിച്ച് രോഗമുള്ളതിനാലും തന്റെ കർമ്മങ്ങൾ പൂർത്തിയാക്കാൻ കഴിയില്ലെന്ന് ഭയന്നതിനാലും, അപ്രകാരം ദുബാതബിൻത് സുബൈറിനോട് മാത്രമാണ് അദ്ദേഹം കൽപ്പിച്ചത്.

ഇഹ്റാമിൽ പ്രവേശിച്ചയാൾ തൽബിയത്ത് ധാരാളമായി ചൊല്ലണം. കാരണം അതാണ് കർമ്മത്തിന്റെ വാക്കാലുള്ള അടയാളം.പ്രത്യേകിച്ചും

യാത്രയിൽ കയറ്റങ്ങൾ കയറുമ്പോൾ, ഇറക്കങ്ങൾ ഇറങ്ങുമ്പോൾ, രാത്രിയാവുമ്പോൾ, പകലാവുമ്പോൾ, അല്ലെങ്കിൽ ഒരു പാപത്തെക്കുറിച്ചോ ഭയത്തെക്കുറിച്ചോ മനസ്സിടുക്കമുണ്ടാവുമ്പോഴൊക്കെ തൽബിയത്ത് അധികരിപ്പിക്കുന്നത് നല്ലതാണ്.

ഉംറയിൽ തൽബിയത്ത് ചൊല്ലേണ്ടത് ഇഹ്റാം ചെയ്യുന്നത് മുതൽ ത്വവാഫ് ആരംഭിക്കുന്നതു വരെയും, ഹജ്ജിൽ തൽബിയത്ത് ഇഹ്റാം ചെയ്തതു മുതൽ പെരുന്നാൾ ദിവസം ജംറത്തുൽ അഖബയിൽ എറിയുന്നതുവരെയുമാണ്.

മക്കയോടടുക്കുമ്പോൾ അതിൽ പ്രവേശിക്കുന്നതിനായി കുളിക്കാൻ സാധ്യമാവുമെങ്കിൽ അപ്രകാരം ചെയ്യുന്നത് നല്ലതാണ്.കാരണം നബി(ﷺ)മക്കയിൽ പ്രവേശിക്കാൻ കുളിക്കാറുണ്ടായിരുന്നു.

അബ്ദുല്ലാഹിബ്നു ഉമർ(رضي الله عنهما) വിൽ നിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: ‘നബി(ﷺ) മക്കയിൽ പ്രവേശിക്കുമ്പോൾ ബത്വ്ഹായുടെ മേലേ വഴിയിലൂടെ വരികയും തിരിച്ചുപോവുമ്പോൾ താഴെ വഴിയിലൂടെ പോവുകയും ചെയ്യുമായിരുന്നു’

(ബുഖാരി, മുസ്‌ലിം). അതിനാൽ ഹാജിക്ക് നബി (ﷺ) പ്രവേശിച്ച മാർഗ്ഗത്തിലൂടെ പ്രവേശിക്കുവാനും പുറപ്പെട്ടുപോയ മാർഗ്ഗത്തിലൂടെ പോവാനും സാധ്യമായാൽ അത് ഉത്തമമാണ്.

മസ്ജിദുൽ ഹറാമിൽ എത്തിയാൽ തന്റെ വലത്തെ കാൽ വെച്ച് അകത്ത് കേറണം. അപ്പോൾ ( بِسْمِ اللهِ وَالصَّلاَةُ وَالسَّلاَمُ عَلَى رَسُولِ اللهِ ، اللَّهُمَّ اغْفِرْلِي ذُنُوبِي وَافْتَحْ لِي أَبْوَابَ رَحْمَتِكَ . أَعُوذُ بِاللَّهِ الْعَظِيمِ وَبِوَجْهِهِ الْكَرِيمِ وَسُلْطَانِهِ الْقَدِيمِ مِنَ الشَّيْطَانِ الرَّجِيمِ ) (ബിസ്മില്ലാഹി വസ്സ്വലാത്തു വസ്സലാമു അലാ റസൂലില്ലാഹി, അല്ലാഹുമ്മഗ്ഫിർ ലീ ദുനൂബീ വഫ്തഹ് ലീ അബ്‌വാബ റഹ്മത്തിക്, അഊദു ബില്ലാഹിൽ അദീം വബിവജ്ഹിഹിൽ കരീം, വ സുൽത്വാ നിഹിൽ ഖദീം മിനശ്ശൈത്വാനി റജീം) എന്ന് ചൊല്ലുകയും വേണം. 'അല്ലാഹുവേ നിന്റെ നാമത്തിൽ, അല്ലാഹുവിന്റെ ദൂതരുടെ മേൽ രക്ഷയും സമാധാനവും ഉണ്ടാവട്ടെ, അല്ലാഹുവേ എന്റെ പാപങ്ങൾ എനിക്ക് നീ പൊറുത്ത് തരേണമേ, നിന്റെ കാരുണ്യത്തിന്റെ കവാടം എനിക്ക് നീ തുറന്ന് തരികയും ചെയ്യേണമേ, അത്യുദാരമായ

അവന്റെ വജ്ഹ് കൊണ്ടും അനാദിയായ അവന്റെ അധികാരം കൊണ്ടും ശപിച്ചാട്ടപ്പെട്ട പിശാചിൽ നിന്നും മഹാനായ അല്ലാഹുവോട് ഞാൻ രക്ഷതേടുന്നു‘ എന്നാണിതിന്റെ സാരം.

അല്ലാഹുവോടുള്ള ഭയഭക്തിയോടെയും താഴ്മയോടെയും മഹത്വപ്പെടുത്തലോടെയും അല്ലാഹുവിന്റെ പവിത്രമായ ഭവനത്തിലേക്ക് എളുപ്പത്തിൽ എത്തിച്ചു തന്നതിനുള്ള നന്ദിയോടെയും ആണ് പള്ളിയിൽ പ്രവേശിക്കേണ്ടത്.

ശേഷം ത്വവാഫ് തുടങ്ങാനായി ഹജറുൽ അസ്വദിന്റെ നേരെ കഅ്ബത്തിങ്കലേക്ക് ചെല്ലണം.‘ഞാൻ ത്വവാഫിന് നിയ്യത്ത് ചെയ്യുന്നു’ എന്ന് പ്രത്യേകം പറയേണ്ടതില്ല. പ്രത്യേകം നിയ്യത്തും ആവശ്യമില്ല. അപ്രകാരം പ്രവാചകനിൽ നിന്നും പഠിപ്പിക്കപ്പെട്ടില്ല. നിയ്യത്തിന്റെ സ്ഥാനം മനസ്സാണ് താനും. (അത് ചൊല്ലിപ്പറയൽ ബിദ്അത്താണ്).

ശേഷം തന്റെ വലത്തെ കൈ കൊണ്ട് ഹജറുൽ അസ്വദ് സ്പർശിക്കുകയും സാധ്യമായെങ്കിൽ ഹജറിനെ ചുംബിക്കുകയും വേണം. അല്ലാഹുവിനെ മഹത്വപ്പടുത്തിക്കൊണ്ടാണ് ഈ കാ

ര്യം ചെയ്യുന്നത്, അതല്ലാതെ ആ കല്ലിന് ഉപകാര മോ ഉപദ്രവമോ ചെയ്യാൻ കഴിയുമെന്ന വിശ്വാസ ത്തോടെയല്ല. അത് അല്ലാഹുവിനുള്ള ഒരു അനു സരണം മാത്രമാണ്.

അമീറുൽമുഅ്മിനീൻ ഉമറുബ്നുൽ ഖത്വാ ബ്(ﷺ) ഹജറിനെ ചുംബിക്കുമ്പോൾ ഇപ്രകാരം പറഞ്ഞിരുന്നു:

( إني أعلم أنك حجر ، لا تضر ولا تنفع ، لولا أني رأيت رسول الله صلى الله عليه وسلم يقبلك ما قبلتك ) (رواه الجماعة )

'നീ വെറുമൊരു കല്ലാണെന്ന് എനിക്കറിയാം, നീ ഉപകാരമോ ഉപദ്രവമോ ചെയ്യുകയില്ല.റസൂലുല്ലാ ഹി(ﷺ)നിന്നെ ചുംബിക്കുന്നത് ഞാൻ കണ്ടില്ലായി രുന്നുവെങ്കിൽ ഞാൻ നിന്നെ ചുംബിക്കുമായിരു ന്നില്ല' (അൽജമാഅ:).

ചുംബിക്കാൻ സാധിച്ചില്ലെങ്കിൽ തന്റെ കൈ കൊണ്ട് തൊടുകയും ശേഷം കൈ ചുംബിക്കുക യും ചെയ്താൽ മതി. ഇബ്നുഉമർ(ﷺ) റിപ്പോർട്ട് ചെയ്യുന്ന ഹദീസ് ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ദരിക്കുന്നു: 'അദ്ദേഹം ഹജറിനെ തന്റെ കൈ കൊണ്ട് സ്പർശിക്കുകയും ശേഷം തന്റെ കൈ

ചുംബിക്കുകയും ചെയ്തു, ശേഷം അദ്ദേഹം പറഞ്ഞു: 'നബി(ﷺ) ഇപ്രകാരം ചെയ്യുന്നത് കണ്ട ശേഷം ഞാനത് ഉപേക്ഷിച്ചിട്ടേയില്ല'.

ഇനി തന്റെ കൈ കൊണ്ട് സ്പർശിക്കാൻ ഒരാൾക്ക് സാധിച്ചില്ലെങ്കിൽ അതിന് വേണ്ടി തിക്കിത്തിരക്കരുത്. കാരണം തിരക്കൽ തനിക്കും മറ്റുള്ളവർക്കും ഒരുപോലെ ഉപദ്രവമാണല്ലോ. ഒരു പക്ഷെ അത് വല്ല വിപത്തും ഉണ്ടാക്കി വെച്ചേക്കാം. അത് ഭയഭക്തി ഇല്ലാതാക്കുകയും,ത്വവാഫിൽ ഉദ്ദേശിക്കപ്പെടുന്ന ആരാധന എന്ന ലക്ഷ്യത്തിൽ നിന്ന് പുറത്താക്കുകയും ചെയ്യും. അതു പോലെ ചിലപ്പോൾ അത് ബഹളവും തർക്കങ്ങളും സംഘട്ടനവും വരെ ഉണ്ടാക്കിയേക്കാം.

ദൂരെ നിന്നാണെങ്കിലും ശരി ഹജറിന്റെ നേരെ ചൂണ്ടിയാൽ മതി. ഇബ്നുഅബ്ബാസ്(ﷺ)വിൽ നിന്നും ഉദ്ദരിക്കപ്പെടുന്ന ഹദീസിൽ കാണാം 'നബി(ﷺ) ഒരു ഒട്ടകപ്പുറത്ത് ത്വവാഫ് ചെയ്തു, ഹജറിന്റെ അടുക്കൽ എത്തുമ്പോഴെല്ലാം അദ്ദേഹം ആംഗ്യം കാണിച്ചു' (ബുഖാരി). മറ്റൊരു റിപ്പോർട്ടിൽ തന്റെ അടുക്കൽ ഉണ്ടായിരുന്ന ഒരു വസ്തു കൊണ്ട് അദ്ദേഹം ആംഗ്യം കാണിക്കുകയും തക്

ബീർ ചൊല്ലുകയും ചെയ്തു' എന്നും ഉണ്ട്. അദ്ദേഹം പറഞ്ഞു: 'നബി(ﷺ) ഇപ്രകാരം ചെയ്യുന്നത് കണ്ട ശേഷം ഞാൻ അത് ഒഴിവാക്കിയിട്ടേയില്ല'

ശേഷം കഅ്ബയെ തന്റെ ഇടതുഭാഗത്താക്കിക്കൊണ്ട് ത്വവാഫ് ആരംഭിക്കുക, റുക്നുൽ യമാനിയുടെ അടുത്തെത്തിയാൽ സാധ്യമായെങ്കിൽ മാത്രം അതിനെ സ്പർശിക്കണം, ചുംബിക്കാൻ പാടില്ല. പ്രയാസമെങ്കിൽ സ്പർശിക്കേണ്ടതില്ല. അതിനായി തിരക്കാൻ പാടില്ല.

ഹജറുൽ അസ്‌വദും റുക്നുൽ യമാനിയുമല്ലാതെ കഅ്ബയുടെ മറ്റൊരു ഭാഗവും സ്പർശിക്കാൻ പാടില്ല. നബി(ﷺ) അവ രണ്ടുമല്ലാതെ സ്പർശിച്ചിട്ടുമില്ല.

ഇമാം അഹ്മദിന്റെ മുസ്നദിൽ കാണാം, ഇബ്നു അബ്ബാസ്(رضي الله عنه)വിൽ നിന്നും മുജാഹിദ്(رحمه الله) റിപ്പോർട്ട് ചെയ്യുന്നു, ഇബ്നുഅബ്ബാസ്(رضي الله عنه) മുആവിയ(رضي الله عنه)വിന്റെ കൂടെ ത്വവാഫ് ചെയ്യുകയായിരുന്നു, മുആവിയ(رضي الله عنه) കഅ്ബയുടെ എല്ലാ മൂലകളും സ്പർശിക്കാൻ തുടങ്ങി.അപ്പോൾ ഇബ്നു അബ്ബാസ്(رضي الله عنه)ചോദിച്ചു: 'നിങ്ങൾ എന്താണ് കഅ്ബയു

ടെ എല്ലാ കോണുകളും സ്പർശിക്കുന്നത്? നബി (ﷺ) ഇപ്രകാരം ചെയ്യുന്നത് ഞാൻ കണ്ടിട്ടില്ലല്ലോ. അപ്പോൾ മുആവിയ(ﷺ)പറഞ്ഞു: 'കഅ്ബയിലെ ഒരു ഇടവും ഒഴിവാക്കപ്പെടാനില്ല' അപ്പോൾ ഇബ്നു അബ്ബാസ്(ﷺ)പറഞ്ഞു:

لَقَدْ كَانَ لَكُمْ فِي رَسُولِ اللَّهِ أُسْوَةٌ حَسَنَةٌ لِّمَن كَانَ يَرْجُو اللَّهَ وَالْيَوْمَ الْآخِرَ وَذَكَرَ اللَّهَ كَثِيرًا ( الأحزاب : ٢١ )

നിങ്ങൾക്ക് പ്രവാചകനിൽ ഉത്തമമായ മാതൃകയുണ്ട്. അപ്പോൾ മുആവിയ(ﷺ) പറഞ്ഞു: 'താങ്കൾ പറഞ്ഞതാണ് സത്യം' റുക്നുൽ യമാനിക്കും ഹജറുൽ അസ്വദിനും ഇടയിൽ

(رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ)

(البقرة:٢٠١)(റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനതൻ വഫിൽ ആഖിറത്തി ഹസനതൻ വഖിനാ അദാബന്നാർ) 'ഞങ്ങളുടെ നാഥാ ഞങ്ങൾക്ക് നീ ഇഹലോക ത്ത് നല്ലത് പ്രദാനം ചെയ്യേണമേ, പരലോകത്തും ഞങ്ങൾക്ക് നീ നല്ലത് പ്രദാനം ചെയ്യേണമേ, നര കശിക്ഷയിൽ നിന്നും ഞങ്ങളെ

നീ രക്ഷിക്കുകയും ചെയ്യേണമേ', എന്ന് പറയ ണം.

ഓരോ പ്രാവശ്യം ഹജറിന്റെ അടുക്കലൂടെ നടന്നുപോവുമ്പോഴും നേരത്തെ ചെയ്തപോലെ ചെയ്യുകയും തക്ബീർ ചൊല്ലുകയും വേണം. ത്വ വാഫുകളിലുടനീളം തനിക്ക് ആവശ്യമുള്ള പ്രാർ ത്ഥനകൾ പ്രാർത്ഥിക്കുകയോ ദിക്റുകളും ഖുർ ആൻ പാരായണവും നിർവ്വഹിക്കുകയോ ചെ യ്യാം.കാരണം കഅ്ബാ ത്വവാഫും,സ്വഫാമർവയി ലെ സഅ്യും ജംറകളെ എറിയലും നിശ്ചയിക്ക പ്പെട്ടിരിക്കുന്നത് അല്ലാഹുവെക്കുറിച്ച സ്മരണ നി ലനിറുത്താൻവേണ്ടി മാത്രമാണ്.(ത്വവാഫുകളിൽ പ്രാർത്ഥിക്കുവാൻ പ്രത്യേകം ദുആകൾ നിശ്ചയി ക്കപ്പെട്ടിട്ടില്ല, റുക്നുൽ യമാനിക്കും ഹജ്റുൽ അ സ്വദിനും ഇടയിലുള്ള മേൽപ്പറഞ്ഞതൊഴികെ).

ഈ ത്വവാഫിൽ (മക്കയിൽ എത്തിയശേഷം ചെയ്യുന്ന ആദ്യത്തെ ത്വവാഫ്,ത്വവാഫുൽ ഖുദൂം) പുരുഷന്മാർക്ക് 'ഇദ്ത്വിബാഅ്' ചെയ്യലും (തട്ടം വലത്തെ കക്ഷത്തിനടിയിലൂടെ എടുത്ത് രണ്ടറ്റ വും ഇടത്തെ ചുമലിന്മേൽ ഇട്ട്, വലത്തെ ചുമൽ തുറന്നിടുക) ആദ്യത്തെ മൂന്ന് ചുറ്റിൽ 'റമൽ' നട

ക്കലും (കാലുകൾ അടുപ്പിച്ച് വെച്ച് ധൃതിയിൽ നടക്കുക) സുന്നത്താണ്.

ത്വവാഫിന് ഏഴ് ചുറ്റുകളാണുള്ളത്, ഓരോ ചുറ്റും ഹജറുൽ അസ്‌വദിൽ നിന്നും തുടങ്ങി അതിന്റെ അടുക്കൽ തന്നെ അവസാനിക്കുന്നു. ഹിജ്റിന് ഉള്ളിലൂടെ (കഅ്ബയുടെ പുറത്ത് കാണുന്ന കമാനാകൃതിയിലുള്ള ചുമരിനകത്തുള്ള ഭാഗം) ത്വവാഫ് ചെയ്താൽ ശരിയാവുകയില്ല. (കാരണം ഇത് കഅ്ബക്ക് ഉള്ളിൽപ്പെട്ടതാണ്).

ഏഴ് ത്വവാഫ് പൂർത്തിയാക്കിയാൽ ഇബ്റാഹിം മഖാമിനരികിലേക്ക് ചെല്ലുകയും, അതിന്റെ പിന്നിലായി രണ്ട് റക്അത്ത് നമസ്കരിക്കുകയും വേണം. സാധ്യമായാൽ അതിന്റെ അടുത്ത് നിൽക്കുക, സാധിക്കാത്ത പക്ഷം വിദൂരത്തും നിന്ന് നമസ്കരിക്കാം. അതിൽ ഒന്നാമത്തെ റക്അത്തിൽ ഫാതിഹക്ക് ശേഷം قل يا أيها الكافرون എന്ന സൂറത്തും രണ്ടാമത്തെ റക്അത്തിൽ قل هو الله أحد എന്ന സൂറത്തും ഓതണം. അതിന് ശേഷം സാധ്യമായാൽ വീണ്ടും ഒരിക്കൽക്കൂടി ഹജറുൽ അസ്‌വദിന്റെ അടുക്കൽ വന്ന് അതിനെ സ്പർശിക്ക

ണം, സാധ്യമായില്ലെങ്കിൽ അതിലേക്ക് ആംഗ്യം കാണിച്ചാൽ മതി. ശേഷം സഅ്യ് ചെയ്യാനായി പോവണം. സ്വഫയോടടുത്താൽ

(إن الصفا والمروة من شعائر الله...)

(ഇന്നസ്സ്വഫാവൽമർവത മിൻ ശആഇരില്ലാഹി...) (ബഖറ: 158). എന്ന ഖുർആൻ വചനം ഓതൽ സുന്നത്താണ്. 'തീർച്ചയായും സ്വഫായും മർവയും മതചിഹ്നങ്ങളായി അല്ലാഹു നിശ്ചയിച്ചതിൽ പ്പെട്ടതാകുന്നു'. ഇവിടെയല്ലാതെ ഇത് വേറെയൊരിടത്തും ഓതേണ്ടതില്ല.

ശേഷം കഅ്ബയെ കാണുന്നതുവരെ സ്വഫയിലേക്ക് കയറുകയും അതിന് നേരെ തിരിഞ്ഞ് നിന്ന് കൈകൾ ഉയർത്തി താൻ ഉദ്ദേശിക്കുന്നത് പ്രാർത്ഥിക്കുകയും ചെയ്യുക. നബി(ﷺ) ഇവിടെ ഇ പ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു.

(اللهُ أَكْبَرُ اللهُ أَكْبَرُ اللهُ أَكْبَرُ ، لَا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ، لَا إِلَهَ إِلَّا اللَّهُ وَحْدَهُ أَنْجَزَ وَعْدَهُ وَنَصَرَ عَبْدَهُ وَهَزَمَ الْأَحْزَابَ وَحْدَهُ )

(അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു

ലാ ശരീക്ക ലഹു, ലഹുൽ മുൽക്കു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ. ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു, അൻജസ വഅ്ദ ഹു, വനസ്വറ അബ്ദഹു വഹസമൽ അഹ്സാബ വഹ്ദഹു).''അല്ലാഹു വലിയവൻ, അല്ലാഹു വലി യവൻ, അല്ലാഹു വലിയവൻ.അല്ലാഹുവല്ലാതെ ഒ രു ആരാധ്യനുമില്ല, അവൻ ഏകൻ, എല്ലാ ആധി പത്യവും സർവ്വ സ്തുതിയും അവന്നാണ്,അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്. അല്ലാഹുവല്ലാതെ ആരാധ്യനില്ല, അവൻ ഏകൻ,അവന്റെ കരാർ അ വൻ പാലിച്ചു, അവന്റെ അടിമയെ അവൻ സഹാ യിച്ചു, അവൻ തനിച്ച് സംഘങ്ങളെ പരാജയപ്പെ ടുത്തി'. അത് മൂന്ന് പ്രാവശ്യം ആവർത്തിക്കുക യും അതിനിടയിൽ പ്രാർത്ഥിക്കുകയും വേണം.

ശേഷം സ്വഫായിൽ നിന്നും ഇറങ്ങി നടക്കു ക. അങ്ങനെ പച്ച നിറത്തിൽ അടയാളപ്പെടുത്തി യിട്ടുള്ള ഭാഗത്തെത്തിയാൽ അടുത്ത പച്ച അട യാളം വരെ ഓടുക. സാധ്യമായാൽ മാത്രമേ അ പ്രകാരം ചെയ്യേണ്ടതുള്ളു, മറ്റുള്ളവർക്കുപദ്രവമു ണ്ടാക്കാൻ പാടില്ല. പിന്നീട് മർവയിൽ എത്തുന്ന ത് വരെ സാധാരണ നിലക്ക് നടന്നാൽ മതി. മർവ യിൽ എത്തിയാൽ അതിൽ കയറുകയും ഖിബ്ല

ക്ക് അഭിമുഖമായി നിന്ന് കൈകളുയർത്തി സ്വഫായിൽ പ്രാർത്ഥിച്ചപോലെ പ്രാർത്ഥിക്കുകയും ചെയ്യുക.

പിന്നീട് വീണ്ടും മർവയിൽ നിന്നിറങ്ങി സ്വഫായിലേക്ക് നടക്കുക. നടക്കേണ്ട സ്ഥലങ്ങളിൽ നടക്കുകയും ധൃതികൂട്ടേണ്ട സ്ഥലങ്ങളിൽ ധൃതി കൂട്ടുകയും ചെയ്യുക.ശേഷം വീണ്ടുംസ്വഫായിൽ കയറുകയും ഖിബ്‌ലയെ അഭിമുഖീകരിച്ച് കൈകളുയർത്തി ആദ്യം പ്രാർത്ഥിച്ച പോലെ പ്രാർത്ഥിക്കുകയും വേണം. സഅ്യിന്റെ ബാക്കി ഭാഗങ്ങളിലൊക്കെ താനിഷ്ടപ്പെടുന്ന ദിക്റുകളും, ഖുർആൻ പാരായണവും ദുആകളും നിർവ്വഹിക്കാവുന്നതാണ്. സ്വഫാമർവകളിൽ കയറലും ധൃതിയിൽ നടക്കലുമെല്ലാം സുന്നത്താണ്,നിർബന്ധമല്ല.

സ്വഫായിൽ നിന്ന് മർവയിലേക്ക് ഒന്ന്,മർവയിൽ നിന്ന് സ്വഫായിലേക്ക് രണ്ട് എന്ന രൂപത്തിൽ ഏഴ് സഅ്യുകൾ പൂർത്തിയാക്കിയാൽ പുരുഷൻ മുണ്ഡനം ചെയ്യുകയോ മുടി മുറിക്കുകയോ ചെയ്യണം. മുണ്ഡനം ചെയ്യലാണ് മുടി മുറിക്കുന്നതിനെക്കാൾ ഉത്തമം. എന്നാൽ ഹജ്ജ് അടുത്താണെങ്കി ൽ വീണ്ടും തലയിൽ മുടി മുളക്കാനുള്ള

സമയമില്ല എങ്കിൽ മുതമത്തിഇന് മുടി മുറിക്കുന്ന താണ് ഉത്തമം. ഹജ്ജിൽ മുണ്ഡനം ചെയ്യാൻ വേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നത്. കാരണം ദുൽഹജ്ജ് നാലിന് (ഉംറയിൽ നിന്ന്) സ്വഹാബിമാർ വന്നപ്പോൾ അവരോട് മുടി മുറിച്ചു കൊണ്ട് വിരമിക്കാൻ നബി(ﷺ) കൽപ്പിച്ചു.

എന്നാൽ സ്ത്രീ തന്റെ മുഴുവൻ മുടിയിൽ നിന്നും ഒരു വിരൽത്തുമ്പ് നീളത്തിൽ മുറിക്കുകയാണ് വേണ്ടത്. മുണ്ഡനം ചെയ്യാൻ പാടില്ല. മുണ്ഡനവും മുടിമുറിക്കലും തലയുടെ മുഴുവൻ ഭാഗവും ഉൾക്കൊള്ളേണ്ടതാണ്. അല്ലാഹു പറയുന്നു: محلقين رءوسكم 'നിങ്ങളുടെ തലകളെ മുണ്ഡനം ചെയ്തവരായും കൊണ്ട്' (തലയുടെ മുഴുവൻ ഭാഗവും എന്ന അർത്ഥത്തിലാണ് ഈ പ്രയോഗം).അതുപോലെ നബി(ﷺ) തന്റെ തലയുടെ മുഴുവൻ ഭാഗവും മുണ്ഡനം ചെയ്തിട്ടുമുണ്ട്.'നിങ്ങൾ എന്നിൽ നിന്നും നിങ്ങളുടെ കർമ്മങ്ങൾ സ്വീകരിക്കുക'.എന്ന് അദ്ദേഹം പറയുകയും ചെയ്തു.

ഈ കർമ്മങ്ങളോടെ ഉംറ പൂർത്തിയാവുകയും അതിൽ നിന്ന് പൂർണ്ണമായും വിരമിക്കുക

യും ചെയ്തു. അതോടെ ഇഹ്റാമിൽ നിഷിദ്ധമായിരുന്ന മുഴുവൻ കാര്യങ്ങളും അയാൾക്ക് അനുവദനീയമായി.

## خلاصة أعمال العمرة

## ഉംറ: കർമ്മങ്ങൾ ചുരുക്കത്തിൽ

1) വലിയ അശുദ്ധിക്ക് കുളിക്കുന്ന പോലെ കുളിക്കുകയും സുഗന്ധം പൂശുകയും ചെയ്യുക.

2) ഇഹ്റാമിന്റെ വസ്ത്രങ്ങൾ ധരിക്കുക.പുരുഷന് ഒരു ഉടുമുണ്ടും ഒരു തട്ടവും, സ്ത്രീക്ക് അനുവദനീയമായ ഏത് വസ്ത്രവും.

3) തൽബിയത്ത് ചൊല്ലലും ത്വവാഫ് വരെ അതിൽ തുടരലും.

4) ഹജറുൽ അസ്‌വദിൽ നിന്നും തുടങ്ങുകയും അതിൽ തന്നെ അവസാനിക്കുകയും ചെയ്യുന്ന രൂപത്തിൽ, കഅ്ബയെ ഏഴ് ചുറ്റ് ത്വവാഫ് ചെയ്യൽ.

5) ഇബ്റാഹിം മഖാമിന്റെ പിന്നിൽ രണ്ട് റക്അത്ത് നമസ്കരിക്കൽ.

6) സ്വഫായിൽ നിന്നും തുടങ്ങി മർവയിൽ അവസാനിക്കുന്ന വിധം സ്വഫാ മർവക്കിടയിൽ ഏഴ് സഅ്യ് ചെയ്യൽ.

7) പുരുഷന്മാർ മുണ്ഡനം ചെയ്യുകയോ, മുടി മുറിക്കുകയോ ചെയ്യൽ,സ്ത്രീകൾ മുടിമുറിക്കൽ.

************

**അധ്യായം ഏഴ്**

صفة الحج

**ഹജ്ജിന്റെ രൂപം**

**ഹജ്ജിന് ഇഹ്റാം ചെയ്യൽ:**

ദുൽഹജ്ജ് 8 (യൗമുത്തർവിയ) ദുഹാ സമയമായാൽ ഹജ്ജിന് ഉദ്ദേശിക്കുന്നവരൊക്കെ താൻ ഇറങ്ങിത്താമസിക്കുന്ന സ്ഥലത്ത് വെച്ച് ഹജ്ജിന് ഇഹ്റാം ചെയ്യണം.

മസ്ജിദുൽ ഹറാമിലോ അല്ലെങ്കിൽ മറ്റേതെങ്കിലും പള്ളിയിലോ പോയി ഇഹ്റാം ചെയ്യുക എന്നത് സുന്നത്തല്ല.നാം മനസ്സിലാക്കിയേടത്തോളം അത് പ്രവാചകനിൽ നിന്നോ സഹാബത്തിൽ നിന്നോ ഉദ്ദരിക്കപ്പെട്ടിട്ടില്ല.

ജാബിർ(ﷺ)വിൽ നിന്നും ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ദരിക്കുന്നു,നബി(ﷺ) അവരോട് പറഞ്ഞു: 'നിങ്ങൾ ഇഹ്റാമിൽ നിന്നും മുക്തരായി കഴിയുക, അങ്ങനെ യൗമുത്തർവിയ (ദുൽഹജ്ജ്:8) ആയാൽ നിങ്ങൾ ഹജ്ജിന് ഇഹ്റാം ചെയ്യുക'.

ജാബിർ(ﷺ) പറയുന്നു: 'ഇഹ്റാമിൽ നിന്നും തഹല്ലുലായിരുന്നതിനാൽ,ഞങ്ങൾ മിനായിലേക്ക് തിരിച്ചപ്പോൾ ഇഹ്റാം ചെയ്യാൻ നബി(ﷺ) ഞങ്ങളോട് കൽപ്പിച്ചു. അങ്ങനെ ഞങ്ങൾ അബ്ത്വഹിൽ നിന്നും ഇഹ്റാമിൽ പ്രവേശിച്ചു' (മുസ്‌ലിം). കാരണം, അതായിരുന്നു അവർ ഇറങ്ങിയിരുന്ന സ്ഥലം.

ഉംറക്ക് ഇഹ്റാം ചെയ്തപ്പോൾ ചെയ്തപോലെയെല്ലാം ഹജ്ജിന് ഇഹ്റാം ചെയ്യുമ്പോഴുംവേണം.അതായത് കുളിക്കുകയും സുഗന്ധം പൂശുകയും വുദുവിന്റെ സുന്നത്ത് നമസ്കരിക്കുകയും ചെയ്യുക. (വുദുവിന്റെ സുന്നത്ത് ഇഹ്റാമിന്റെ വേളയിൽ മാത്രം നിർവ്വഹിക്കേണ്ട ഒന്നല്ല, ഏതവസരത്തിൽ വുദുവെടുത്താലും രണ്ട് റക്അത്ത്

സുന്നത്ത് നമസ്കരിക്കാവുന്നതാണ്. വിവ:) ശേഷം ഹജ്ജിന് നിയ്യത്ത് ചൊല്ലണം. ഹജ്ജിന്റെ നിയ്യത്തിന്റെയും തൽബിയത്തിന്റെയും രൂപം ഉംറയുടെ നിയ്യത്തിന്റെയും തൽബിയത്തിന്റെയും രൂപം തന്നെയാണ്. 'ലബ്ബൈക്ക ഉംറതൻ' എന്ന് പറയുന്നതിന് പകരം 'ലബ്ബൈക ഹജ്ജൻ' എന്ന് പറയണമെന്ന് മാത്രം. തന്റെ കർമ്മങ്ങൾ പൂർത്തിയാക്കുന്നതിന് വല്ല തടസ്സങ്ങളും ഭയപ്പെടുന്ന ആൾക്ക് നിബന്ധന വെച്ചുകൊണ്ട് ഇഹ്റാമിൽ പ്രവേശിക്കാവുന്നതാണ്. ഭയമില്ലെങ്കിൽ നിബന്ധന വെക്കേണ്ടുന്ന ആവശ്യമില്ല.

**മിനായിലേക്ക് പുറപ്പെടൽ:**

ശേഷം മിനായിലേക്ക് പുറപ്പെടണം. അവിടന്ന് ദുഹ്ർ, അസ്വർ, മഗ്രിബ്, ഇശാഅ്, ഫജ്ർ എന്നിവ അതാതിന്റെ സമയത്ത് ജംആക്കാതെ നാല് റക്അത്തുള്ളവ രണ്ടാക്കി ചുരുക്കി നമസ്കരിക്കണം.കാരണം നബി(ﷺ)ചെയ്തത് അപ്രകാരമാണ്.

ജാബിർ(ﷺ)വിൽ നിന്നും ഇമാം മുസ്ലിം ഉദ്ദരിക്കുന്നു.'തർവിയ ദിവസം അവർ മിനായിലേക്ക് തിരിച്ചു, അവർ ഹജ്ജിന് നിയ്യത്ത് ചൊല്ലുകയും

ചെയ്തു.നബി(ﷺ)യും തന്റെ വാഹനപ്പുറത്തേറി, മിനായിൽ വെച്ച് അദ്ദേഹം ദുഹ്റും അസ്വറും മ ഗ്രിബും ഇശാഉം ഫജ്റും നമസ്കരിക്കുകയും ചെയ്തു’.

അബ്ദുല്ലാഹിബ്നു ഉമർ(رضي الله عنه) പറഞ്ഞതായി ഇമാം ബുഖാരി ഉദ്ദരിക്കുന്നു:‘നബി(ﷺ) മിനായിൽ വെച്ച് നമസ്കരിച്ചത് രണ്ട് റക്അത്താണ്. അബൂ ബക്കറും ഉമറും ഉസ്മാനും(رضي الله عنهم) ചെയ്തത് അപ്ര കാരം തന്നെ. ദുഹ്റിനും അസ്വറിനും ഇടയിലോ മഗ്രിബ്നും,ഇശാക്കും ഇടയിലോ നബി(ﷺ)ജംഅ് ചെയ്യാറുണ്ടായിരുന്നില്ല. നബി(ﷺ) അപ്രകാരം ചെ യ്തിരുന്നുവെങ്കിൽ, അദ്ദേഹം അറഫയിലും മുസ് ദലിഫയിലും നമസ്കാരം ജംആക്കിയത് ഉദ്ദരിക്ക പ്പെട്ടതു പോലെ ഇതും ഉദ്ദരിക്കപ്പെടുമായിരുന്നു.

മക്കക്കാരും മറ്റുള്ളവരുമെല്ലാം മിനായിലും അറഫയിലും മുസ്ദലിഫയിലും ചുരുക്കി നമസ് കരിക്കുകയാണ് വേണ്ടത്. കാരണം നബി(ﷺ) ഹ ജ്ജത്തുൽ വിദാഇൽ ഈ പുണ്യപ്രദേശങ്ങളിൽ ജനങ്ങളെയും കൊണ്ട് നമസ്കരിച്ചപ്പോൾ അദ്ദേ ഹത്തോടൊപ്പം മക്കക്കാരുമുണ്ടായിരുന്നു, അവ

രോട് പൂർത്തിയാക്കി നമസ്കരിക്കാൻ നബി(ﷺ) കൽപ്പിക്കുകയുണ്ടായില്ല. അവർക്ക് പൂർത്തിയാക്കി നമസ്കരിക്കൽ നിർബന്ധമായിരുന്നുവെങ്കിൽ നബി(ﷺ) മക്കാവിജയ വർഷം അവരോട് കൽപ്പിച്ചത് പോലെ കൽപ്പിക്കുമായിരുന്നു. നബി(ﷺ) അന്ന് അവരോട് പറഞ്ഞു: 'മക്കക്കാരേ നിങ്ങൾ പൂർത്തിയാക്കുക,കാരണം ഞങ്ങൾ യാത്രക്കാരായ ഒരു സംഘമാണ്' (അബൂദാവൂദ്, തിർമിദി).

എന്നാൽ ആൾത്താമസം കൂടുകയും മക്കയുടെ വ്യാപ്തി വർദ്ധിക്കുകയും മിനായും മക്കയുടെ ഭാഗമായിത്തീരുകയും ചെയ്തപ്പോൾ മക്കക്കാർ അവിടെ വെച്ച് നമസ്കാരം ചുരുക്കാറില്ല.

**അറഫയിൽ നിൽക്കൽ:**

ദുൽഹജ്ജ് 9 ന് സൂര്യൻ ഉദിച്ചുകഴിഞ്ഞാൽ മിനായിൽ നിന്നും അറഫയിലേക്ക് പോവണം. സാധ്യമായാൽ അറഫയിൽ പ്രവേശിക്കുന്നതിന് മുമ്പ് നമിറയിൽ ഇറങ്ങുകയും സൂര്യൻ മധ്യത്തിൽ നിന്നും തെറ്റുന്നതു വരെ അവിടെ നിൽക്കുകയും ചെയ്യുന്നത് ഉത്തമമാണ്. സാധ്യമാവാത്ത പക്ഷം വിരോധമില്ല.കാരണം അത് സുന്നത്ത് മാത്രമാണ് വാജിബല്ല.

സൂര്യൻ മധ്യത്തിൽ നിന്നും തെറ്റിയാൽ നബി(ﷺ) ചെയ്തത് പോലെ ദുഹ്റും അസ്വറും രണ്ട് റക്അത്ത് വീതം ചുരുക്കി ദുഹ്റിന്റെ സമയത്ത് രണ്ടും കൂടി മുന്തിച്ച് നമസ്കരിക്കണം.

ജാബിർ(رضي الله عنه)വിൽ നിന്നും ഉദ്ദരിക്കപ്പെട്ടതായി സ്വഹീഹ് മുസ്ലിമിൽ കാണാം: 'നമിറയിൽ തനിക്ക് ഒരു ടെന്റ് നിർമ്മിച്ച് തരാൻ നബി(ﷺ) കൽപ്പിക്കുകയുണ്ടായി. അങ്ങനെ നബി(ﷺ) അറഫയിലെത്തിയപ്പോൾ നമിറയിൽ തനിക്ക് വേണ്ടി നിർമ്മിക്കപ്പെട്ടിരിക്കുന്ന ടെന്റ് കണ്ടു, ശേഷം അദ്ദേഹം സൂര്യൻ മധ്യത്തിൽ നിന്നും നീങ്ങുന്നതുവരെ അവിടെ കഴിച്ചു. ശേഷം തന്റെ വാഹനത്തെ നടത്താൻ ആവശ്യപ്പെടുകയും അത് ബത്വനുൽ വാദിയിൽ എത്തിയപ്പോൾ നബി(ﷺ) ജനങ്ങളോട് പ്രസംഗിക്കുകയും ചെയ്തു. പിന്നീട് ബാങ്കും ഇഖാമത്തും വിളിച്ചു, എന്നിട്ട് (രണ്ട് റക്അത്ത്) ദുഹ്ർ നമസ്കരിച്ചു ശേഷം വീണ്ടും ഇഖാമത്ത് വിളിക്കുകയും (രണ്ട് റക്അത്ത്) അസ്വർ നമസ്കരിക്കുകയും ചെയ്തു. അവക്കിടയിൽ അദ്ദേഹം മറ്റൊന്നും നമസ്കരിച്ചില്ല.വീണ്ടും അദ്ദേഹം വാഹനപ്പുറത്തേറി, അങ്ങനെ (അദ്ദേഹം നിൽക്കാൻ ഉ

ദ്ദേശിച്ച) സ്ഥലത്തെത്തിയപ്പോൾ അദ്ദേഹം തന്റെ ഖുസ്വാ എന്ന ഒട്ടകത്തിന്റെ വയറിനെ 'സ്വഖ്റാത്തി'ന്റെ (പാറക്കല്ലുകളുടെ) നേരെയും 'ജബലുൽ മശാത്തി'നെ തന്റെ മുമ്പിലുമാക്കി ഖിബ്ലക്ക് അഭിമുഖമായി നിന്നു. സൂര്യാസ്തമയം വരെ അദ്ദേഹം തന്റെ നിൽപ്പ് തുടർന്നു...' (മുസ്ലിം).

അറഫയിൽ ജംഉം ഖസ്വ്റും മക്കക്കാർക്കും അല്ലാത്തവർക്കും ഒരു പോലെ ബാധകമാണ്.

നബി(ﷺ) (അറഫയിലെ നമസ്കാരം) മുന്തിച്ച് ചേർത്ത് നമസ്കരിച്ചത് ജനങ്ങൾ പ്രാർത്ഥനയിൽ മുഴുകാനും, ഒരു ഇമാമിന്റെ കീഴിൽ അവരെ എല്ലാവരെയും ഒന്നിച്ചു ചേർക്കാനും ശേഷം അവർക്ക് അവരുടെ താമസസ്ഥലത്തേക്ക് (എളുപ്പം) പിരിഞ്ഞ് പോവാനും വേണ്ടിയാണ്. അറഫാ ദിവസത്തിലെ അവസാന സമയങ്ങളിൽ ഹാജി പ്രാർത്ഥനയിലും ദിക്റുകളിലും ഖുർആൻ പാരായണത്തിലും മുഴുകലാണ് സുന്നത്ത്. നബി(ﷺ)യിൽ നിന്നും സ്ഥിരപ്പെട്ടുവന്നിട്ടുള്ള ദിക്റുകളും ദുആകളുമാണ് ചൊല്ലേണ്ടത്.അത്തരം പ്രാർത്ഥനകളുടെ ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു:

(اللَّهُمَّ لَكَ الْحَمْدُ كَالَّذِي نَقُولُ ، وَخَيْرًا مِمَّا نَقُولُ ، اللَّهُمَّ لَكَ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي ، وَإِلَيْكَ مَآبِي وَلَكَ رَبِّ تُرَاثِي )

(അല്ലാഹുമ്മ ലക്കൽ ഹംദു കല്ലദീ നഖൂൽ, വല ക്കൽ ഹംദു ഖൈറൻ മിമ്മാ നഖൂൽ, അല്ലാഹുമ്മ ലക്ക സ്വലാത്തീ വനുസുകീ വമഹ്‌യായ വമാ തീ, വഇലൈക്ക റബ്ബി മആബീ, വലക റബ്ബി തു റാഥീ).

സാരം: 'അല്ലാഹുവേ, ഞങ്ങൾ പറയുന്ന പോലെ ത്തന്നെ സർവ്വ സ്തുതിയും നിനക്കാണ്. ഞങ്ങൾ പറയുന്നതിനെക്കാൾ ഉത്തമമായ സ്തുതിയും നി നക്കാണ്, അല്ലാഹുവേ എന്റെ നമസ്കാരവും എ ന്റെ ബലിയും എന്റെ ജീവിതവും എന്റെ മരണ വുമെല്ലാം നിനക്കാണ്. എന്റെ രക്ഷിതാവേ നിന്നി ലേക്കാണെന്റെ അഭയം,എന്റെ നാഥാ നിന്റെ വഴി യാണെന്റെ പാരമ്പര്യം.

(اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ الْقَبْرِ ، وَوَسْوَسَةِ الصَّدْرِ ، وَشَتَاتِ الْأَمْرِ )

(അല്ലാഹുമ്മ ഇന്നീ അഊദു ബിക മിൻ അദാബി ൽ ഖബ്‌രി വ വസ്‌വസതിസ്സ്വദ്‌രി വശതാതിൽ അംറ്)

‘അല്ലാഹുവേ ഖബ്ർ ശിക്ഷയിൽ നിന്നും ഹൃദയ ത്തിന്റെ ദുർമന്ത്രണത്തിൽ നിന്നും കാര്യങ്ങളിലെ നാശങ്ങളിൽ നിന്നും ഞാൻ നിന്നോട് ശരണം തേടുന്നു’.

( اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ مَا تَجِيءُ بِهِ الرِّيحُ )

(അല്ലാഹുമ്മ ഇന്നീ അഊദു ബിക മിൻ ശർറി മാ തജീഉ ബിഹിർറീഹു)

‘അല്ലാഹുവേ, കാറ്റ് വഹിച്ചുകൊണ്ടുവരുന്ന നാശ ങ്ങളിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു’.

(اللَّهُمَّ إِنَّكَ تَسْمَعُ كَلَامِي، وَتَرَى مَكَانِي ، وَتَعْلَمُ سِرِّي وَعَلَانِيَتِي ، لَا يَخْفَى عَلَيْكَ شَيْءٌ مِنْ أَمْرِي ، أَنَا الْبَائِسُ الْفَقِيرُ الْمُسْتَغِيثُ الْمُسْتَجِيرُ الْوَجِلُ الْمُشْفَقُ الْمُقِرُّ الْمُعْتَرِفُ بِذُنُوبِي ، أَسْأَلُكَ مَسْأَلَةَ الْمِسْكِينِ ، وَأَبْتَهِلُ إِلَيْكَ إِبْتِهَالَ الْمُذْنِبِ الذَّلِيلِ ، وَأَدْعُوكَ دُعَاءَ مَنْ خَضَعَتَ لَكَ رَقَبَتُهُ ، وَفَاضَتْ لَكَ عَيْنَاهُ ، وَذَلَّ لَكَ جَسَدُهُ ، وَرَغِمَ لَكَ أَنْفُهُ )

(അല്ലാഹുമ്മ ഇന്നക്ക തസ്മഉ കലാമീ, വതറാ മ കാനീ, വതഅ്ലമു സിർറീ വഅലാനിയതീ, ലാ യഖ്ഫാ അലൈക്ക ശൈഉൻ മിൻ അംരീ, അന

ൽ ബാഇസുൽ ഫഖീർ അൽ മുസ്തഗീസുൽ മുസ്തജീർ, അൽ വജലുൽ മുശ്ഫഖ്, അൽ മുഖിർറുൽ മുഅ്തരിഫു ബിദുനൂബീ, അസ്അലുക്ക മസ്അലത്തൽ മിസ്കീൻ, വ അബ്തഹിലു ഇലൈക ഇബ്തിഹാലുൽ മുദ്നിബിദ്ദലീൽ, വ അദ്ഊക ദുആഅ മൻ ഖദഅത് ലക റഖബതുഹു, വഫാദത് ലക ഐനാഹു, വ ദല്ല ലക ജസദുഹു, വറഗിമ ലക അൻഫുഹു).

'അല്ലാഹുവേ,നീ എന്റെ സംസാരം കേൾക്കുന്നു, എന്റെ അവസ്ഥ കാണുന്നു, എന്റെ രഹസ്യവും പരസ്യവും അറിയുന്നു, എന്റെ ഒരു കാര്യവും നിനക്ക് ഗോപ്യമല്ല, ഞാൻ ദരിദ്രനും ആവശ്യക്കാരനുമാണ്, സഹായം തേടുന്നവനും അഭയം തേടുന്നവനുമാണ്, ഭയാശങ്കയുള്ളവനും ആർദ്രത ലഭിക്കേണ്ടവനുമാണ്, എന്റെ പാപങ്ങളെ ഏറ്റ് പറയുന്നവനും സമ്മതിക്കുന്നവനുമാണ്, ദരിദ്രരുടെ ചോദ്യം ഞാൻ നിന്നോട് ചോദിക്കുന്നു, നിന്ദ്യനായ പാപിയുടെ അർത്ഥന ഞാൻ നിന്നോട് തേടുന്നു, വണക്കത്തോടെ പിരടി കുനിച്ചവന്റെയും കണ്ണുകൾ നിറഞ്ഞൊഴുകിയവന്റെയും ശരീരം നിനക്ക് സമർപ്പിച്ചവന്റെയും നിനക്ക് മുമ്പിൽ പ്രണമി

ച്ചവന്റെയും പ്രാർത്ഥന ഞാൻ നിന്നോട് പ്രാർ ത്ഥിക്കുന്നു’.

( اَللَّهُمَّ لَا تَجْعَلْنِي بِدُعَائِكَ رَبِّ شَقِياًّ ، وَكُنْ بِي رَؤُوفاً رَحِيماً يَا خَيْرَ ٱلْمَسْؤُولِينَ وَيَاخَيْرَ ٱلْمُعْطِينَ )

(അല്ലാഹുമ്മ ലാ തജ്അൽനീ ബി ദുആഇക്ക റബ്ബി ശഖിയ്യൻ വ കുൻ ബീ റഊഫൻ റഹീമൻ യാ ഖൈറൽ മസ്ഊലീന വയാ ഖൈറൽ മുഅ് ത്വീൻ).

‘അല്ലാഹുവേ, നിന്നോടുള്ള പ്രാർത്ഥനയിൽ എന്നെ നീ ദുർഭഗനാക്കരുതേ, യജമാനൻമാരിൽ ഉത്തമനും നൽകുന്നവരിൽ ഉൽകൃഷ്ടനുമായവനേ എന്നോട് നീ അലിവും കനിവും കാണിക്കേണമേ’.

(اللَّهُمَّ اجْعَلْ فِي قَلْبِي نُورًا ، وَفِي سَمْعِي نُورًا ، وَفِي بَصَرِي نُورًا)

(അല്ലാഹുമ്മ ഇജ്അൽ ഫീ ഖൽബീ നൂറാ, വഫീ സംഈ നൂറാ, വഫീ ബസ്വരീ നൂറാ)

‘അല്ലാഹുവേ, എന്റെ ഹൃദയത്തിൽ നീ പ്രകാശം തരേണമേ, എന്റെ കേൾവിയിലും എന്റെ കാഴ്ചയിലും എനിക്ക് നീ പ്രകാശം തരേണമേ’.

( اَللَّهُمَّ اشْرَحْ لِي صَدْرِي وَيَسِّرْ لِي أَمْرِي ، اَللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ مَا يَلِجُ فِي اللَّيْلِ ، وَشَرِّ مَا يَلِجُ فِي النَّهَارِ ، وَشَرِّ مَا تَهُبُّ بِهِ الرِّيَاحُ ، وَشَرِّ بَوَائِقَ الدَّهْرِ )

(അല്ലാഹുമ്മ ഇശ്റഹ് ലീ സ്വദ്രീ, വയസ്സിർ ലീ അംരീ, അല്ലാഹുമ്മ ഇന്നീ അഊദു ബിക മിൻ ശർറി മാ യലിജു ഫില്ലൈൽ, വശർറി മാ യലിജു ഫിന്നഹാർ, വശർറി മാ തഹുബ്ബു ബിഹിർറിയാഹു, വ ശർറി ബവാഇഖിദ്ദഹ്ർ).

'അല്ലാഹുവേ, എനിക്ക് നീ ഹൃദയ വിശാലത തരേണമേ, എന്റെ കാര്യങ്ങൾ എളുപ്പമാക്കിത്തരേണമേ, അല്ലാഹുവേ.. രാത്രിയിൽ പ്രവേശിക്കുന്നതിന്റെ നാശത്തിൽ നിന്നും, പകലിൽ പ്രവേശിക്കുന്നതിന്റെ നാശത്തിൽ നിന്നും, കാറ്റ് കൊണ്ടു വരുന്നതിന്റെ നാശത്തിൽ നിന്നും, കാലവിപത്തുക്കളുടെ നാശത്തിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു'.

(اللَّهُمّ ربنا آتنا في الدنيا حسنة وفي الآخرة حسنة وقِنا عذابَ النار)

(അല്ലാഹുമ്മ റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനതൻ വഫിൽ ആഖിറത്തി ഹസനതൻ വ ഖിനാ അദാബന്നാർ)

‘അല്ലാഹുവേ ഇഹത്തിൽ നീ ഞങ്ങൾക്ക് നന്മ പ്രദാനം ചെയ്യേണമേ, പരത്തിലും നീ ഞങ്ങൾക്ക് നന്മ പ്രദാനം ചെയ്യേണമേ, നരക ശിക്ഷയിൽ നിന്നും ഞങ്ങളെ നീ കാത്ത് രക്ഷിക്കേണമേ’.

(اللَّهُمَّ إِنِّي ظَلَمْتُ نَفْسِي ، فَاغْفِرْ لِي ، إِنَّك أَنْتَ الْغَفُورُ الرَّحِيمُ )

(അല്ലാഹുമ്മ ഇന്നീ ളലംത്തു നഫ്സീ ഫഗ്ഫിർ ലീ ഇന്നക്ക അൻതൽ ഗഫൂറുർറഹീം)

‘അല്ലാഹുവേ, ഞാൻ എന്റെ ആത്മാവിനോട് തന്നെ അക്രമം പ്രവർത്തിച്ചിരിക്കുന്നു, അതിനാൽ എനിക്ക് നീ പൊറുത്തു തരേണമേ,തീർച്ചയായും നീ പാപങ്ങൾ പൊറുക്കുന്നവനും കരുണാനിധിയുമാണ്’.

( اَللَّهُمَّ إِنِّي أَعُوذُ بِكَ مِنْ جَهْدِ الْبَلَاءِ ، وَدَرَكِ الشَّقَاءِ ، وَسُوءِ الْقَضَاءِ ، وَشَمَاتَةِ الْأَعْدَاءِ )

(അല്ലാഹുമ്മ ഇന്നീ അഊദു ബിക മിൻ ജുഹ്ദിൽ ബലാഅ്, വമിൻ ദറകിശ്ശഖാഅ്, വമിൻ സൂഇൽ ഖദാഅ്, വമിൻ ശമാതതിൽ അഅ്ദാഅ്).

'അല്ലാഹുവേ, പരീക്ഷണത്തിന്റെ ക്ലേശത്തിൽ നിന്നും, ദുർഭഗത പ്രാപിക്കുന്നതിൽ നിന്നും, വിധി വൈപരീത്യങ്ങളിൽ നിന്നും, ശത്രുക്കളുടെ പരിഹാസങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു'.

(اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْهَمِّ وَالْحَزَنِ ، وَالْعَجْزِ وَالْكَسَلِ ، وَالْجُبْنِ وَالْبُخْلِ ، وَضَلَعِ الدَّيْنِ وَغَلَبَةِ الرِّجَالِ ، وَأَعُوذُ بِكَ مِنْ أَنْ أُرَدَّ إِلَى أَرْذَلِ الْعُمُرِ ، وَأَعُوذُ بِكَ مِنْ فِتْنَةِ الدُّنْيَا )

(അല്ലാഹുമ്മ ഇന്നീ അഊദു ബിക മിനൽ ഹമ്മി വൽ ഹുസ്ൻ, വൽ അജ്സി വൽ കസ്ൽ, വൽ ജുബ്നി വൽ ബുഖ്ൽ, വദിലഇദ്ദൈനി വഗലബതിർറിജാൽ, വഅഊദു ബിക മിൻ അൻ ഉറദ്ദ ഇലാ അർദലിൽ ഉമുർ, വഅഊദു ബിക മിൻ ഫിത്നത്തിദ്ദുൻയാ)

'അല്ലാഹുവേ, മനക്ലേശങ്ങളിൽ നിന്നും ദുഃഖങ്ങളിൽ നിന്നും, അശക്തിയിൽ നിന്നും ആലസ്യത്തിൽ നിന്നും, പിശുക്കിൽ നിന്നും ഭീരുത്വത്തിൽ നിന്നും, കടക്കെണിയിൽ പെടുന്നതിൽ നിന്നും, ആളുകൾ എന്നെ അതിജയിക്കുന്നതിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. ഏറ്റവും മോശമായ ആയുസ്സിലേക്ക് ഞാൻ മടക്കപ്പെടുന്നതിൽനിന്നും

ദുൻയാവിലെ കുഴപ്പങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു'.

( اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْمَأْثَمِ وَالْمَغْرَمِ ، وَمِنْ شَرِّ فِتْنَةِ الْغِنَى ، وَأَعُوذُ بِكَ مِنْ فِتْنَةِ الْفَقْرِ )

(അല്ലാഹുമ്മ ഇന്നീ അഊദു ബിക മിനൽ മഅ്ഥമി വൽ മഗ്റം, വമിൻ ശർരി ഫിത്നത്തിൽ ഗിനാ, വഅഊദു ബിക മിൻ ഫിത്നതിൽ ഫഖ്ർ)

'അല്ലാഹുവേ, പാപങ്ങളിൽ നിന്നും കടങ്ങളിൽ നിന്നും, ഐശ്വര്യത്തിന്റെ നാശത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. ദാരിദ്ര്യത്തിന്റെ പരീക്ഷണത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു'.

( اللَّهُمَّ اغْسِلْ عَنِّي خَطَايَايَ بِمَاءِ الثَّلْجِ وَالْبَرَدِ ، وَنَقِّ قَلْبِي مِنَ الْخَطَايَا كَمَا نَقَّيْتَ الثَّوْبَ الْأَبْيَضَ مِنَ الدَّنَسِ ، وَبَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ )

(അല്ലാഹുമ്മ ഇഗ്സിൽ അന്നീ ഖത്വായായ ബിമാ ഇഥൽജി വൽ ബറദ്, വനഖി ഖൽബീ മിനൽ ഖത്വായാ കമാ നഖയ്തഥൗബൽ അബ്യദി മിനദ്ദനസ്, വബാഇദ് ബൈനീ വബൈന ഖത്വായായ കമാ ബാഅദ്ത ബൈനൽ മശ്രിഖി വൽ മഗ്രിബ്)

'അല്ലാഹുവേ, ഹിമജലം കൊണ്ടും തണുത്ത വെള്ളം കൊണ്ടും എന്നിൽ നിന്നും എന്റെ പാപങ്ങളെ കഴുകിക്കളയേണമേ, വെള്ള വസ്ത്രത്തെ അഴുക്കിൽ നിന്നും ശുദ്ധിയാക്കുന്നതുപോലെ പാപങ്ങളിൽ നിന്നും എന്റെ ഹൃദയത്തെ നീ ശുദ്ധിയാക്കേണമേ, എനിക്കും എന്റെ പാപത്തിനുമിടയിൽ കിഴക്കിനെയും പടിഞ്ഞാറിനെയും അകറ്റിയതുപോലെ നീ അകറ്റേണമേ'.

അറഫാദിവസമുള്ള പ്രാർത്ഥന പ്രാർത്ഥനകളിൽ ഏറ്റവും ഉത്തമമാണ്. നബി(ﷺ) പറഞ്ഞു:

(خَيْرُ الدُّعَاءِ دُعَاءُ يَوْمِ عَرَفَةَ ، وَخَيْرُ مَا قُلْتُ أَنَا وَالنَّبِيُّونَ مِنْ قَبْلِي : لَا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ )

'ഏറ്റവും ഉത്തമമായ പ്രാർത്ഥന അറഫാദിനമുള്ള പ്രാർത്ഥനയാണ്, ഞാനും എനിക്ക് മുമ്പുള്ള പ്രവാചകന്മാരും പറഞ്ഞിട്ടുള്ള വാക്കുകളിൽ ഏറ്റവും ഉത്തമമായത് (ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക്ക ലഹു ലഹുൽ മുൽക്കു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ) എന്നതാണ്' (മാലിക്).**സാരം:** അല്ലാഹു അല്ലാതെ

ഒരു ആരാധ്യനുമില്ല, അവൻ ഏകൻ, അവന് യാതൊരു പങ്കുകാരുമില്ല, എല്ലാ ആധിപത്യവും സർവ്വസ്തുതിയും അവന്നാണ്, അവൻ എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാണ്'.

പ്രവാചകനിൽ നിന്നും സ്ഥിരപ്പെട്ടു വന്നിട്ടുള്ള പ്രാർത്ഥനകൾ അറിയില്ലെങ്കിൽ തനിക്കറിയാവുന്ന അനുവദനീയമായ പ്രാർത്ഥനകൾ ചെയ്യാവുന്നതാണ്. പ്രാർത്ഥനയിലും ദിക്റിലും മടുപ്പനുഭവപ്പെട്ടാൽ, ഗുണകരമായ വിഷയങ്ങൾ കൂട്ടുകാരോടൊപ്പം സംസാരിക്കുന്നതും, ഖുർആൻ പഠിക്കുന്നതും, ഈ വിശുദ്ധദിനത്തിൽ അല്ലാഹുവിന്റെ ദാനങ്ങളിൽ ആഗ്രഹം ജനിക്കുന്നതിനു വേണ്ടി അല്ലാഹുവിന്റെ ഔദാര്യങ്ങളെക്കുറിച്ചും അവന്റെ ദാനങ്ങളെക്കുറിച്ചും പ്രത്യേകമായി പ്രതിപാദിക്കുന്ന നല്ലതായ പുസ്തകങ്ങൾ വല്ലതും വായിക്കുന്നതുമെല്ലാം വീണ്ടുംപ്രാർത്ഥനയിലേക്കും അല്ലാഹുവിലേക്കുള്ള കീഴ് വണക്കത്തിലേക്കും തിരിച്ചെത്തുന്നതിന് ഉത്തമമായിരിക്കും.പകലിന്റെ അവസാനത്തിൽ പ്രാർത്ഥനയിൽ മുഴുകി സമയം പ്രയോജനപ്പെടുത്താൻ അത്യാഗ്രഹം കാണിക്കേണ്ടതുണ്ട്.

പ്രാർത്ഥിക്കേണ്ടത് ഖിബ്‌ലയെ അഭിമുഖീകരിച്ചു കൊണ്ടായിരിക്കാൻ ശ്രദ്ധിക്കുക. അറഫാമല അവന് പുറകിലായാലും ഇടത്തോ വലത്തോ ആയാലും ശരി, കാരണം ഖിബ്‌ലക്ക് അഭിമുഖീകരിക്കുക എന്നതാണ് സുന്നത്ത്. പ്രാർത്ഥിക്കുമ്പോൾ കൈകൾ ഉയർത്തണം, ഒരു കൈക്ക് തടസ്സമുണ്ടെങ്കിൽ സാധിക്കുന്നത് മാത്രം ഉയർത്തിയാൽ മതി. ഉസാമത്തുബ്നു സൈദിൽ(ﷺ)വിൽ നിന്നും ഉദ്ദരിക്കപ്പെടുന്ന ഹദീസിൽ കാണാം:

'അറഫയിൽ ഞാൻ നബി(ﷺ)യുടെ പിന്നിൽ യാത്ര ചെയ്യുന്നവനായിരുന്നു,അപ്പോൾ അദ്ദേഹത്തിന്റെ ഒട്ടകം അദ്ദേഹത്തെയും കൊണ്ട് ചാഞ്ഞു, അപ്പോൾ അതിന്റെ കടിഞ്ഞാൺ വീണുപോയി, അപ്പോൾ അദ്ദേഹം തന്റെ ഒരു കൈ കൊണ്ട് കടിഞ്ഞാൺ പിടിച്ചു മറ്റേ കൈ ഉടർത്തിപ്പിടിക്കുകയും ചെയ്തു'.

തന്റെ ദയനീയതയും ആവശ്യങ്ങളും അല്ലാഹുവോട് പ്രകടമാക്കണം, ഉത്തരം ലഭിക്കാനായി കേഴണം, വൈകുന്നതിൽ വേവലാതി കൊള്ളുകയും അരുത്.

ശറഇൽ അനുവദിക്കപ്പെടാത്ത കാര്യങ്ങൾ ചോദിച്ചു കൊണ്ടോ, വിധിയെ മറികടന്നു പ്രവർത്തിക്കാനാവാത്തവ ചോദിച്ചുകൊണ്ടോ പ്രാർത്ഥനയിൽ അതിരുകടക്കരുത്. അല്ലാഹു പറയുന്നു:

ادْعُواْ رَبَّكُمْ تَضَرُّعًا وَخُفْيَةً إِنَّهُ لاَ يُحِبُّ الْمُعْتَدِينَ (٧ : ٥٥)

'താഴ്മയോടു കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർത്ഥിക്കുക, അതിരുവിട്ടുപോകുന്നവരെ അവൻ ഇഷ്ടപ്പെടുക തന്നെയില്ല' (അഅ്റാഫ്:55). ഹറാമായത് ഭക്ഷിക്കുന്നതിനെ അവൻ വെടിയട്ടെ, കാരണം അതാണ് ഉത്തരം ലഭിക്കുന്നതിനുള്ള ഏറ്റവും വലിയ തടസ്സം. അബൂഹുറൈറ(ﷺ)വിൽ നിന്നും ഉദ്ദരിക്കപ്പെട്ടതായി സ്വഹീഹു മുസ്ലിമിൽ കാണാം: 'അല്ലാഹു നല്ലവനാണ്, നല്ലതല്ലാതെ അവൻ സ്വീകരിക്കുകയില്ല.' അതേ റിപ്പോർട്ടിലുണ്ട്: 'ശേഷം അദ്ദേഹം ഒരു മനുഷ്യനെക്കുറിച്ച് പറഞ്ഞു, അയാൾ ദീർഘയാത്ര ചെയ്യുന്നു, മുടി ജഢകുത്തിയും പൊടി പുരണ്ടുമിരിക്കുന്നു, തന്റെ കൈകൾ ആകാശത്തേക്ക് നീട്ടിക്കൊണ്ട് (അയാൾ പ്രാർത്ഥിക്കുന്നു) എന്റെനാഥാ, എന്റെനാഥാ..., അയാളുടെ ഭക്ഷണം ഹറാമാണ്, അയാളുടെ പാനീയം

ഹറാമാണ്, അയാളുടെ വസ്ത്രം ഹറാമാണ്, അയാൾ ഹറാമിൽ ഊട്ടപ്പെട്ടവനാണ്. അത്തരക്കാരന് പിന്നെ എങ്ങനെ ഉത്തരം ലഭിക്കാനാണ്'.

ഉത്തരം ലഭിക്കാനുള്ള ഘടകങ്ങൾ ചിലത് യോജിച്ചിട്ടുള്ളതോടൊപ്പം തന്നെ, അവരെ പ്രവാചകൻ(ﷺ) ഉത്തരം ലഭിക്കുന്നതിൽ നിന്നും അകറ്റി നിർത്തി, അതിന് കാരണം ഹറാമായത് ഉപയോഗിക്കുക എന്നതാണ്.

നബി(ﷺ) നിന്ന സ്ഥലമായ സ്വഖ്റാത്തിന്റെ അടുത്ത് നിൽക്കാൻ സാധിച്ചാൽ അതാണ് ഏറ്റവും ഉത്തമം. സാധ്യമായില്ലെങ്കിൽ അറഫയിൽ തനിക്ക് സാധിക്കുന്നിടത്ത് നിന്നാൽ മതി. ജാബിർ(رضي الله عنه) ഉദ്ദരിക്കുന്നു, നബി(ﷺ) പറഞ്ഞു:

( نحرت ههنا ، ومنى كلها منحر فانحروا في رحالكم ، ووقفت ههنا وعرفة كلها موقف ، ووقفت ههنا وجمع – يعني مزدلفة – كلها موقف )

'ഞാൻ ഇവിടെയാണ് ബലിയറുത്തത്, എന്നാൽ മിനയിൽ എല്ലായിടത്തു വെച്ചും അറുക്കാവുന്നതാണ്, നിങ്ങൾ നിങ്ങളുടെ സങ്കേതത്തിൽ വെച്ച്

അറുത്തുകൊള്ളുക.ഞാൻ ഇവിടെയാണ് നിന്നത്, എന്നാൽ അറഫയിൽ എല്ലായിടത്തും നിൽക്കുന്നതിനുള്ള ഇടമാണ്. ഞാൻ നിന്നത് ഇവിടെയാണ്, ജുമഇൽ (മുസ്ദലിഫ) എല്ലായിടത്തും നിൽക്കുന്നതിനുള്ള ഇടമാണ്' (അഹ്മദ്, മുസ്ലിം).

അറഫയിൽ നിൽക്കുന്ന ആൾ അതിന്റെ അതിർത്തിക്കുള്ളിലാണെന്ന് ഉറപ്പ് വരുത്തുക. അതിർത്തികളിൽ അടയാളങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അനേകം ഹാജിമാർ അജ്ഞതയാൽ, മറ്റുള്ളവർ ചെയ്യുന്നത് കണ്ട് ഇക്കാര്യത്തിൽ വളരെ അലംഭാവം കാണിക്കുന്നു. അറഫയുടെ അതിർത്തിക്ക് പുറത്ത് നിന്ന ഇക്കൂട്ടർക്ക് ഹജ്ജ് ലഭിക്കുകയില്ല. കാരണം ഹജ്ജ് അറഫയാണ്. അബ്ദുർറഹ്മാനുബ്നു യഅ്മുർ(ﷺ) പറയുന്നു: 'നബി(ﷺ) അറഫയിൽ നിൽക്കുന്ന വേളയിൽ നജ്ദിൽ നിന്നുള്ള കുറെ ആളുകൾ അദ്ദേഹത്തിന്റെ അടുക്കൽ ചെന്ന് സംശയം ചോദിച്ചു.അപ്പോൾ നബി(ﷺ) ഒരാളോട് വിളിച്ചു പറയാൻ കൽപ്പിച്ചു: 'ഹജ്ജ് അറഫയാണ്, ജുമഅ് (മുസ്ദലിഫ) ദിവസരാവിൽ വന്നവന് മിനായിലെ മൂന്ന് ദിവസങ്ങൾ ലഭിച്ചിരിക്കുന്നു, ആരെങ്കിലും രണ്ട് ദിവസംകൊണ്ട് ധൃതിയിൽ പു

റപ്പെട്ടാൽ അവനതിൽ കുറ്റമില്ല, ആരെങ്കിലും പിന്തിപ്പിച്ച് (പൂർത്തിയാക്കിയാൽ) അവനും കുറ്റമില്ല. ഇത് വിളിച്ചുപറയാൻ നബി(ﷺ) ഒരാളെ തന്റെ പിറകിൽ നിശ്ചയിച്ചു' (അൽ ഖംസ).

അതിനാൽ അറഫയുടെ അതിർത്തിയെക്കുറിച്ച് ശ്രദ്ധയുണ്ടായിരിക്കലും, താൻ അറഫയുടെ അതിർത്തിക്കുള്ളിലാണെന്ന് ഉറപ്പ് വരുത്താൻഅതിനെക്കുറിച്ച് അന്വേഷിക്കലും നിർബന്ധമാണ്.

പകൽ സമയം സൂര്യാസ്തമയം വരെ അറഫയിൽ ഉണ്ടാവൽ നിർബന്ധമാണ്. കാരണം നബി(ﷺ) സൂര്യാസ്തമയം വരെയാണ് നിന്നത്. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ എന്നിൽ നിന്നും ആരാധനാവിധികൾ സ്വീകരിക്കുക', സൂര്യാസ്തമയം മുമ്പ് അറഫയിൽ നിന്ന് സ്ഥലം വിടൽ ജാഹിലിയ്യാ സമ്പ്രദായങ്ങളിൽപ്പെട്ടതാണ്. ഇസ്ലാം വന്നത് അതിന് എതിരായിക്കൊണ്ടാണല്ലൊ.

പെരുന്നാൾ ദിവസം പ്രഭാതോദയംവരെ അറഫയിൽ നിൽക്കാവുന്ന സമയമാണ്. നബി(ﷺ) പറഞ്ഞു:

(من جاء ليلة جمعٍ قبل طلوع الفجر فقد أدرك ) ( ترمذي )

'ജുമഇന്റെ രാത്രിയിൽ പ്രഭാതോദയത്തിന് മുമ്പാ യി ആർക്കെങ്കിലും (അറഫയിൽ നിൽക്കാൻ സാ ധിച്ചാൽ) അവന് അറഫ ലഭിച്ചു' (തുർമുദി, അ ബൂദാവൂദ്, നസാഇ, ഇബ്നുമാജ, ദാരിമി). അതി നാൽ അറഫയിൽ നിൽക്കാതെ പെരുന്നാൾ ദിവ സം പ്രഭാതം പുലർന്നവന് ഹജ്ജ് നഷ്ടപ്പെട്ടു.

ഇഹ്റാം ചെയ്യുന്ന അവസരത്തിൽ, 'എനി ക്ക് വല്ല പ്രതിബന്ധവും നേരിടുന്ന പക്ഷം ഞാൻ അവിടെ വെച്ച് തഹല്ലുലാവുമെന്ന' നിബന്ധന യോടെ ഇഹ്റാമിൽ പ്രവേശിച്ച ആളാണെങ്കിൽ അയാൾക്ക് ഇഹ്റാമിൽ നിന്നും ഒഴിവാകാവുന്ന താണ്, അയാൾ ഒരു പ്രായശ്ചിത്തവും ചെയ്യേണ്ട തില്ല. നിബന്ധനയോടെയല്ലാതെ ഇഹ്റാമിൽ പ്ര വേശിച്ചയാളാണെങ്കിൽ അയാൾ ഉംറ ചെയ്ത് ത ഹല്ലുലാവേണ്ടതാണ്. അയാൾ കഅ്ബയെ ത്വവാ ഫ് ചെയ്യുകയും, സ്വഫാ മർവകൾക്കിടയിൽ സ അ്യ് നടത്തുകയും തല മുണ്ഡനം ചെയ്യുകയും വേണം. അയാളുടെ കൂടെ ബലിമൃഗം ഉണ്ടായിരു ന്നെങ്കിൽ ബലിയറുക്കുകയും, അടുത്ത വർഷം വന്ന് തനിക്ക് നഷ്ടപ്പെട്ട ഹജ്ജ് ചെയ്ത് വീട്ടുക യും ബലി നൽകുകയും വേണം. ബലിമൃഗത്തെ

ലഭിച്ചില്ലെങ്കിൽ ഹജ്ജിൽ 3 ദിവസവും നാട്ടിൽ തിരിച്ചെത്തിയ ശേഷം 7 ദിവസവുമായി ആകെ 10 ദിവസം നോമ്പ് പിടിക്കണം. അബൂ അയ്യൂബി നും(ﷺ) ഹബ്ബാറുബ്നുൽ അസ്വദിനും(ﷺ) ഹജ്ജ് നഷ്ടപ്പെട്ടപ്പോൾ പെരുന്നാൾ ദിവസം ഉംറ ചെയ്ത് തഹല്ലുലാവാനും, തഹല്ലുലായവരായി മടങ്ങാനും, ശേഷം അടുത്ത വർഷം വന്ന് ഹജ്ജ് ചെയ്യാനും ബലി നൽകാനും, ബലിമൃഗം കിട്ടിയില്ലെങ്കിൽ ഹജ്ജിൽ 3 ദിവസവും കുടുംബത്തിൽ ചെന്ന ശേഷം 7 ദിവസവുമായി 10 നോമ്പ് പിടിക്കാനും ഉമറുബ്നുൽ ഖത്വാബ്(ﷺ) കൽപ്പിച്ചതായി ഇമാം മാലിക്(ﷺ)തന്റെ മുവത്വയിൽ ഉദ്ധരിച്ചതാണ് ഇതിനാധാരം.

**മുസ്ദലിഫയിൽ രാത്രി താമസിക്കൽ:**

അറഫയിൽ നിന്നവർ സൂര്യാസ്തമയശേഷം മുസ്ദലിഫയിലേക്ക് പോവുകയും, അവിടെ വെച്ച് മഗ്രിബ് മൂന്നും ഇശാഅ് രണ്ടുമായി ജംഉം ഖസ്വ്റുമായി നമസ്കരിക്കുകയും വേണം.ഉസാമതുബ്നു സൈദിൽ നിന്നും റിപ്പോർട്ട്,അദ്ദേഹം പറയുന്നു:'നബി(ﷺ) അറഫയിൽ നിന്നും പുറപ്പെട്ടു, ശിഅ്ബിൽ എത്തിയപ്പോൾ അദ്ദേഹം ഇറങ്ങി.ശേ

ഷം അദ്ദേഹം മൂത്രവിസർജ്ജനം നടത്തി. ശേഷം വുദുവെടുത്തു, എന്നാൽ വുദുവിനെ ഭംഗിയാക്കിയില്ല. അപ്പോൾ ഞാൻ ചോദിച്ചു: 'നമസ്കാരത്തിനാണോ അല്ലാഹുവിന്റെ ദൂതരെ! അദ്ദേഹം പറഞ്ഞു:'നമസ്കാരം നിനക്ക് മുമ്പിലാണ്' അങ്ങനെ അദ്ദേഹം മുസ്ദലിഫയിൽ വരികയും അവിടെ വെച്ച് വുദുവെടുക്കുകയും വുദുവിനെ നന്നാക്കുകയും ചെയ്തു, ശേഷം നമസ്കാരത്തിന് ഇഖാമത്ത് വിളിക്കപ്പെടുകയും മഗ്രിബ് നമസ്കരിക്കുകയും ചെയ്തു, വീണ്ടും ഇഖാമത്ത് വിളിക്കപ്പെടുകയും ഇശാ നമസ്കരിക്കുകയും ചെയ്തു'.

പ്രവാചകന്റെ ഈ ചര്യയുടെ അടിസ്ഥാനത്തിൽ ഹാജി മഗ്രിബും ഇശാഉം മുസ്ദലിഫയിൽ വെച്ച് നമസ്കരിക്കലാണ് സുന്നത്ത്. എന്നാൽ അർദ്ധരാത്രി വിട്ടുകടന്ന് ഇശാഇന്റെ സമയം തെറ്റുമെന്ന് ഭയപ്പെട്ടാൽ സമയം തെറ്റുന്നതിന് മുമ്പ് എവിടെ വെച്ചാണെങ്കിലും നമസ്കരിക്കൽ അയാൾക്ക് നിർബന്ധമാണ്.

ആരാത്രി ഹാജി മുസ്ദലിഫയിൽ താമസിക്കണം, നമസ്കാരമോ മറ്റു ആരാധനകളോ കൊ

ണ്ട് രാത്രി കഴിച്ചുകൂട്ടരുത്, കാരണം നബി(ﷺ) അപ്രകാരം ചെയ്തിട്ടില്ല.

ഇബ്നുഉമർ(ﷺ)വിൽ നിന്നും ഇമാം ബുഖാരി റിപ്പോർട്ട് ചെയ്യുന്നു, മഗ്‌രിബിനും ഇശാക്കുമിടയിൽ നബി(ﷺ) ജുമഇൽ വെച്ച് ജംഅ് ചെയ്തു. അവക്കിടയിലോ അവ ഓരോന്നും കഴിഞ്ഞ ഉടനെയോ നബി(ﷺ) തസ്ബീഹ് ചൊല്ലിയില്ല'.

ജാബിർ(ﷺ)വിൽ നിന്നും ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്യുന്നു, 'നബി(ﷺ) മുസ്ദലിഫയിൽ വരികയും മഗ്‌രിബും ഇശാഉം ഒരു ബാങ്കും രണ്ട് ഇഖാമത്തും കൊണ്ട് നമസ്കരിക്കുകയും ചെയ്തു. അവക്ക് രണ്ടിനുമിടയിൽ ഒരു തസ്ബീഹും ചൊല്ലിയിട്ടില്ല. ശേഷം പ്രഭാതോദയം വരെ അദ്ദേഹം ചരിഞ്ഞു കിടന്നു.

ബലഹീനർക്ക് മുസ്ദലിഫയിൽ നിന്നും രാത്രിയുടെ അന്ത്യയാമത്തിൽ പുറപ്പെട്ടു പോവൽ അനുവദനീയമാണ്.

ഇബ്നു അബ്ബാസ്(ﷺ)വിൽ നിന്നും ഇമാം മുസ്‌ലിം ഉദ്ധരിക്കുന്നു,

( بعث بي رسول الله صلى الله عليه وسلم بسحرٍ من جمعٍ في ثقل رسول الله صلى الله عليه وسلم )

‘ബലഹീനരെയും കൊണ്ട് ജുമഇൽ നിന്നും രാത്രിയുടെ അന്ത്യയാമത്തിൽ നബി(ﷺ) എന്നെ നിയോഗിച്ചയക്കുകയുണ്ടായി’.

ഇബ്നുഉമർ(رضي الله عنهما)വിൽ നിന്നും റിപ്പോർട്ട് ചെയ്തതായി ബുഖാരിയിലും മുസ്ലിമിലുംകാണാം, അദ്ദേഹം തന്റെ കുടുംബത്തിലെ ബലഹീനരെ മുമ്പിൽ പറഞ്ഞയച്ചിരുന്നു. അങ്ങനെ അവർ രാത്രിയിൽ മുസ്ദലിഫയിൽ മശ്അറുൽ ഹറാമിന്റെ അടുക്കൽ നിൽക്കും. അവർക്ക് സാധിക്കുന്നത്ര അവർ അല്ലാഹുവിനെ സ്മരിക്കും, ശേഷം അവിടെ നിന്ന് പോവും, അവരുടെ കൂട്ടത്തിൽ മിനായിൽ സ്വുബ്ഹി നമസ്കാരത്തിന് എത്തിച്ചേരുന്നവരും അതിന്റെ ശേഷം അവിടെ എത്തിച്ചേരുന്നവരും ഉണ്ടായിരുന്നു. അവർ എത്തിച്ചേർന്നാൽ ജംറകളിൽ എറിയും. പ്രവാചകൻ(ﷺ) ഇളവ് നൽകിയവരാണവർ എന്ന് ഇബ്നു ഉമർ(رضي الله عنهما) പറയാറുണ്ടായിരുന്നു.

എന്നാൽ ബലഹീനരോ ബലഹീനന്റെ കൂടെയുള്ളവരോ അല്ലാത്ത എല്ലാവരും ഫജ്ർ നമസ്കരിക്കുന്നത് വരെ മുസ്ദലിഫയിൽ ഉണ്ടായിരിക്കേണ്ടതാണ്.

ആയിശ(ﷺ)യിൽ നിന്നും നിവേദനം, അവർ പറഞ്ഞു: 'മുസ്ദലിഫ രാവിൽ, നബി(ﷺ)യും മറ്റാളുകളും യാത്രയാവും മുമ്പെ യാത്ര പോവാൻ സൗദ(ﷺ) അനുവാദം ചോദിച്ചു, അവർ ബലഹീനയായ സ്ത്രീയായിരുന്നു. അദ്ദേഹം ഞങ്ങളെ നേരം പുലരുവോളം അവിടെ തടഞ്ഞു വെച്ചു, ശേഷം ഞങ്ങളെല്ലാം ഒന്നിച്ച് പുറപ്പെട്ടു. സൗദ(ﷺ) ചോദിച്ചതുപോലെ ഞാനും നബി(ﷺ)യോട് ചോദിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ അനുവാദത്തോടെ എനിക്കും പോവാമായിരുന്നു, എങ്കിൽ അതായിരുന്നു എനിക്കേറ്റവും ഇഷ്ടം'(മുസ്ലിം).

മറ്റൊരു റിപ്പോർട്ടിലുണ്ട്, അവർ പറഞ്ഞു: 'സൗദാ(ﷺ) അനുവാദം ചോദിച്ചതു പോലെ ഞാനും അദ്ദേഹത്തോട് അനുവാദം ചോദിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു' എന്ന്.

അങ്ങനെ അദ്ദേഹം ഫജ്ർ നമസ്കരിച്ചപ്പോൾ മശ്അറുൽ ഹറാമിന്റെ അടുക്കൽ വന്നു, ഖിബ്‌ലക്ക് അഭിമുഖമായി നിന്നു കൊണ്ട് അദ്ദേഹം അല്ലാഹുവിന്റെ ഏകത്വത്തെ സ്മരിക്കുകയും തക്ബീറും തഹ്‌ലീലും ചൊല്ലുകയും നേരം നന്നായി മഞ്ഞവർണ്ണം വ്യാപിക്കുന്നതുവരെ അദ്ദേഹം ഉദ്ദേശിച്ചത് പ്രാർത്ഥിക്കുകയും ചെയ്തു.

മശ്അറുൽ ഹറാമിലേക്ക് പോവാൻ സാധ്യമായില്ലെങ്കിൽ തന്റെ സ്ഥാനത്ത് നിന്നുകൊണ്ട് പ്രാർത്ഥിച്ചാൽ മതി. നബി(ﷺ) പറഞ്ഞു: 'ഞാൻ ഇവിടെ നിന്നു,(എങ്കിലും)ജുമഇൽ എല്ലായിടത്തും നിൽക്കാവുന്നതാണ്'.

**മിനായിലേക്കുള്ള സഞ്ചാരം, അവിടെ ഇറങ്ങൽ:**

മുസ്ദലിഫയിൽ രാപ്പാർത്ത ഹാജിമാർ ദുആ ദിക്റുകളിൽ നിന്നും വിരമിച്ച് സൂര്യോദയത്തിനു മുമ്പായി മിനായിലേക്ക് പുറപ്പെടണം. മിനായിലെത്തിയാൽ താഴെ പറയുന്ന കാര്യങ്ങൾ അവർ ചെയ്യണം:

**1- ജംറത്തുൽ അഖബയിൽ എറിയുക**. മക്കയോട് ഏറ്റവും അടുത്തുള്ളതും മിനായുടെ അവസാ

നത്തിലുള്ളതുമായ വലിയ ജംറയാണിത്. കടലമണിയെക്കാൾ അൽപ്പം വലിപ്പമുള്ള ഏഴ് കല്ലുകൾ അവിടെ എറിയണം. കല്ലുകൾ ഒന്നിനു പിറകെ ഒന്നായാണ് എറിയേണ്ടത്, സാധ്യമാവുമെങ്കിൽ ബത്വനുൽ വാദിയിൽ നിന്ന് എറിയുക, അപ്പോൾ കഅ്ബ തന്റെ ഇടതുഭാഗത്തും മിനാ തന്റെ വലതുഭാഗത്തുമായിരിക്കും. ഇബ്നു മസ്ഊദ്(ﷺ) വിൽ നിന്നും ഉദ്ദരിക്കപ്പെടുന്നു: 'അദ്ദേഹം ജംറത്തുൽ കുബ്റായിലേക്ക് ചെല്ലുകയും, കഅ്ബയെ തന്റെ ഇടതുഭാഗത്തും മിനായെ തന്റെ വലതുഭാഗത്തുമാക്കിക്കൊണ്ട് ഏഴ് കല്ലുകൾ എറിയുകയും ചെയ്തു.ശേഷം അദ്ദേഹം പറഞ്ഞു: 'ഇതാണ് സൂറത്തുൽ ബഖറയിൽ സൂചിപ്പിക്കപ്പെട്ട ഏറ്' (ബുഖാരി, മുസ്‌ലിം).

ഓരോ കല്ലും എറിയുമ്പോൾ 'അല്ലാഹു അക്ബർ' എന്ന് തക്ബീർ ചൊല്ലണം. വലിയ കല്ലുകൾ കൊണ്ടോ ഷൂ, ചെരുപ്പ് പോലെയുള്ളവ കൊണ്ടോ എറിയൽ അനുവദനീയമല്ല.

വിനയത്തോടെയും ഭയഭക്തിയോടെയും തക്ബീർ ചൊല്ലിക്കൊണ്ടുമാണ് എറിയേണ്ടത്. വിവരമില്ലാത്ത പലരും ചെയ്യുന്ന പോലെ രോഷ

ത്തോടെയും ചീത്ത വിളിച്ചും അട്ടഹസിച്ചും എറിയാൻ പാടില്ല. കാരണം ജംറകളിൽ എറിയൽ അല്ലാഹുവിന്റെ ചിഹ്നങ്ങളിൽപ്പെട്ടതാണ്. അല്ലാഹു പറയുന്നു: 'അല്ലാഹുവിന്റെ ചിഹ്നങ്ങളെ ആരെങ്കിലും ബഹുമാനിച്ചാൽ തീർച്ചയായും അത് ഹൃദയങ്ങളുടെ തഖ്‌വയിൽപ്പെട്ടതാണ്'.

നബി(ﷺ) പറഞ്ഞു: 'കഅ്ബക്കുള്ള പ്രദക്ഷിണവും, സ്വഫാമർവകൾക്കിടയിലുള്ള സഅ്‌യും, ജംറകളിലെ ഏറുമെല്ലാം നിശ്ചയിക്കപ്പെട്ടിരിക്കുന്നത് അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ നിലനിറുത്താൻ വേണ്ടിയാണ്'.

ജംറകളിൽ ശക്തി പ്രയോഗിച്ച് തിക്കിത്തിരക്കി മുസ്‌ലിം സഹോദരങ്ങൾക്ക് പ്രയാസമുണ്ടാക്കാനോ അവരെ ഉപദ്രവിക്കാനോ പാടുള്ളതല്ല.

**2– ജംറയിലെ ഏറ് കഴിഞ്ഞ ശേഷം,തന്റെ കൂടെ ബലി മൃഗം കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അതിനെ അറുക്കണം. അല്ലെങ്കിൽ വാങ്ങിച്ച് അറുക്കണം.**

നിർബന്ധമായ ബലികളുടെ ഇനങ്ങളെ സംബന്ധിച്ചും അതിന്റെ വിശേഷണങ്ങളെക്കുറിച്ചും അറുക്കേണ്ട സ്ഥലം സമയം എന്നിവയെക്കുറി

ച്ചും അറുക്കേണ്ട രൂപത്തെക്കുറിച്ചുമെല്ലാം മുമ്പ് വിശദീകരിച്ചിട്ടുള്ളതാണ്. വേണ്ടത് ആവർത്തിച്ച് വായിക്കുക.

**3– ബലിയറുത്ത ശേഷം പുരുഷൻ തലമുണ്ഡനം ചെയ്യുകയോ മുടി മുറിക്കുകയോ ചെയ്യണം.**

മുണ്ഡനമാണ് ഏറ്റവും ഉത്തമം. കാരണം അല്ലാഹു അവരെയാണ് മുന്തിച്ചത്. അല്ലാഹു പറയുന്നു: ( محلقين رؤوسكم ومقصرين )

'നിങ്ങളുടെ തലകൾ മുണ്ഡനംചെയ്തവരും മുടി മുറിച്ചവരുമായിക്കൊണ്ട്'.അതു പോലെ നബി(ﷺ) ചെയ്തതും അതുതന്നെയാണ്. അനസ്ബ്നുമാലിക്(ﷺ) വിൽ നിന്നും നിവേദനം:'നബി(ﷺ) മിനായിൽ വന്നു, അങ്ങനെ ജംറയിൽ എറിഞ്ഞു, ശേഷം മിനായിലെ തന്റെ താവളത്തിൽ വരികയും ശേഷം അറുക്കുകയും ചെയ്തു.ശേഷം ക്ഷുരകനോട് പറഞ്ഞു:'എടുത്തോളൂ, അദ്ദേഹം തന്റെ വലതു ഭാഗത്തേക്കും ശേഷം ഇടതുഭാഗത്തേക്കും ആംഗ്യം കാണിച്ചു, ശേഷം അത് ജനങ്ങൾക്ക് കൊടുക്കാൻ തുടങ്ങി'(മുസ്ലിം).അതുപോലെ നബി(ﷺ) മുണ്ഡനം ചെയ്തവർക്ക് വേണ്ടി മൂന്ന് പ്രാവശ്യ

വും മുടി മുറിച്ചവർക്ക് വേണ്ടി കാരുണ്യത്തിനും പാപമോചനത്തിനുമായി ഒരു പ്രാവശ്യവുമാണ് പ്രാർത്ഥിച്ചത്. കാരണം മുണ്ഡനം ചെയ്യൽ, തന്റെ ഓരോ മുടിയും വീഴ്ത്തിക്കളയുന്നതിലൂടെ അല്ലാഹുവിനെ മഹത്വപ്പെടുത്തുന്നതിന്റെ മൂർത്ത രൂപമാണ്.

മുണ്ഡനം ചെയ്യുന്നതോ മുടി മുറിക്കുന്നതോ ഏതായാലും തലയുടെ മുഴുവൻ ഭാഗത്തു നിന്നുമായിരിക്കണം. അല്ലാഹു പറയുന്നത്:'നിങ്ങളുടെ തലകൾ മുണ്ഡനം ചെയ്തവരായും (മുടി) മുറിച്ചവരായും' എന്നാണല്ലോ.

ഇവിടെ തലയിലേക്ക് ചേർക്കപ്പെട്ടു കൊണ്ട് പ്രയോഗിക്കപ്പെട്ട ക്രിയ അതിന്റെ മുഴുവൻ ഭാഗങ്ങളെയും ഉൾക്കൊള്ളുന്നുണ്ട്. കാരണം തലയുടെ ചില ഭാഗങ്ങൾ ഒഴിവാക്കി ചില ഭാഗങ്ങൾ മാത്രം ക്ഷൗരം ചെയ്യൽ ശറഇൽ വിരോധിക്കപ്പെട്ടതാണ്. നാഫിഅ്ബ്നു ഉമറിൽ നിന്നും റിപ്പോർട്ട്, 'നബി(ﷺ) 'ഖസഅ്'നെ (قزع)വിരോധിച്ചിരിക്കുന്നു. അപ്പോൾ നാഫിഇനോട് ചോദിക്കപ്പെട്ടു:എന്താണ് 'ഖസഅ്' അദ്ദേഹം പറഞ്ഞു:(ഒരുകുട്ടിയുടെ)തല

യുടെ ചില ഭാഗങ്ങൾ ക്ഷൗരം ചെയ്യുകയും ചില ഭാഗങ്ങൾ ഒഴിവാക്കുകയും ചെയ്യലാണത്. അപ്പോൾ 'ഖസഅ്' വിരോധിക്കപ്പെട്ടതാണെന്നിരിക്കെ അതൊരിക്കലും അല്ലാഹുവിലേക്കുള്ള ഒരു സാമീപ്യ മാർഗ്ഗമാവുകയില്ല. നബി(ﷺ)യാണെങ്കിൽ അല്ലാഹുവിനുള്ള ഒരു ആരാധനാകർമ്മമായിക്കൊണ്ട് തന്റെ തല മുഴുവനുമാണ് മുണ്ഡനം ചെയ്തത്. അദ്ദേഹം പറയുകയും ചെയ്തു: 'നിങ്ങൾ എന്നിൽ നിന്നും നിങ്ങളുടെ ഹജ്ജിന്റെ കർമ്മങ്ങൾ സ്വീകരിക്കുക'.

എന്നാൽ സ്ത്രീ തന്റെ മുടിയുടെ അറ്റത്തു നിന്നും വിരൽത്തല നീളത്തിൽ മുറിച്ചുകളയുകയാണ് വേണ്ടത്.

മേൽപ്പറഞ്ഞ കാര്യങ്ങൾ ചെയ്ത് കഴിഞ്ഞാൽ സ്ത്രീയൊഴികെ ഇഹ്റാമിൽ നിഷിദ്ധമായ എല്ലാ കാര്യങ്ങളും ഹാജിക്ക് അനുവദനീയമാവും. അതോടെ സുഗന്ധം പൂശുകയും വസ്ത്രം മാറ്റുകയും മുടിയും നഖവും മുറിക്കുകയും ചെയ്യാം. സ്ത്രീ സംസർഗ്ഗമൊഴികെ ഇഹ്റാമിൽ നിഷിദ്ധമായ മറ്റു കാര്യങ്ങളും ആവാം.

ഈ തഹല്ലുലിൽ സുഗന്ധം പൂശൽ സുന്ന ത്താണ്. ആയിശ(ﷺ) പറയുന്നു: 'ഞാൻ നബി(ﷺ) ക്ക് ഇഹ്റാമിൽ പ്രവേശിക്കുന്നതിന് മുമ്പ് ഇഹ്റാ മിന് വേണ്ടിയും കഅ്ബ ത്വവാഫ് ചെയ്യുന്നതിന് മുമ്പ് തഹല്ലുലിന് വേണ്ടിയും സുഗന്ധം പൂശി ക്കൊടുക്കാറുണ്ടായിരുന്നു' (ബുഖാരി, മുസ്‌ലിം).

ഇമാം മുസ്‌ലിമിന്റെ വാക്കുകളിൽ ഇപ്രകാ രം കൂടിയുണ്ട്: 'ഞാൻ നബി(ﷺ)ക്ക് അദ്ദേഹം ഇ ഹ്റാം ചെയ്യുന്നതിന് മുമ്പും ബലി ദിവസം കഅ് ബ ത്വവാഫ് ചെയ്യുന്നതിന് മുമ്പും,കസ്തൂരി കല ർന്ന സുഗന്ധം പൂശിക്കൊടുക്കാറുണ്ടായിരുന്നു'.

**4- കഅ്ബ ത്വവാഫ് ചെയ്യൽ:** ഇതാണ് ഇഫാദയു ടെയും സിയാറയുടെയും ത്വവാഫ്. അല്ലാഹു പറ യുന്നു:

ثُمَّ لْيَقْضُوا تَفَثَهُمْ وَلْيُوفُوا نُذُورَهُمْ وَلْيَطَّوَّفُوا بِالْبَيْتِ الْعَتِيقِ

( الحج: ٢٩ )

'പിന്നെ അവർ തങ്ങളുടെ അഴുക്ക് നീക്കിക്കളയു കയും, തങ്ങളുടെ നേർച്ചകൾ നിറവേറ്റുകയും,

പുരാതനമായ ആഭവനത്തെ പ്രദക്ഷിണം വെക്കുകയും ചെയ്തുകൊള്ളട്ടെ' (ഹജ്ജ്: 29).

ജാബിർ(ﷺ) വിൽ നിന്നും നബി(ﷺ)യുടെ ഹജ്ജിന്റെ രൂപം വിശദീകരിക്കുന്ന ഹദീസിൽ സ്വഹീഹു മുസ്‌ലിമിൽ കാണാം,അദ്ദേഹം പറയുന്നു: 'പിന്നീട് നബി(ﷺ) വാഹനം കയറി മക്കയിലേക്ക് പോയി, ശേഷം അവിടെവെച്ച് അദ്ദേഹം ദുഹ്ർ നമസ്കരിച്ചു....'

ആയിശ(ﷺ) യിൽ നിന്നും നിവേദനം. അവർ പറയുന്നു: 'ഞങ്ങൾ നബി(ﷺ) യോടൊപ്പം ഹജ്ജ് ചെയ്തു, അങ്ങനെ ബലി ദിവസം ഞങ്ങൾ ത്വവാഫുൽ ഇഫാദ ചെയ്തു' (ബുഖാരി, മുസ്‌ലിം).

തമത്തുഅ് ആയി ഹജ്ജ് ചെയ്തവനാണെങ്കിൽ ത്വവാഫിന് ശേഷം സഅ്യും കൂടെ നിർവ്വഹിക്കണം. കാരണം അദ്ദേഹത്തിന്റെ ആദ്യത്തെ സഅ്യ് ഉംറയുടേതായിരുന്നു. അതുകൊണ്ട് അദ്ദേഹം നിർബന്ധമായും ഹജ്ജിന്റെ സഅ്യ് നിർവ്വഹിക്കേണ്ടതുണ്ട്.

ആയിശ(ﷺ) യിൽ നിന്നും നിവേദനം, അവർ പറഞ്ഞു: 'ഉംറക്ക് ഇഹ്റാം ചെയ്ത ആളുകൾ കഅ്ബയെ ത്വവാഫും, സ്വഫാമർവക്കിടയിൽ സഅ്യും ചെയ്തു. അവർ തഹല്ലുലാവുകയും, ശേഷം അവർ മിനായിൽ നിന്ന് മടങ്ങിവന്ന അവസരത്തിൽ വീണ്ടും അവരുടെ ഹജ്ജിന് വേണ്ടി മറ്റൊരു ത്വവാഫും സഅ്യും കൂടി ചെയ്തു.എന്നാൽ ഹജ്ജിനും ഉംറക്കും കൂടി ഒന്നിച്ച് ഇഹ്റാം ചെയ്തവർ ഒരു ത്വവാഫ് മാത്രമേ ചെയ്തുള്ളു' (ബുഖാരി, മുസ്ലിം).

ആയിശാ(ﷺ) യിൽ നിന്നും ഇമാം മുസ്ലിം റിപ്പോർട്ട് ചെയ്യുന്നു, അവർ പറഞ്ഞു: 'സ്വഫാ മർവക്കിടയിൽ സഅ്യ് നടത്താത്ത ഒരു മനുഷ്യന്റെയും ഹജ്ജും ഉംറയും അല്ലാഹു പൂർണ്ണമാക്കിയിട്ടില്ല'. ഇത് ഇമാം ബുഖാരി ഒരു കുറിപ്പായി കൊടുത്തിട്ടുണ്ട്.

ഇബ്നുഅബ്ബാസ്(ﷺ)വിൽ നിന്നും റിപ്പോർട്ട്, അദ്ദേഹം പറയുന്നു: 'ശേഷം തർവിയ ദിവസം വൈകുന്നേരം നബി(ﷺ) ഞങ്ങളോട് ഹജ്ജിന് ഇഹ്റാം ചെയ്യാൻ കൽപ്പിച്ചു, അങ്ങനെ ഞങ്ങൾ

എല്ലാ കർമ്മങ്ങളിൽ നിന്നും വിരമിച്ചപ്പോൾ ഞങ്ങൾ വന്ന് കഅ്ബ ത്വവാഫ് ചെയ്യുകയും സ്വഫാമർവയിൽ സഅ്യ് നടത്തുകയും ചെയ്തു, ഞങ്ങളുടെ ഹജ്ജ് പൂർത്തിയായി, ഞങ്ങളുടെ മേൽ ബലി നിർബന്ധമായിരുന്നു'.

ഹാജി മുഫ്രിദോ (ഹജ്ജിന് മാത്രം ഇഹ്റാം ചെയ്തവൻ) ഖാരിനോ(ഹജ്ജിനും ഉംറക്കും കൂടി ഒന്നിച്ച് ഇഹ്റാം ചെയ്തവൻ) ആണെങ്കിൽ ത്വവാഫുൽ ഖുദൂമിന്റെ കൂടെ സഅ്യ് ചെയ്തിട്ടുണ്ടെങ്കിൽ വീണ്ടും സഅ്യ് ആവർത്തിക്കേണ്ടതില്ല. ജാബിർ(ﷺ) പറയുന്നു: 'നബി(ﷺ)യും അദ്ദേഹത്തിന്റെ സ്വഹാബത്തും സ്വഫാമർവകൾക്കിടയിൽ ആദ്യത്തെ സഅ്യായ ഒരൊറ്റ സഅ്യ് മാത്രമേ ചെയ്തിട്ടുള്ളു' (മുസ്ലിം).

എന്നാൽ മുമ്പ് സഅ്യ് നിർവ്വഹിച്ചിട്ടില്ലെങ്കിൽ അയാൾക്ക് സഅ്യ് നിർബന്ധമാണ്, കാരണം ആയിശ(ﷺ) യിൽ നിന്ന് ഉദ്ദരിക്കപ്പെട്ട പോലെ സഅ്യ് നിർവ്വഹിക്കാതെ ഹജ്ജ്പൂർണ്ണമാവുകയില്ല.

ത്വവാഫുൽ ഇഫാദ നിർവ്വഹിക്കുകയും മുമ്പോ ശേഷമോ സഅ്യ് നിർവ്വഹിക്കുകയും ചെയ്താൽ മുഫ്രിദോ മുഖ്രിനോ ആണെങ്കിൽ അ

ദ്ദേഹത്തിന് പൂർണ്ണവിരാമം ആയി. അദ്ദേഹത്തിന് ഇഹ്റാമിൽ നിഷിദ്ധമായിരുന്ന എല്ലാം ഇതോടെ അനുവദനീയമായി. ഇബ്നുഉമർ(ﷺ)വിൽ നിന്നും പ്രവാചകന്റെ ഹജ്ജിനെക്കുറിച്ച് മുത്തഫഖുൻ അലൈഹിയുടെ റിപ്പോർട്ടിൽ കാണാം, 'ബലി ദിവസം അദ്ദേഹം തന്റെ ബലി അറുത്തു, കഅ്ബയിലേക്ക് പോവുകയും ത്വവാഫ് നടത്തുകയും ചെയ്തു. ഇതോടെ അവർക്ക് നിഷിദ്ധമായിരുന്ന മുഴുവൻ കാര്യങ്ങളിൽ നിന്നും അവർ പൂർണ്ണമായും തഹല്ലുലായി'.

പെരുന്നാൾ ദിവസത്തെ കർമ്മങ്ങൾ താഴെ പറയുന്ന രൂപത്തിൽ ക്രമപ്പെടുത്തി നിർവ്വഹുക്കുന്നതാണ് ഏറ്റവും ഉത്തമം.

1) ജംറത്തുൽ അഖബയിൽ എറിയൽ.

2) ബലിയറുക്കൽ.

3) മുടി നീക്കൽ അല്ലെങ്കിൽ മുറിക്കൽ.

4) മുതമത്തിആണെങ്കിൽ, അല്ലെങ്കിൽ ത്വവാഫുൽ ഖുദൂമിന്റെ കൂടെ സഅ്യ് നിർവ്വഹിച്ചിട്ടില്ലാത്ത മുഫ്രിദോ ഖാരിനോ ആണെങ്കിൽ, ത്വവാഫും ശേഷം സഅ്യും നിർവ്വഹിക്കൽ.

നബി(ﷺ) ഈ രൂപത്തിലാണ് കർമ്മങ്ങൾ ക്രമപ്പെടുത്തിയത്. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ എന്നിൽ നിന്നും കർമ്മങ്ങൾ സ്വീകരിക്കുക'.എന്നാൽ ഇവയിൽ ഏതെങ്കിലും മറ്റൊന്നിനെ മുൻകടക്കുകയോ പിന്തിക്കുകയോ ചെയ്യുന്നത് അതുകൊണ്ട് കുഴപ്പമൊന്നുമില്ല. ഇബ്നു അബ്ബാസ്(ﷺ) വിൽ നിന്നും നിവേദനം, നബി(ﷺ)യോട് അറവും മുടിനീക്കലും ഏറുമെല്ലാം മുന്തിച്ചതായും പിന്തിച്ചതായും പറയപ്പെട്ടു. അപ്പോഴെല്ലാം അദ്ദേഹം പറഞ്ഞത്: 'കുറ്റമില്ല' എന്നായിരുന്നു'(ബുഖാരി, മുസ്ലിം).

ഇമാം ബുഖാരിയുടെ റിപ്പോർട്ടിൽ കാണാം. അദ്ദേഹം പറയുന്നു: 'ബലി ദിവസം നബി(ﷺ) മിനായിൽ വെച്ച് ചോദിക്കപ്പെട്ടുകൊണ്ടിരുന്നു അപ്പോഴെല്ലാം അദ്ദേഹം പറഞ്ഞു: 'കുറ്റമില്ല'. അപ്പോൾ ഒരാൾ ചോദിച്ചു: 'ഞാൻ അറുക്കുന്നതിന് മുമ്പ് മുടി നീക്കി, നബി(ﷺ) പറഞ്ഞു: 'അറുത്തോളൂ കുഴപ്പമില്ല' മറ്റൊരാൾ പറഞ്ഞു: 'ഞാൻ വൈകുന്നേരമാണ് എറിഞ്ഞത്' നബി(ﷺ) പറഞ്ഞു: 'കുഴപ്പമില്ല'.

അബ്ദുല്ലാഹിബ്നു അംറി(ﷺ)ൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടതായി സ്വഹീഹ് മുസ്ലിമിൽ കാണാം. 'ഏറിന്റെ മുമ്പ് മുടി നീക്കിയതിനെക്കുറിച്ചും, ഏറിന്റെ മുമ്പ് അറുത്തതിനെക്കുറിച്ചും, ഏറിന് മുമ്പ് ത്വവാഫുൽ ഇഫാദ നടത്തിയതിനെക്കുറിച്ചുമെല്ലാം നബി(ﷺ) ചോദിക്കപ്പെട്ടു, അപ്പോൾ അദ്ദേഹം പറഞ്ഞു: 'എറിഞ്ഞോളൂ കുറ്റമില്ല'. അബ്ദുല്ലാഹിബ്നു അംറ്(ﷺ) പറയുന്നു: 'അന്ന് നബി(ﷺ) ചോദിക്കപ്പെട്ട ഏതൊന്നിനും അദ്ദേഹം മറുപടി പറയുന്നതായി ഞാൻ കണ്ടത് 'ചെയ്തോളൂ കുഴപ്പമില്ല' എന്നാണ്.

പെരുന്നാൾ ദിവസം ത്വവാഫിന് സാധ്യമായില്ലെങ്കിൽ വൈകിപ്പിക്കൽ അനുവദനീയമാണ്. എന്നാൽ അയ്യാമുത്തശ്രീഖ് (ദുൽഹജ്ജ്: 11,12,13 ദിവസങ്ങൾ) വിട്ടുകടക്കാതിരിക്കലാണ് ഏറ്റവും ഉത്തമം. രോഗം, ഹൈദ്, നിഫാസ് പോലെയുള്ള പ്രതിബന്ധങ്ങൾ ഉണ്ടെങ്കിലൊഴികെ.

**വീണ്ടും മിനായിലേക്ക്:**

പെരുന്നാൾ ദിവസം ത്വവാഫും സഅ്യും കഴിഞ്ഞ് ഹാജി വീണ്ടും മിനായിലേക്ക് തന്നെ മ

ടങ്ങുകയും പെരുന്നാൾദിവസവും തശ്‌രീഖ് ദിവസങ്ങളും അവയുടെ രാവുകളും അവിടെ താമസിക്കുകയും വേണം.കാരണം നബി(ﷺ) ഈ ദിവസങ്ങളിലും അവയുടെ രാവുകളിലും അവിടെയാണ് കഴിച്ചുകൂട്ടിയത്. അതിനാൽ ധൃതിയില്ലാത്ത ഹാജി 11,12,13 ദിവസങ്ങളുടെ രാവുകൾ മിനായിൽ കഴിച്ചുകൂട്ടണം.കാരണം നബി(ﷺ) അപ്രകാരം അവിടെ രാപ്പാർത്തു. അദ്ദേഹം പറയുകയും ചെയ്തു:'നിങ്ങളുടെ കർമ്മങ്ങൾ നിങ്ങൾ എന്നിൽ നിന്നും സ്വീകരിക്കുക'.

ഹജ്ജിന്റയോ ഹാജിമാരുടെയോ നന്മക്കു വേണ്ടി, മാന്യമായ കാരണങ്ങൾ ഉണ്ടാവുന്ന പക്ഷം മിനായിലെ രാപ്പാർക്കൽ ഒഴിവാക്കാവു ന്നതാണ്. അബ്ദുല്ലാഹിബ്നു അംറ്(ﷺ)വിൽ നിന്നും നിവേദനം: 'ഹാജിമാർക്ക് വെള്ളം നൽകാനായി മിനായുടെ രാത്രികൾ മക്കയിൽ താമസിക്കാൻ നബി(ﷺ)യോട് അബ്ബാസ്ബ്നു അബ്ദുൽമുത്വലിബ് (ﷺ) അനുവാദം ചോദിച്ചു, അപ്പോൾ അദ്ദേഹം അനുവാദം നൽകുകയും ചെയ്തു'. (ബുഖാരി, മുസ്‌ലിം).

അതുപോലെ, ആസിമ്ബ്നു അദിയ്യ്(ﷺ)വിൽ നിന്നും നിവേദനം:'നബി(ﷺ) ഒട്ടക ഇടയർക്ക് മിന വിട്ട് അവരുടെ വീടുകളിൽ രാപ്പാർക്കാൻ ഇളവ് നൽകുകയുണ്ടായി' (അൽ ഖംസ).

അയ്യാമുത്തശ്രീഖിന്റെ ദിവസങ്ങളിൽ ഓരോ ദിവസവും മൂന്ന് ജംറകളിലുംഒന്നിന് പിറകെ ഒന്നായി ഏഴ് കല്ലുകൾ എറിയണം. ഓരോ കല്ലിന്റെയും കൂടെ തക്ബീർ ചൊല്ലുകയും വേണം. സൂര്യൻ മധ്യത്തിൽ നിന്ന് തെറ്റിയ ശേഷമാണ് എറിയേണ്ടത്.

ആദ്യം മസ്ജിദുൽ ഖൈഫിന്റെ സമീപത്തുള്ള ഒന്നാം ജംറയെ എറിയുക. ശേഷം അൽപ്പം മുന്നോട്ടു പോയി ഒഴിഞ്ഞ് ഖിബ്‌ലക്ക് അഭിമുഖമായി ദീർഘമായി നിന്ന് കൈകളുയർത്തിക്കൊണ്ട് പ്രാർത്ഥിക്കണം.

ശേഷം മധ്യമ ജംറയെ എറിയണം. ശേഷം ഇടതു വശത്തേക്ക് മാറി ഖിബ്‌ലക്ക് അഭിമുഖമായി നിന്ന് കൈകളുയർത്തിക്കൊണ്ട് ദീർഘമായി പ്രാർത്ഥിക്കണം. ശേഷം ചെറിയ ജംറയെ എറിയണം.ശേഷം അവിടെ നിന്നു പിരിഞ്ഞ് പോവണം,

പ്രാർത്ഥിക്കാൻ നിൽക്കേണ്ടതില്ല. ഇപ്രകാരം, നബി(ﷺ) അവിടെ പ്രാർത്ഥിക്കാൻ നിൽക്കാറുണ്ടായിരുന്നില്ല എന്നാണ് ഇമാം ബുഖാരി ഇബ്നു ഉമർ (ﷺ)വിൽ നിന്നും ഉദ്ദരിച്ചിരിക്കുന്നത്.

ജംറകൾക്കിടയിൽ ദീർഘമായി നിൽക്കാൻ സാധ്യമാവാത്ത ആളുകൾ, വിവരമില്ലായ്മ കൊണ്ടോ അവഗണനയാലോ അനേകം ആളുകൾ പാടെ ഉപേക്ഷിച്ച ഈ സുന്നത്ത് പുനരുജ്ജീവിപ്പിക്കാനായി ഹാജി തനിക്ക് കഴിയുന്നത്രയെങ്കിലും നിൽക്കേണ്ടതുണ്ട്.

സുന്നത്ത് നഷ്ടപ്പെടുത്തിക്കൊണ്ട് ഈ നിറുത്തം ഉപേക്ഷിക്കാൻ ഹാജിക്ക് പാടുള്ളതല്ല. കാരണം സുന്നത്തുകൾ ഉപേക്ഷിക്കും തോറും തന്റെ ഹജ്ജിന്ന് ലഭിക്കുന്ന ശ്രേഷ്ഠത കുറഞ്ഞു വരികയും, ജനങ്ങൾക്കിടയിൽ സുന്നത്ത് വ്യാപകമായി പ്രചരിപ്പിക്കാനുള്ള സാധ്യതകൾ നഷ്ടപ്പെടുകയുമാണ് സംഭവിക്കുന്നത്.

ഈ ദിവസങ്ങളിലെ (തശ്രീഖ് ദിവസങ്ങൾ) ഏറുകൾ സൂര്യൻ മധ്യത്തിൽ നിന്ന് തെറ്റിയ ശേഷമല്ലാതെ അനുവദനീയമല്ല. കാരണം നബി(ﷺ) എറിഞ്ഞത് സൂര്യൻ മധ്യത്തിൽനിന്ന് തെറ്റിയ ശേ

ഷമാണ്. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ എന്നിൽ നിന്നും കർമ്മങ്ങൾ പഠിക്കുക'. ജാബിർ(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: 'ബലി ദിവസം നബി(ﷺ) ദുഹാ സമയത്ത് എറിഞ്ഞു, ശേഷമുള്ള ദിവസങ്ങൾ സൂര്യൻ മധ്യത്തിൽ നിന്ന് തെറ്റിയ ശേഷവും' (മുസ്‌ലിം).

അപ്രകാരമായിരുന്നു സ്വഹാബത്തും ചെയ്തിരുന്നത്. അബ്ദുല്ലാഹിബ്നുഉമർ(ﷺ) വിൽ നിന്നും നിവേദനം, അദ്ദേഹം ചോദിക്കപ്പെട്ടു, 'എപ്പോഴാണ് ഞാൻ എറിയേണ്ടത്? അദ്ദേഹം പറഞ്ഞു:'ഞങ്ങൾ അതിനായി തയ്യാറായി നിൽക്കും, അങ്ങനെ സൂര്യൻ മധ്യത്തിൽ നിന്ന് നീങ്ങിയാൽ ഞങ്ങൾ എറിയുകയും ചെയ്യും' (ബുഖാരി, മുസ്‌ലിം).

ദുൽഹജ്ജ് 12ന് ജംറകളിലെ ഏറ് കഴിഞ്ഞാൽ അയാൾ ഹജ്ജിന്റെ നിർബന്ധ ഘടകങ്ങളിൽ നിന്നും മുക്തനായി. ഇതിന് ശേഷം അയാൾക്ക് രണ്ടിൽ ഒന്ന് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ഒന്നുകിൽ ദുൽഹജ്ജ് 13നും, സൂര്യൻ മധ്യത്തിൽ നിന്നും തെറ്റിയ ശേഷമുള്ള അതിലെ

ഏറിനു വേണ്ടി മിനായിൽ താമസിക്കാം, അല്ലെങ്കിൽ അന്ന് തന്നെ യാത്രയാവാം. അല്ലാഹു പറയുന്നു:

وَاذْكُرُواْ اللّهَ فِي أَيَّامٍ مَّعْدُودَاتٍ فَمَن تَعَجَّلَ فِي يَوْمَيْنِ فَلاَ إِثْمَ عَلَيْهِ وَمَن تَأَخَّرَ فَلا إِثْمَ عَلَيْهِ لِمَنِ اتَّقَى وَاتَّقُواْ اللّهَ وَاعْلَمُوا أَنَّكُمْ إِلَيْهِ تُحْشَرُونَ ( البقرة : ٢٠٣ )

'(അവയിൽ) രണ്ടു ദിവസം കൊണ്ട് മതിയാക്കി ആരെങ്കിലും ധൃതിപ്പെട്ട് പോരുന്ന പക്ഷം അവന് കുറ്റമില്ല, (ഒരു ദിവസം കൂടി) താമസിച്ചു പോരുന്നവന്നും കുറ്റമില്ല. സൂക്ഷ്മത പാലിക്കുന്നവന്ന് (അതാണ് ഉത്തമം)' (ബഖറ: 203).

എന്നാൽ വൈകിപ്പിക്കുന്നതാണ് ഉത്തമം, കാരണം അതാണ് നബി(ﷺ)ചെയ്തതും കൂടുതൽ കർമ്മങ്ങളുള്ളതും. 13-ാം രാവിലെ രാപ്പാർക്കലും 13 ലെ ഏറും അതു മുഖേന ലഭിക്കുന്നു.

എന്നാൽ 12ന് സൂര്യാസ്തമയം വരെ മിനായിൽ അവശേഷിച്ചാൽ പിന്നീട് മിനാ വിട്ടുപോവാൻ പാടില്ല. കാരണം അല്ലാഹു പറഞ്ഞത് (രണ്ടു ദിവസം കൊണ്ട് മതിയാക്കി ആരെങ്കിലും ധൃതിപ്പെട്ട് പോരുന്ന പക്ഷം) എന്നാണ്. അപ്പോൾ

ധൃതി കാണിക്കാനുള്ള ആനുകൂല്യം രണ്ട് ദിവസത്തിൽ പരിമിതമാണ്,ആ സമയം കഴിഞ്ഞാൽ ആ ആനുകൂല്യം കഴിഞ്ഞു. സൂര്യൻ അസ്തമിക്കുന്നതോടെയാണല്ലോ ദിവസം അവസാനിക്കുന്നത്. 'മുവത്വഇ'ൽ കാണാം നാഫിഇൽ നിന്നും റിപ്പോർട്ട്, അബ്ദുല്ലാഹിബ്നു ഉമർ(ﷺ) പറയാറുണ്ടായിരുന്നു: 'തശ്രീഖ് ദിവസങ്ങളിൽ 12–ാം ദിവസം സൂര്യൻ അസ്തമിക്കുന്ന വേളയിൽ മിനായിൽ ഉള്ളവൻ അടുത്ത ദിവസത്തെ ഏറ് കഴിഞ്ഞല്ലാതെ മിനാ വിട്ടുപോവരുത്'. എന്നാൽ, യാത്രാ ഒരുക്കം കാരണത്താലോ, വാഹനങ്ങളുടെയും മറ്റും തിരക്ക് കാരണത്താലോ, അല്ലെങ്കിൽ അതുപോലെയുള്ള മറ്റുകാരണങ്ങളാലോ തന്റെ ഇഷ്ടപ്രകാരമല്ലാതെ മിനാ വിടാൻ വൈകിപ്പോയവർക്ക് യാത്ര പുറപ്പെടാവുന്നതാണ്. അയാളുടെ മേൽ ഒരു പ്രായശ്ചിത്തവും ഇല്ല, സൂര്യാസ്തമയത്തിന് ശേഷമാണ് അയാൾ മിനാ വിട്ടതെങ്കിലും ശരി.

**എറിയാൻ ഏൽപ്പിക്കൽ:**

ജംറകളിൽ എറിയൽ ഹജ്ജിന്റെ കർമ്മങ്ങളിൽപ്പെട്ട അതിന്റെ ഒരു നിർബന്ധ ഘടകമാണ്. അതുകൊണ്ട് തന്നെ കഴിവുള്ള ഓരോരുത്തരും

അത് സ്വന്തമായിത്തന്നെ നിർവ്വഹിക്കേണ്ടതുണ്ട്. ഹജ്ജ് ഫർദായാലും ഐച്ഛികമായാലും ശരി. അല്ലാഹു പറയുന്നു: ( وأتموا الحج والعمرة لله )
'നിങ്ങൾ അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറയും പൂർത്തിയാക്കുക' അതുകൊണ്ട് തന്നെ ഹജ്ജിലും ഉംറയിലും പ്രവേശിച്ചയാൾ അത് പൂർത്തിയാക്കൽ നിർബന്ധമാണ്, അവ ഐച്ഛികമാണെങ്കിലും ശരി. പ്രായാധിക്യം കൊണ്ടോ രോഗം കൊണ്ടോ മറ്റോ കഴിയാത്തവരോ, കുട്ടികളെപ്പോലെ സ്വയം സാധിക്കാത്തവരോ അല്ലാതെ ഹാജി മറ്റൊരാളെ അത് പകരം ചെയ്യാൻ ഏൽപ്പിക്കാൻ പാടുള്ളതല്ല. അങ്ങനെ വരുമ്പോൾ അറിവു കൊണ്ടും ദീനുകൊണ്ടും തനിക്ക് ഉറപ്പുള്ള വ്യക്തിയെ അതിന് ഏൽപ്പിക്കാവുന്നതാണ്. കല്ലുകൾ ഏൽപ്പിക്കുന്നവ്യക്തിക്ക് പെറുക്കിയെടുക്കുകയും എറിയുന്നവനെ ഏൽപ്പിക്കുകയും ആവാം, അല്ലെങ്കിൽ ഏൽപ്പിക്കപ്പെട്ട വ്യക്തി തന്നെ പെറുക്കിയെടുത്ത് ഏൽപ്പിച്ച ആൾക്കുവേണ്ടി എറിയുകയുമാവാം. ആദ്യം തനിക്ക് വേണ്ടി ഏഴ് കല്ലുകൾ എറിയുകയും, ശേഷം ഏൽപ്പിക്കപ്പെട്ട വ്യക്തി

ഏൽപ്പിച്ച ആൾക്ക് വേണ്ടി അപ്രകാരം മനസ്സിൽ കരുതിക്കൊണ്ട് എറിയുകയും വേണം.

ആദ്യം തനിക്ക് വേണ്ടി എറിയുകയും ശേഷം അതേനിൽപ്പിൽത്തന്നെ ഏൽപ്പിച്ചയാൾക്കു വേണ്ടി എറിയുകയും ചെയ്യുന്നതിൽ വിരോധമില്ല. ആദ്യം തനിക്കുവേണ്ടി മൂന്നിടത്തും എറിഞ്ഞ് ശേഷം ഏൽപ്പിക്കുന്നയാളുടെ അടുക്കൽ വന്ന് ശേഷം വീണ്ടും പോയി ഏൽപ്പിച്ചയാൾക്കു വേണ്ടി എറിയൽ നിർബന്ധമാണെന്ന ധാരണക്ക് യാതൊരു തെളിവുമില്ല.

**വിടവാങ്ങൽ ത്വവാഫ്:**

ഹാജി മിനായിൽ നിന്ന് പുറപ്പെടുകയും ഹജ്ജിന്റെ മുഴുവൻ കർമ്മങ്ങളിൽ നിന്നും വിരമിക്കുകയും തന്റെ സ്വദേശത്തേക്ക് യാത്രയാവാൻ ഉദ്ദേശിക്കുകയും ചെയ്താൽ, കഅ്ബയെ ഏഴ് പ്രാവശ്യം ത്വവാഫ് നിർവ്വഹിച്ച ശേഷമല്ലാതെ യാത്ര പുറപ്പെടാൻ പാടില്ല. കാരണം നബി(ﷺ) ത്വവാഫുൽ വിദാഅ് ചെയ്യുകയുണ്ടായി. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ എന്നിൽ നിന്നും നിങ്ങളുടെ ആരാധനാ കർമ്മങ്ങളെ സ്വീകരിക്കുക'.

ത്വവാഫുൽ വിദാഇന് ശേഷം മക്കയിൽ കഴിച്ചു കൂട്ടാൻ പാടില്ല. യാത്രാ സാധനങ്ങൾ തയ്യാറാക്കൽ, തന്നോട് കൃത്യമായ ഒരു സമയത്ത് എത്തിച്ചേരാമെന്ന് വാക്ക് തന്ന് വൈകിപ്പോയ കൂട്ടുകാരെ കാത്ത് നിൽക്കൽ, വാഹനം കാത്ത് നിൽക്കൽ പോലെയുള്ള യാത്രക്കാവശ്യമായ ഒരുക്കങ്ങൾക്കുവേണ്ടിയല്ലാതെ. ഈ പറയപ്പെട്ടപോലെയുള്ള ആവശ്യങ്ങൾക്കുവേണ്ടിയല്ലാതെ ആരെങ്കിലും മക്കയിൽ തങ്ങിയാൽ,തന്റെ അവസാനത്തെ കരാർ കഅ്ബയുമായിട്ടായിരിക്കാൻ വേണ്ടി അവസാനം വീണ്ടും ത്വവാഫ് ആവർത്തിച്ച് ചെയ്യൽ അയാൾക്ക് നിർബന്ധമാണ്.

ത്വവാഫുൽ വിദാഅ് ആർത്തവകാരിക്കും പ്രസവിച്ചവൾക്കും നിർബന്ധമില്ല. ഇബ്നുഅബ്ബാസ്(ﷺ) പറയുന്നു: ‘തങ്ങളുടെ അവസാനത്തെ കരാർ കഅ്ബയുമായിട്ടായിരിക്കണം എന്ന് ജനങ്ങൾ കൽപ്പിക്കപ്പെട്ടിരുന്നു, എന്നാൽ ആർത്തവകാരികൾക്ക് അദ്ദേഹം(നബി (ﷺ)) ഇളവു കൊടുത്തിരുന്നു’ (ബുഖാരി, മുസ്ലിം).

## مجمل أعمال الحج

## ഹജ്ജ്: സംക്ഷിപ്ത രൂപം

**ഒന്നാം ദിവസത്തിലെ കർമ്മങ്ങൾ(ദുൽഹജ്ജ് 8):**

1- തന്റെ താമസസ്ഥലത്തുനിന്നും ഇഹ്റാം ചെയ്യുക. കുളിക്കുകയും സുഗന്ധം പൂശുകയും ഇഹ്റാമിന്റെ വസ്ത്രങ്ങൾ അണിയുകയും ചെയ്ത് 'ലബ്ബൈക്ക ഹജ്ജൻ'എന്നു പറയുക. ൦ശേഷം 'ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്, ലബ്ബൈക്ക ലാ ശരീക ലക ലബ്ബൈക്ക്, ഇന്നൽ ഹംദ, വന്നിഅ്മ ത്ത, ലക വൽമുൽക്ക്, ലാശരീക ലക്'എന്ന് ചൊ ല്ലുക.

2- മിനായിലേക്ക് പോവുക, പിറ്റേദിവസം (ദുൽഹജ്ജ് 9) സൂര്യോദയം വരെ അവിടെ തങ്ങു ക. ദുൽഹജ്ജ് 8 ലെ ദുഹ്റും അസ്വറും മഗ്രി ബും ഇശാഉം ഫജ്റും അവിടെ വെച്ച് അതാതി ന്റെ സമയത്ത്, നാല് റക്അത്തുള്ള നമസ്കാര ങ്ങൾ രണ്ടാക്കി ചുരുക്കി നമസ്കരിക്കുക.

**രണ്ടാം ദിവസത്തിലെ കർമ്മങ്ങൾ(ദുൽഹജ്ജ് 9):**

1) സൂര്യോദയത്തിന് ശേഷം അറഫയിലേ ക്ക് പോവുകയും അവിടെവെച്ച് ദുഹ്റും അസ്വ റും മുന്തിച്ച് ചേർത്ത് (ജംഉത്തഖ്ദീം) നമസ്കരി

ക്കുകയും ചെയ്യുക. സൂര്യൻ മധ്യത്തിൽ നിന്ന് തെറ്റുന്നതിന്റെ മുമ്പായി നമിറയിൽ ഇറങ്ങാൻ സാധ്യമായാൽ അപ്രകാരമാണ് ചെയ്യേണ്ടത്.

2) നമസ്കാര ശേഷം ഖിബ്‌ലക്ക് അഭിമുഖമായി നിന്ന് കൈകൾ ഉയർത്തിക്കൊണ്ട് സൂര്യാസ്തമയം വരെ ദിക്റിലും പ്രാർത്ഥനയിലും മുഴുകണം.

3) സൂര്യാസ്തമയത്തിന് ശേഷം മുസ്ദലിഫയിലേക്ക് പോവുകയും, അവിടെവെച്ച് മഗ്‌രിബ് മൂന്ന് റക്അത്തും ഇശാഅ് രണ്ട് റക്അത്തുമായി നമസ്കരിക്കുകയും ചെയ്യുക. ശേഷം അവിടെ പ്രഭാതോദയം വരെ രാപ്പാർക്കുക.

4) പ്രഭാതോദയത്തിന് ശേഷം സ്വുബ്ഹ് നമസ്കരിക്കുകയും, അന്തരീക്ഷം നന്നായി മഞ്ഞനിറം പ്രാപിക്കുന്നതുവരെ പ്രാർത്ഥനയിലും ദിക്റിലും മുഴുകുകയും ചെയ്യുക.

5) സൂര്യോദയത്തിനു മുമ്പായി മിനായിലേക്ക് തിരിക്കുക.

**മൂന്നാം ദിവസത്തിലെ കർമ്മങ്ങൾ (പെരുന്നാൾ ദിവസം ):**

1) മിനായിൽ എത്തിയാൽ നേരെ ജംറത്തുൽ അഖബയിലേക്ക് പോവുകയും ഒന്നിനു പിറകെ ഒന്നായി ഏഴ് ചെറിയ കല്ലുകൾ കൊണ്ട് ജംറയിൽ എറിയുകയും ചെയ്യുക. ഓരോ കല്ല് എറിയുമ്പോഴും തക്ബീർ ചൊല്ലുക.

2) ശേഷം അറവ് ആവശ്യമുള്ളവൻ (മുതമത്തിഉം ഖാരിനും) അറുക്കുക.

3) ശേഷം മുടി വടിക്കുകയോ മുറിക്കുക

യോ ചെയ്യുക. ഇതോടെ ഭാഗികമായി തഹല്ലുലായി. സ്ത്രീ സംസർഗ്ഗമൊഴികെ ഇഹ്റാമിൽ നിഷിദ്ധമായ എല്ലാ കാര്യങ്ങളും (വസ്ത്രം ധരിക്കലും സുഗന്ധം പൂശലും മറ്റും) ഇതോടെ അനുവദനീയമാകുന്നതാണ്.

4) ശേഷം മക്കയിൽ പോവുകയും ഇഫാദയുടെ ത്വവാഫ് നിർവ്വഹിക്കുകയും ചെയ്യുക. ഇത് ഹജ്ജിന്റെ ത്വവാഫാണ്. ഇഹ്റാം ചെയ്തത് മുതമത്തിഅ് ആയിട്ടാണെങ്കിൽ സ്വഫാമർവക്കിടയിൽ സഅ്യും നിർവ്വഹിക്കുക. അതുപോലെ തമത്തുആയിക്കൊണ്ടല്ലാതെ ഹജ്ജ് നിർവ്വഹിച്ചവർ (മുഫ്രിദും ഖാരിനും) ത്വവാഫുൽ ഖുദൂമിന്റെ കൂടെ

സഅ്യ് നിർവ്വഹിച്ചിട്ടില്ലെങ്കിൽ അവരും സഅ്യ് നിർവ്വഹിക്കേണ്ടതാണ്.ഇതോടെ പൂർണ്ണവിരാമമായി. ഇതോടുകൂടി സ്ത്രീ സംസർഗ്ഗമടക്കം ഇഹ്റാമിൽ നിഷിദ്ധമായ എല്ലാകാര്യങ്ങളും അനുവദനീയമാകുന്നതാണ്.

5) ശേഷം മിനായിലേക്ക് മടങ്ങുകയും അവിടെ രാപ്പാർക്കുകയും ചെയ്യുക.

**നാലാം ദിവസത്തെ കർമ്മങ്ങൾ (ദുൽഹജ്ജ്: 11):**

1) മൂന്ന് ജംറകളിലും എറിയുക.ആദ്യം വലിയ ജംറയിലും ശേഷം മധ്യമ ജംറയിലും ശേഷം ചെറിയ ജംറയിലുമാണ് എറിയേണ്ടത്. ഒന്നിനുപിറകെ ഒന്നായി മൂന്ന് ജംറകളിലും തക്ബീർ ചൊല്ലിക്കൊണ്ട് ഓരോന്നായി ഏഴ് ചെറിയ കല്ലുകളാണ് എറിയേണ്ടത്. എറിയുന്നത് ഉച്ചക്ക് ശേഷമായിരിക്കണം. അതിനുമുമ്പ് എറിയൽ അനുവദനീയമല്ല. വലിയജംറയിലും മധ്യമജംറയിലും എറിഞ്ഞതിന് ശേഷം പ്രാർത്ഥിക്കാൻ നിൽക്കുന്നത് ഉത്തമമാണ്. (ചെറിയ ജംറയിൽ എറിഞ്ഞ ശേഷം പ്രാർത്ഥന പാടില്ല).

2) അന്ന് രാത്രി മിനായിൽ താമസിക്കുക.

**അഞ്ചാം ദിവസത്തെ കർമ്മങ്ങൾ(ദുൽഹജ്ജ്:12):**

1) മൂന്ന് ജംറകളിലും ഏഴ് കല്ലുകൾ വീതമെറിയുക.

2) സ്വദേശത്തേക്ക് മടങ്ങാൻ ധൃതിയുള്ളവർ സൂര്യാസ്തമയത്തിന്റെ മുമ്പ് മിനായിൽ നിന്നും പുറത്ത് കടന്നിരിക്കണം.അല്ലാത്തവർ മിനായിൽ താമസിക്കുക.

**ആറാം ദിവസത്തെ കർമ്മങ്ങൾ (ദുൽഹജ്ജ്: 13):**

1) മിനായിൽ താമസിച്ചവർ മാത്രം മുൻ ദിവസങ്ങളിൽ ചെയ്ത പോലെ മൂന്ന് ജംറകളിലും ഏഴ് കല്ലുകൾ വീതം എറിയുക.

2) അതിനു ശേഷം മിനാ വിട്ടുപോവുക.

മക്ക വിടുന്നതിന് മുമ്പായി വിടവാങ്ങൽ ത്വവാഫ് നിർവ്വഹിക്കലാണ് ഹജ്ജിന്റെ അവസാനത്തെ കർമ്മം. അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ.

***********

**അധ്യായം 8**

الواجبات في الحج

## ഹജ്ജിന്റെ നിർബന്ധ ഘടകങ്ങൾ

ഹജ്ജിന്റെ നിർബന്ധ ഘടകങ്ങൾ രണ്ടാണ്. **ഒന്ന്:** ഹജ്ജ് ശരിയാവാൻ അനിവാര്യമായത്, ഇതിന് ഹജ്ജിന്റെ റുക്നുകൾ എന്ന് പറയുന്നു. **രണ്ട്:** ഹജ്ജ് ശരിയാവാൻ അനിവാര്യമല്ലാത്തത്, ഇതിന് ഹജ്ജിന്റെ വാജിബാത്തുകൾ എന്ന് പറയുന്നു.

❖ **റുക്നുകൾ: ( ഹജ്ജ് ശരിയാവാൻ അനിവാര്യമായ ഘടകങ്ങൾ )**

**1.) ഇഹ്റാം:** ഹജ്ജിൽ പ്രവേശിക്കുമ്പോഴുള്ള നിയ്യത്താണ് ഇഹ്റാം. നബി(ﷺ)പറഞ്ഞു: 'നിശ്ചയം പ്രവർത്തനങ്ങൾ(സ്വീകരിക്കപ്പെടുന്നത്)ഉദ്ദേശ്യം അനുസരിച്ച് മാത്രമാണ്, സർവ്വ മനുഷ്യനും ലഭിക്കുന്നത് അവനുദ്ദേശിച്ചത് മാത്രമാണ്'. ശവ്വാൽ പിറവിയോടെ ഹജ്ജിന്റെ മാസങ്ങൾ തുടങ്ങുകയും ദുൽഹജ്ജ് അവസാനത്തോടെ ഇതിന്റെ സമയം അവസാനിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

الْحَجُّ أَشْهُرٌ مَّعْلُومَاتٌ فَمَن فَرَضَ فِيهِنَّ الْحَجَّ فَلاَ رَفَثَ وَلاَ فُسُوقَ وَلاَ جِدَالَ فِي الْحَجِّ وَمَا تَفْعَلُواْ مِنْ خَيْرٍ يَعْلَمْهُ اللّهُ وَتَزَوَّدُواْ فَإِنَّ خَيْرَ الزَّادِ التَّقْوَى وَاتَّقُونِ يَا أُوْلِي الأَلْبَابِ ( البقرة : ١٩٧ )

'ഹജ്ജ് കാലം അറിയപ്പെട്ട മാസങ്ങളാകുന്നു, ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് കർമ്മത്തിൽ പ്രവേശിച്ചാൽ പിന്നീട് സ്ത്രീ പുരുഷ സംസർഗ്ഗമോ ദുർവൃത്തിയോ വഴക്കോ ഹജ്ജിനിടയിൽ പാടുള്ളതല്ല' (ബഖറ: 197).

ഇഹ്റാമിന് അഞ്ച് സ്ഥലങ്ങളാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. മദീനക്കാർക്ക് 'ദുൽഹുലൈഫ' (അബ്യാർ അലി). ശാംകാർക്ക് 'ജുഹ്ഫ' (റാബിഗ്). യമൻകാർക്ക് 'യലംലം'(അസ്സഅ്ദിയ്യ). നജ്ദ്കാർക്ക് 'ഖർനുൽമനാസിൽ' (അസ്സൈൽ). ഇറാഖുകാർക്ക് 'ദാതുഇർഖ്' (അദ്ദരീബ). ഈ പറയപ്പെട്ട മീഖാത്തുകളിലൂടെ യാത്രചെയ്യുന്നവർക്ക് അതാണവരുടെ മീഖാത്ത്, അവർ അന്നാട്ടുകാരല്ലെങ്കിലും.

**2) അറഫയിൽ നിൽക്കൽ**: അല്ലാഹു പറയുന്നു:

لَيْسَ عَلَيْكُمْ جُنَاحٌ أَن تَبْتَغُواْ فَضْلاً مِّن رَّبِّكُمْ فَإِذَا أَفَضْتُم مِّنْ عَرَفَاتٍ فَاذْكُرُواْ اللَّهَ عِندَ الْمَشْعَرِ الْحَرَامِ وَاذْكُرُوهُ كَمَا هَدَاكُمْ وَإِن كُنتُم مِّن قَبْلِهِ لَمِنَ الضَّآلِّينَ ( البقرة : ١٩٨ )

'അറഫാത്തിൽ നിന്നും നിങ്ങൾ പുറപ്പെട്ടുകഴിഞ്ഞാൽ മശ്അറുൽ ഹറാമിനടുത്ത്വെച്ച് നിങ്ങൾ അല്ലാഹുവിനെ പ്രകീർത്തിക്കുവിൻ' (ബഖറ: 198).

ദുൽഹജ്ജ് 9 സൂര്യൻ മധ്യാഹ്നത്തിൽ നിന്നും തെറ്റിയത് മുതൽ ദുൽഹജ്ജ് 10 പ്രഭാതോദയം വരെയാണ് അറഫയുടെ സമയം. സൂര്യൻ മധ്യത്തിൽ നിന്നും തെറ്റിയ ശേഷമാണ് നബി(ﷺ) അറഫയിൽ നിന്നത്. അദ്ദേഹം പറയുകയും ചെയ്തു: 'ഹജ്ജ് അറഫയാണ്, 'ജുമഉ'ന്റെ (മുസ്ദലിഫ) രാത്രി പ്രഭാതോദയത്തിന് മുമ്പ് അവിടെ എത്തിച്ചേർന്നവന് അത് (അറഫ) ലഭിച്ചു'.

ദുൽഹജ്ജ് 9 ന് പ്രഭാതോദയം മുതൽ അതിന്റെ സമയം ആരംഭിക്കുമെന്നും അഭിപ്രായമുണ്ട്. അറഫയിൽ എവിടെയും നിൽക്കാവുന്നതാണ്. ന

ബി(ﷺ) പറഞ്ഞു: 'ഞാൻ നിന്നത് ഇവിടെയാണ്, അറഫയിൽ എവിടെയും നിൽക്കാവുന്നതാണ്'

**3.) കഅ്ബയെ ത്വവാഫ് ചെയ്യൽ:** അല്ലാഹു പറയുന്നു:

'ആ പുരാതനമായ ഭവനത്തെ അവർ പ്രദക്ഷിണം വെക്കുകയും ചെയ്തു കൊള്ളട്ടെ' (ഹജ്ജ്: 29).

സ്വഫിയ്യാ(ﷺ) ഋതുമതിയാണെന്നറിഞ്ഞപ്പോൾ നബി(ﷺ)പറഞ്ഞു: 'അവൾ നമ്മെ തടഞ്ഞു വെച്ചുവോ?' അവർ പറഞ്ഞു: 'റസൂലേ സ്വഫിയ ത്വവാഫുൽ ഇഫാദ പൂർത്തിയാക്കിയതിന് ശേഷമാണ് ഋതുമതിയായത്. നബി(ﷺ)പറഞ്ഞു: 'എങ്കിൽ അവൾ പുറപ്പെട്ടുകൊള്ളട്ടെ'.

(ഹജ്ജിന്റെ പൂർത്തീകരണത്തിന്) ത്വവാഫുൽ ഇഫാദ അനിവാര്യമായതാണെന്ന് 'അവൾ നമ്മെ തടഞ്ഞുവെച്ചോ' എന്ന നബി(ﷺ)യുടെ ചോദ്യം വ്യക്തമാക്കുന്നു. സ്വഫിയാ(ﷺ) ഋതുമതിയാത് ത്വവാഫുൽ ഇഫാദക്ക് മുമ്പായിരുന്നുവെങ്കിൽ അവരുടെ യാത്രക്ക് അത് തടസ്സമാകുമായിരുന്നു.

ത്വവാഫ് പൂർത്തിയായ ശേഷമാണ് അവരുടെ ആർത്തവമെന്നറിഞ്ഞപ്പോൾ യാത്ര പുറപ്പെടാൻ അതൊരു ഇളവായി പരിഗണിക്കപ്പെട്ടു.

അതിന്റെ (ത്വവാഫുൽ ഇഫാദ) സമയം അറ ഫയിലും മുസ്ദലിഫയിലും നിന്നതിന്റെ ശേഷമാ ണ്. അല്ലാഹു പറയുന്നു:

ثُمَّ لْيَقْضُوا تَفَثَهُمْ وَلْيُوفُوا نُذُورَهُمْ وَلْيَطَّوَّفُوا بِالْبَيْتِ الْعَتِيقِ

( الحج : ٢٩ )

‘പിന്നെ അവർ തങ്ങളുടെ അഴുക്ക് നീക്കിക്കളയു കയും, തങ്ങളുടെ നേർച്ചകൾ നിറവേറ്റുകയും, പുരാതനമായ ആ ഭവനത്തെ പ്രദക്ഷിണം വെ ക്കുകയും ചെയ്തുകൊള്ളട്ടെ’ (ഹജ്ജ്: 29).

അറഫയിലും മുസ്ദലിഫയിലും നിന്നതിന്റെ ശേഷമാണ് മുണ്ഡനം ചെയ്യേണ്ടതും നേർച്ചകൾ പൂർത്തിയാക്കേണ്ടതും.

**4) സ്വഫാ മർവക്കിടയിലുള്ള നടത്തം:** അല്ലാഹു പറയുന്നു:

إِنَّ الصَّفَا وَالْمَرْوَةَ مِن شَعَآئِرِ اللّهِ فَمَنْ حَجَّ الْبَيْتَ أَوِ اعْتَمَرَ فَلاَ جُنَاحَ عَلَيْهِ أَن يَطَّوَّفَ بِهِمَا وَمَن تَطَوَّعَ خَيْرًا فَإِنَّ اللّهَ شَاكِرٌ عَلِيمٌ ( البقرة : ١٥٨ )

'തീർച്ചയായും സ്വഫായും മർവയും മതചിഹ്നങ്ങളായി അല്ലാഹു നിശ്ചയിച്ചതിൽപ്പെട്ടതാകുന്നു' (ബഖറ: 158).

ഇബ്നുഅബ്ബാസ്(ﷺ) പറയുന്നു: 'തർവിയത്തിന്റെ ദിവസം വൈകുന്നേരം ഹജ്ജിന് വേണ്ടി ഇഹ്റാം ചെയ്യാൻ നബി(ﷺ) ഞങ്ങളോട് കൽപ്പിച്ചു'.അങ്ങനെ കർമ്മങ്ങളിൽ നിന്നും വിരമിച്ചപ്പോൾ ഞങ്ങൾ കഅ്ബത്തിങ്കൽ വരികയും ത്വവാഫും സഅ്യും നിർവ്വഹിക്കുകയും ചെയ്തു. അതോടെ ഞങ്ങളുടെ ഹജ്ജ് പൂർണ്ണമായി.നബി(ﷺ) ആയിശ(ﷺ) യോട് പറഞ്ഞു: 'സ്വഫാമർവക്കിടയിലുള്ള നിന്റെ സഅ്യ് നിനക്ക് ഹജ്ജിനും ഉംറക്കും കൂടി മതിയായതാണ്'. ആയിശ(ﷺ) പറയുന്നു: 'സ്വഫാമർവക്കിടയിലുള്ള സഅ്യോടു കൂടിയല്ലാതെ ഒരാളുടെയും ഹജ്ജോ ഉംറയോ പൂർത്തിയാവുന്നതല്ല'.

മുതമത്തിഇന് അതിന്റെ സമയം അറഫയിലും മുസ്ദലിഫയിലും നിൽക്കുകയും ത്വവാഫുൽ ഇഫാദ നിർവ്വഹിക്കുകയും ചെയ്ത ശേഷമാണ്. അജ്ഞത മൂലമോ മറവികാരണമോ ത്വവാഫിന്റെ മുമ്പ് സഅ്യ് ചെയ്തിട്ടുണ്ടങ്കിൽ അതുകൊണ്ട് കുറ്റമില്ല. നബി(ﷺ)യോട് ഒരാൾ ചോദിച്ചു: 'ത്വവാഫിന്റെ മുമ്പ് ഞാൻ സഅ്യ് ചെയ്തു? നബി(ﷺ) പറഞ്ഞു: 'കുറ്റമില്ല'.

എന്നാൽ ഖാരിനും, മുഫ്രിദും ത്വവാഫുൽ ഖുദൂമിന്റെ ശേഷമാണ് സഅ്യ് നിർവ്വഹിക്കേണ്ടത്.

ഈ നാലുകാര്യങ്ങൾ (ഇഹ്റാം, അറഫയിൽ നിൽക്കൽ, ത്വവാഫുൽ ഇഫാദ, സ്വഫാമർവക്കിടയിലുള്ള സഅ്യ്) കൂടാതെ ഹജ്ജ് സാധുവാകുകയില്ല.

❖ **വാജിബാത്തുകൾ: (ഹജ്ജിൽ അനിവാര്യമല്ലാത്ത ഘടകങ്ങൾ)**

1) **ഇഹ്റാം ചെയ്യുന്നത് ശറഇൽ നിയമമാക്കപ്പെട്ട മീഖാത്തിൽ നിന്നും തന്നെയായിരിക്കുക.**

നബി(ﷺ) പറയുന്നു: 'മദീനക്കാർ ദുൽഹു ലൈഫയിൽ വെച്ച് ഇഹ്റാം ചെയ്യട്ടെ...'.

ഇബ്നുഉമർ(ﷺ) വിൽ നിന്നും റിപ്പോർട്ട്, അ ദ്ദേഹം ചോദിക്കപ്പെട്ടു: 'എവിടെ നിന്ന് ഇഹ്റാം ചെയ്യാനാണ് എനിക്ക് അനുവാദമുള്ളത്?', അദ്ദേ ഹം പറഞ്ഞു: 'നജ്ദ്കാർക്ക് നബി(ﷺ) ഖർനുൽ മ നാസിൽ ഏർപ്പെടുത്തി...' ഈ റിപ്പോർട്ടിന്റെയും, ഇമാം ബുഖാരിയുടെ രണ്ട് റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ ഇത് കൽപ്പനാർത്ഥത്തിലുള്ള ഒരു പ്രയോഗമാണ് എന്ന് മനസ്സിലാക്കാം.

**2) ദുൽഹജ്ജ് 9ന് സൂര്യാസ്തമയം വരെ അറഫ യിൽ ഉണ്ടായിരിക്കുക.** കാരണം നബി(ﷺ) അസ് തമയം വരെ അറഫയിൽ നിന്നിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ എന്നിൽ നിന്നും ഹജ്ജിന്റെ കർമ്മങ്ങൾ സ്വീകരിക്കുക'. അസ്തമയത്തിന് മു മ്പ് അറഫ വിടുന്നത് ജാഹിലിയ്യാകാലക്കാരോട് സാദൃശ്യമാവലാണ്. സൂര്യാസ്തമയത്തിന് മുമ്പ് അറഫ വിടലായിരുന്നു അവരുടെ പതിവ്.

**3) ബലി പെരുന്നാളിന്റെ രാത്രി മുസ്ദലിഫയിൽ താമസിക്കൽ**. അല്ലാഹു പറയുന്നു:

لَيْسَ عَلَيْكُمْ جُنَاحٌ أَن تَبْتَغُواْ فَضْلاً مِّن رَّبِّكُمْ فَإِذَا أَفَضْتُم مِّنْ عَرَفَاتٍ فَاذْكُرُواْ اللّهَ عِندَ الْمَشْعَرِ الْحَرَامِ وَاذْكُرُوهُ كَمَا هَدَاكُمْ وَإِن كُنتُم مِّن قَبْلِهِ لَمِنَ الضَّآلِّينَ ( البقرة : ١٩٨ )

'അറഫാത്തിൽ നിന്നും നിങ്ങൾ പുറപ്പെട്ടുകഴിഞ്ഞാൽ മശ്അറുൽ ഹറാമിനടുത്ത്വെച്ച് നിങ്ങൾ അല്ലാഹുവിനെ പ്രകീർത്തിക്കുവിൻ' (ബഖറ: 198).

പ്രഭാത നമസ്കാരം വരെയാണതിന്റെ സമയം. നബി(ﷺ) ഉർവതുബ്നുമുദ്റസ്(رضي الله عنه) വിനോട് പറഞ്ഞു: 'നമ്മുടെ ഈ നമസ്കാരത്തിന് ഹാജരാവുകയും നാം പുറപ്പെടുന്നതുവരെ നമ്മോടൊപ്പം നിൽക്കുകയും അതിന് മുമ്പ് രാത്രിയിലോ പകലിലോ അറഫയിൽ നിൽക്കുകയും ചെയ്തവൻ അവന്റെ ഹജ്ജ് പൂർത്തിയാക്കുകയും അവന്റെ അഴുക്കുകൾ നീക്കുകയും ചെയ്തിരിക്കുന്നു'.

രാത്രിയുടെ അന്ത്യയാമത്തിൽ സ്ത്രീകളും കുട്ടികളുമടങ്ങുന്ന, ജനങ്ങളുടെ തിരക്ക് പ്രയാസമാവുന്ന ബലഹീനർക്ക് ആളുകൾ എറി യാനായി മിനായിലേക്ക് എത്തുന്നതിനു മുമ്പ് തന്നെ പുറപ്പെട്ടു പോവൽ അനുവദനീയമാണ്. കാരണം

ഇബ്നു ഉമർ(ﷺ) തന്റെ കുടുംബത്തിലെ ബലഹീനരെ നേരത്തെ കൊണ്ടു പോവാറുണ്ടായിരുന്നു. ഫജ്ർ നമസ്കാരത്തിന് മിനായിൽ എത്തുന്നവരും അതിന് ശേഷം എത്തിച്ചേരുന്നവരും അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. അങ്ങനെ അവർ എത്തിയാൽ അവർ ജംറയെ എറിയുകയും ചെയ്യും. റസൂൽ(ﷺ) ഇളവ് അനുവദിച്ചവരാണിവർ എന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു.

അസ്മാഅ് ബിൻത് അബീബക്ർ(ﷺ) ചന്ദ്രാസ്തമയം വരെ കാത്തിരിക്കുകയും ശേഷം മിനായിലേക്ക് യാത്രയാവുകയും ജംറയെ എറിയുകയും ചെയ്യും. ശേഷം അവർ തിരിച്ചുവന്ന് സ്വുബ്ഹ് നമസ്കാരം അവരുടെ താമസസ്ഥലത്ത് വെച്ച് നമസ്കരിക്കുകയും ചെയ്യും. അവർ പറഞ്ഞിരുന്നു: 'തീർച്ചയായും നബി(ﷺ) (ബലഹീനരായ) സ്ത്രീകൾക്ക് അനുവാദം നൽകിയിട്ടുണ്ട്'. ഇത് ഇമാം ബുഖാരി തന്റെ സ്വഹീഹിൽ ഉദ്ദരിച്ചിട്ടുണ്ട്. മുസ്ദലിഫയിൽ എവിടെയും നിൽക്കാം, എന്നാൽ മുസ്ദലിഫയുടെ അതിർക്കകത്താണെന്ന് ഹാജി നിർബന്ധമായും ഉറപ്പുവരുത്തേണ്ടതുണ്ട്.

**4) പെരുന്നാൾ ദിവസം ജംറത്തുൽ അഖബയിൽ എറിയൽ, അയ്യാമുത്തശ്‌രീഖിന്റെ ദിവസങ്ങളിൽ മൂന്ന് ജംറകളിലും അതിന്റെ സമയത്ത് എറിയൽ.** അല്ലാഹു പറയുന്നു:

وَاذْكُرُواْ اللَّهَ فِي أَيَّامٍ مَّعْدُودَاتٍ فَمَن تَعَجَّلَ فِي يَوْمَيْنِ فَلاَ إِثْمَ عَلَيْهِ وَمَن تَأَخَّرَ فَلا إِثْمَ عَلَيْهِ لِمَنِ اتَّقَى وَاتَّقُواْ اللَّهَ وَاعْلَمُوا أَنَّكُمْ إِلَيْهِ تُحْشَرُونَ ( البقرة : ٢٠٣ )

'എണ്ണപ്പെട്ട ദിവസങ്ങളിൽ നിങ്ങൾ അല്ലാഹുവെ സ്മരിക്കുക, (അവയിൽ) രണ്ടു ദിവസം കൊണ്ട് മതിയാക്കി ആരെങ്കിലും ധൃതിപ്പെട്ട് പോരുന്ന പക്ഷം അവന് കുറ്റമില്ല, (ഒരു ദിവസം കൂടി) താമസിച്ചു പോരുന്നവന്നും കുറ്റമില്ല.സൂക്ഷ്മത പാലിക്കുന്നവന്ന് (അതാണ് ഉത്തമം)' (ബഖറ: 203).

( أيـام معـدودات ) കൊണ്ട് ഉദ്ദേശിക്കുന്നത് അയ്യാമുത്തശ്‌രീഖ് ആണ്. ജംറകളെ എറിയൽ ഏർപ്പെടുത്തപ്പെട്ടിരിക്കുന്നത് അല്ലാഹുവിനെ സ്മരിക്കുന്നതിന് വേണ്ടിയാണ്. നബി(ﷺ)പറഞ്ഞു: 'കഅ്ബയെ ത്വവാഫ് ചെയ്യലും, സ്വഫാമർവക്ക് ഇട

യിൽ സഅ്യ് നടത്തലും, ജംറകളെ എറിയലും ഏർപ്പെടുത്തപ്പെട്ടിരിക്കുന്നത് അല്ലാഹുവിനെ സ്മരിക്കുന്നതിന് വേണ്ടിയാണ്’.

**5) പുരുഷൻ തല മുണ്ഡനം ചെയ്യൽ, അല്ലെങ്കിൽ മുടി മുറിക്കൽ. സ്ത്രീ മുടിമുറിക്കൽ**.നബി(ﷺ) പറഞ്ഞു: ‘സ്ത്രീകൾക്ക് മുണ്ഡനം പാടില്ല. സ്ത്രീകൾ മുടിമുറിക്കുകയാണ് വേണ്ടത്’.

**6) രണ്ട് രാത്രികൾ മിനായിൽ രാപ്പാർക്കൽ**. ധൃതിയുള്ളവൻ ദുൽ ഹജ്ജ് 11,12 ദിവസങ്ങളുടെ രാത്രികൾ മിനായിൽ രാപ്പാർക്കണം. അവൻ വൈകുന്നപക്ഷം 13 ന്റെ രാത്രി കൂടി മിനായിൽ താമസിക്കണം.നബി(ﷺ) മിനായിൽ രാപ്പാർത്തു. അദ്ദേഹം പറഞ്ഞു: ‘നിങ്ങൾ എന്നിൽ നിന്നും നിങ്ങളുടെ കർമ്മങ്ങൾ സ്വീകരിക്കുക’.

ഇബ്നുഉമർ(رضي الله عنه)വിൽ നിന്നും നിവേദനം, അബ്ബാസ്(رضي الله عنه) നബി(ﷺ)യോട് ഹാജിമാർക്ക് വെള്ളം കുടിപ്പിക്കാനായി മിനായുടെ രാവുകളിൽ മക്കയിൽ രാത്രിതാമസിക്കാൻ അനുവാദം ചോദിച്ചു, അപ്പോൾ നബി(ﷺ) അദ്ദേഹത്തിന് അനുവാദം നൽകുകയുണ്ടായി’.

തക്കതായ കാരണങ്ങളൊന്നുമില്ലാതെ മിനായിൽ രാപ്പാർക്കൽ ഉപേക്ഷിക്കാവതല്ലെന്ന് 'അദ്ദേഹം ഇളവ് നൽകി' എന്നപദം സൂചിപ്പിക്കുന്നു.

ഈ ആറ് കാര്യങ്ങളും ഹജ്ജിന്റെ വാജിബാത്തുകളാകുന്നു. എങ്കിലും അവ കൂടാതെയും ഹജ്ജ് ശരിയാവുന്നതാണ്.

ഭൂരിപക്ഷം പണ്ഡിതരുടെയും വീക്ഷണത്തിൽ, ഇവയിലേതെങ്കിലും ഒന്ന് ഉപേക്ഷിച്ചവൻ ഒരു ആടിനെ, അല്ലെങ്കിൽ ഒരു ഒട്ടകത്തിന്റെയോ മാടിന്റെയോ 7 ൽ ഒന്ന്, മക്കയിൽ അറുക്കുകയും അവിടത്തെ പാവങ്ങൾക്ക് വിതരണം ചെയ്യുകയും വേണം. അല്ലാഹു അഅ്ലം.

എന്നാൽ മക്കയിൽ നിന്ന് സ്വദേശത്തേക്ക് തിരിക്കും മുമ്പായി വിടവാങ്ങൽ ത്വവാഫ് നിർവ്വഹിക്കൽ എല്ലാ ഹാജിമാർക്കും നിർബന്ധമാണ്.

ഇബ്നുഅബ്ബാസ്(ﷺ) പറയുന്നു:'തങ്ങളുടെ അവസാനത്തെ കരാർ കഅ്ബയുമായിട്ടായിരിക്കണമെന്ന് ജനങ്ങൾ കൽപ്പിക്കപ്പെട്ടിരുന്നു, എന്നാൽ ആർത്തവകാരികൾക്ക് ഇതിൽ ഇളവുണ്ട്'.

തന്റെ വിടവാങ്ങല്‍ ഹജ്ജില്‍ മക്ക വിടും മുമ്പായി നബി(ﷺ) വിടവാങ്ങല്‍ ത്വവാഫ് നിര്‍വ്വഹിച്ചതായി സ്ഥിരപ്പെട്ടിട്ടുണ്ട്.

****************

**അധ്യായം 9**

**أخطاء يرتكبها بعض الحجاج**

**ചില ഹാജിമാര്‍ക്ക് സംഭവിക്കുന്ന അബദ്ധങ്ങള്‍**

لَقَدْ كَانَ لَكُمْ فِي رَسُولِ اللَّهِ أُسْوَةٌ حَسَنَةٌ لِّمَن كَانَ يَرْجُو اللَّهَ وَالْيَوْمَ الْآخِرَ وَذَكَرَ اللَّهَ كَثِيرًا ( الأحزاب : ٢١ )

അല്ലാഹു പറയുന്നു: ‘തീര്‍ച്ചയായും നിങ്ങള്‍ക്ക് അല്ലാഹുവിന്റെ ദൂതനില്‍ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓര്‍മ്മിക്കുകയും ചെയ്തുവരുന്നവര്‍ക്ക്’ (അഹ്സാബ്: 21).

قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللّهِ إِلَيْكُمْ جَمِيعًا الَّذِي لَهُ مُلْكُ السَّمَاوَاتِ وَالأَرْضِ لا إِلَـهَ إِلاَّ هُوَ يُحْيِـي وَيُمِيتُ فَآمِنُواْ بِاللّه

وَرَسُولِهِ النَّبِيِّ الأُمِّيِّ الَّذِي يُؤْمِنُ بِاللّه وَكَلِمَاتِهِ وَاتَّبِعُوهُ لَعَلَّكُمْ تَهْتَدُونَ ( الأعراف : ١٥٨ )

'അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷര ജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ, നിങ്ങൾക്ക് നേർമാർഗ്ഗം പ്രാപിക്കാം' (7: 158).

قُلْ إِن كُنتُمْ تُحِبُّونَ اللَّه فَاتَّبِعُونِي يُحْبِبْكُمُ اللُّه وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللُّه غَفُورٌ رَّحِيمٌ ( آل عمران : ٣١ )

'(നബിയേ) പറയുക, നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ' (ആലിഇംറാൻ: 31).

فَتَوَكَّلْ عَلَى اللَّهِ إِنَّكَ عَلَى الْحَقِّ الْمُبِينِ ( النمل : ٧٩ )

'അതിനാൽ നീ അല്ലാഹുവെ ഭരമേൽപ്പിച്ചുകൊള്ളുക. തീർച്ചയായും നീ സ്പഷ്ടമായ സത്യത്തിൽ തന്നെയാകുന്നു' (നംല്: 79).

فَذَلِكُمُ اللَّهُ رَبُّكُمُ الْحَقُّ فَمَاذَا بَعْدَ الْحَقِّ إِلاَّ الضَّلاَلُ فَأَنَّى تُصْرَفُونَ ( يونس : ٣٢ )

'എന്നിരിക്കെ യഥാർത്ഥമായുള്ളതിന് പുറമെ വഴികേടല്ലാതെ എന്താണുള്ളത്? അപ്പോൾ എങ്ങനെയാണ് നിങ്ങൾ തെറ്റിക്കപ്പെടുന്നത്' (യൂനുസ്:32).

നബി(ﷺ)യുടെ ചര്യക്ക് എതിരായ എല്ലാകാര്യങ്ങളും നിരർത്ഥകവും പിഴച്ചതും അത് ചെയ്തവനിലേക്ക് തന്നെ തള്ളപ്പെടുന്നതുമാണ്.നബി(ﷺ) പറഞ്ഞു:'നമ്മുടെ കൽപ്പനയില്ലാത്ത വല്ലതും ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്'. (അതവനിൽനിന്നും സ്വീകരിക്കപ്പെടുകയില്ലെന്നർത്ഥം)

ഖുർആനിലും നബിചര്യയിലും തെളിവില്ലാത്ത പല ആരാധനകളും മുസ്ലിംകളിൽ ചിലർ പ്രവർത്തിക്കുന്നതായി കാണുന്നു. പ്രത്യേകിച്ചും ഹജ്ജിൽ ഫത്വകളുമായി അനേകം പേർ രംഗത്തിറങ്ങുകയും അവരതിൽ മാൽസര്യം കാണി

ക്കുകയും ചെയ്യുന്നു. ഇന്ന് ചില ആളുകൾ ഫത്വ നൽകൽ പേരിനും പ്രശസ്തിക്കുമായി ഉപയോഗിച്ച് അത് ഒരു കച്ചവടത്തിന്റെ നിലവാരത്തിലെത്തിയിരിക്കുന്നു. ഇത് കാരണം അവർ പിഴക്കുകയും പിഴപ്പിക്കുകയും ചെയ്യുന്നു.

അല്ലാഹുവുമായി അഭിമുഖീകരിക്കേണ്ടി വരുമെന്ന ബോധത്തോടെ ഇത്തരം ഫത്വകൾ നൽകാതിരിക്കൽ ഒരു വിശ്വാസിയുടെ ബാധ്യതയാണ്.കാരണം അദ്ദേഹം അല്ലാഹുവിൽ നിന്നും കാര്യങ്ങൾ എത്തിക്കുന്നവന്റെ സ്ഥാനത്താണ്. അതുകൊണ്ട് ഫത്വ നൽകുമ്പോൾ അല്ലാഹു തന്റെ നബിയുടെ കാര്യത്തിൽ പറഞ്ഞ വചനം ഓർത്തിരിക്കട്ടെ. അല്ലാഹു പറയുന്നു:

وَلَوْ تَقَوَّلَ عَلَيْنَا بَعْضَ الْأَقَاوِيلِ * لَأَخَذْنَا مِنْهُ بِالْيَمِينِ * ثُمَّ لَقَطَعْنَا مِنْهُ الْوَتِينَ * فَمَا مِنكُم مِّنْ أَحَدٍ عَنْهُ حَاجِزِينَ

(الحاقة : ٤٤-٤٧)

'നമ്മുടെ പേരിൽ (പ്രവാചകൻ)വല്ല വാക്കുകളും കെട്ടിച്ചമച്ചുപറഞ്ഞിരുന്നെങ്കിൽ,അദ്ദേഹത്തെ നാം വലതുകൈകൊണ്ട് പിടികൂടുകയും, എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചുകളയുക

യും ചെയ്യുമായിരുന്നു. അപ്പോള്‍ നിങ്ങളില്‍ ആര്‍ക്കും അദ്ദേഹത്തില്‍ നിന്ന് (ശിക്ഷയെ) തടയാനാവില്ല' (ഹാഖ്ഖ: 44-47).

വീണ്ടും അല്ലാഹു പറയുന്നു:

قُلْ إِنَّمَا حَرَّمَ رَبِّيَ الْفَوَاحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَالإِثْمَ وَالْبَغْيَ بِغَيْرِ الْحَقِّ وَأَن تُشْرِكُواْ بِاللّهِ مَا لَمْ يُنَزِّلْ بِهِ سُلْطَانًا وَأَن تَقُولُواْ عَلَى اللّهِ مَا لاَ تَعْلَمُونَ ( ٧:٣٣ )

'പറയുക: എന്‍റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യക്ഷമായതും പരോക്ഷമായതുമായ നീചവൃത്തികളും, അധര്‍മ്മവും,ന്യായം കൂടാതെയുള്ള കയ്യേറ്റവും, യാതൊരു പ്രമാണവും അല്ലാഹു ഇറക്കിത്തന്നിട്ടില്ലാത്തതിനെ നിങ്ങള്‍ അവനോട് പങ്ക് ചേര്‍ക്കുന്നതും, അല്ലാഹുവിന്‍റെ പേരില്‍ നിങ്ങള്‍ക്ക് വിവരമില്ലാത്തത് നിങ്ങള്‍ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്' (അഅ്റാഫ്: 33).

ഇത്തരം അറിവില്ലാതെ നല്‍കുന്ന ഫത്‌വകളും പൊതുജനങ്ങള്‍ ചിലരെ തെളിവില്ലാതെ അന്ധമായി അനുകരിക്കലുമാണ് ഹാജിമാരില്‍ വരുന്ന അനേകം അബദ്ധങ്ങള്‍ക്ക് കാരണം.

ധാരാളമായി അബദ്ധങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്ന ചില കർമ്മങ്ങളിൽ അബദ്ധങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് അതിലെ നബിചര്യ എന്താണ് എന്ന് വിശദീകരിക്കാൻ നാം ഉദ്ദേശിക്കുന്നു, സത്യം മുറുകെപ്പിടിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാവട്ടെ.

## ഇഹ്റാമും അതിലെ അബദ്ധങ്ങളും

ഇബ്നുഅബ്ബാസ്(﵄)വിൽ നിന്നും ഉദ്ദരിക്കപ്പെട്ടതായി ബുഖാരിയിലും മുസ്ലിമിലും മറ്റു ഹദീസ് ഗ്രന്ഥങ്ങളിലും കാണാം,‘നിശ്ചയം നബി(ﷺ) മദീനക്കാർക്ക് ദുൽഹുലൈഫയും, ശാംകാർക്ക് ജുഹ്ഫയും, നജ്ദ്കാർക്ക് ഖർനും, യമൻകാർക്ക് യലംലമും മീഖാത്തായി നിശ്ചയിച്ചുകൊടുത്തു, അദ്ദേഹം പറയുകയും ചെയ്തു:

(فهن لهن ولمن أتى عليهن من غير أهلهن لمن كان يريد الحج والعمرة)

‘അവ (മീഖാത്തുകൾ) അവർക്കും, ഹജ്ജും ഉംറയും ഉദ്ദേശിച്ചു കൊണ്ട് ആവഴി വരുന്നവരായ അവിടത്തുകാരല്ലാത്തവർക്കും ഉള്ളതാണ്’.

ആയിശ(ﷺ) യിൽ നിന്നും നിവേദനം, 'നബി (ﷺ) ഇറാഖ് കാർക്ക് ദാതുഇർഖ് മീഖാത്തായി നിശ്ചയിച്ചു' (അബൂദാവുദ്, നസാഈ).

'നബി(ﷺ) ഏർപ്പെടുത്തിയ ഈ മീഖാത്തുകൾ ശറഇയായ ക്ലിപ്തപ്പെടുത്തപ്പെട്ട നിയമവും അല്ലാഹുവിൽ നിന്നും നിശ്ചയിക്കപ്പെട്ടതും മാറ്റപ്പെടുത്തപ്പെടാത്തതുമാണ്. ഒരാൾക്കും അത് മാറ്റാനോ അല്ലെങ്കിൽ അതിനപ്പുറം ചെയ്യാനോ ഹജ്ജോ ഉംറയോ ഉദ്ദേശിച്ചു വരുന്ന ഒരാൾക്ക് ഇഹ്റാം ചെയ്യാതെ അത് വിട്ടുകടക്കാനോ പാടില്ല. കാരണം അത് അല്ലാഹുവിന്റെ പരിധി ലംഘനമാണ്. അല്ലാഹുപറയുന്നു: 'ആരെങ്കിലും അല്ലാഹുവിന്റെ പരിധികൾ വിട്ടുകടക്കുന്നുവെങ്കിൽ അക്കൂട്ടർ തന്നെയാണ് അക്രമികൾ'.

ഇബ്നുഉമർ(ﷺ)വിൽ നിന്നും ഉദ്ദരിക്കപ്പെടുന്ന ഒരു ഹദീസിൽ, നബി(ﷺ)പറഞ്ഞു: 'മദീനക്കാരും, ശാംകാരും നജ്ദ്കാരും ഇഹ്റാം ചെയ്യട്ടെ'. ഈ അറിയിക്കൽ കൽപ്പനാർത്ഥത്തിലുള്ളതാണ്.

ഹജ്ജും ഉംറയും ഉദ്ദേശിച്ചുകൊണ്ട് ആകാശം, കടൽ, കര മാർഗ്ഗങ്ങളിലൂടെ ഈ മീഖാത്തി

ലൂടെ സഞ്ചരിക്കുകയോ വിട്ടുകടക്കുകയോ ചെയ്യുന്നവന് അവിടെ വെച്ച് ഇഹ്റാം ചെയ്യൽ നിർബന്ധമാണ്.

കര മാർഗ്ഗമാണ് വരുന്നതെങ്കിൽ അവിടെ ഇറങ്ങണം, അല്ലാത്ത മാർഗ്ഗത്തിലൂടെയാണെങ്കിൽ ഇഹ്റാമിന്റെ സമയത്ത് ചെയ്യൽ അനിവാര്യമായ കുളിക്കൽ, സുഗന്ധം പൂശൽ, ഇഹ്റാമിന്റെ വസ്ത്രം ധരിക്കൽ പോലെയുള്ള കാര്യങ്ങൾ നേരത്തെ നിർവ്വഹിക്കുകയും മീഖാത്ത് വിട്ടുകടക്കും മുമ്പ് ഇഹ്റാം ചെയ്യുകയും വേണം.

കടൽ മാർഗ്ഗമാണ് വരുന്നതെങ്കിൽ കപ്പൽ മീഖാത്ത് വിട്ടു കടക്കുന്നതിന് മുമ്പ് നിറുത്തുകയും കുളിച്ച് സുഗന്ധം പൂശി ഇഹ്റാമിന്റെ വസ്ത്രം ധരിക്കുകയും, യാത്ര പുറപ്പെടുന്നതിന് മുമ്പ് ഇഹ്റാമിൽ പ്രവേശിക്കുകയും വേണം. എന്നാൽ മീഖാത്തിൽ നിറുത്തുകയില്ലെങ്കിൽ മീഖാത്ത് വിട്ടുകടക്കുന്നതിന് മുമ്പ് കുളിച്ച് സുഗന്ധം പൂശി ഇഹ്റാമിന്റെ വസ്ത്രം ധരിക്കുകയും മീഖാത്ത് വിട്ടുകടക്കുന്ന വേളയിൽ ഇഹ്റാമിൽ പ്രവേശിക്കുകയും ചെയ്യുകയാണ് വേണ്ടത്.

ഇനി യാത്ര ആകാശമാർഗ്ഗമാണെങ്കിൽ വിമാനത്തിൽ കയറുന്നതിന്മുമ്പ് കുളിച്ച് സുഗന്ധം പൂശി ഇഹ്റാമിന്റെ വസ്ത്രം ധരിച്ച് ശേഷം യാത്ര പുറപ്പെടുക. മീഖാത്ത് എത്തുന്നതിന് മുമ്പ് ഇഹ്റാമിൽ പ്രവേശിക്കുക. അത് എത്തുന്നത് വരെ കാത്ത് നിൽക്കരുത്, കാരണം വിമാനം അതിവേഗത്തിൽ സഞ്ചരിക്കുന്നതിനാൽ മീഖാത്ത് വിട്ടുകടക്കാനുള്ള സാധ്യതയുണ്ട്. മീഖാത്ത് എത്തുന്നതിന്റെ മുമ്പ് സൂക്ഷ്മതക്കു വേണ്ടി ഇഹ്റാമിൽ പ്രവേശിക്കുന്നതിന് വിരോധമില്ല.

മീഖാത്തിലൂടെയോ, അല്ലെങ്കിൽ മീഖാത്തിന്റെ ഏരിയയിൽപ്പെട്ടയിടത്തിലൂടെയോ വിട്ടുകടന്നിട്ടും ജിദ്ദ എയർപ്പോർട്ടിൽ ഇറങ്ങുന്നതു വരെ ഇഹ്റാമിൽ പ്രവേശിക്കാതെ വൈകിപ്പിക്കുകയും അവിടെ വെച്ച് ഇഹ്റാമിൽ പ്രവേശിക്കുകയും ചെയ്യുക എന്നത് ചില വിമാന യാത്രക്കാർ ചെയ്യുന്ന അബദ്ധങ്ങളിൽപ്പെട്ടതാണ്. ഇത് പ്രവാചക കൽപ്പനക്ക് വിരുദ്ധവും അല്ലാഹുവിന്റെ പരിധി ലംഘിക്കലുമാണ്.

അബ്ദുല്ലാഹിബ്നു ഉമർ(ﷺ)വിൽ നിന്നും ഇമാം ബുഖാരി റിപ്പോർട്ട് ചെയ്യുന്നു, അദ്ദേഹം പറ

ഞ്ഞു: ബസ്വറയും കൂഫയും ഇസ്‌ലാമിന് കീഴ്പ്പെ ട്ടപ്പോൾ അവർ ഖലീഫ ഉമർബ്നുഖത്വാബിന്റെ അടുക്കൽ വന്ന് പറഞ്ഞു: 'അമീറുൽ മുഅ്മിനീ ൻ, നബി(ﷺ) നജ്ദ്കാർക്ക് മീഖാത്തായി നിശ്ചയി ച്ചിരിക്കുന്നത് ഖർനുൽ മനാസിലാണല്ലോ, എന്നാ ൽ അത് ഞങ്ങളുടെ യാത്രാ മാർഗ്ഗത്തിൽ നിന്നും വിദൂരത്തിലാണ്. ഖർനുവഴി പോവുകയാണെങ്കി ൽ അത് ഞങ്ങൾക്ക് പ്രയാസകരമായിരിക്കും. ഉമ ർ(رضي الله عنه) പറഞ്ഞു: 'എങ്കിൽ നിങ്ങളുടെ യാത്രാ വഴി യിൽ നിന്നും അത് വിട്ടുകടക്കുന്ന പ്രദേശം നി ങ്ങൾ സ്വീകരിക്കുക'.

അപ്പോൾ അമീറുൽ മുഅ്മിനീൻ മീഖാത്ത് വഴി പോയിട്ടില്ലാത്തവർക്ക് അത് വിട്ടുകടന്നാൽ സ്വീകരിക്കാൻ ഒരു മീഖാത്ത് നിശ്ചയിച്ചു കൊടു ത്തു.വ്യോമ മാർഗ്ഗത്തിലൂടെ അത് വിട്ടുകടക്കുന്ന വൻ അത് കരമാർഗ്ഗം വിട്ടുകടക്കുന്നവനെപ്പോ ലെത്തന്നെയാണ്, അതിൽ വ്യത്യാസമില്ല.

ആരെങ്കിലും ഈ അബദ്ധത്തിൽ പെട്ടു പോ യാൽ, അങ്ങനെ ഇഹ്റാമിൽ പ്രവേശിക്കാതെ ജി ദ്ദയിൽ ഇറങ്ങിയവൻ, താൻ വിട്ടുകടന്ന ആ മീ ഖാത്തിൽ തിരിച്ചുവന്ന് അവിടെ വെച്ച് ഇഹ്റാം

ചെയ്യൽ നിർബന്ധമാണ്. അപ്രകാരം ചെയ്യാതെ ജിദ്ദയിൽ വെച്ച് ഇഹ്റാം ചെയ്ത ആൾ ഭൂരിപക്ഷം പണ്ഡിതന്മാരുടെയും വീക്ഷണത്തിൽ മക്കയിൽ ഒരു ബലിയറുക്കുകയും അത് അവിടുത്തെ പാവങ്ങൾക്ക് വിതരണം ചെയ്യുകയും വേണം. അതിൽ നിന്ന് അയാൾക്ക് ഭക്ഷിക്കാനോ, ധനികർക്ക് ഹദിയ നൽകാനോ പാടില്ല, കാരണം അത് പ്രായശ്ചിത്തത്തിന്റെ സ്ഥാനത്താണ്.

## ത്വവാഫും അതിലെ അബദ്ധങ്ങളും

കഅ്ബയുടെ കിഴക്ക് ഭാഗത്തുള്ള റുക്നുൽ യമാനിയിലെ ഹജറുൽഅസ്വദിൽ നിന്നാണ് നബി(ﷺ) ത്വവാഫ് തുടങ്ങിയത് എന്ന് സ്ഥിരപ്പെട്ടിരിക്കുന്നു. അദ്ദേഹം ഹജറിന്റെ പിന്നിലൂടെ കഅ്ബ മുഴുവൻ ത്വവാഫ് ചെയ്യുകയും, ത്വവാഫുൽ ഖുദൂമിലെ ആദ്യത്തെ മൂന്ന് ചുറ്റിൽ മാത്രം 'റമല്' നടത്തം നടക്കുകയും ചെയ്തു. അദ്ദേഹം ഹജറിനെ കൈകൊണ്ട് സ്പർശിക്കുകയും മുത്തുകയും ചെയ്തു. അതിന് സാധിക്കാത്ത അവസരത്തിൽ കൈകൊണ്ട് മുത്തി കൈ ചുംബിച്ചു. അതിനും കഴിയാത്ത അവസരത്തിൽ തന്റെ വാഹനപ്പുറത്തിരുന്ന് കൈവശമിരുന്ന വടികൊണ്ട് ഹജ

റിനെ തൊടുകയും ശേഷം അത് ചുംബിക്കുകയും ചെയ്തു. തന്റെ വാഹനപ്പുറത്തിരുന്നാണ് അദ്ദേഹം ത്വവാഫ് ചെയ്തത്. ഓരോ ചുറ്റിലും ഹജറുൽ അസ്‌വദിനെ അടുത്തുകൂടി നടന്നുപോവുമ്പാൾ അതിന്റെ നേരെ ചൂണ്ടിയിരുന്നു. (ഇതെല്ലാം പ്രവാചകനിൽ നിന്നും സ്ഥിരപ്പെട്ടതാണ്).

അതുപോലെ അദ്ദേഹം റുക്നുൽയമാനിയെ കൈകൊണ്ട് സ്പർശിക്കാറുണ്ടായിരുന്നുവെന്നും സ്ഥിരപ്പെട്ടിരിക്കുന്നു.ഹജറിനെ സ്പർശിക്കുന്നതിന്റെ രൂപത്തിൽ വ്യത്യസ്ത അഭിപ്രായങ്ങൾ കാണുന്നത് അദ്ദേഹം പല ഘട്ടങ്ങളിൽ തന്റെ സൗകര്യമനുസരിച്ച് ചെയ്തു എന്നത് കൊണ്ടാവാം. ഹജറിനെ മുത്തിയതും തൊട്ടുമുത്തിയതും ചൂണ്ടിയതുമെല്ലാം തന്നെ അല്ലാഹുവിനെ ആരാധിക്കുന്നതിന്റെയും അവനെ മഹത്വപ്പെടുത്തുന്നതിന്റെയും ഭാഗമായാണ്. ഹജർ ഉപകാരമോ ഉപദ്രവമോ ചെയ്യുമെന്ന വിശ്വാസം കൊണ്ടല്ല.

ഉമർ(﵁)വിൽ നിന്നും നിവേദനം ചെയ്യപ്പെട്ടതായി ബുഖാരിയിലും മുസ്‌ലിമിലും കാണാം, അദ്ദേഹം ഹജറിനെ ചുംബിക്കുകയും ഇപ്രകാരം പറയുകയും ചെയ്യാറുണ്ടായിരുന്നു: ‘എനിക്കറിയാം

നീയൊരു കല്ല് മാത്രമാണ്, നീ ഉപകാരമോ ഉപദ്ര വമോ ചെയ്യുകയില്ല. നബി(ﷺ) നിന്നെ ചുംബിക്കുന്നത് ഞാൻ കണ്ടില്ലായിരുന്നെങ്കിൽ ഞാൻ നിന്നെ ചുംബിക്കുമായിരുന്നില്ല്'.

**മറ്റുചില അബദ്ധങ്ങൾ**

**1) ഹജറുൽ അസ്‌വദിന്റെ മുമ്പ് അതായത് റുക്നുൽ യമാനിയുടെയും ഹജറിന്റെയും ഇടയിൽ നിന്ന് ത്വവാഫ് ആരംഭിക്കൽ.** ഇത് മതത്തിൽ അതിരുകവിയലിൽപ്പെട്ടതാണ്. ഇത് റമദാനിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പ് നോമ്പ് പിടിക്കുന്നതിനോട് സാദൃശ്യമാവുന്നു, ഇത് വിരോധിക്കപ്പെട്ടതായി നബി(ﷺ)യിൽ നിന്നും സ്ഥിരപ്പെട്ടുവന്നിരിക്കുന്നു.

സൂക്ഷ്മതക്കു വേണ്ടിയാണ് തങ്ങൾ ഇത് ചെയ്യുന്നതെന്ന ചില ഹാജിമാരുടെ വാദം അസ്വീകാര്യമാണ്. യഥാർത്ഥമായ ഉപകാരപ്പെടുന്ന സൂക്ഷ്മത അത് ശരീഅത്തിനെ പിൻപറ്റലാണ്. അല്ലാഹുവിന്നും അവന്റെ ദൂതന്നും മുൻകടക്കാതിരിക്കലുമാണ്.

**2) തിരക്കുള്ള ഘട്ടങ്ങളിൽ ഹിജ്റിസ്മാഈലിനുള്ളിലൂടെ ത്വവാഫ് ചെയ്യൽ**. (കഅ്ബക്ക് പുറത്ത് കമാനാകൃതിയിൽ ചുമരു വെച്ചിട്ടുള്ള ഭാഗമാണ് ഹിജ്ർ ഇസ്മാഈൽ, ഇത് കഅ്ബക്കുള്ളിൽപ്പെട്ടതാണ്). ഹിജ്റിന്റെ വാതിലിലൂടെ പ്രവേശിച്ച് എതിർഭാഗത്തെ വാതിലിലൂടെ അവർ പുറത്തുകടക്കും. അപ്പോൾ ഹിജ്റിന്റെ ബാക്കിഭാഗം അവരുടെ വലതുഭാഗത്തായിരിക്കും. ഇപ്രകാരം ചെയ്യുന്നതിലൂടെ ത്വവാഫ് ശരിയാവുന്നില്ലെന്ന് മാത്രമല്ല അത് മഹാകുറ്റവുമാണ്. കാരണം യഥാർത്ഥത്തിൽ അവർ കഅ്ബയെ ത്വവാഫ്ചെയ്തിട്ടില്ല, മറിച്ച് കഅ്ബയുടെ ഒരു ഭാഗം മാത്രമേ അവർ ത്വവാഫ് ചെയ്തുള്ളൂ.

**3) ഏഴ് ചുറ്റിലും റമല് നടത്തം നടക്കുക**.

**4) വലിയ തിരക്കുള്ള സമയത്ത് ഹജറിനെ മുത്താൻ വേണ്ടി തിക്കിത്തിരക്കൽ**. എത്രത്തോളമെന്നാൽ ചിലപ്പോളത് പരസ്പരം ചീത്ത വിളിക്കലിലേക്കും സംഘട്ടനത്തിലേക്കും വരെ എത്തിക്കുന്നു. വിശുദ്ധമായ അല്ലാഹുവിന്റെ ഭവനത്തിൽ, അവന്റെ ഭവനത്തിന്റെ തണലിങ്കൽ, ഈ കർമ്മത്തിനിടയിൽ യോജിക്കാത്ത രൂപത്തിലുള്ള വാക്കുകളും സംഘട്ടനങ്ങളും ഉണ്ടാവുന്നു. അ

ങ്ങനെ ഇതു മുഖേന ത്വവാഫ് നഷ്ടപ്പെടുന്നു. അല്ല, കർമ്മം മുഴുക്കെ നഷ്ടപ്പെടുന്നു. അല്ലാഹു പറയുന്നു:

الْحَجُّ أَشْهُرٌ مَّعْلُومَاتٌ فَمَن فَرَضَ فِيهِنَّ الْحَجَّ فَلاَ رَفَثَ وَلاَ فُسُوقَ وَلاَ جِدَالَ فِي الْحَجِّ وَمَا تَفْعَلُواْ مِنْ خَيْرٍ يَعْلَمْهُ اللّهُ وَتَزَوَّدُواْ فَإِنَّ خَيْرَ الزَّادِ التَّقْوَى وَاتَّقُونِ يَا أُوْلِي الأَلْبَابِ ( البقرة : ١٩٧ )

'ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് കർമ്മത്തിൽ പ്രവേശിച്ചാൽ പിന്നീട് സ്ത്രീ പുരുഷ സംസർഗ്ഗമോ ദുർവൃത്തിയോ വഴക്കോ ഹജ്ജിനിടയിൽ പാടുള്ളതല്ല' (ബഖറ: 197).

ഈ തിക്കിത്തിരക്ക് ഭയഭക്തിയെ ഇല്ലാതാക്കുകയും ദൈവസ്മരണ മറപ്പിക്കുകയും ചെയ്യുന്നു. ഇത് രണ്ടുമാണല്ലോ ത്വവാഫിൽ ഉദ്ദേശിക്കപ്പെടുന്ന ഏറ്റവും മഹത്തായ ലക്ഷ്യം.

**5) ഹജറുൽ അസ്വദ് ഉപകാരം ചെയ്യുമെന്ന് വിശ്വസിക്കൽ**. ചിലർ ഹജറുൽ അസ്വദ് തടവിയാൽ ശേഷം സ്വന്തം ശരീരത്തെ കൈകൾ കൊ

ണ്ട് തടവുന്നു. അല്ലെങ്കിൽ കൂടെയുള്ള തങ്ങളുടെ മക്കളുടെ മേൽ തടവുന്നു!!.

ഇതെല്ലാം തന്നെ അജ്ഞതയും വഴികേടുമാണ്. ഉപകാരവും ഉപദ്രവവും അല്ലാഹുവിൽ നിന്ന് മാത്രമാണ്. അമീറുൽ മുഅ്മിനീൻ ഉമർ(ﷺ)വിന്റെ വാക്കുകൾ മുമ്പ് നാം പറഞ്ഞുവല്ലോ.

**6) ചില ഹാജിമാർ കഅ്ബയുടെ എല്ലാ മൂലകളും തടവുന്നു.** ചിലപ്പോൾ കഅ്ബയുടെ ചുമരുകളുടെ എല്ലാ ഭാഗങ്ങളും സ്പർശിക്കുകയും തടവുകയും ചെയ്യുന്നു. ഇവയെല്ലാം തന്നെ വഴികേടും അജ്ഞതയുമാണ്. കാരണം സ്പർശനം ഒരു ആരാധനയും അല്ലാഹുവിനെ മഹത്വപ്പെടുത്തലുമാണ്. അതുകൊണ്ട് തന്നെ ആ കാര്യങ്ങൾ പ്രവാചകൻ(ﷺ) കാണിച്ചുതന്ന പരിധിയിൽ നിറുത്തൽ നിർബന്ധമാണ്. കഅ്ബയിൽ നിന്ന് നബി(ﷺ) രണ്ട് വലത്തെ മൂലകളല്ലാതെ സ്പർശിച്ചിട്ടില്ല. (കഅ്ബയുടെ കിഴക്കേ മൂലയിലുള്ള ഹജറുൽ അസ്വദ്, പടിഞ്ഞാറെ മൂലയിലുള്ള റുക്നുൽ യമാനി എന്നിവ).

ഇമാം അഹ്മദിന്റെ മുസ്നദിൽ കാണാം, ഇബ്നു അബ്ബാസ്(﵁) മുആവിയ(﵁)വിന്റെ കൂടെ ത്വവാഫ് ചെയ്യുകയായിരുന്നു,മുആവിയ(﵁) കഅ്ബയുടെ എല്ലാ മൂലകളും സ്പർശിക്കാൻ തുടങ്ങി. അപ്പോൾ ഇബ്നു അബ്ബാസ്(﵁) അദ്ദേഹത്തെ എതിർക്കുകയുണ്ടായി.

**ത്വവാഫിലെ വാക്യാബദ്ധങ്ങൾ**

നബി(ﷺ)ഹജറുൽഅസ്വദിന്റെ അടുത്ത് എത്തുമ്പോളെല്ലാം തക്ബീർ ചൊല്ലിയതായും ഹജറിന്റെയും റുക്നുൽയമാനിയുടെയും ഇടയിൽ

( رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ

(البقرة:٢٠١)

(അല്ലാഹുമ്മ റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനതൻ വഫിൽ ആഖിറത്തി ഹസനതൻ വ ഖിനാ അദാബന്നാർ)

'അല്ലാഹുവേ ഇഹത്തിൽ നീ ഞങ്ങൾക്ക് നന്മ പ്രദാനം ചെയ്യേണമേ, പരത്തിലും നീ ഞങ്ങൾക്ക് നന്മ പ്രദാനം ചെയ്യേണമേ, നരകശിക്ഷയി

ൽ നിന്നും ഞങ്ങളെ നീ കാത്ത് രക്ഷിക്കേണമേ'. എന്നു പ്രാർത്ഥിച്ചതായും സ്ഥിരപ്പെട്ടിരിക്കുന്നു. നബി(ﷺ) പറഞ്ഞു: 'കഅ്ബയെ ത്വവാഫ് ചെയ്യുന്നതും, സ്വഫാമർവക്കിടയിലുള്ള നടത്തവും ജംറകളെ എറിയുന്നതുമെല്ലാം അല്ലാഹുവിനെ ഓർക്കുന്നതിനുവേണ്ടിയാണ്'.

ത്വവാഫ് ചെയ്യുമ്പോൾ ചിലർ ഓരോ ചുറ്റിലും പ്രത്യേകം ദുആ ചൊല്ലുന്നു. മറ്റൊരു ദുആയും അവർ ചൊല്ലുകയുമില്ല. ദുആ പൂർണ്ണമാവും മുമ്പ് ചുറ്റ് പൂർത്തിയായാൽ, അടുത്ത ചുറ്റിൽ പുതിയ ദുആ തുടങ്ങാൻ വേണ്ടി അവിടെവെച്ച് നിറുത്തുന്നു, അത് പൂർത്തിയാക്കുന്നില്ല, അതിൽ അവശേഷിക്കുന്നത് ഒരു വാക്ക് മാത്രമാണെങ്കിലും. ചുറ്റ് പൂർത്തിയാവും മുമ്പ് ദുആ അവസാനിച്ചാൽ ശേഷം മൗനമായി നീങ്ങുകയും ചെയ്യും. ഓരോ ചുറ്റിനുമായി നബി(ﷺ)യിൽ നിന്നും പ്രത്യേകം ദുആകൾ പഠിപ്പിക്കപ്പെട്ടിട്ടില്ല.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(ﷺ) പറയുന്നു: 'നബി(ﷺ) യിൽ നിന്ന് ത്വവാഫിൽ പ്രത്യേകമായി ദുആകൾ വന്നിട്ടില്ല. നബി(ﷺ) കൽപ്പ

നയായോ, വാക്കിലൂടെയോ, അധ്യാപനത്തിലൂടെ യോ ഇല്ല. മറിച്ച് അതിൽ ശറഇയായ മറ്റു ദുആക ൾ നിർവ്വഹിക്കലായിരുന്നു അദ്ദേഹം. മീസാബി നു കീഴെയും മറ്റും പ്രത്യേകമായി ചിലർ പ്രാർ ത്ഥിക്കുന്ന പ്രാർത്ഥനകൾക്ക് യാതൊരു അടി സ്ഥാനവുമില്ല'.

ഇതിന്റെ അടിസ്ഥാനത്തിൽ ത്വവാഫ് ചെയ്യു ന്നവൻ തനിക്കാവശ്യമുള്ള ഐഹികവും പാരത്രി കവുമായ നന്മക്ക് വേണ്ടി പ്രാർത്ഥിക്കുകയാണ് വേണ്ടത്. സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്, ലാഇലാഹ ഇല്ലല്ലാഹ്,അല്ലാഹു അക്ബർ തുടങ്ങി യ ശറഇയായ ദിക്റുകളോ അല്ലെങ്കിൽ ഖുർആ ൻ പാരായണമോ നിർവ്വഹിച്ചുകൊണ്ട് അവൻ അല്ലാഹുവിനെ സ്മരിക്കട്ടെ.

അതുപോലെത്തന്നെ ത്വവാഫ് ചെയ്യുന്ന ചി ലർക്ക് സംഭവിക്കുന്ന അബദ്ധങ്ങളിൽപ്പെട്ടതാണ് ഈ പ്രാർത്ഥനകളൊക്കെ അതിന്റെ അർത്ഥമെ ന്താണെന്ന് അറിയാതെ അവർ എഴുതിക്കൊണ്ട് പോയി അത് നോക്കി ചൊല്ലുന്നു എന്നത്. ഒരു പ ക്ഷെ അത് പ്രിന്റ് ചെയ്തിടത്തൊ അല്ലെങ്കിൽ അ ത് എഴുതിയപ്പോളൊ അതിൽ വല്ല പിശകും സം

ഭവിച്ചിരിക്കാം, അങ്ങനെ ഉദ്ദേശിക്കുന്നതിന് നേരെ വിപരീതവും താൻ അറിയാതെ തനിക്കെതിരുമായിരിക്കാം അയാൾ ചൊല്ലുന്നത്. ഈ അൽഭുതം നാം പലപ്പോഴും കേട്ടിട്ടുള്ളതാണ്.

ത്വവാഫ് ചെയ്യുന്നവൻ തനിക്കറിയുന്നതും ആവശ്യമുള്ളതും രക്ഷിതാവിനോട് പ്രാർത്ഥിക്കുകയായിരുന്നുവെങ്കിൽ, അതിന്റെ ആശയവും അർത്ഥവും അയാൾ അറിയുകയും ചെയ്തിരുന്നുവെങ്കിൽ അതായിരുന്നു അയാൾക്ക് ഏറ്റവും ഉത്തമം. അതായിരുന്നു റസൂൽ(ﷺ)യോട് ഏറ്റവും കൂടുതൽ പിൻപറ്റുന്നതും അടിസ്ഥാനപരവും.

ഒരു നേതാവിന്റെ കീഴിൽ ഒരു സംഘം ഒരുമിച്ച് കൂടി, അയാൾ അവരെക്കൊണ്ട് ത്വവാഫ് ചെയ്യിക്കുകയും ഉച്ചത്തിൽ അവർക്കായി അയാൾ ദുആകൾ ചൊല്ലിക്കൊടുക്കുകയും മറ്റുള്ളവർ ഉച്ചത്തിൽ കൂട്ടമായി അത് ഏറ്റ് ചൊല്ലുകയും ചെയ്ത് ശബ്ദ കോലാഹലവും അങ്കലാപ്പും സൃഷ്ടിക്കുകയും ത്വവാഫ് ചെയ്യുന്ന ബാക്കിയുള്ളവർക്ക് സൈ്വര്യക്കേടുണ്ടാക്കുകയും ചെയ്യുക എന്നത് ചില ത്വവാഫുകാർ ആവർത്തിക്കുന്ന മറ്റൊരു അബദ്ധമാണ്. തങ്ങൾ എന്താണ് പറയുന്നത് എ

ന്ന് അവർക്കറിഞ്ഞുകൂടാ. ഇത് നിർഭയമായ ഈ സ്ഥലത്ത് ഭയഭക്തിയെ ഇല്ലാതാക്കുന്നതും അല്ലാഹുവിന്റെ അടിമകളെ ഉപദ്രവിക്കുന്നതുമായ കാര്യമാണ്.

ജനങ്ങൾ ഉറക്കെ ഖുർആൻ പാരായണം ചെയ്തു കൊണ്ട് നമസ്കരിക്കുന്ന ഒരു വേളയിൽ നബി(ﷺ) അവരിലേക്ക് ചെന്നു. അദ്ദേഹം അവരോട് പറഞ്ഞു:

(كلكم يناجي ربه ، فلا يجهر بعضكم على بعض في القرآن)

'നിങ്ങൾ ഓരോരുത്തരും തങ്ങളുടെ രക്ഷിതാവിനോടാണ് പ്രാർത്ഥിക്കുന്നത്. അതുകൊണ്ട് നിങ്ങളിൽ ചിലർ മറ്റു ചിലരുടെ മേൽ ഖുർആൻ ഉറക്കെ ഓതരുത്'. (ഇമാം മാലിക് മുവത്വയിൽ ഉദ്ദരിച്ചത്).

സംഘത്തലവൻ അവരേയും കൊണ്ട് കഅ്ബയുടെ അടുക്കലേക്ക് ചെല്ലുകയും അവിടെ നിന്ന് നിങ്ങൾ ഇങ്ങനെ ചെയ്യൂ നിങ്ങൾ ആഗ്രഹിക്കുന്നത് പ്രാർത്ഥിച്ചോളൂ എന്ന് പറഞ്ഞു കൊടുക്കുകയും അവരെയും കൊണ്ട് ത്വവാഫ് സ്ഥാനത്തു കൂടെ നടക്കുകയും ചെയ്യു കയായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു, എങ്കിൽ അവരിൽ

ഒരാൾക്ക് പോലും അബദ്ധം സംഭവിക്കില്ലായിരുന്നു. എങ്കിൽ അവർ വളരെ ഭയഭക്തിയോടെയും സമാധാനത്തോടെയും ത്വവാഫ് ചെയ്യുമായിരുന്നു, തങ്ങളുടെ റബ്ബിനോട് ആഗ്രഹത്തോടെയും ഭയത്തോടെയും, വിനയത്തോടെയും ഗോപ്യമായും തങ്ങൾ ആഗ്രഹിക്കുന്നതും, തങ്ങൾക്ക് അർത്ഥവും ഉദ്ദേശ്യവും അറിയുന്നതും അവർക്ക് പ്രാർത്ഥിക്കുകയും ചെയ്യാമായിരുന്നു. എങ്കിൽ ജനങ്ങൾ അവരുടെ ഉപദ്രവത്തിൽ നിന്നും രക്ഷപ്പെട്ടേനെ.

## ത്വവാഫാനന്തര നമസ്കാരവും അബദ്ധങ്ങളും

പ്രവാചകൻ(ﷺ)യിൽ നിന്നും സ്ഥിരപ്പെട്ട നിവേദനം, 'നബി(ﷺ) ത്വവാഫിൽ നിന്നും വിരമിച്ചപ്പോൾ ഇബ്റാഹീം മഖാമിലേക്ക് തിരിഞ്ഞ് (واتخذوا من مقام إبراهيم مصلى) എന്ന് പാരായാണം ചെയ്തു'. 'നിങ്ങൾ ഇബ്റാഹീം മഖാമിനെ നമസ്കാരസ്ഥലമാക്കുക' എന്നർത്ഥം.

ശേഷം 'ഇബ്റാഹീംമഖാം' അദ്ദേഹത്തിന്റെയും കഅ്ബയുടെയും ഇടയിൽ വരുന്ന രൂപത്തി

ൽ രണ്ട് റക്അത്തുകൾ നമസ്കരിച്ചു. ഒന്നാമത്തെ റക്അത്തിൽ അദ്ദേഹം ഫാത്തിഹയും സൂറത്തുൽ കാഫിറൂനയും, രണ്ടാമത്തേതിൽ ഫാതിഹയും സൂറത്തുൽ ഇഖ്ലാസും ഓതുകയും ചെയ്തു.

ഈ നമസ്കാരം മഖാമിനോട് ഏറെ അടുത്തായിരിക്കണമെന്നാണ് ചില ആളുകളുടെ ധാരണ. ഇതിന്നായി തിക്കും തിരക്കുമുണ്ടാക്കി ഹജ്ജ് കാലങ്ങളിലും മറ്റും ത്വവാഫ് ചെയ്യുന്ന ജനങ്ങൾക്ക് അവർ ഞെരുക്കമുണ്ടാക്കുകയും അവരുടെ ത്വവാഫിന് പ്രതിബന്ധങ്ങളുണ്ടാക്കുകയും ചെയ്യുന്നു. ഈ ധാരണ തീർത്തും അബദ്ധമാണ്. ത്വവാഫിന് ശേഷമുള്ള രണ്ട് റക്അത്തുകൾ മസ്ജിദുൽ ഹറാമിൽ എവിടെ വെച്ച് നിർവ്വഹിച്ചാലും മതിയാവുന്നതാണ്. പള്ളിയുടെ നിലകളിലോ മുറ്റങ്ങളിലോ നമസ്കാരം നിർവ്വഹിക്കുന്ന പോലെ, എത്ര ദൂരെയാണെങ്കിലും നമസ്കാരക്കാരന് തന്റെയും കഅ്ബയുടെയും ഇടയിൽ മഖാം വരുന്ന രൂപത്തിൽ നമസ്കാരം നിർവ്വഹിക്കാവുന്നതാണല്ലോ. എങ്കിൽ സ്വസ്ഥമായും മറ്റുള്ളവർക്ക് പ്രയാസം സൃഷ്ടിക്കാതെയും ഭയഭക്തിയോടും സ

മാധാനത്തോടും കൂടി അത് നിർവ്വഹിക്കാനും സാധിക്കും.

മസ്ജിദുൽ ഹറാമിന്റെ ഉത്തരവാദിത്വം ഏൽപ്പിക്കപ്പെട്ടവർ, ത്വവാഫ് ചെയ്യുന്നവരെ ശല്യപ്പെടുത്തുന്ന രൂപത്തിൽ മഖാമിനോട് ഏറെ അടുത്ത് നമസ്കരിക്കുന്ന ഇത്തരക്കാരെ തടയുകയും, മഖാമിനോട് അടുത്ത് നിൽക്കൽ നമസ്കാരത്തിന് നിബന്ധനയല്ലെന്ന് അവർ അറിയിക്കുകയും ചെയ്തിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു.

പ്രത്യേക കാരണങ്ങളൊന്നുമില്ലാതെ ചിലർ മഖാമിനടുത്ത് വെച്ച് ധാരാളം റക്അത്തുകൾ നമസ്കരിച്ചുകൊണ്ടിരിക്കുന്നതും അബദ്ധങ്ങളിൽപ്പെട്ടതാണ്. ത്വവാഫിൽ നിന്ന് വിരമിച്ചവർ തങ്ങൾക്ക് നമസ്കരിക്കാൻ അവരുടെ സ്ഥലം ഒഴിവാകുന്നത് കാത്തിരിക്കുകയാണ്.

ഈ രണ്ട് റക്അത്ത് നമസ്കാരത്തിന് ശേഷം ചില ഹജ്ജ് സംഘ നായകർ എഴുന്നേറ്റ് നിന്ന് ഉച്ചത്തിൽ ദുആ ചൊല്ലിക്കൊടുക്കാറുണ്ട് ഇതും അബദ്ധങ്ങളിൽപ്പെട്ടതാണ്. മഖാമിന് പിന്നിൽ നമസ്കരിക്കുന്ന ആളുകൾക്ക് ഇത് പ്രയാസം

സൃഷ്ടിക്കുന്നു, ഇത് അവരോട് കാണിക്കുന്ന അതിക്രമമാണ്. അല്ലാഹു പറയുന്നു:

ادْعُواْ رَبَّكُمْ تَضَرُّعًا وَخُفْيَةً إِنَّهُ لاَ يُحِبُّ الْمُعْتَدِينَ ( الأعراف : ٥٥ )

'താഴ്മയോടു കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർത്ഥിക്കുക. പരിധി വിട്ടുപോകുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെയില്ല' (അഅ്റാഫ്: 55).

## സ്വഫാ മർവ, പ്രാർത്ഥനകൾ, സഅ്യ്: അബദ്ധങ്ങൾ

പ്രവാചകൻ(ﷺ) സ്വഫായിലേക്ക് കയറിയപ്പോൾ ( إن الصفا والمروة من شعائر الله ) എന്ന് ഓതിയതായി ഹദീസിൽ സ്ഥിരപ്പെട്ടു വന്നിരിക്കുന്നു. തുടർന്ന് അദ്ദേഹം കഅ്ബയെ കാണുന്നത് വരെ കുന്നിൻ മുകളിലേക്ക് കയറി. ഖിബ്ലക്ക് അഭിമുഖമായി നിന്ന് കൈകളുയർത്തി അല്ലാഹുവിന് സ്തുതികളർപ്പിക്കുകയും അദ്ദേഹം ഉദ്ദേശിച്ചത് പ്രാർത്ഥിക്കുകയും ചെയ്തു. അല്ലാഹുവിന്റെ ഏ

കത്വവും ഔന്നത്യവും വാഴ്ത്തി പ്രവാചകൻ(ﷺ) ഇപ്രകാരം പറഞ്ഞു:

( اللّٰهُ أَكْبَرُ اللّٰهُ أَكْبَرُ اللّٰهُ أَكْبَرُ ، لَا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ، لَا إِلَهَ إِلَّا اللَّهُ وَحْدَهُ أَنْجَزَ وَعْدَهُ وَنَصَرَ عَبْدَهُ وَهَزَمَ الْأَحْزَابَ وَحْدَهُ )

(അല്ലാഹു അക്ബർ അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക്ക ലഹു, ലഹുൽ മുൽക്കു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ. ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു അൻജസ വഅ്ദഹു വനസ്വറ അബ്ദഹു വ ഹസമൽ അഹ്സാബ വഹ്ദഹു).''അല്ലാഹു വലിയവൻ, അല്ലാഹു വലിയവൻ, അല്ലാഹു വലിയവൻ. അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ല, അവൻ ഏകൻ, എല്ലാ ആധിപത്യവും സർവ്വസ്തുതിയും അവന്നാണ്, അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്. അല്ലാഹുവല്ലാതെ ആരാധ്യനില്ല, അവൻ ഏകൻ, അവന്റെ കരാർ അവൻ പാലിച്ചു, അവന്റെ അടിമയെ അവൻ സഹായിച്ചു, അവൻ തനിച്ച് സംഘങ്ങളെ പരാജയപ്പെടുത്തി'

അതിന് ശേഷം പ്രവാചകൻ(ﷺ) പ്രാർത്ഥിക്കുകയും ഈ വചനങ്ങൾ മൂന്ന് തവണ ആവർത്തിക്കുകയും ചെയ്തു. ശേഷം കുന്നിൽ നിന്നിറങ്ങി 'ബത്വനുൽ വാദി' പച്ച ലൈറ്റ് കൊണ്ട് അടയാളപ്പെടുത്തിയ സ്ഥലം) വരെ നടന്നുനീങ്ങി. ബത്വനുൽ വാദിയിൽ കാൽ കുത്തിയപ്പോൾ അദ്ദേഹം ഓടി. പച്ച ലൈറ്റ് കൊണ്ട് അടയാളപ്പെടുത്തിയ ഭാഗം കഴിഞ്ഞതുമുതൽ മർവ വരെ വീണ്ടും നടന്നു. ശേഷം സ്വഫയിൽ ചെയ്ത പോലെയെല്ലാം മർവയിലും ചെയ്തു.

സഅ്യ് ചെയ്യുന്നവരിൽ ചിലർ കുന്നുകളിൽ കയറി കഅ്ബയിലേക്ക് മുന്നിട്ട് മൂന്ന് തവണ തക്ബീർ ചൊല്ലി കൈകളുയർത്തി നമസ്കാരത്തിൽ കാണിക്കുന്ന പോലെ ആംഗ്യം കാണിക്കുകയും ശേഷം ഇറങ്ങുകയും ചെയ്യുന്നു. ഇത് അബദ്ധവും പ്രവാചകചര്യക്ക് എതിരുമാണ്. സാധ്യമെങ്കിൽ പ്രവാചകചര്യ അനുധാവനം ചെയ്യട്ടെ. അല്ലാത്തപക്ഷം അദ്ദേഹം അനുഷ്ഠിക്കാത്ത കാര്യങ്ങളൊന്നും ചെയ്യാതിരിക്കട്ടെ.

സ്വഫാമർവയിലുടനീളം ഓടുക എന്നത് മറ്റു ചിലർ ചെയ്യുന്ന അബദ്ധങ്ങളിലൊന്നാണ്. ഇതും

പ്രവാചക ചര്യക്ക് വിരുദ്ധമാണ്. പച്ച വെളിച്ചം കൊണ്ട് അടയാളപ്പെടുത്തിയ സ്ഥലത്ത് മാത്രം ഓടലും ബാക്കി സ്ഥലങ്ങളിൽ നടക്കലുമാണ് പ്രവാചകചര്യ. ചെയ്യുന്നവന്റെ അജ്ഞതയോ ധൃതിയിൽ സഅ്യിൽ നിന്ന് വിരമിക്കാനുള്ള അമിത വാഞ്ചയോ ആണ് ഇത്തരം കർമ്മങ്ങൾക്ക് അവനെ പ്രേരിപ്പിക്കുന്നത്. അല്ലാഹുവിൽ സഹായം.

പച്ച അടയാളങ്ങൾക്കിടയിൽ പുരുഷന്മാരെ അനുകരിച്ച് ചില സ്ത്രീകളും ധൃതിയിൽ നടക്കുന്നു. ഇതും അബദ്ധമാണ്, കാരണം സ്ത്രീകൾ ഓടാൻ പാടില്ല. അവർ സഅ്യിൽ ഉടനീളം സാധാരണ നടത്തം മാത്രമേ നടക്കേണ്ടതുള്ളു. ഇബ്നു ഉമർ(ﷺ) പറയുന്നു: 'സ്ത്രീകൾ കഅ്ബക്ക് ചുറ്റുമോ സഫാമർവക്കിടയിലോ ധൃതിയിൽ നടക്കാൻ പാടില്ല'.

ചിലർ സ്വഫാ മർവകളിൽ എത്തുമ്പോളൊക്കെ إن الصفا والمروة എന്ന വചനം ഓതുന്നു. ഇതും അബദ്ധമാണ്. ആദ്യപ്രാവശ്യം സ്വഫയോടടുക്കുമ്പോൾ മാത്രമാണിത് പാരായണം ചെയ്യേണ്ടത്. മറ്റു ചിലർ ഓരോ സഅ്യിലും പ്രത്യേക

പ്രാർത്ഥനകൾ നിർവ്വഹിച്ച് പോരുന്നു. ഇതിനും യാതൊരു അടിസ്ഥാനവുമില്ല.

**അറഫയിൽ നിൽക്കൽ, അതിലെ അബദ്ധങ്ങൾ**

അറഫാദിനം മധ്യാഹ്നം വരെ നബി(ﷺ) നമിറയിൽ തങ്ങുകയും ശേഷം വാഹനം കയറി 'വാദിഉർനയിൽ' എത്തുകയും അവിടെ വെച്ച് ദുഹ്ർ, അസ്വർ നമസ്കാരങ്ങൾ രണ്ടു റക്അത്ത് വീതം ഒരു ബാങ്കും രണ്ട് ഇഖാമത്തുകളുമായി മുന്തിച്ച് ജംആക്കി നമസ്കരിക്കുകയും ചെയ്തതായി ഹദീസുകളിൽ സ്ഥിരപ്പെട്ടിരിക്കുന്നു.നബി(ﷺ) തനിക്ക് നിൽക്കാനുള്ള സ്ഥാനത്തേക്ക് ചെന്ന് പറഞ്ഞു: 'ഞാൻ ഇവിടെ നിൽക്കുന്നു, അറഫയിൽ മുഴുവൻ നിൽക്കാവുന്നതാണ്'.അനന്തരം ഖിബ്ലക്ക് നേരെ തിരിഞ്ഞ് രണ്ട് കൈകളുയർത്തി അല്ലാഹുവിനെ സ്മരിക്കുന്നതിലും പ്രാർത്ഥനയിലും മുഴുകി.

1) അറഫയുടെ അതിർത്തിക്കപ്പുറം സൂര്യാസ്തമയം വരെ നിൽക്കുന്നു. ശേഷം അറഫയിൽ തീരെ നിൽക്കാതെ മുസ്ദലിഫയിലേക്ക് പുറപ്പെടുന്നു. ഇത് ഹജ്ജ് നഷ്ടപ്പെടുത്തുന്ന ഭീമാബദ്ധമ

ത്രെ. കാരണം അറഫയിൽ നിൽക്കുക എന്നത് ഹജ്ജിന്റെ അതിപ്രധാന ഘടകമാണ്.അറഫയിൽ നിൽക്കേണ്ട സമയത്ത് അവിടെ പ്രവേശിക്കാത്ത വന്റെ ഹജ്ജ് വിഫലമാണ്. നബി(ﷺ) പറഞ്ഞു: 'ഹജ്ജ് അറഫയാണ്, മുസ്ദലിഫയുടെ (ജുമഇ ന്റെ) രാത്രി പ്രഭാതോദയത്തിന് മുമ്പായി അറഫ യിൽ നിന്നവന് അറഫ ലഭിച്ചു'.

ഈ ഭീമാബദ്ധത്തിന് കാരണമാവുന്നത് ചി ലർ മറ്റുള്ളവരുടെ പ്രവർത്തനത്തിൽ വഞ്ചിതരാ വുന്നതു കൊണ്ടാണ്. ചിലർ അറഫയിലെത്തുന്ന തിന് മുമ്പ് തന്നെ നിശ്ചയിക്കപ്പെട്ട അടയാളം തേ ടാതെ അതിർത്തിക്കു മുമ്പ് തങ്ങുന്നു. ഇത് കാര ണമായി അവന്റെ ഹജ്ജ് നഷ്ടപ്പെടുകയും അത് കണ്ട് ചെയ്യുന്ന മറ്റുള്ളവരുടെ ഹജ്ജ് നഷ്ടപ്പെടു ത്തുകയും ചെയ്യുന്നു.

2) ചില ഹാജിമാർ സൂര്യാസ്തമയത്തിന് മുമ്പ് ത ന്നെ അറഫയിൽ നിന്ന് പുറപ്പെടുന്നു. ഇത് നിഷി ദ്ധമാണ്. കാരണം ഇത് പ്രവാചകചര്യക്ക് എതിരാ ണ്. സൂര്യൻ അസ്തമിച്ച് അതിന്റെ ശോഭ മായു ന്നതു വരെ നബി(ﷺ) അറഫയിൽ നിൽക്കുകയു ണ്ടായി. മാത്രവുമല്ല, സൂര്യാസ്തമയത്തിന് മുമ്പ്

അറഫയിൽ നിന്നും പിരിഞ്ഞുപോവൽ ജാഹിലിയ്യാ കാലക്കാരുടെ പ്രവർത്തനവുമാണ്.

3) ഖിബ്‌ല പിറകിലോ ഇടത്തോ വലത്തോ ആണെങ്കിലും അവർ അറഫാ മലയിലേക്ക് തിരിഞ്ഞ് ദുആ ചെയ്യുന്നു. ഇത് പ്രവാചകാധ്യാപനത്തിന് വിരുദ്ധമാണ്. നബി(ﷺ) ചെയ്തപോലെ ഖിബ്‌ലയിലേക്ക് തിരിഞ്ഞ് നിന്ന് പ്രാർത്ഥിക്കലാണ് സുന്നത്ത്.

## ജംറകളിലെ ഏറ്, അതിലെ അബദ്ധങ്ങൾ

മക്കയോട് ഏറ്റവും അടുത്തതായ ജംറത്തുൽ ഖുസ്‌വാ (ജംറത്തുൽ അഖബ)യിൽ നബി(ﷺ) ഏഴ് ചെറിയ കല്ലുകൾ എറിഞ്ഞതായി ഹദീസുകളിൽ സ്ഥിരപ്പെട്ടിട്ടുണ്ട്. പെരുന്നാൾ ദിവസം പ്രഭാത സമയത്തായിരുന്നു അദ്ദേഹം എറിഞ്ഞത്. ഓരോ കല്ലുകൾ എറിയുമ്പോഴും അദ്ദേഹം തക്ബീർ ചൊല്ലിയിരുന്നു. കടലമണിയെക്കാൾ അൽപ്പം വലുതും എറിയാൻ പറ്റുന്നതുമായ കല്ലുകളായിരുന്നു അവ.

ഫദ്‌ലുബ്നു അബ്ബാസ്(ﷺ)വിൽ നിന്നും ഇമാം നസാഇ നിവേദനം ചെയ്യുന്നു, അദ്ദേഹം പറ

യുന്നു: മുസ്ദലിഫയിൽ നിന്ന് മിന വരെ ഞാൻ നബി(ﷺ)യുടെ സഹയാത്രികനായിരുന്നു. പ്രവാച കൻ(ﷺ) ക്ഷീണത്തോടെ വാഹനമിറങ്ങി, ശേഷം പറഞ്ഞു: 'നിങ്ങൾ ജംറകളിൽ എറിയാൻ വിരലു കൾ കൊണ്ട് പിടിച്ചെറിയാവുന്ന കല്ലുകൾ എടു ക്കുക'. ഒരു മനുഷ്യൻ മറ്റൊരാളെ തമാശ രൂപേ ണ എറിയുന്ന തരം കല്ലുകളാണ് ഇതുകൊണ്ട് നബി(ﷺ) ഉദ്ദേശിച്ചത്. ശേഷം അദ്ദേഹം തന്റെ കൈകൊണ്ട് അത് ആംഗ്യത്തിലൂടെ കാണിക്കുക യും ചെയ്തു.

മുസ്നദ് അഹ്മദിൽ രേഖപ്പെടുത്തുന്നു. ഇ ബ്നുഅബ്ബാസ്(﵁)വിൽ നിന്നും നിവേദനം,നിവേ ദകരിലൊരാളായ യഹ്യാ(﵀) പറയുന്നു: 'ഔഫാ ണോ അതോ അബ്ദുല്ലയാണോ എന്ന് എനി ക്കോർമ്മയില്ല, ഇവരിൽ ഒരാൾ എന്നോട് പറ ഞ്ഞു: 'അഖബകളെ എറിയേണ്ട ദിവസം പ്രഭാത ത്തിൽ നബി(ﷺ) തന്റെ വാഹനപ്പുറത്തിരുന്ന് പറ ഞ്ഞു: 'എനിക്ക് കല്ലുകൾ പെറുക്കി കൊണ്ട് തരി ക'. ഇബ്നു അബ്ബാസ്(﵁) പറയുന്നു: 'അങ്ങനെ ഞാൻ എറിഞ്ഞുകളിക്കാനുതകുന്ന ചെറിയ കല്ലു

കൾ ശേഖരിച്ചു. പ്രവാചകൻ(ﷺ) ആ കല്ലുകൾ തന്റെ കൈയിൽപ്പിടിച്ചു രണ്ട് തവണ ആവർത്തിച്ചു പറഞ്ഞു: 'ഇതു പോലെയുള്ള കല്ലുകൾ' എന്ന്. നിവേദകൻ പറയുന്നു: 'യഹ്‌യാ(ﷺ) ആംഗ്യം കാണിച്ചു കൊണ്ട് പറഞ്ഞു: 'നബി(ﷺ) തന്റെ കൈയിൽ കല്ലുകൾ ഉയർത്തിപ്പിടിച്ചു കൊണ്ടാണ് പറഞ്ഞത്: 'മതത്തിൽ അതിരുകവിയുന്നത് നിങ്ങൾ സൂക്ഷിക്കുക, നിങ്ങളുടെ മുൻഗാമികൾ നശിപ്പിക്കപ്പെട്ടത് മതത്തിൽ അതിരുകവിഞ്ഞതുകൊണ്ടാണ്'.

ഉമ്മുസുലൈമാനുബ്നു അംറുബ്നുൽ അഹ്‌വസ്(ﷺ)യിൽ നിന്നും നിവേദനം, അവർ പറയുന്നു: 'പെരുന്നാൾ ദിവസം നബി(ﷺ) ബത്വനുൽ വാദിയിൽ നിന്ന് ജംറത്തുൽ അഖബയെ എറിയുന്നത് ഞാൻ കണ്ടു, അദ്ദേഹം പറഞ്ഞു:'ജനങ്ങളെ നിങ്ങൾ അന്യോന്യം കൊലപ്പെടുത്തരുത്, നിങ്ങൾ ജംറകളെ എറിയുമ്പോൾ വിരലുകൾക്കുള്ളിൽ ഒതുക്കിക്കൊണ്ട് എറിയാവുന്ന കല്ലുകൾ കൊണ്ട് എറിയുക (അഹ്‌മദ്).

ഇബ്നു ഉമർ(ﷺ)വിൽ നിന്നും നിവേദനം.അദ്ദേഹം സാധാരണ ഏറ്റവും അടുത്ത ജംറയെ ഏഴ് തവണ എറിയുകയും, ഓരോ ഏറിനോടൊപ്പവും തക്ബീർ ചൊല്ലുകയും ചെയ്യും. പിന്നീട് സൗകര്യത്തിനായി അൽപ്പം മുന്നോട്ട് മാറി ഖിബ്ലക്ക് അഭിമുഖമായി നിന്ന് കുറെ സമയം കരങ്ങളുയർത്തി പ്രാർത്ഥിക്കും. ശേഷം ജംറത്തുൽ ഖുസ്വയെ എറിഞ്ഞ് അൽപ്പംവിശ്രമിക്കുകയും ശേഷം ഖിബ്ലക്ക് അഭിമുഖമായിനിന്ന് ധാരാളമായി കൈകളുയർത്തി പ്രാർത്ഥിക്കുകയും ചെയ്യും. ബത്വ്നുൽ വാദിയിൽ നിന്ന് ജംറത്തുൽ അഖബയെ എറിഞ്ഞ് അവിടെ കൂടുതൽ തങ്ങാറില്ല. അദ്ദേഹം പിരിഞ്ഞു പോകുമ്പോൾ ഇപ്രകാരം പറയാറുണ്ടായിരുന്നു:'നബി(ﷺ) ഇങ്ങനെ ചെയ്യുന്നതായി ഞാൻ കണ്ടിട്ടുണ്ട്' എന്ന്. അഹ്മദും അബൂദാവൂദും(ﷺ) ആയിശ(ﷺ)യിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നു, നബി(ﷺ) പറഞ്ഞു:'കഅ്ബയെ ത്വവാഫ് ചെയ്യുന്നതും സ്വഫാമർവയിലെ സഅ്യും ജംറകളെ എറിയുന്നതും ഏർപ്പെടുത്തപ്പെട്ടിരിക്കുന്നത് അല്ലാഹുവെക്കുറിച്ച സ്മരണ നിലനിർത്താൻ വേണ്ടി മാത്രമാണ്'.

## മറ്റുചില അബദ്ധങ്ങൾ

1) മുസ്ദലിഫയിൽ നിന്ന് തന്നെ കല്ലുകൾ ശേഖരിക്കൽ അനിവാര്യമാണെന്ന വിശ്വാസം. അങ്ങനെ രാത്രിയിൽത്തന്നെ അവർ പ്രയാസം സഹിച്ചു കൊണ്ട് കല്ലുകൾ പെറുക്കി എടുക്കുന്നു. കല്ലുകൾ നഷ്ടപ്പെട്ടാൽ അതിന്റെ പേരിൽ അങ്ങേയറ്റം ദുഃഖിക്കുകയും തന്റെ കൂട്ടുകാരുടെ പക്കൽ ബാക്കിയായ മിനായിലെ കല്ലുകൾ ചോദിച്ചു വാങ്ങുകയും ചെയ്യുന്നു.

നേരത്തെ പ്രദിപാതിച്ചതിൽ നിന്നും ഈ പറഞ്ഞ കാര്യത്തിന് യാതൊരു അടിസ്ഥാനവുമില്ല എന്ന് മനസ്സിലാക്കാം.പ്രവാചകൻ(ﷺ) ഇബ്നു അബ്ബാസ്(رضي الله عنه)വിനോട് കല്ലുകൾ പെറുക്കിയെടുക്കാൻ ആവശ്യപ്പെട്ടത് അദ്ദേഹം തന്റെ വാഹനപ്പുറത്തിരിക്കെയാണ്. ഈ നിറുത്തം ജംറകളുടെ അടുത്താണെന്നാണ് വ്യക്തമാവുന്നത്. അതിന്മുമ്പ് മുസ്ദലിഫയിൽ നിന്നു യാത്രയായതിനു ശേഷം തന്റെ വാഹനം നിറുത്തിയെന്നതിന് തെളിവുകളില്ല. ജംറകളിൽ എത്തുന്നതിന് മുമ്പ് കല്ലുകൾ ശേഖരിക്കാൻ അദ്ദേഹം കൽപ്പിച്ചിട്ടുമില്ല.

2) ജംറകളെ എറിയുമ്പോൾ പിശാചിനെ എറിയുകയാണെന്ന വിശ്വാസം. അതിനാൽ ജംറകൾക്ക് അവർ സാത്താന്റെ പേര് വിളിക്കുന്നു. അങ്ങനെ, ഞങ്ങൾ വലിയ ശൈത്വാനെ എറിഞ്ഞു, ചെറിയ ശൈത്വാനെ എറിഞ്ഞു എന്നോ, അല്ലെങ്കിൽ ഞങ്ങൾ ശൈത്വാന്റെ പിതാവിനെ (ജംറത്തുൽ അഖബയെയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്) എറിഞ്ഞു എന്നോ ഒക്കെ പറയുന്നു. ഇത്തരം പദ പ്രയോഗങ്ങളൊന്നും തന്നെ ഈ പുണ്യപ്രദേശങ്ങൾക്കു പ്രയോഗിക്കപ്പെടാവതല്ല.

അതുപോലെത്തന്നെ,ആർത്തിരമ്പിയും,കോപാകുലരായും അവരുടെ വാദപ്രകാരമുള്ള ഈ പിശാചുക്കളെ അനാവശ്യവും ചീത്തയും വിളിച്ചു കൊണ്ടും കല്ലുകൾ എറിയുന്നത് കാണാം. മറ്റു ചിലർ ജംറകൾക്ക് മുകളിൽ കയറി ചെരുപ്പുകൾ കൊണ്ടും മറ്റും വർദ്ധിച്ച രോഷത്തോടെ അതിനെ അടിക്കുകയും വലിയ കല്ലുകൾ കൊണ്ട് എറിയുകയും ചെയ്യുന്നു. ചില കല്ലുകൾ ജനങ്ങളുടെ ദേഹത്താണ് പതിക്കുന്നത്. എന്നിട്ടും രോഷവും കോപവും അവനിൽ അധികരിക്കുക മാത്രമാണ് ചെയ്യുന്നത്. ആളുകൾ അവന്റെ ചുറ്റും ഒരു ഹാസ്യപ്രകടനം വീക്ഷിക്കുന്ന ഭാവേന ചിരി

ക്കുകയും പൊട്ടിച്ചിരിക്കുകയും ചെയ്യുന്നു. ജംറ കളിലെ പാലങ്ങൾ നിർമ്മിക്കുകയും തൂണുകളെ നാട്ടുകയും ചെയ്യുന്നതിന് മുമ്പ് സ്ഥിരം കണ്ടു വന്നിരുന്നതാണിത്. ഇതെല്ലാം തന്നെ, ഹാജിമാർ പിശാചിനെ എറിയുകയാണെന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ചെയ്തു കൊണ്ടിരിക്കുന്നത്. ഇതിനൊന്നും തന്നെ അവലംബിക്കാവുന്ന യാതൊരു അടിസ്ഥാനവുമില്ല.

ജംറകളിലെ ഏറ് നിശ്ചയിക്കപ്പെട്ടിരിക്കുന്നതിന്റെ യുക്തി, 'അല്ലാഹുവിന്റെ സ്മരണ നിലനിറുത്തലാണ്' എന്ന് മുമ്പ് പറഞ്ഞതിൽ നിന്നും താങ്കൾ മനസ്സിലാക്കിയിരിക്കും. അതു കൊണ്ടാണ് നബി(ﷺ) എറിയുന്നതോടൊപ്പം തക്ബീർ ചൊല്ലിയിരുന്നത്.

3) ചെരുപ്പുകൾ, ഷൂകൾ, വലിയ കല്ലുകൾ, മരത്തടികൾ പോലെയുള്ളവ കൊണ്ടൊക്കെ എറിയൽ വലിയ തെറ്റും,തന്റെ വാക്കുകൾ കൊണ്ടും പ്രവർത്തികൾ കൊണ്ടും മുഹമ്മദ്(ﷺ) തന്റെ സമുദായത്തിന് നിയമമാക്കിയതിന് കടകവിരുദ്ധവുമാണ്. വിരൽത്തുമ്പിൽ പിടിക്കാവുന്ന തരത്തിലുള്ള കല്ലുകൾ കൊണ്ട് അദ്ദേഹം എറിയുകയും അതു

പോലെയുള്ളവകൊണ്ട് എറിയാൻ അദ്ദേഹം തന്റെ സമുദായത്തോട് കൽപ്പിക്കുകയും,മതത്തിൽ അതിരു കവിയുന്നതിനെത്തൊട്ട് താക്കീതു ചെയ്യുകയും ചെയ്തു. അവർ എറിയുന്നത് പിശാചിനെയാണെന്ന തെറ്റായ വിശ്വാസമാണ് ഈ വലിയതെറ്റ് സംഭവിക്കാനുള്ള അടിസ്ഥാന കാരണം.

4) ശക്തി പ്രയോഗിച്ചും തള്ളിക്കയറിയും ജംറകളിലേക്ക് മുന്നിടൽ. അല്ലാഹുവിനോട് ഇക്കൂട്ടർക്ക് ഭയഭക്തിയില്ല. അല്ലാഹുവിന്റെ അടിമകളോടവർ കരുണ കാട്ടുന്നില്ല. ഇത് കാരണം മുസ്‌ലിംകൾക്ക് വിഷമവും ഉപദ്രവവുമുണ്ടാവുന്നു. വിശുദ്ധമായ ഈ പുണ്യസ്ഥലം അതിന് തീർത്തും അനുയോജ്യമല്ലാത്ത വിധം പരസ്പരം ചീത്ത വിളിയുടെയും അടിപിടിയുടെയും ഏറ്റുമുട്ടലിന്റെയും കേളീരംഗമായി മാറുകയും അത് നിയമമാക്കിയതിന്റെ ഉദ്ദേശ്യലക്ഷ്യത്തിൽ നിന്നും നബി(ﷺ) ചെയ്തുകാണിച്ച മാതൃകയിൽ നിന്നും അതിനെ പുറത്താക്കുകയും ചെയ്യുന്നു.

ഖുദാമത്തുബ്നു അബ്ദില്ലാഹിബ്നു അമ്മാറി(ﷺ)ൽ നിന്നും നിവേദനം ചെയ്യുന്നതായി 'മുസ്നദി'ൽ കാണാം. അദ്ദേഹം പറയുന്നു: 'പെരുന്നാ

ൾ ദിവസം നബി(ﷺ) തവിട്ട് നിറത്തിലുള്ള ഒരു ഒട്ടകപ്പുറത്തിരുന്ന് ജംറത്തുൽ അഖബയെ എറിയുന്നത് ഞാൻ കണ്ടു. ശക്തി പ്രയോഗിക്കാതെയും വിരട്ടിയോടിക്കാതെയും മാറി നിൽക്കൂ, മാറി നിൽക്കൂ എന്ന (ആജ്ഞയി) ല്ലാതെയുമായിരുന്നു അദ്ദേഹത്തിന്റെ ഏറ്' (തിർമിദി).

5) തശ്‌രീഖ് ദിവസങ്ങളിൽ ഒന്നാം ജംറയും രണ്ടാം ജംറയും എറിഞ്ഞതിന് ശേഷം പ്രാർത്ഥിക്കാൻ നിൽക്കുന്നത് ഒഴിവാക്കൽ.നബി(ﷺ) തന്റെ ഏറിന്റെ ശേഷം ഖിബ്‌ലക്ക് അഭിമുഖമായി നിന്ന് കൈകൾ ഉയർത്തി ദീർഘനേരം പ്രാർത്ഥിച്ചിരുന്നു എന്നത് താങ്കൾ മനസ്സിലാക്കിയിട്ടുള്ളതാണ്.

നബിചര്യയെക്കുറിച്ച അജ്ഞതയും ആരാധനകളിൽ നിന്ന് അതിശീഘ്രം വിരമിക്കണമെന്ന അതിരു കവിഞ്ഞ വാഞ്ചയുമാണ് ഇതിന് പ്രധാന കാരണം. ഹാജി തന്റെ ഹജ്ജിനു മുമ്പായി ഹജ്ജിന്റെ നിയമ വശങ്ങളെക്കുറിച്ച് പഠിച്ച് മനസ്സിലാക്കിയിരുന്നുവെങ്കിൽ വ്യക്തമായ അവബോധത്തോടെ അല്ലാഹുവെ ആരാധിക്കുകയും പ്രവാചകരെ അനുധാവനം ചെയ്യൽ യാധാർത്ഥ്യമാക്കുകയും ചെയ്യാമായിരുന്നു.

ഒരാൾ ഒരു നാട്ടിലേക്ക് യാത്ര ചെയ്യാൻ ഉദ്ദേശിച്ചാൽ അവിടേക്ക് കൃത്യമായി എത്തിച്ചേരാനാവശ്യമായ വഴി അയാൾ ചോദിച്ചറിയും. എങ്കിൽ അല്ലാഹുവിലേക്കും അവന്റെ സ്വർഗ്ഗത്തിലേക്കും എത്തിച്ചേരാൻ ആവശ്യമായ വഴിയിൽ പ്രവേശിക്കണമെന്നാഗ്രഹിക്കുന്നവന്റെ അവസ്ഥയെന്താണ്? തന്റെ ലക്ഷ്യത്തിലെത്തിച്ചേരാൻ വേണ്ടി അതിൽ പ്രവേശിക്കുന്നതിന് മുമ്പ് അതിനെക്കുറിച്ച് ചോദിച്ചറിയൽ അവന്റെ ബാധ്യതയല്ലേ?.

6) കല്ലുകൾ മുഴുവൻ ഒറ്റപിടിയിൽ എറിയൽ. ഇതും തോന്നിവാസമായ അബദ്ധമാണ്. ഒറ്റ പിടിയിൽ ഒന്നിൽക്കൂടുതൽ കല്ലുകൾ എറിഞ്ഞവന്റെ ഏറ് ഒന്നായി മാത്രമേ എണ്ണപ്പെടുകയുള്ളു എന്നാണ് പണ്ഡിത വീക്ഷണം.നബി(ﷺ) ചെയ്തതു പോലെ കല്ലുകൾ ഓരോന്നോരോന്നായി എറിയലാണ് നിർബന്ധം.

7) പ്രവാചകനിൽ നിന്നും സ്ഥിരപ്പെട്ടു വന്നിട്ടില്ലാത്ത പ്രാർത്ഥനകളും മറ്റും ചെയ്യൽ. ചിലർ ഇപ്രകാരം പ്രാർത്ഥിക്കുന്നത് കേൾക്കാം:

اللَّهُمَّ اجعلها رضاً للرحمن ، وغضباً للشيطان

മിക്കപ്പോഴും അതോടൊപ്പം പ്രവാചകനിൽ നിന്നും സ്ഥിരപ്പെട്ട തക്ബീറുകൾ അവർ ഒഴിവാക്കുകയും ചെയ്യുന്നു. എന്നാൽ കൂട്ടലോ കുറക്കലോ ഇല്ലാതെ പ്രവാചകൻ പഠിപ്പിച്ചതിൽ പരിമിതപ്പെടുത്തലാണ് ഏറ്റവും ഉത്തമം.

8) തനിക്ക് പ്രാപ്തിയും ശേഷിയും ഉണ്ടായിരിക്കെത്തന്നെ തിക്കും ബുദ്ധിമുട്ടും ഏൽക്കാതിരിക്കാൻ വേണ്ടി സ്വന്തം എറിയലിൽ പലരും അലസത കാണിക്കുകയും മറ്റുള്ളവരെ ഏൽപ്പിക്കുകയും ചെയ്യുന്നു. ഹജ്ജിന്റെ പൂർണ്ണതക്കുള്ള അല്ലാഹുവിന്റെ കൽപ്പനക്ക് എതിരാണിത്. അല്ലാഹു പറയുന്നു: 'നിങ്ങൾ അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറയും പൂർത്തിയാക്കുക'. അപ്പോൾ കഴിവുള്ളവൻ സ്വയം സന്നദ്ധനായി ചെയ്യുക എന്നതാണ് നിർബന്ധമായിട്ടുള്ളത്. ബുദ്ധിമുട്ടുകളും ക്ലേശവും അവൻ സഹിക്കട്ടെ, കാരണം ഹജ്ജ് ജിഹാദിന്റെ ഇനങ്ങളിൽ ഒന്നാണ്.അതിൽ ബുദ്ധിമുട്ടുകൾ സ്വാഭാവികവുമാണ്.

അതിനാൽ ഹാജി തന്റെ രക്ഷിതാവിനെ സൂക്ഷിക്കട്ടെ, അല്ലാഹു തന്നോട് കൽപ്പിച്ച പോലെ

അവന്റെ കർമ്മങ്ങൾ തന്റെ കഴിവനുസരിച്ച് പൂർത്തിയാക്കി നിർവ്വഹിക്കുകയും ചെയ്യട്ടെ.

## വിടവാങ്ങൽ ത്വവാഫും അതിലെ അബദ്ധങ്ങളും

ഇബ്നുഅബ്ബാസ്(ﷺ)വിൽ നിന്നും ഇമാം ബുഖാരി ഉദ്ദരിക്കുന്നു.'തങ്ങളുടെ അവസാന ക രാർ അല്ലാഹുവിന്റെ ഭവനവുമായിട്ടായിരി ക്കണ മെന്ന് ജനങ്ങൾ കൽപ്പിക്കപ്പെട്ടിരിക്കുന്നു, എന്നാ ൽ ആർത്തവകാരികൾക്ക് അദ്ദേഹം ഇളവ് നൽ കിയിരിക്കുന്നു'.

ഇമാം മുസ്ലിമിന്റെ റിപ്പോർട്ടിൽ ഇപ്രകാര മാണ്. 'ജനങ്ങളെല്ലാം പല ഭാഗങ്ങളിലേക്കായി പിരിഞ്ഞു പോവുകയായിരുന്നു. ഉടൻ പ്രവാചക ൻ(ﷺ) നിർദ്ദേശിച്ചു: 'അല്ലാഹുവിന്റെ ഗേഹത്തോട് തന്റെ അവസാന ബാധ്യത നിർവ്വഹിച്ചല്ലാതെ നി ങ്ങളാരും പിരിഞ്ഞ് പോവരുത'. മറ്റൊരു റിപ്പോർ ട്ടിൽ 'അവന്റെ അവസാനത്തെ കരാർ അല്ലാഹു വിന്റെ ഭവനത്തെ ത്വവാഫ് ചെയ്യലായിരിക്കുന്നത് വരെ' എന്നാണ്.

ഉമ്മുസലമ(ﵵ)യിൽ നിന്നും നിവേദനം, അവർ പറയുന്നു:'ഞാൻ നബി(ﷺ)യോട് (തനിക്ക് സുഖമില്ലെന്ന്) ആവലാതിപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'നീ വാഹനപ്പുറത്തേറിക്കൊണ്ട് ജനങ്ങൾക്ക് പിന്നിലായി ത്വവാഫ് ചെയ്തുകൊള്ളുക', അങ്ങനെ ഞാൻ ത്വവാഫ് ചെയ്തു..' (ബുഖാരി, മുസ്‌ലിം)

അവർ പറഞ്ഞതായി ഇമാം നസാഇ ഉദ്ദരിക്കുന്നു: 'അല്ലാഹുവിന്റെ ദൂതരെ, അല്ലാഹുവാണ് ഞാൻ ത്വവാഫുൽ വിദാഅ് ചെയ്തിട്ടില്ല. അപ്പോൾ അദ്ദേഹം പറഞ്ഞു: 'നമസ്കാരത്തിന് ഇഖാമത്ത് വിളിക്കപ്പെട്ടാൽ ആളുകളുടെ പിന്നിലായി നിന്റെ ഒട്ടകപ്പുറത്തിരുന്ന് നീ ത്വവാഫ് ചെയ്തുകൊള്ളുക'.

അനസുബ്നു മാലികി(﵁)ൽ നിന്നും നിവേദനം, നബി(ﷺ) ദുഹ്റും അസ്വ്റും മഗ്‌രിബും ഇശാഉം നമസ്കരിച്ചു. പിന്നീട് 'മുഹസ്സബി'ൽ അദ്ദേഹം കിടന്നുറങ്ങി. ശേഷം കഅ്ബയിലേക്ക് വാഹനം കയറുകയും ത്വവാഫ് ചെയ്യുകയും ചെയ്തു' (ബുഖാരി).

ആയിശ(ﷺ)യിൽ നിന്നും റിപ്പോർട്ട്, ത്വവാഫുൽ ഇഫാദക്ക് ശേഷം സ്വഫിയ്യ(ﷺ) ഋതുമതിയായി. അപ്പോൾ നബി(ﷺ) ചോദിച്ചു: 'അവൾ നമ്മെ തടഞ്ഞുവെച്ചവളായോ'. അവർ പറഞ്ഞു: 'അവർ ഇഫാദയും ത്വവാഫും ചെയ്തിട്ടുണ്ട്' അപ്പോൾ നബി(ﷺ) പറഞ്ഞു: 'എന്നാൽ അവളും യാത്രയായിക്കൊള്ളട്ടെ' (ബുഖാരി, മുസ്ലിം).

അബ്ദുല്ലാഹിബ്നു ഉമറുബ്നുൽ ഖത്വാബി(ﷺ)ൽ നിന്നും നിവേദനം, ഉമർ(ﷺ) പറഞ്ഞു: 'കഅ്ബയെ ത്വവാഫ് ചെയ്യുന്നത് വരെ ആരും തന്നെ ഹജ്ജിൽ നിന്നും പുറത്തു കടക്കരുത്, കാരണം അവസാനത്തെ കർമ്മം കഅ്ബയെ ത്വവാഫ് ചെയ്യലാണ്' (മുവത്വഅ്). യഹ്യബ്നു സഈദിൽ നിന്നും നിവേദനം, കഅ്ബയെ ത്വവാഫു ചെയ്യാതിരുന്ന ഒരാളെ ഉമർ(ﷺ) 'മർറുദഹ്റാനി'ൽ വെച്ച് തടഞ്ഞ് കഅ്ബയെ വിടവാങ്ങൽ ത്വവാഫ് ചെയ്യാനായി തിരിച്ചയച്ചു'.

**മറ്റുചില അബദ്ധങ്ങൾ**

1) പെരുന്നാൾ ദിവസം ജംറകളിൽ എറിയുന്നതിന് മുമ്പ് കഅ്ബയിൽ ചെന്ന് ത്വവാഫുൽ വിദാഅ്

നിർവ്വഹിച്ച് മിനായിലേക്ക് തിരിക്കുന്നു. തുടർന്ന് ജംറകളെ എറിഞ്ഞ് നേരെ നാട്ടിലേക്ക് തിരിക്കുന്നു. ഇതും അനനുവദനീയവും അബദ്ധവുമാണ്. കാരണം ഹാജിയുടെ അവസാന ബാധ്യത അല്ലാഹുവിന്റെ ഭവനത്തോടായിരിക്കണമെന്ന പ്രവാചകാധ്യാപനത്തിന് വിരുദ്ധമത്രെ ഇത്തരം ചെയ്തികൾ. വിദാഇന്റെ ത്വവാഫിനുശേഷം എറിയുന്നവൻ അവസാന കരാർ നിർവ്വഹിക്കുന്നത് ജംറകളോടാണല്ലോ. ഹജ്ജ് അനുഷ്ഠാനങ്ങളെല്ലാം പൂർത്തിയായതിന് ശേഷമാണ് പ്രവാചകൻ(ﷺ) ത്വവാഫുൽ വിദാഅ് നിർവ്വഹിച്ചത്. നബി(ﷺ) പറയുകയും ചെയ്തു 'നിങ്ങൾ എന്നിൽ നിന്നും ഹജ്ജിന്റെ കർമ്മങ്ങൾ സ്വീകരിക്കുക'.

2) ത്വവാഫുൽ വിദാഇന് ശേഷം പിന്നെയും മക്കയിൽ താമസിക്കൽ. ഇങ്ങിനെ ചെയ്യുന്നപക്ഷം ത്വവാഫ് അവസാനത്തെ കരാറാവുകയില്ലല്ലൊ. അവസാന കരാറായിരിക്കണമെന്നാണ് നബി(ﷺ) പഠിപ്പിച്ചതും തന്റെ കർമ്മത്തിലൂടെ ചെയ്ത് കാണിച്ചതും. അവസാനത്തെ കരാർ കഅ്ബയുമായിട്ടായിരിക്കണമെന്ന് അദ്ദേഹം കൽപ്പിച്ചു. അദ്ദേഹം മക്കയിൽ നിന്നും പുറപ്പെട്ട് പോവും മുമ്പല്ലാതെ

ത്വവാഫ് നിർവ്വഹിച്ചതുമില്ല. അപ്രകാരമാണ് അ ദ്ദേഹത്തിന്റെ സ്വഹാബത്തും ചെയ്തത്. ഫർദ് ന മസ്കാരത്തിനായി ഇഖാമത്ത് വിളിക്കപ്പെട്ടാൽ അത് നമസ്കരിക്കാൻ നിൽക്കൽ, ജനാസ കൊ ണ്ട് വരപ്പെട്ടാൽ അത് നമസ്കരിക്കൽ, അല്ലെങ്കി ൽ തന്റെ യാത്രക്കാവശ്യമായ ചരക്കുകളോ മ റ്റോ വാങ്ങാൻ വേണ്ടിയോ, തന്റെ കൂട്ടുകാരെയാ രെയെങ്കിലും പ്രതീക്ഷിച്ചോ നിൽക്കൽ പോലെ യുള്ള അപ്രതീക്ഷിതമായുണ്ടാവുന്ന വല്ല ആവ ശ്യങ്ങൾക്കുമായി മക്കയിൽ തങ്ങേണ്ടി വരുന്ന പ ക്ഷം അതിന് വിരോധമില്ലെന്ന് പണ്ഡിതന്മാർ ഇള വു നൽകുന്നു. ഇത്തരം ഇളവു നൽകപ്പെട്ടതല്ലാ ത്ത രൂപത്തിൽ ആരെങ്കിലും ത്വവാഫുൽവിദാഇ ന്റെ ശേഷം നിന്നാൽ അയാൾ നിർബന്ധമായും ത്വവാഫ് മടക്കി നിർവ്വഹിക്കണം.

3) ത്വവാഫുൽ വിദാഇന് ശേഷം പുറം തിരിഞ്ഞ് നടക്കൽ. കഅ്ബയെ ബഹുമാനിക്കലാണെന്നാ ണ് ഇത് ചെയ്യുന്നവരുടെ വാദം. ഇത് പ്രവാചക ചര്യക്ക് വിരുദ്ധവും അല്ലാഹുവിന്റെ പ്രവാചകർ മുന്നറിയിപ്പ് നൽകിയിട്ടുള്ള ബിദ്അത്തുകളിൽ പ്പെട്ടതുമാണ്. ബിദ്അത്തുകളെക്കുറിച്ച് പ്രവാചക

ൻ പറഞ്ഞത് 'സർവ്വ അനാചാരങ്ങളും വഴി കേടാകുന്നു' എന്നാണ്.

വിശ്വാസകാര്യങ്ങളിലും ആരാധനാകർമ്മങ്ങളിലും പ്രവാചകനും സച്ചരിതരായ ഖലീഫമാരും ചെയ്തതിന് വിരുദ്ധമായത് അനുഷ്ഠിക്കലാണ് 'ബിദ്അത്ത്'അഥവാ'അനാചാരങ്ങൾ'.പുറം തിരിഞ്ഞ് കഅ്ബയിൽ നിന്ന് മടങ്ങുന്നവൻ അവൻ വാദിക്കുന്നതു പോലെ കഅ്ബയെ ആദരിക്കുകയാണ് ചെയ്യുന്നതെങ്കിൽ, അവൻ വിചാരിക്കുന്നുണ്ടോ താൻ മുഹമ്മദ് നബി(ﷺ)യെക്കാളും കഅ്ബയെ ബഹുമാനിക്കുകയാണെന്ന്. അതോ ഇപ്രകാരം ചെയ്യുന്നതിൽ കഅ്ബയോടുള്ള ബഹുമാനമുണ്ടെന്ന് അദ്ദേഹത്തിനും ഖുലഫാക്കൾക്കും അറിയില്ലാരുന്നുവെന്നാണോ അവൻ കരുതുന്നത്

4) ത്വവാഫുൽ വിദാഇൽ നിന്നും വിരമിച്ച ശേഷം പള്ളിയുടെ കവാടത്തിങ്കലെത്തുമ്പോൾ തിരിഞ്ഞു നോക്കലും കഅ്ബയോട് വിട പറയുന്നവരെപ്പോലെ പ്രാർത്ഥിക്കലും. ഇതും അനാചാരങ്ങളിൽപ്പെട്ടതാണ്. കാരണം നബി(ﷺ)യിൽ നിന്നോ അദ്ദേഹത്തിന്റെ ഖലീഫമാരിൽ നിന്നോ ഇത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ശറഇയായി നിശ്ചയിക്ക

പ്പെടാത്ത ഏതൊരു കാര്യവും അതുമുഖേന അല്ലാഹുവിനുള്ള ആരാധന ഉദ്ദേശിക്കുന്ന പക്ഷം അത് നിഷ്ഫലവും തള്ളപ്പെട്ടതുമാണ്. നബി(ﷺ) പറയുന്നു: 'നമ്മുടെ ഈ കാര്യത്തിൽ (മതകാര്യത്തിൽ) ആരെങ്കിലും അതിൽപ്പെടാത്തത് വല്ലതും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്'. അല്ലാഹു പറയുന്നു:

قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللَّهُ غَفُورٌ رَّحِيمٌ ( آل عمران : ٣١ )

'(നബിയേ) പറയുക, നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യുന്നതാണ്' (ആലുഇംറാൻ: 31).

പ്രവാചകനെ പിൻപറ്റൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലെപ്പോലെത്തന്നെ അദ്ദേഹത്തിന്റെ നിരോധനങ്ങളിലും ഉണ്ടായിരിക്കേണ്ടതുണ്ട്. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ കാലത്തുള്ള ഒരു കാര്യം അദ്ദേഹം ചെയ്തില്ല എങ്കിൽ ശരീഅത്ത് അതിനെ ഉപേക്ഷിച്ചു എന്നാണതിനർത്ഥം.

അതിനപ്പുറം അല്ലാഹുവിന്റെ മതത്തിൽ വല്ലതും പുതുതായി ഉണ്ടാക്കാൻ ആർക്കും അവകാശമി ല്ല.മനുഷ്യനും അവന്റെ ഇച്ഛയും അത് ഇഷ്ടപ്പെ ടുന്നതാണെങ്കിൽപ്പോലും. അല്ലാഹു പറയുന്നു:

وَلَوِ اتَّبَعَ الْحَقُّ أَهْوَاءهُمْ لَفَسَدَتِ السَّمَاوَاتُ وَالْأَرْضُ وَمَن فِيهِنَّ
بَلْ أَتَيْنَاهُم بِذِكْرِهِمْ فَهُمْ عَن ذِكْرِهِم مُّعْرِضُونَ (المؤمنون : ٧١ )

'സത്യം അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റിയിരു ന്നെങ്കിൽ ആകാശങ്ങളും ഭൂമിയും അവയിലുള്ള വരുമെല്ലാം കുഴപ്പത്തിലാകുമായിരുന്നു. അല്ല, അ വർക്കുള്ള ഉൽബോധനവും കൊണ്ടാണ് നാം അ വരുടെ അടുക്കൽ ചെന്നിരിക്കുന്നത്' (23: 71).

നമ്മെ ഏവരെയും സന്മാർഗ്ഗത്തിലാക്കട്ടെ എന്നും, നമ്മെ ഹിദായത്തിലാക്കിയതിന് ശേഷം നമ്മുടെ ഹൃദയങ്ങളെ അവൻ തെറ്റിക്കാതിരിക്ക ട്ടെ എന്നും, നമുക്കവൻ കാരുണ്യം വർഷിച്ച് തരു മാറാവട്ടെ എന്നും ഞാൻ അല്ലാഹുവോട് പ്രാർ ത്ഥിക്കുന്നു. തീർച്ചയായും അവൻ കാരുണ്യ ദാ താവാകുന്നു.

***********

അധ്യായം 10

# زيارة المسجد النبوي

## മസ്ജിദുന്നബവി സന്ദർശനം

ഇസ്ലാം നിയമമാക്കിയ പുണ്യകർമ്മങ്ങളിലൊന്നാണ് മസ്ജിദുന്നബവി സന്ദർശനം. നമസ്കാരങ്ങൾക്കും മറ്റു ആരാധനകൾക്കുമായി പുണ്യം കാംക്ഷിച്ചുള്ള തീർത്ഥയാത്ര അനുവദിക്കപ്പെട്ടിട്ടുള്ള മൂന്ന് പള്ളികളിലൊന്നാണ് അത്. അബൂഹുറൈറ(ﷺ) വിൽ നിന്നും നിവേദനം, നബി (ﷺ) പറഞ്ഞു:

( لا تشدّوا الرحال إلا إلى ثلاثة مساجد : المسجد الحرام ، مسجدي هذا ، والمسجد الأقصى )

'മൂന്ന് പള്ളികളിലേക്കല്ലാതെ നിങ്ങൾ തീർത്ഥയാത്ര നടത്തരുത്: മസ്ജിദുൽ ഹറാം, എന്റെ ഈ പള്ളി, മസ്ജിദുൽഅഖ്സ്വാ എന്നിവയാണവ' (ബുഖാരി, മുസ്ലിം). അബൂഹുറൈറ(ﷺ)വിൽ നിന്നും നിവേദനം, നബി(ﷺ) പറഞ്ഞു:

( صلاة في مسجدي خير من ألف صلاةٍ فيما سواه إلا المسجد الحرام )

'എന്റെ ഈ പള്ളിയിൽ വെച്ചുള്ള നമസ്കാരം മറ്റു പള്ളികളിൽ വെച്ചുള്ള 1000 നമസ്കാരങ്ങളെക്കാൾ ശ്രേഷ്ഠമാണ്, മസ്ജിദുൽ ഹറാം ഒഴികെ' (അൽജമാഅ:)

അബ്ദുല്ലാഹിബ്നുസുബൈറി(ﷺ)ൽ നിന്നും ഇമാം അഹ്മദിന്റെ റിപ്പോർട്ടിൽ ഇപ്രകാരം കൂടുതലുണ്ട്: 'മസ്ജിദുൽ ഹറാമിൽ വെച്ചുള്ള ഒരു നമസ്കാരം എന്റെ ഈ പള്ളിയിൽ വെച്ചുള്ള 100 നമസ്കാരത്തേക്കാൾ ഉത്തമമാണ്'.

പ്രവാചക പത്നി മൈമൂന(ﷺ)യിൽ നിന്നും നിവേദനം, അവർ പറഞ്ഞു:'നബി(ﷺ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്, അതിൽ (നബിയുടെ പള്ളിയിൽ) വെച്ചുള്ള ഒരു നമസ്കാരം മറ്റു പള്ളികളിൽ വെച്ചുള്ള 1000 നമസ്കാരങ്ങളെക്കാൾ ശ്രേഷ്ഠമാണ്, കഅ്ബാ പള്ളിയൊഴികെ' (മുസ്ലിം). നബി (ﷺ) പറഞ്ഞു:

(ما بين بيتي ومنبري روضةٌ من رياض الجنة ، ومنبري على حوضي )

'എന്റെ വീട്ടിന്റെയും എന്റെ മിമ്പറിന്റെയും ഇട യിലുള്ള സ്ഥലം സ്വർഗ്ഗപ്പൂന്തോപ്പുകളിൽ പെട്ട ഒ രു പൂന്തോപ്പാണ്, എന്റെ മിമ്പർ എന്റെ ഹൗദിന്മേ ലാണ്' (ബുഖാരി).

അതിനാൽ ഹാജിക്കും മറ്റുള്ളവർക്കും ഹ ജ്ജിനു മുമ്പോ അതിന്റെ ശേഷമോ മസ്ജിദുന്ന ബവി സന്ദർശിക്കലും അവിടെ നമസ്കരിക്കലും സുന്നത്താണ്. ഈ സന്ദർശനം ഹജ്ജിന്റെ ശർ ത്തുകളിലോ, റുക്നുകളിലോ, വാജിബാത്തുകളി ലോ പെട്ടതല്ല. ആ സന്ദർശനത്തിന് ഹജ്ജുമായി ഒരു ബന്ധവുമില്ല. പള്ളിയിൽ പ്രവേശിക്കുമ്പോ ൾ തന്റെ വലതുകാൽ മുന്നോട്ട് വെക്കുകയും,

( بِسْمِ اللهِ وَالصَّلاَةُ وَالسَّلاَمُ عَلَى رَسُولِ اللهِ ، اللَّهُمَّ اغْفِرْلِي ذُنُوبِي وَافْتَحْ لِي أَبْوَابَ رَحْمَتِكَ . أَعُوذُ بِاللَّهِ الْعَظِيمِ وَبِوَجْهِهِ الْكَرِيمِ وَسُلْطَانِهِ الْقَدِيمِ مِنَ الشَّيْطَانِ الرَّجِيمِ )

(ബിസ്മില്ലാഹി വസ്സ്വലാത്തു വസ്സലാമു അലാ റ സൂലില്ലാഹി, അല്ലാഹുമ്മഗ്ഫിർ ലീ ദുനൂബീ വ

ഫ്തഹ് ലീ അബ്വാബ റഹ്മത്തിക്, അഊദു ബി ല്ലാഹിൽ അദീം വബിവജ്ഹിഹിൽ കരീം,വബി സുൽ ത്വാനിഹിൽ ഖദീം മിനശ്ശൈത്വാനി റജീം) എന്ന് ചൊല്ലുകയും വേണം. 'അല്ലാഹുവേ നിന്റെ നാമത്തിൽ, അല്ലാഹുവിന്റെ ദൂതരുടെ മേൽ സ്വ ലാത്തും സലാമും ഉണ്ടാവട്ടെ, അല്ലാഹുവേ എ ന്റെ പാപങ്ങൾ എനിക്ക് നീ പൊറുത്ത് തരേണ മേ, നിന്റെ കാരുണ്യത്തിന്റെ കവാടം എനിക്ക് നീ തുറന്ന് തരികയും ചെയ്യേണമേ, അത്യുദാരമായ അവന്റെ വജ്ഹ് കൊണ്ടും അനാദിയായ അവ ന്റെ അധികാരം കൊണ്ടും ശപിച്ചാട്ടപ്പെട്ട പിശാ ചിൽ നിന്നും മഹാനായ അല്ലാഹുവോട് ഞാൻ ര ക്ഷ തേടുന്നു' എന്നാണിതിന്റെ സാരം. ശേഷം ര ണ്ട് റക്അത്ത് 'തഹിയ്യത്തുൽ മസ്ജിദ്' (പള്ളി ക്കുള്ള അഭിവാദ്യം) നമസ്കരിക്കണം. നബി(ﷺ) പറഞ്ഞിട്ടുണ്ട്: 'നിങ്ങളാരെങ്കിലും പള്ളിയിൽ പ്ര വേശിച്ചാൽ രണ്ട് റക്അത്ത് നമസ്കരിക്കുന്നത് വരെ ഇരിക്കരുത്' (ബുഖാരി, മുസ്ലിം).

കഅ്ബ്ബ്നു മാലികി(رضي الله عنه)ൽ നിന്നും നിവേദ നം, അദ്ദേഹം പറയുന്നു: 'റസൂലുല്ലാഹി(ﷺ) രാവി ലെ (യാത്രയിൽ നിന്നും) വന്നു, അദ്ദേഹം യാത്ര

യിൽ നിന്നും വന്നാൽ പള്ളിയിൽ രണ്ട് റക്അത്ത് നമസ്കരിച്ചു കൊണ്ടാണ് ആരംഭിക്കുക' (ബുഖാരി, മുസ്‌ലിം).

ജാബിർ(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'ഞാൻ ഒരു യാത്രയിൽ നബി(ﷺ) യോടൊപ്പമുണ്ടായിരുന്നു, ഞങ്ങൾ മദീനയിൽ എത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: 'നീ പള്ളിയിൽ പ്രവേശിക്കുക, എന്നിട്ട് രണ്ട് റക്അത്ത് നമസ്കരിക്കുക' (ബുഖാരി).

'റൗദ'യിൽ വെച്ചുള്ള നമസ്കാരത്തിന് പ്രത്യേകം ശ്രേഷ്ഠതയുള്ളതുകൊണ്ട് അവിടെ വെച്ച് നമസ്കരിക്കാൻ ശ്രമിക്കേണ്ടതാണ്. അതിന് സാധ്യമായില്ലെങ്കിൽ പള്ളിയിൽ സാധ്യമായ എവിടെ വെച്ചെങ്കിലും നമസ്കരിച്ചാൽ മതി. ജമാഅത്ത് നമസ്കാരമല്ലാത്തതിന്റെ കാര്യമാണിവിടെ സൂചിപ്പിച്ചത്. എന്നാൽ ജമാഅത്ത് നമസ്കാരത്തിന് ഇമാമിന്റെ അടുത്ത് വരുന്ന ഒന്നാം സ്വഫ്ഫിലായിരിക്കലാണ് ഏറ്റവും ഉത്തമം. നബി(ﷺ) പറയുകയുണ്ടായി: 'പുരുഷന്മാരുടെ സ്വഫ്ഫുക

ളിൽ ഏറ്റവും ഉത്തമം അതിൽ ആദ്യത്തേതാണ്'. അദ്ദേഹം വീണ്ടും ഉണർത്തി:

'ബാങ്കിലും ഒന്നാമത്തെ സ്വഫ്ഫിലും ഉള്ള പ്രതിഫലം ജനങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ, പിന്നീട് അത് നേടിയെടുക്കാൻ ഭാഗ്യപരീക്ഷണം നടത്തുകയല്ലാതെ മറ്റു മാർഗ്ഗമൊന്നും അവർ കാണുകയും ചെയ്തില്ലെങ്കിൽ അവർ ഭാഗ്യ പരീക്ഷണം നടത്തുക തന്നെ ചെയ്യുമായിരുന്നു' (ബുഖാരി, മുസ്‌ലിം).

## പ്രവാചക(ﷺ)ന്റെ ഖബ്ർ സന്ദർശനം

മസ്ജിദുന്നബവിയിൽ എത്തിയശേഷം ഉടനെത്തന്നെ താൻ ഉദ്ദേശിക്കുന്നത് നമസ്കരിച്ച് ശേഷം നബി(ﷺ)ക്കും അബൂബക്കർ(رضي الله عنه)വിനും ഉമർ(رضي الله عنه)വിനും സലാം ചൊല്ലണം.

1) അങ്ങനെ നബി(ﷺ)യുടെ ഖബ്റിനു മുമ്പിൽ ഖബറിനോട് മുന്നിട്ടും കഅ്ബയോട് പിന്നിട്ടും ഇപ്രകാരം പറയണം: (അസ്സലാമു അലൈക്ക അയ്യുഹന്നബിയ്യു വറഹ്മത്തുല്ലാഹി വബറകാത്തുഹു) 'നബിയേ, അങ്ങേക്ക് അല്ലാഹുവിന്റെ രക്ഷയും

സമാധാനവും കാരുണ്യവും അനുഗ്രഹങ്ങളുമുണ്ടാവട്ടെ' എന്ന് സാരം.

ഇബ്നു ഉമർ(ﷺ) സലാം ചൊല്ലുമ്പോൾ ഇപ്രകാരം പറയാറുണ്ടായിരുന്നു: (അസ്സലാമു അലൈക്ക യാ റസൂലല്ലാഹ്, അസ്സലാമു അലൈക്ക യാ അബാബകർ, അസ്സലാമു അലൈക്ക യാ അബതി) 'അല്ലാഹുവിന്റെ ദൂതരെ താങ്കൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ, അബൂബക്കർ(ﷺ) താങ്കൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ, എന്റെ പ്രിയ പിതാവേ താങ്കൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ' എന്ന് സാരം. ശേഷം അദ്ദേഹം പിരിഞ്ഞു പോവും.

2) പിന്നീട് അബൂബക്കർ(ﷺ)വിന്റെ മുമ്പിലേക്ക് നീങ്ങി നിൽക്കുകയും ഇപ്രകാരം പറയുകയും വേണം: (അസ്സലാമു അലൈക്ക യാ അബാബകർ, അസ്സലാമു അലൈക്ക യാ ഖലീഫത്ത റസൂലില്ലാഹ്(ﷺ) ഫീ ഉമ്മത്തിഹി, റദിയല്ലാഹു അൻക വജസാക അൻ ഉമ്മത്തി മുഹമ്മദിൻ ഖൈറൻ) എന്ന് സലാം ചൊല്ലണം. 'അബൂബകർ താങ്കൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ,അല്ലാഹുവിന്റെ

റസൂൽ(ﷺ)യുടെ സമുദായത്തിൽ അദ്ദേഹത്തിന്റെ ഖലീഫയായവരേ താങ്കൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ, അല്ലാഹു താങ്കളിൽ തൃപ്തിപ്പെടുകയും മുഹമ്മദ്(ﷺ)യുടെ സമുദായത്തെത്തൊട്ട് എല്ലാ നന്മയും താങ്കൾക്ക് ലഭിക്കുകയും ചെയ്യട്ടെ' എന്ന് സാരം.

3) വീണ്ടും തന്റെ വലതുഭാഗത്തേക്ക് നടന്ന് ഉമർ (رضي الله عنه)വിന്റെ മുമ്പിലെത്തി ഇപ്രകാരം പറയണം:(അസ്സലാമു അലൈക്ക യാ ഉമർ, അസ്സലാമു അലൈക്ക യാ അമീറൽ മുഅ്മിനീൻ, റദിയല്ലാഹു അൻക വജസാക അൻ ഉമ്മത്തി മുഹമ്മദിൻ ഖൈറൻ) 'ഉമർ താങ്കൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ, സത്യവിശ്വാസികളുടെ നേതാവേ താങ്കൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ, അല്ലാഹു താങ്കളിൽ തൃപ്തിപ്പെടുകയും മുഹമ്മദ്(ﷺ)യുടെ സമുദായത്തെത്തൊട്ട് എല്ലാ നന്മയും താങ്കൾക്ക് ലഭിക്കുകയും ചെയ്യട്ടെ' എന്ന് സാരം.

എന്നാൽ നബി(ﷺ)യോടും അദ്ദേഹത്തിന്റെ രണ്ട് സഹാബാക്കളോടും സലാം ചൊല്ലുന്നത് മര്യാദയോടും ശബ്ദം താഴ്ത്തിക്കൊണ്ടും ആയി

രിക്കണം. കാരണം പള്ളികളിൽ ശബ്ദം ഉയർത്തൽ വിരോധിക്കപ്പെട്ടതാണ്. അല്ലാഹുവിന്റെ റസൂലിന്റെ(ﷺ) പള്ളിയിലും അദ്ദേഹത്തിന്റെ ഖബറിങ്ങലും പ്രത്യേകിച്ചും.

സാഇബ്ബ്നു യസീദിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'ഞാൻ പള്ളിയിൽ നിൽക്കുകയോ അല്ലെങ്കിൽ ഉറങ്ങുകയോ ആയിരുന്നു. അപ്പോൾ ഒരാൾ ചെറിയ കല്ലുകൊണ്ട് എന്നെ എറിഞ്ഞു, ഞാൻ നോക്കുമ്പോൾ ഉമറുബ്നുൽ ഖത്വാബാണ്. അദ്ദേഹം പറഞ്ഞു: 'നീ പോയി അവരെ രണ്ടു പേരെയും കൊണ്ടു വരൂ. അങ്ങനെ ഞാൻ അവരെയും കൊണ്ട് വന്നു. അപ്പോൾ അദ്ദേഹം ചോദിച്ചു: 'നിങ്ങൾ രണ്ട് പേരും ആരാണ്? അവർ പറഞ്ഞു: 'ത്വാഇഫുകാരാണ്'. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ രണ്ട് പേരും ഇന്നാട്ടുകാരായിരുന്നുവെങ്കിൽ നിങ്ങളെ ഞാൻ ചാട്ട കൊണ്ടടിച്ച് വേദനിപ്പിക്കുമായിരുന്നു. നിങ്ങൾ അല്ലാഹുവിന്റെ റസൂലിന്റെ പള്ളിയിൽ ശബ്ദം ഉയർത്തുകയോ?!.'

നബി(ﷺ)യുടെയും രണ്ട് കൂട്ടുകാരുടെയും ഖബറിങ്ങൽ പ്രാർത്ഥിച്ചുകൊണ്ട് ദീർഘനേരം നിൽക്കൽ അഭിലഷണീയമല്ല. ഇമാം മാലിക് അതിനെ വെറുത്തിരുന്നു. അദ്ദേഹം പറഞ്ഞു:

( هو بدعة لم يفعلها السلف ، ولن يصلح آخر هذه الأمة إلا ما أصلح أولها )

'അത് ബിദ്അത്താണ്, സച്ചരിതരായ മുൻഗാമികളാരും അങ്ങനെ ചെയ്തിട്ടില്ല, ഈ സമുദായത്തിന്റെ ആദ്യം നന്നാക്കിയതു കൊണ്ടല്ലാതെ അവസാനവും നന്നാക്കുകയില്ല'.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(ﷺ) പറയുന്നു: 'മദീനക്കാർ ഓരോ വ്യക്തിയും പള്ളിയിൽ പ്രവേശിക്കുമ്പോഴൊക്കെ, നബി(ﷺ) യുടെ ഖബ്ർ സന്ദർശിക്കുന്നത് മാലിക്(ﷺ) വെറുത്തിരുന്നു. കാരണം മുൻഗാമികൾ അപ്രകാരം ചെയ്യാറുണ്ടായിരുന്നില്ല. മറിച്ച് അവർ പള്ളിയിൽ വന്ന് അബൂബക്കറി(ﷺ)ന്റെയും ഉമറി(ﷺ)ന്റെയും ഉസ്മാ(ﷺ)ന്റെയും അലി(ﷺ)യുടെയും പിന്നിൽ നമസ്കരിക്കുകയും നമസ്കാരത്തിൽ അവർ (അസ്സലാമു അലൈക്ക അയ്യുഹന്നബിയ്യു വറ ഹ്മത്തുല്ലാ

ഹി വബറ കാത്തുഹു)എന്ന് പറയുകയും, പിന്നീ ട് നമസ്കാരം കഴിഞ്ഞാൽ അവർ ഇരിക്കുകയോ അല്ലെങ്കിൽ പുറത്തു പോവുകയോ ചെയ്യുകയു മായിരുന്നു പതിവ്. പ്രവാചകന് സ്വലാത്തും സ ലാമും ചൊല്ലൽ ഏറ്റവും ഉത്തമം നമസ്കാരത്തി ലാണെന്ന് അറിയാവുന്നതിനാൽ അവർ അദ്ദേഹ ത്തിന്റെ ഖബറിങ്ങൽ സലാം ചൊല്ലാൻ പോവാറി ല്ലായിരുന്നു.

ഇമാം മാലിക്(ﷺ) പറയുന്നു: 'അദ്ദേഹത്തി ന്റെ (റസൂലിന്റെ) സഖാക്കളായിരുന്നു ഏറ്റവും ഉ ത്തമമായ നൂറ്റാണ്ടുകാർ, അവരായിരുന്നു മുസ് ലിം സമുദായത്തിൽ നബി(ﷺ)യുടെ സുന്നത്തി നെക്കുറിച്ച് കൂടുതൽ അറിയുന്നവരും അദ്ദേഹ ത്തിന്റെ കൽപ്പനകൾ സമുദായത്തിൽ ഏറ്റവും കൂടുതൽ അനുസരിക്കുന്നവരും'.

'അവരായിരുന്നു നബി(ﷺ) യോട് ഏറ്റവും സ്നേഹാദരവുള്ളവർ. അവർ പ്രവാചകന്റെ പ ള്ളിയിൽ പ്രവേശിച്ചാൽ ഖബറിടത്തിൽ പോവാറി ല്ലായിരുന്നു.റൂമിന്റെ ഉള്ളിലൂടെയോ പുറത്തു കൂ ടെയോ അവർ പ്രവേശിക്കാറില്ലായിരുന്നു. നബി (ﷺ)യുടെ ഖബ്റിന് ചുമരുവെക്കുന്നതുവരെ പ്ര

ധാന കവാടത്തിലൂടെ ത്തന്നെയായിരുന്നു അങ്ങോട്ടുള്ള പ്രവേശനം. ഇത്രയും സൗകര്യമുണ്ടായിട്ടും അവരാരും നബി(ﷺ)യുടെ അടുക്കൽ ചെന്ന് സ്വലാത്തും സലാമും ചൊല്ലുകയോ സ്വന്തം ആവശ്യത്തിനായി പ്രാർത്ഥിക്കുകയോ ഏതെങ്കിലും ഹദീസിനെക്കുറിച്ചോ മറ്റു വിജ്ഞാനങ്ങളെക്കുറിച്ചോ ചോദിക്കുകയോ ചെയ്തിരുന്നില്ല.

അതുപോലെ, സ്വഹാബാക്കളിലാരും തന്നെ തർക്ക വിഷയങ്ങൾ സംബന്ധിച്ച് ചോദിക്കാറില്ലായിരുന്നു. മഴ തേടാനോ സഹായം തേടാനോ, ദോഷം പൊറുക്കാനോ, അദ്ദേഹത്തിന്റെ ജീവിത കാലത്ത് അവർ സഹായം ആവശ്യപ്പെട്ട പോലെയോ ചെയ്യാൻ പിശാച് അവരിൽ തോന്നിപ്പിച്ചില്ല.

ശൈഖുൽ ഇസ്‌ലാം(ﷺ) പറയുന്നു: 'സ്വഹാബിമാർ സ്വന്താവശ്യങ്ങൾക്കായി പ്രാർത്ഥിക്കണമെന്നുദ്ദേശിക്കുമ്പോൾ പോലും ഖിബ്‌ലക്ക് അഭിമുഖമായി തിരിഞ്ഞ് നിന്ന് പ്രാർത്ഥിക്കുകയായിരുന്നു പതിവ്. അദ്ദേഹത്തിന്റെ പള്ളിയിൽ വെച്ച് അദ്ദേഹത്തിന്റെ ജീവിതകാലത്ത് ചെയ്തിരുന്ന പോലെ മാത്രമേ അവർ ചെയ്തിരുന്നുള്ളു. ഊമി

ന്റെ അടുക്കൽ ചെന്ന് ദുആ ചെയ്യാനോ ഖബറി ലേക്ക് പോവാനോ അവർ ഉദ്ദേശിച്ചിരുന്നില്ല'.

'സ്വഹാബത്ത് യാത്രയിൽ നിന്നും തിരിച്ചു വരുമ്പോൾ ഖുലഫാഉറാശിദുകളുമായി സന്ധി ക്കാനും മറ്റും പള്ളിയിൽ വരികയും അവിടെ നമ സ്കരിക്കുകയും ചെയ്യുമായിരുന്നു. നമസ്കാര ത്തിൽ നബി(ﷺ)ക്ക് സലാം ചൊല്ലിയിരുന്നു എന്ന തല്ലാതെ വരുമ്പോഴോ പോവുമ്പോഴോ അവർ ഖ ബർ സന്ദർശിക്കാറില്ലായിരുന്നു. ഇത് അവർ കൽ പ്പിക്കപ്പെടാത്ത കാര്യങ്ങളിൽപ്പെട്ടതാണെന്നാണ് ഇതിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. എ ന്നാൽ ഇബ്നു ഉമർ(رضي الله عنه) യാത്ര കഴിഞ്ഞ് വരുന്ന വേളകളിൽ പ്രവാചകന്റെ അടുക്കൽ ചെന്ന് അ ദ്ദേഹത്തിനും അദ്ദേഹത്തിന്റെ കൂട്ടുകാർക്കും സ ലാം പറയുകയും രക്ഷാർത്ഥം പ്രാർത്ഥിക്കുക യും ചെയ്യാറുണ്ടായിരുന്നു. ഇബ്നുഉമർ(رضي الله عنه) അ ല്ലാത്തവരും അങ്ങനെ ചെയ്തിരിക്കാമെങ്കിലും ഭൂ രിപക്ഷം വരുന്ന സഹാബാക്കൾ ഇബ്നുഉമർ(رضي الله عنه) ചെയ്തിരുന്ന പോലെ ചെയ്തിരുന്നില്ല. നബി(ﷺ) യുടെ ഖബറിടത്തിനു ചുറ്റുമുള്ള ചുമരുകൾ സ് പർശിക്കാനോ ചുംബിക്കാനോ പാടില്ല. അല്ലാഹു

വിനുള്ള ആരാധനയും പ്രവാചകനോടുള്ള ആദരവുമാണെന്ന വിശ്വാസത്തോടെയാണ് ചെയ്യുന്നതെങ്കിൽ അത് ബിദ്അത്താണ്. മുഴുവൻ ബിദ്അത്തും വഴികേടാണ്. മുആവിയ(ﷺ) കഅ്ബയുടെ ശാം മൂലയും പടിഞ്ഞാറെ മൂലയും സ്പർശിച്ചപ്പോൾ ഇബ്നു അബ്ബാസ്(ﷺ) അതിനെ നിഷേധിച്ചു.രണ്ട് റുക്നുൽ യമാനികളും തൊടുന്നത് നിയമമാക്കപ്പെട്ടതാണെന്നിരിക്കെയാണ് അതേ ഗണത്തിൽപ്പെട്ട രണ്ട് ഭാഗങ്ങൾ തൊടൽ നിഷിദ്ധമാണെന്ന് ഇബ്നു അബ്ബാസ്(ﷺ) വിലക്കിയത്. നബി (ﷺ)യോടുള്ള സ്നേഹപ്രകടനം അദ്ദേഹത്തിന്റെ മരണാന്തരം നൂറ്റാണ്ടുകൾക്ക് ശേഷം നിർമ്മിക്കപ്പെട്ട ചുമരുകൾ സ്പർശിക്കുന്നതിലല്ല. മറിച്ച് ആന്തരികവും ബാഹ്യവുമായ രൂപത്തിൽ അദ്ദേഹത്തെ അനുധാവനം ചെയ്യുന്നതിലും അദ്ദേഹത്തിന്റെ ചര്യകളിൽ പുതിയ കാര്യങ്ങൾ ചേർക്കാതിരിക്കലിലുമാണ്. അല്ലാഹു പറയുന്നു:

قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللَّهُ غَفُورٌ رَّحِيمٌ ( آل عمران : ٣١ )

'(നബിയേ) പറയുക, നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുട

രുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ' (ആലുഇംറാൻ: 31).

ഇനി അദ്ദേഹത്തിന്റെ റൂമിന്റെ ചുമരുകൾ സ്പർശിക്കുന്നത് കേവലം ഒരനുകമ്പയുടെ പേരിലോ സ്നേഹത്തിന്റെ പേരിലോ ആണെങ്കിൽ അത് വിഡ്ഢിത്തവും വഴികേടും വിഫലവുമാണ്. മാത്രവുമല്ല അത് വലിയ നാശവും വിവരമില്ലാത്തവരെ വഞ്ചിക്കലുമാണ്. എന്തെങ്കിലും കാര്യസാധ്യത്തിനോ ദോഷപ്രതിരോധത്തിനോ ആയി റസൂൽ(ﷺ)യോട് പ്രാർത്ഥിക്കാൻ പാടില്ല. കാരണം അത് വൻ ശിർക്കിൽപ്പെട്ടതാണ്. അല്ലാഹു പറയുന്നു:

وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ ( غافر : ٦٠ )

'നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു:നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായി

ക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്, തീർച്ച' (ഗാഫിർ: 60).

വീണ്ടും അല്ലാഹു പറയുന്നു:

وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا ( الجن : ١٨ )

'പള്ളികൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ചു പ്രാർത്ഥിക്കരുത്' (ജിന്ന്: 18).

തനിക്ക് സ്വന്തത്തിന് പോലും ഉപകാരമോ ഉപദ്രവമോ ചെയ്യാൻ തനിക്ക് കഴിയില്ലെന്ന് തന്റെ സമുദായത്തോട് പ്രഖ്യാപിക്കാൻ അല്ലാഹു അദ്ദേഹത്തോട് കൽപ്പിക്കുന്നു:

قُل لاَّ أَمْلِكُ لِنَفْسِي نَفْعًا وَلاَ ضَرًّا إِلاَّ مَا شَاء اللَّهُ وَلَوْ كُنتُ أَعْلَمُ الْغَيْبَ لاَسْتَكْثَرْتُ مِنَ الْخَيْرِ وَمَا مَسَّنِيَ السُّوءُ إِنْ أَنَاْ إِلاَّ نَذِيرٌ وَبَشِيرٌ لِّقَوْمٍ يُؤْمِنُونَ ( الأعراف : ١٨٨ )

'(നബിയേ) പറയുക: എന്റെ സ്വന്തം ദേഹത്തിനു തന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല' (7:188).

അപ്പോൾ സ്വന്തത്തിന്റെ കാര്യത്തിൽ അദ്ദേഹത്തിനത് കഴിയില്ലെങ്കിൽ മറ്റുള്ളവരുടെ കാര്യത്തിൽ തീർച്ചയായും കഴിയില്ല.

ഇത്തരം കാര്യങ്ങൾ തന്റെ ഉടമയിലുള്ളതല്ലെന്ന് തന്റെ സമുദായത്തോട് പ്രഖ്യാപിക്കാൻ അല്ലാഹു കൽപ്പിക്കുന്നു:

قُلْ إِنِّي لَا أَمْلِكُ لَكُمْ ضَرًّا وَلَا رَشَدًا ( الجن : ٢١ )

'പറയുക: നിങ്ങൾക്ക് ഉപദ്രവം ചെയ്യുക എന്നതോ (നിങ്ങളെ) നേർവഴിയിലാക്കുക എന്നതോ എന്റെ അധീനതയിലല്ല' (ജിന്ന്: 21).

ആയിശ(ﷺ) പറയുന്നു: (وأنذر عشيرتك الأقربين) 'നിന്റെ അടുത്ത ബന്ധുക്കൾക്ക് നീ താക്കീതു നൽകുക'(ശുഅറാഅ്: 214). എന്ന ആയത്ത് അവതരിച്ചപ്പോൾ നബി(ﷺ)എഴുന്നേറ്റ് പറഞ്ഞു:

( يا فاطمة ابنة محمد ، يا صفية بنت عبد المطلب ، يا بني عبد المطلب لا أملك لكم من الله شيئاً ، سلوني من مالي ماشئتم ) ( مسلم )

'മുഹമ്മദിന്റെ മകളായ ഫാത്വിമാ, അബ്ദുൽ മുത്വലിബിന്റെ മകൾ സ്വഫിയ്യാ, അബ്ദുൽ മുത്വലിബിന്റെ സന്തതികളേ, അല്ലാഹുവിൽ നിന്നും നിങ്ങൾക്ക് വേണ്ടി ഒന്നും തന്നെ ഞാൻ ഉടമപ്പെടുത്തുന്നില്ല. (നിങ്ങൾക്കായി അല്ലാഹുവിങ്കൽ ഒന്നും ചെയ്തു തരാൻ എനിക്ക് കഴിയില്ലെന്നർത്ഥം) എന്റെ സ്വത്തിൽ നിങ്ങളാഗ്രഹിക്കുന്നത് എന്നോട് ചോദിച്ചോളൂ' (മുസ്‌ലിം).

പ്രവാചക(ﷺ)നോട് തനിക്ക് വേണ്ടി പ്രാർത്ഥിക്കാനോ പാപമോചനത്തിന് തേടാനോ അപേക്ഷിക്കാനും പാടില്ല. കാരണം അത്തരം കാര്യങ്ങൾ അദ്ദേഹത്തിന്റെ മരണത്തോടെ മുറിഞ്ഞ് പോയിട്ടുണ്ട്. അദ്ദേഹം പറയുകയുണ്ടായി: ( إذا مات ابن آدم انقطع عنه عمله ) 'ഒരു മനുഷ്യൻ മരണപ്പെട്ടാൽ അവന്റെ കർമ്മങ്ങളെല്ലാം അവനെ ത്തൊട്ട് മുറിഞ്ഞ് പോവുന്നു'. എന്നാൽ

وَمَا أَرْسَلْنَا مِن رَّسُولٍ إِلاَّ لِيُطَاعَ بِإِذْنِ اللّهِ وَلَوْ أَنَّهُمْ إِذ ظَّلَمُواْ أَنفُسَهُمْ جَآؤُوكَ فَاسْتَغْفَرُواْ اللّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُواْ اللّهَ تَوَّابًا رَّحِيمًا ( النساء : ٦٤ )

'അവർ അവരോട് തന്നെ അക്രമം പ്രവർത്തിച്ചപ്പോൾ നിന്റെ അടുക്കൽ അവർ വരികയും എന്നിട്ടവർ അല്ലാഹുവോട് പാപമോചനം തേടുകയും, അവർക്കു വേണ്ടി റസൂലും പാപമോചനം തേടുകയും ചെയ്തിരുന്നുവെങ്കിൽ അല്ലാഹുവെ ഏറെ പശ്ചാത്താപം സ്വീകരിക്കുന്നവനും കാരുണ്യമുള്ളവനുമായി അവർ കണ്ടെത്തുമായിരുന്നു (നിസാഅ്: 64). എന്ന അല്ലാഹുവിന്റെ വചനം, അത് അദ്ദേഹത്തിന്റെ ജീവിതകാലത്തുള്ള കാര്യമാണ്. അദ്ദേഹത്തിന്റെ മരണശേഷവും അദ്ദേഹത്തോട് പാപമോചനത്തിനപേക്ഷിക്കാൻ ഇത് തെളിവല്ല. കാരണം അല്ലാഹു പറഞ്ഞത്: ( إذ ظلموا ) ('അവർ അക്രമം പ്രവർത്തിച്ചപ്പോൾ) എന്നാണ്. (إذا ظلموا) ('അവർ അക്രമം പ്രവർത്തിച്ചാൽ) എന്നല്ലല്ലൊ അവൻ പറഞ്ഞത്. إذ എന്നത് ഭൂതകാല പ്രത്യയമാണ്, ഭാവികാലത്തെ അത് ദ്യോതിപ്പിക്കുകയില്ല. അപ്പോൾ ഇത് നബി(ﷺ)യുടെ ജീവിതകാലത്ത് ഉണ്ടായിരുന്ന ഒരു സമൂഹത്തിന്റെ വിഷയത്തിലാണ്. ശേഷം വരുന്നവർക്കത് ബാധകമല്ല.

‘ബഖീഇ’ലെ (സ്വഹാബാക്കളെയും താബിഉക ളെയും മറവുചെയ്ത മദീനയിലെ ശ്മശാനം) മ റ്റു ഖബറുകളും സന്ദർശിക്കൽ ഉത്തമമാണ്. അ വിടെയുള്ള ഉസ്മാനുഅഫ്ഫാൻ പോലെയുള്ള സ്വഹാബികൾക്കും താബിഉകൾക്കും സലാം ചൊല്ലുകയും വേണം. ഇപ്രകാരം പറയാവുന്നതാ ണ്: (അസ്സലാമു അലൈക്ക യാ ഉസ്മാനുബ്നു അഫ്ഫാൻ, അസ്സലാമു അലൈക്ക യാ അമീറൽ മുഅ്മിനീൻ, റദിയല്ലാഹു അൻക വജസാക അ ൻ ഉമ്മത്തി മുഹമ്മദിൻ ഖൈറൻ) ‘ഉസ്മാനുബ് നു അഫ്ഫാൻ താങ്കൾക്ക് അല്ലാഹുവിന്റെ രക്ഷ യുണ്ടാവട്ടെ, സത്യവിശ്വാസികളുടെ നേതാവേ താങ്കൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ, അ ല്ലാഹു താങ്കളിൽ തൃപ്തിപ്പെടുകയും മുഹമ്മദ്(ﷺ) യുടെ സമുദായത്തെത്തൊട്ട് എല്ലാ നന്മയും താ ങ്കൾക്ക് ലഭിക്കുകയും ചെയ്യട്ടെ’ എന്ന് സാരം.

നബി(ﷺ) തന്റെ സമുദായത്തെ പഠിപ്പിച്ചതാ യിരിക്കണം ഒരാൾ മഖ്ബറയിൽ ചെന്നാൽ പറ യേണ്ടത്. ബുറൈദ(رضي الله عنه)വിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടതായി സ്വഹീഹ് മുസ്ലിമിൽ കാണാം: ‘അവർ മഖ്ബറയിലേക്ക് പുറപ്പെടുമ്പോൾ (ചൊ

ള്ളേണ്ടത്) നബി(ﷺ) അവരെ പഠി പ്പിക്കാറുണ്ടായി രുന്നു, അങ്ങനെ അവർ പറയും:

(السلام عليكم أهل الديار من المؤمنين والمسلمين، وإنا إن شاء الله بكم لاحقون ، نسأل الله لنا ولكم العافية) (مسلم)

(അസ്സലാമു അലൈക്കും അഹ്ലദ്ദിയാരി മിനൽ മുഅ്മിനീന വൽ മുസ്ലിമീൻ, വഇന്നാ ഇൻശാ അല്ലാഹു ബികും ലാഹികൂൻ, നസ്അലുല്ലാഹ ലനാ വലകുമുൽ ആഫിയ). 'മുഅ്മിനീങ്ങളും മു സ്ലിമീങ്ങളുമായ ഖബർ വാസികളേ നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ, അല്ലാഹു ഉദ്ദേ ശിക്കുമ്പോൾ ഞങ്ങളും നിങ്ങളോടൊപ്പം വന്നു ചേരുന്നവരാണ്, ഞങ്ങൾ ഞങ്ങൾക്കും നിങ്ങൾ ക്കും സൗഖ്യം ചോദിക്കുന്നു' എന്ന് സാരം.

ആയിശാ(ﷺ)യിൽ നിന്നും നിവേദനം, അവ ർ പറയുന്നു: 'നബി(ﷺ) രാത്രിയുടെ അന്ത്യയാമ ത്തിൽ ബഖീഇലേക്ക് പുറപ്പെടാറുണ്ടായിരുന്നു. എന്നിട്ട് അദ്ദേഹം പറയും:

( السلام عليكم دار قوم مؤمنين ، وأتاكم ما توعدون غداً مؤجلون ، وإنا إن شاء الله بكم لاحقون ، اللَّهُمَّ اغفر لأهل بقيع الغرقد ) ( مسلم )

(അസ്സലാമു അലൈക്കും ദാറഖൗമിൻ മുഅ്മിനീൻ, വ അതാകും മാതൂഅദൂന ഗദൻ മുഅജ്ജലൂൻ, വഇന്നാ ഇൻശാ അല്ലാഹു ബികും ലാഹികൂൻ, അല്ലാഹുമ്മ ഇഗ്ഫിർ ലി അഹ്ലി ബഖീഇൽ ഗർഖദ്). 'മുഅ്മിനീങ്ങളായ ഖബർ വാസികളേ നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ, അല്ലാഹു വാഗ്ദാനം ചെയ്തത് നിങ്ങൾക്ക് വന്നെത്തിയിരിക്കുന്നു. (ഞങ്ങൾ) നാളേക്ക് അവധി നൽകപ്പെട്ടവരാണ്. അല്ലാഹു ഉദ്ദേശിക്കുമ്പോൾ ഞങ്ങളും നിങ്ങളോടൊപ്പം വന്നു ചേരും. അല്ലാഹുവേ ബഖീഅ് വാസികൾക്ക് നീ പൊറുത്തു കൊടുത്താലും'.

ഹാജി ഉദ്ദേശിക്കുന്നുവെങ്കിൽ ഉഹ്ദിലേക്ക് പോയി ശുഹദാക്കളുടെ ഖബ്റും സന്ദർശിക്കാവുന്നതും അവർക്ക് സലാം ചൊല്ലാവുന്നതും അവർക്ക് വേണ്ടി പ്രാർത്ഥിക്കാവുന്നതുമാണ്. ആയുദ്ധത്തിൽ നിന്ന് ഉൾക്കൊള്ളാനുള്ള യുക്തിയും രഹ

സ്യങ്ങളും ഗുണപാഠങ്ങളും സ്മരിക്കുന്നതുമെല്ലാം നല്ലതാണ്.

മസ്ജിദുൽ ഖുബാഉൽ പോയി അവിടെ വെച്ച് നമസ്കരിക്കുന്നതും സുന്നത്താണ്. (മസ്ജിദുൽ ഖുബാഉനെ പരാമർശിച്ച്) അല്ലാഹു പറയുന്നു:

لاَ تَقُمْ فِيهِ أَبَدًا لَّمَسْجِدٌ أُسِّسَ عَلَى التَّقْوَى مِنْ أَوَّلِ يَوْمٍ أَحَقُّ أَن تَقُومَ فِيهِ فِيهِ رِجَالٌ يُحِبُّونَ أَن يَتَطَهَّرُواْ وَاللَّهُ يُحِبُّ الْمُطَّهِّرِينَ ) التوبة : ١٠٨ )

'ആദ്യ ദിവസം മുതൽ തന്നെ ഭക്തിയിന്മേൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള പള്ളിയാണ് നീ നിന്നു നമസ്കരിക്കുവാൻ ഏറ്റവും അർഹതയുള്ളത്' (തൗബ: 108).

അബ്ദില്ലാഹിബ്നു ഉമറി(ﷺ)ൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'നബി(ﷺ) നടന്നു കൊണ്ടും വാഹനപ്പുറത്തുമായിക്കൊണ്ട് നബി (ﷺ)എല്ലാ ശനിയാഴ്ചയും ഖുബാഉലെ പള്ളിയിൽ വരാറുണ്ടായിരുന്നു, ഇബ്നു ഉമർ(ﷺ) അപ്രകാരം ചെയ്യാറുമുണ്ടായിരുന്നു'. മറ്റൊരു റിപ്പോർ

ട്ടിൽ 'അങ്ങനെ അദ്ദേഹം രണ്ട് റക്അത്ത് നമസ് കരിക്കുകയും ചെയ്യും' എന്നുമുണ്ട്.

ഇമാം നസാഇ സഹ്ലുബ്നു സഅ്ദിൽ(ﷺ) നിന്നും ഉദ്ദരിക്കുന്നു, നബി(ﷺ) പറഞ്ഞു: 'ഈ പ ള്ളിയിലേക്ക് (ഖുബാ പള്ളി) പുറപ്പെട്ടു വന്ന് അ തിൽ രണ്ട് റക്അത്ത് നമസ്കരിച്ചവന് ഒരു ഉംറ ക്ക് തുല്യമായ പ്രതിഫലമുണ്ട്'.

തന്റെ നാട്ടിലേക്ക് തിരിച്ചുപോയി അവിടെ എത്തുന്നതോടെ ഇപ്രകാരം പറയണം: آئبون تائبون عابدون لربنا حامدون (ആഇബൂന താഇബൂ ന ആബിദൂന ലിറബ്ബിനാ ഹാമിദൂൻ) 'അല്ലാഹുവി ലേക്ക് മടങ്ങുന്നവരായും പശ്ചാത്തപിക്കുന്നവരാ യും അവന് ആരാധനകളർപ്പിക്കുന്നവരായും ഞ ങ്ങളുടെ രക്ഷിതാവിന് സ്തുതികളർപ്പിക്കുന്നവരാ യും' (ഞങ്ങളിതാ തിരിച്ചെത്തിയിരിക്കുന്നു).നാട്ടി ലേക്ക് മുന്നിട്ടുവരുമ്പോൾ നബി(ﷺ) ഇപ്രകാരം ചെയ്യാറുണ്ടായിരുന്നു.

ഹജ്ജും സിയാറത്തും തനിക്കെളുപ്പമാക്കി ത്തന്ന അല്ലാഹുവിന് ഹാജി സ്തുതികളർപ്പിക്കു കയും അവന് നന്ദികാണിക്കുകയും ചെയ്യട്ടെ. അ ല്ലാഹുവും റസൂലും തന്നോട് കൽപ്പിച്ച കാര്യങ്ങ ൾ പ്രാവർത്തികമാക്കിയും വിരോധിച്ച കാര്യങ്ങ ൾ ഉപേക്ഷിച്ചും ചൊവ്വിന് നിലക്കൊള്ളട്ടെ. അങ്ങ നെ അവൻ അല്ലാഹുവിന്റെ സച്ചരിതരായ അടിമ കളുടെയും സൂക്ഷ്മാലുക്കളായ ഔലിയാക്കളു ടെയും കൂട്ടത്തിലാവുകയും ചെയ്യട്ടെ.

أَلا إِنَّ أَوْلِيَاء اللّه لاَ خَوْفٌ عَلَيْهِمْ وَلاَ هُمْ يَحْزَنُونَ * الَّذِينَ آمَنُواْ وَكَانُواْ يَتَّقُونَ * لَهُمُ الْبُشْرَى فِي الْحَياةِ الدُّنْيَا وَفِي الآخِرَةِ لاَ تَبْدِيلَ لِكَلِمَاتِ اللّه ذَلِكَ هُوَ الْفَوْزُ الْعَظِيمُ ( يونس : ٦٢-٦٤ )

'ശ്രദ്ധിക്കുക: തീർച്ചയായും അല്ലാഹുവിന്റെ മിത്ര ങ്ങളാരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചുകൊണ്ടിരിക്കുകയും ചെയ്യു ന്നവരത്രെ അവർ. അവർക്കാണ് ഐഹിക ജീവി തത്തിലും പരലോകത്തും സന്തോഷ വാർത്തയു ള്ളത്. അല്ലാഹുവിന്റെ വചനങ്ങൾക്ക് യാതൊരു മാറ്റവുമില്ല. അതു (സന്തോഷവാർത്ത) തന്നെയാ ണ് മഹത്തായ ഭാഗ്യം' (യൂനുസ്: 62–64).

## أسئلة وأجوبة في بعض مسائل الحج

**ഹജ്ജ്: സംശയങ്ങളും മറുപടിയും**

1) സൗദിഅറേബ്യക്ക് പുറത്ത് താമസിക്കുന്ന ഒരു സ്ത്രീ ത്വവാഫുൽ ഇഫാദക്ക് മുമ്പ് ഋതുമതിയായി, അവൾക്ക് നാട്ടിലേക്ക് പുറപ്പെടേണ്ട സമയമാവുകയും ചെയ്തു, യാത്ര പിന്തിപ്പിക്കാൻ നിവൃത്തിയില്ല, മറ്റൊരിക്കൽ വീണ്ടും സൗദിയിൽ വരൽ അസാധ്യമാണ് താനും. ഈ അവസ്ഥയിൽ എന്ത് ചെയ്യണം.

**ഉ:** ചോദ്യത്തിൽ പറഞ്ഞ പോലെയാണ് കാര്യമെങ്കിൽ, ആർത്തവകാരിയായ സ്ത്രീ ത്വവാഫ് ചെയ്യുന്നതിന് മുമ്പ് നാട്ടിലേക്ക് തിരിക്കുകയാണെങ്കിൽ താഴെ പറയുന്നതിൽ രണ്ടിലൊരു കാര്യം അവൾ ചെയ്യണം.

ഒന്നുകിൽ രക്തസ്രാവം നിറുത്തുന്നതിനുള്ള ഇഞ്ചക്ഷനോ മറ്റോ എടുത്ത് രക്തം നിന്ന ശേഷം ത്വവാഫ് ചെയ്യുക, അല്ലെങ്കിൽ രക്തം പള്ളിയിലേക്ക് പുറപ്പെടാത്ത വിധം കെട്ടിവെക്കുക. അതിന് ശേഷം അവൾ നിർബന്ധിതാവസ്ഥയുടെ ത്വവാഫ് ചെയ്യുക. നാം പറഞ്ഞ ഈ അഭിപ്രായ

മാണ് കൂടുതൽ മുൻഗണനയുള്ളത്. ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ(ﷺ) തെരഞ്ഞെടുത്ത തും ഈ അഭിപ്രായം തന്നെ. എന്നാൽ ഇതിനു വിരുദ്ധമായ രൂപത്തിൽ സംഭവിക്കുന്നത് രണ്ടാൽ ഒരു കാര്യമായിരിക്കും. ഒന്നുകിൽ തന്റെ ഭർത്താ വിന് അനുവദനീയമാവാത്ത രൂപത്തിൽ അവളു ടെ ഇഹ്റാമിൽ തന്നെ അവൾ അവശേഷിക്കുക, അല്ലെങ്കിൽ തന്നെ പ്രതിരോധിക്കപ്പെട്ടവളായി അ വൾ കണക്കാക്കുകയും ഒരു ബലിയറുത്ത് അവ ൾ തന്റെ ഇഹ്റാമിൽ നിന്നും തഹല്ലുലാവുകയും ചെയ്യുക.

ഈ അവസ്ഥയിൽ ഈ ഹജ്ജ് ഹജ്ജായി പരിഗണിക്കപ്പെടുകയില്ല. കാരണം അത് പരിപൂർ ണ്ണമല്ല. ഈ രണ്ട് കാര്യങ്ങളും പ്രയാസകരം ത ന്നെ. ഒന്നാമത്തേത് ഇഹ്റാമിൽ ശേഷിക്കൽ, ര ണ്ടാമത്തേത് അവളുടെ ഹജ്ജ് നിഷ്ഫലമാക്കൽ. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(ﷺ) തെര ഞ്ഞെടുത്ത അഭിപ്രായമാണ് ഇത്തരം നിർബന്ധി ത ഘട്ടത്തിൽ കരണീയമായിട്ടുള്ളത്. അല്ലാഹു പറയുന്നു:

( وَمَا جَعَلَ عَلَيْكُمْ فِي الدِّينِ مِنْ حَرَجٍ ) ((الحج : 78 )

‘മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ ചുമത്തിയിട്ടില്ല’ (ഹജ്ജ്: 78). മറ്റൊരു ആയത്തിൽ കാണാം:

... يُرِيدُ اللَّه بِكُمُ الْيُسْرَ وَلاَ يُرِيدُ بِكُمُ الْعُسْرَ ... ( البقرة : ١٨٥ )

‘നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നില്ല’ (ബഖറ: 185).

എന്നാൽ സ്ത്രീക്ക് യാത്ര പോവാനും ശുദ്ധിയായ ശേഷം തിരിച്ചു വന്ന് ഹജ്ജിന്റെ ത്വവാഫ് ചെയ്യാനും സാധിക്കുമെങ്കിൽ അതിന് വിരോധമില്ല. ഈ ഘട്ടത്തിൽ അവളുടെ ഭർത്താവിന് അവൾ അനുവദിക്കപ്പെടുകയില്ല. കാരണം അവൾക്ക് പൂർണ്ണവിരാമം ആയിട്ടില്ല.

2) യാത്രാ സംബന്ധമായോ, ടിക്കറ്റ് ബുക്കിംഗ്, വിമാനങ്ങൾ സംബന്ധമായോ ഒന്നും അറിയാത്ത, സൗദിഅറേബ്യക്ക് പുറത്തുള്ള ഒരു ഹാജി തന്റെ നാട്ടുകാരോട് ദുൽഹജ്ജ് 13ന് വൈകുന്നേരം 4 മണിക്ക് മടക്ക യാത്രക്ക് റിസർവ്വേഷൻ പറ്റു

മോ എന്നന്വേഷിച്ചപ്പോൾ ലഭിക്കുമെന്ന് മറുപടി ലഭിച്ചു. അങ്ങനെ നിശ്ചയിക്കപ്പെട്ട ദിവസത്തിലേക്ക് യാത്ര തീരുമാനിച്ചു. പിന്നീട് ദുൽഹജ്ജ് 13 ന്റെ രാത്രി മിനായിൽ താമസിക്കാൻ അയാൾക്ക് സാധിച്ചു. എങ്കിൽ അയാൾക്ക് പിറ്റേന്ന് രാവിലെ ജംറകളെ എറിഞ്ഞ് യാത്രയാവാൻ പറ്റുമോ? കാരണം അയാൾ വൈകുന്ന പക്ഷം യാത്ര നഷ്ടപ്പെടും, അതയാൾക്ക് വലിയ ബുദ്ധിമുട്ടുകൾ വരുത്തി വെക്കുകയും അയാളുടെ കൈകാര്യ കർത്താക്കളോട് എതിരാവലുമായിരിക്കും?.

**ഉ:** ഉച്ചക്ക് മുമ്പ് എറിയൽ അനുവദനീയമല്ല. എന്നാൽ ഈ അനിവാര്യഘട്ടത്തിൽ ജംറകളെ എറിയൽ ഒഴിവാക്കി മിനായിലോ മക്കയിലോ ബലി നൽകുകയോ, അയാൾക്ക് വേണ്ടി ബലി ചെയ്യാനും ആ മാംസം സാധുക്കൾക്ക് വിതരണം ചെയ്യാനും ആരെയെങ്കിലും ഏൽപ്പിക്കുകയോ ചെയ്യാവുന്നതാണ്. ശേഷം ത്വവാഫുൽ വിദാഅ് നിർവ്വഹിച്ച് അയാൾക്ക് പോകാവുന്നതാണ്.

ഉച്ചക്ക് മുമ്പ് എറിയൽ അനുവദനീയമല്ല എന്നാണ് നിങ്ങളുടെ മറുപടി എങ്കിൽ അത് അനുവദനീയമാണെന്ന അഭിപ്രായവുമില്ലേ? അതിനുള്ള ഉത്തരം: 'ഉച്ചക്ക് മുമ്പെറിയൽ സ്വീകാര്യമാണെ

ന്ന് അഭിപ്രായമുണ്ടെങ്കിലും അത് സ്വീകാര്യയോഗ്യമല്ല. സത്യത്തിൽ ഉച്ചക്ക് മുമ്പെറിയൽ അനുവദനീയമല്ല. കാരണം നബി(ﷺ) പറഞ്ഞത് 'നിങ്ങൾ എന്നിൽ നിന്നും നിങ്ങളുടെ അനുഷ്ഠാനങ്ങൾ സ്വീകരിക്കുക' എന്നാണ്. നബി(ﷺ) ഉച്ചതിരിഞ്ഞാണ് എറിഞ്ഞത്.

ഉച്ചക്ക് ശേഷം നബി(ﷺ)എറിഞ്ഞത് കേവലം ഒരു കർമ്മം മാത്രമാണ്, കേവല പ്രവർത്തനങ്ങൾ നിർബന്ധമാണെന്ന് ദ്യോതിപ്പിക്കുന്നില്ല എന്നാരെങ്കിലും പറഞ്ഞാൽ നാം പറയുന്നു, കേവല പ്രവർത്തനം നിർബന്ധമാണെന്ന് ദ്യോതിപ്പിക്കുന്നില്ല എന്നത് ശരി തന്നെ. നബി(ﷺ) ഉച്ചക്ക് ശേഷം എറിയണമെന്ന് കൽപ്പിക്കുകയോ മധ്യാഹ്നത്തിന് മുമ്പ് എറിയാൻ പാടില്ലെന്ന് വിരോധിക്കുകയോ ചെയ്തിട്ടില്ല.

എന്നാൽ കേവല പ്രവർത്തനം നിർബന്ധമാണെന്ന് ദ്യോതിപ്പിക്കുന്നില്ല, (എന്നതിനെക്കുറിച്ച് ഞാൻ പറയുന്നത്) അതെ അത് നിർബന്ധത്തെ കുറിക്കുന്നില്ല. കാരണം നിർബന്ധമെന്ന് കുറിക്കണമെങ്കിൽ ചെയ്യാനുള്ള കൽപ്പനയോ ഉപേക്ഷിക്കണമെന്ന നിരോധനമോ അനിവാര്യമാണ്.

എന്നാൽ നാം പറയട്ടെ: ‘ഈ കർമ്മം നിർബന്ധമാണെന്നതിന് സാഹചര്യ തെളിവുകൾ സൂചിപ്പിക്കുന്നു. കാരണം പ്രവാചകർ(ﷺ) മധ്യാഹ്നം വരെ ഏറ് പിന്തിപ്പിച്ചു എന്നത് അത് നിർബന്ധമാണെന്ന് കാണിക്കുന്നു. ഉച്ചക്ക് മുമ്പെറിയൽ അനുവദനീയമാണെങ്കിൽ അദ്ദേഹം അപ്രകാരം ചെയ്യുമായിരുന്നു. അതാണല്ലോ ആളുകൾക്ക് കൂടുതൽ എളുപ്പവും സൗകര്യവും, നബി(ﷺ)ക്ക് രണ്ട് കാര്യങ്ങൾ തെരഞ്ഞെടുക്കാനുള്ള അവസരം കിട്ടിയതിലെല്ലാം ഏറ്റവും എളുപ്പമുള്ളതാണ് തെരഞ്ഞെടുത്തിട്ടുള്ളത്, ആ എളുപ്പമുള്ളത് കുറ്റകരമല്ല എങ്കിൽ. ഇവിടെ നബി(ﷺ) കൂടുതൽ ആയാസകരമായത് അനുഷ്ഠിച്ചില്ലെന്നത് മധ്യാഹ്നത്തിന് മുമ്പ് എറിയൽ അനുവദനീയമല്ലെന്ന് തെളിയിക്കുന്നു.

നബി(ﷺ)യുടെ ഈ കർമ്മം നിർബന്ധ രൂപത്തിലാണെന്ന് വ്യക്തമാക്കുന്ന മറ്റൊരു തെളിവ്, സൂര്യൻ മധ്യത്തിൽ നിന്ന് തെറ്റിയ ഉടനെ ദുഹ്ർ നമസ്കരിക്കുന്നതിന് മുമ്പ് തന്നെ അദ്ദേഹം എറിഞ്ഞു എന്നതാണ്. കാരണം, വളരെ ധൃതിയിൽ എറിയാൻ വേണ്ടി ക്ഷമയോടെ സൂര്യൻ മധ്യത്തി

ൽ നിന്നും തെറ്റുന്നത് പ്രതീക്ഷിച്ചിരിക്കുകയായിരുന്ന പോലെയായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം. നമസ്കാരം അതിന്റെ ആദ്യ സമയത്ത് നിർവ്വഹിക്കലാണ് കൂടുതൽ ശ്രേഷ്ഠം, എന്നിട്ടു പോലും ദുഹ്ർ നമസ്കാരം വൈകിപ്പിച്ചത് സൂര്യൻ മധ്യത്തിൽ നിന്നും തെറ്റിയ ഉടനെ എറിയാൻ വേണ്ടിയാണ്.

3) ത്വവാഫിന് മുമ്പ് സഅ്യ് ചെയ്യൽ അനുവദനീയമാണെന്ന് മനസ്സിലാക്കിയ ഒരാൾ സഅ്യ് ചെയ്യുകയും പിന്നീട് ദുൽഹജ്ജ് 12നോ 13നോ ത്വവാഫ് ചെയ്യുകയും ചെയ്തു. പക്ഷെ ത്വവാഫിന് മുമ്പ് സഅ്യ് ചെയ്യൽ പെരുന്നാൾ ദിവസത്തിന് മാത്രം അനുവദനീയമാണെന്നയാൾ അറിഞ്ഞു. എങ്കിൽ അയാൾ എന്ത് ചെയ്യണം?

**ഉ**: ഹജ്ജിൽ സഅ്യിനെ ത്വവാഫിനെക്കാൾ മുന്തിക്കുന്ന വിഷയത്തിൽ പെരുന്നാൾ ദിവസമെന്നോ അല്ലാത്ത ദിവസങ്ങളെന്നോ വ്യത്യാസമില്ലെന്നതാണ് യാഥാർത്ഥ്യം. അത് പെരുന്നാൾ ദിവസം കഴിഞ്ഞതിന് ശേഷമാണെങ്കിൽപ്പോലും. അതാണ് ഹദീസിന്റെ പൊതു പ്രയോഗത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. ഒരാൾ നബി

(ﷺ)യോട് പറഞ്ഞു: 'ഞാൻ ത്വവാഫിന് മുമ്പ് സ അ്യ് ചെയ്തു' നബി(ﷺ) പറഞ്ഞു: 'പ്രശ്നമില്ല'. ഹദീസ് ഇപ്രകാരം പൊതുവാണെന്നിരിക്കെ, അ ത് പെരുന്നാൾ ദിവസത്തിലെന്നോ അതിന്റെ ശേ ഷമെന്നോ വ്യത്യാസപ്പെടുത്തേണ്ടതില്ല.

4) സഅ്യ് നിർബന്ധമുള്ള ഒരാൾ സഅ്യ് ചെ യ്യാതെ ത്വവാഫ് ചെയ്യുകയും പുറത്തു പോവുക യും ചെയ്തു. അഞ്ച് ദിവസങ്ങൾക്ക് ശേഷം ത നിക്ക് സഅ്യ് നിർബന്ധമാണെന്ന് അയാൾ മന സ്സിലാക്കിയാൽ വീണ്ടും മുമ്പ് ത്വവാഫ് ചെയ്യാ തെ സഅ്യ് മാത്രം ചെയ്യാൻ അയാൾക്ക് പാടു ണ്ടോ?

**ഉ:** സഅ്യ് ചെയ്യേണ്ടതില്ല എന്ന് കരുതി ത്വവാഫ് ചെയ്ത് പുറപ്പെട്ട് പോയാൾ പിന്നീട് ദിവസങ്ങൾ ക്ക് ശേഷം അയാൾക്ക് സഅ്യ് നിർബന്ധമാണെ ന്നറിഞ്ഞാൽ, അയാൾ വന്ന് സഅ്യ് മാത്രം നിർ വ്വഹിച്ചാൽ മതി. ത്വവാഫ് ആവർത്തിക്കേണ്ടതില്ല. കാരണം ത്വവാഫും സഅ്യും (വിടവില്ലാതെ) തു ടർത്തി ചെയ്യണമെന്ന് നിബന്ധനയില്ല. ഇനി ഒരാ ൾ സഅ്യ് മനപ്പൂർവ്വം തന്നെ വൈകിപ്പിക്കുകയാ ണെങ്കിൽപ്പോലും അതിൽ പ്രശ്നമില്ല. എന്നാൽ

ഏറ്റവും ഉത്തമം സഅ്യ് ത്വവാഫിന്റെ തുടർച്ച യായി ചെയ്യലാണ്.

5) മുതമത്തിആയി ഹജ്ജ് നിർവ്വഹിക്കാൻ വന്ന ഒരാൾ ത്വവാഫും സഅ്യും നിർവ്വഹിച്ച് അവന്റെ സാധാരണ വസ്ത്രം അണിഞ്ഞു, തലമുടി നീക്കം ചെയ്യുകയോ മുറിക്കുകയോ ചെയ്തില്ല, ഹജ്ജ് നിർവ്വഹിച്ചതിന് ശേഷം അതെക്കുറിച്ച് ചോദിച്ചു, അയാൾ ചെയ്തത് അബദ്ധമാണെന്ന് അറിയിക്കപ്പെട്ടു, ഉംറക്ക് ശേഷം ഹജ്ജും കഴിഞ്ഞിരിക്കെ അയാൾ എന്ത് ചെയ്യണം?

ഉ: ഉംറയുടെ നിർബന്ധമായ ഒരു ഘടകം ഉപേക്ഷിച്ചവനെപ്പോലെ അയാൾ കണക്കാക്കപ്പെടും. അയാൾ മക്കയിൽ ഒരു ബലി നടത്തി അതിന്റെ മാംസം മക്കയിലെ സാധുക്കൾക്കിടയിൽ വിതരണം ചെയ്യണമെന്നാണ് പണ്ഡിതാഭിപ്രായം. അയാൾ തമത്തുആയി ഹജ്ജ് നിർവ്വഹിച്ചതിനാൽ തമത്തുഇന് നിർബന്ധമായ ഒരു ബലികൂടി അയാൾ കൊടുക്കണം.

6) ഉംറയിൽ തല മുണ്ഡനം ചെയ്യലിന്റെയും മുടി മുറിക്കലിന്റെ യും വിധി എന്താണ്?

ഉ: ഉംറയിൽ തല മുണ്ഡനം ചെയ്യലോ മുടിവെട്ട ലോ നിർബന്ധമാണ്.നബി(ﷺ) ഹജ്ജത്തുൽ വിദാ ഇന്റെ വേളയിൽ മക്കയിൽ വന്നപ്പോൾ ത്വവാ ഫും സഅ്യും നിർവ്വഹിച്ച് ബലിമൃഗം കൊണ്ടു വരാത്തവരോട് മുടിവെട്ടാനും തഹല്ലുലാവാനും കൽപ്പിച്ചു. ഇത് യഥാർത്ഥത്തിൽ നിർബന്ധ കൽ പ്പനയായിരുന്നു. ഹുദൈബിയ സന്ധി വേളയിൽ അവർ പ്രതിരോധിക്കപ്പെട്ടപ്പോൾപ്പോലും അദ്ദേ ഹം അവരോട് മുടിമുറിക്കാൻ കൽപ്പിക്കുകയു ണ്ടായി. എത്രത്തോളമെന്നാൽ അവർ അതിൽ അ ലംഭാവം കാണിച്ചപ്പോൾ അദ്ദേഹം അവരോട് കോപിക്കുക പോലും ചെയ്തു.

എന്നാൽ ഉംറയിൽ ശ്രേഷ്ഠം മുണ്ഡനം ത ന്നെയാണ്. വൈകി എത്തിയ മുതമത്തിഇനൊഴി കെ, അദ്ദേഹത്തിന് ഹജ്ജിൽ മുണ്ഡനം ചെയ്യാ നായി ഉംറയിൽ മുടി മുറിക്കലാണ് ഏറ്റവും ഉത്ത മം.

7) ജംറത്തുൽ അഖബയുടെ കിഴക്ക് ഭാഗത്തുനി ന്നും എറിഞ്ഞ ഒരാളുടെ കല്ല് നിശ്ചയിക്കപ്പെട്ട ക ളത്തിൽ വീണില്ല. ദുൽഹജ്ജ് 13 ലാണിത് എങ്കി

ൽ അയ്യാമുത്തശ്‌രീഖിന്റെ ദിവസങ്ങളിൽ ത്തന്നെ അവൻ ഏറ് മടക്കേണ്ടതുണ്ടോ?

**ഉ:** മുഴുവൻ ഏറുകളും മടക്കൽ അവനെ സംബന്ധിച്ചിടത്തോളം നിർബന്ധമില്ല. മറിച്ച് അപാകതകൾ സംഭവിച്ച ഏറുകൾ മാത്രമേ മടക്കേണ്ടതുള്ളൂ. ഈ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ അയാൾ ജംറത്തുൽ അഖബയെ മാത്രം മടക്കി എറിഞ്ഞാൽ മതി. കിഴക്ക് നിന്നെറിഞ്ഞ കല്ലുകൾ കളത്തിൽ വീഴാത്തതിനാൽ അത് മതിയാവുകയില്ല. എന്നാൽ പാലത്തിന്റെ കിഴക്കെ ഭാഗത്തു നിന്നും എറിഞ്ഞാൽ അത് കളത്തിൽ വീഴും, എങ്കിൽ അത് മതിയാവുന്നതാണ്.

8) ജംറത്തുൽ അഖബയിൽ 'അദാഅ്' ആയി എറിയുന്ന സമയവും 'ഖദാഅ്' ആയി എറിയുന്ന സമയവും കഴിയുന്നത് എപ്പോഴാണ്?

ഉ: പെരുന്നാൾ ദിവസം ജംറത്തുൽ അഖബയെ എറിയുന്ന സമയം അവസാനിക്കുന്നത് ദുൽഹജ്ജ് 11 ന്റെ പ്രഭാതോദയത്തോടെയാണ്. ബലഹീനരും മറ്റുമായ തിരക്കേൽക്കാൻ പ്രാപ്തിയില്ലാത്ത ആളുകൾക്ക് ആ ഏറിന്റെ സമയം തുടങ്ങു

ന്നത് ബലിപെരുന്നാൾ ദിവസത്തിന്റെ രാത്രിയുടെ അന്ത്യയാമം മുതലാണ്.

അയ്യാമുത്തശ്‌രീഖിന്റെ ദിനങ്ങളിൽ ജംറത്തുൽ അഖബയെ എറിയേണ്ടത് മറ്റു രണ്ട് ജംറകളെപ്പോലെത്തന്നെ മധ്യാഹ്നം തൊട്ട് പിറ്റേ ദിവസത്തിന്റെ പ്രഭാതോദയം വരെയാണ്.അയ്യാമുത്തശ്‌രീഖിന്റെ അവസാന ദിവസം, അതായത് ദുൽ ഹജ്ജ് 14 ന്റെ രാത്രി ഒഴികെ. കാരണം ആ രാത്രിയിൽ ഏറ് ഇല്ലല്ലോ. കാരണം അയ്യാമുത്തശ്‌രീഖ് ആ ദിവസങ്ങളുടെ സൂര്യാസ്തമയത്തോടെ അവസാനിച്ചു. പകൽ എറിയലാണ് ഏറ്റവും ഉത്തമം. ഹാജിമാരുടെ ആധിക്യവും തിക്കും തിരക്കും പരസ്പരം പരിഗണിക്കായ്മയും കാരണം തനിക്ക് വല്ല അപകടവും സംഭവിക്കുമോ എന്ന് ഭയപ്പെട്ടാൽ അയാൾക്ക് രാത്രി എറിയാവുന്നതാണ്, അതുകൊണ്ട് വിരോധമില്ല.

അതുപോലെത്തന്നെ ഇത്തരം ഭയപ്പാടൊന്നുമില്ലെങ്കിൽപ്പോലും രാത്രി എറിഞ്ഞാൽ അതുകൊണ്ട് വിരോധമൊന്നുമില്ല. എന്നാൽ കൂടുതൽ ശ്രേഷ്ഠതയുള്ളത് സ്വീകരിക്കലാണ് എപ്പോഴും

അഭികാമ്യം. തനിക്ക് ആവശ്യം നേരിട്ടെങ്കിലല്ലാതെ രാത്രിയിൽ എറിയാതിരിക്കുക.

9) എറിയപ്പെടുന്ന ഏഴ് കല്ലുകളിൽ ഒന്നോരണ്ടോ എണ്ണം തളത്തിൽ വീണില്ല, ശേഷം ഒന്നു രണ്ടു ദിവസങ്ങൾ കഴിഞ്ഞുപോയി, എങ്കിൽ അയാൾ ലക്ഷ്യം തെറ്റിയ ഈ കല്ലുകൾക്ക് പകരം എറിയൽ നിർബന്ധമാണോ? എറിയൽ നിർബന്ധമെങ്കിൽ ബാക്കിയുള്ള ഏറുകൾ ആവർത്തിക്കേണ്ടതുണ്ടോ?

ഉ: ഒന്നോ രണ്ടോ ജംറകളിലെ ഏറോ, അല്ലെങ്കിൽ ജംറകളിൽ ഏതെങ്കിലുമൊന്നിൽ ഒന്നോ രണ്ടോ കല്ലുകളോ എറിയാൻ ബാധ്യതയുള്ള ആളെക്കുറിച്ച് കർമ്മശാസ്ത്ര പണ്ഡിതന്മാരുടെ വീക്ഷണത്തിൽ, അയാൾ അവസാനത്തെ ജംറയിലാണെങ്കിൽ അതിൽ വന്ന കുറവ് പൂർത്തിയാക്കി എറിഞ്ഞാൽ മതി. അതിന് മുമ്പത്തെതിൽ വന്ന കുറവുകളെ പൂർത്തിയാക്കി ചെയ്യൽ നിർബന്ധമില്ല. എന്നാൽ അവസാനത്തേതല്ലാത്ത ജംറയിലാണെങ്കിൽ കുറവു വന്നത് പൂർത്തിയാക്കുകയും ശേഷം ബാക്കി എറിയുകയും വേണം.

എന്നാൽ കുറവുള്ളതെല്ലാം മൊത്തമായി പൂർത്തിയാക്കുക എന്നതാണ് എന്റെ വീക്ഷണത്തിൽ ഏറ്റവും ശരി. അതിന് ശേഷം വീണ്ടും ഏറ് മടക്കേണ്ടതില്ല താനും. കാരണം, അജ്ഞതയാലോ പിഴവായിക്കൊണ്ടോ ആണ് ക്രമം തെറ്റിയത്. ഇയാൾ രണ്ടാമത്തെ ജംറയെ എറിയുമ്പോൾ മുമ്പത്തേത് അപൂർണ്ണമാണെന്ന് അയാൾക്കറിയില്ലായിരുന്നു. അജ്ഞതയോ മറവിയോ ആണ് കാരണം. ഈ ഘട്ടത്തിൽ നമുക്ക് അയാളോട് പറയാനുള്ളത്: ഏറിൽ എന്താണോ കുറവുവന്നത് അത് മാത്രം താങ്കൾ എറിഞ്ഞാൽ മതി. അതിന്റെ ശേഷം താങ്കൾ ഏറ് മടക്കേണ്ടതില്ല.

അവസാനിക്കും മുമ്പ് ഓർമ്മിപ്പിക്കട്ടെ, എറിയപ്പെടേണ്ട സ്ഥാനം അടയാളത്തിനായി നാട്ടപ്പെട്ട ആ തൂണ് മാത്രമല്ല. കല്ല് വീഴുന്ന ആ ഹൗദ് മുഴുവൻ അതിന് ഇടം തന്നെയാണ്.അതിനാൽ ഏറ് തൂണിൽ തട്ടാതെ തളത്തിനകത്ത് പതിച്ചാൽ അവന്റെ ഏറ് ശരിയാണ്. അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ.

10) ധൃതിയിൽ പുറപ്പെടാൻ ഉദ്ദേശിച്ച് ഒരു ഹാജി ദുൽഹജ്ജ് 12ന് സൂര്യാസ്തമയത്തിന് മുമ്പ് മിനാ

യിൽ നിന്ന് പുറപ്പെട്ടു. അദ്ദേഹത്തിന് മിനായിൽ ജോലിയുള്ളതിനാൽ സൂര്യാസ്തമയ ശേഷം വീണ്ടും മിനായിൽ വരേണ്ടതുണ്ട്, എങ്കിൽ 'ധൃതി' ക്കാരിൽ ഉൾപ്പെടുമോ?

ഉ: അതെ അദ്ദേഹം ധൃതിക്കാരിൽപ്പെട്ടവനാണ്. കാരണം അദ്ദേഹം ഹജ്ജ് പൂർത്തീകരിച്ചു കഴിഞ്ഞു.അദ്ദേഹം മിനായിലേക്ക് തിരിച്ചു വന്നതിന്റെ ഉദ്ദേശ്യം ജോലിയാണ് ആരാധനയല്ല. അതിനാൽ അദ്ദേഹം 'ധൃതി'ക്കാരിൽപ്പെടുന്നതിന് അത് തടസ്സമാവുന്നില്ല.

11) ഒരാൾ മീഖാത്തിൽ വെച്ച് ഹജ്ജിന് ഇഹ്റാം ചെയ്തു. അയാളുടെ കൈവശം ഹജ്ജിന്റെ 'വറഖ്' (അനുവാദപത്രം) ഇല്ലാത്തതിനാൽ മക്കക്ക് സമീപം പോലീസ് അയാളെ ചെക്ക് പോസ്റ്റിൽ തടഞ്ഞു, അയാളുടെ വിധി എന്താണ്?

ഉ: പ്രവേശനം തടയപ്പെട്ടതിനാൽ അയാൾക്ക് പ്രതിരോധിക്കപ്പെട്ടവന്റെ വിധിയാണ്, താൻ തടയപ്പെട്ട സ്ഥലത്ത് തന്നെ അയാൾ ഒരു ബലി നൽകുകയും ഇഹ്റാമിൽ നിന്നും തഹല്ലുലാവുകയും ചെയ്യണം. ഇത് അയാളുടെ ഫർദായ ഹജ്ജായി

രുന്നെങ്കിൽ അയാൾ പിന്നീട് ആ ഫർദ് നിറവേറ്റ ണം, ഇത് 'ഖദാഅ്' അല്ല. എന്നാൽ ഇത് നിർബ ന്ധ ഹജ്ജല്ല എങ്കിൽ അയാളുടെ മേൽ ഒന്നും ബാധ്യതയില്ല. ഇതാണ് കൂടുതൽ മുൻഗണനയു ള്ള അഭിപ്രായം. കാരണം നബി(ﷺ) ഹുദൈബിയ യിൽ തടയപ്പെട്ടവരോട് ആ ഉംറ മടക്കി നിർവ്വഹി ക്കാൻ ആവശ്യപ്പെട്ടിട്ടില്ല. തടയപ്പെട്ടവരോട് കർ മ്മം ഖദാ വീട്ടണമെന്ന് അല്ലാഹുവിന്റെ ഗ്രന്ഥ ത്തിലോ പ്രവാചന്റെ സുന്നത്തിലോ ഇല്ല. അല്ലാ ഹു പറഞ്ഞത്:

فَإِنْ أُحْصِرْتُمْ فَمَا اسْتَيْسَرَ مِنَ الْهَدْيِ ...( البقرة : ١٩٦ )

'ഇനി നിങ്ങൾക്ക് (ഹജ്ജ് നിർവ്വഹിക്കുന്നതിന്) ത ടസ്സം സൃഷ്ടിക്കപ്പെട്ടാൽ നിങ്ങൾക്ക് സൗകര്യ പ്പെടുന്ന ഒരു ബലിമൃഗത്തെ (ബലിയർപ്പിക്കേണ്ട താണ്)' (ബഖറ:196). എന്നാണ്.അതല്ലാത്ത ഒന്നും തന്നെ പറഞ്ഞിട്ടില്ല. എന്നാൽ പ്രവാചകന്റെ ഉംറ 'ഉംറത്തുൽ ഖദാഅ്' എന്ന് പേരു വിളിക്കപ്പെട്ടത് അദ്ദേഹം ഖുറൈശികളുമായി അതിൽ(ഖദാഇലാ യി) കരാറിലായി എന്നതു കൊണ്ടാണ്. അല്ലാതെ നഷ്ടപ്പെട്ടത് മടക്കി ചെയ്തു എന്ന അർത്ഥത്തില ല്ല. അല്ലാഹു അഅ്ലം.

12) നാടോടിയായൊരു മനുഷ്യൻ സാധാരണ വസ്ത്രത്തിൽ ഹജ്ജുദ്ദേശിച്ചു കൊണ്ടല്ലാതെ രാഷ്ട്രത്തെ കബളിപ്പിച്ച് മക്കയിലെത്തി, പിന്നീട് അവിടെ നിന്ന് ഇഹ്റാം ചെയ്തു, അവന്റെ ഹജ്ജ് ശരിയാവുമോ? അയാൾക്ക് നിർബന്ധമാവുന്നതെന്താണ്?

ഉ: ഹജ്ജ് സാധുവാണ്, എന്നാൽ അങ്ങനെ ചെയ്യൽ രണ്ട് രൂപത്തിൽ നിഷിദ്ധമാണ്.

1) മീഖാത്തിൽ നിന്ന് ഇഹ്റാം ചെയ്യൽ ഉപേക്ഷിക്കലിലൂടെ അല്ലാഹുവിന്റെ പരിധിലംഘിക്കൽ.

2) അല്ലാഹുവോടുള്ള ധിക്കാരമല്ലാത്ത വിഷയങ്ങളിൽ അനുസരിക്കാൻ നാം കൽപ്പിക്കപ്പെട്ടിട്ടുള്ള രാഷ്ട്രാധികൃതരുടെ കൽപ്പനയെ ധിക്കരിക്കൽ.

ഇങ്ങനെ ചെയ്തതിന്റെ പേരിൽ അയാൾ അല്ലാഹുവോട് പശ്ചാത്തപിക്കുകയും സംഭവിച്ചതിന്റെ പേരിൽ അവനോട് പൊറുക്കലിനെ തേടുകയും വേണം. ഹജ്ജിന്റെ നിർബന്ധ ഘടകങ്ങളിലൊന്നായ മീഖാത്തിൽ നിന്ന് ഇഹ്റാം ചെയ്യൽ ഒഴിവാക്കിയതിനാൽ അയാൾക്ക് ബലി നിർബന്ധമാണ്, മക്കയിൽ വെച്ച് അത് നിർവ്വഹിക്കുക

യും അത് സാധുക്കൾക്ക് വിതരണം ചെയ്യുകയും വേണം. ഹജ്ജിന്റെയോ ഉംറയുടെയോ നിർബന്ധ ഘടകങ്ങളിൽ ഒന്ന് ഉപേക്ഷിച്ചവന് പണ്ഡിതന്മാർ നിശ്ചയിക്കുന്ന പ്രായശ്ചിത്തം ഇതാണ്.

13) മുതമത്തിആയ വ്യക്തി തന്റെ നാട്ടിലേക്ക് മടങ്ങിയതോടെ അവന്റെ 'തമത്തുഅ്' മുറിഞ്ഞുവെന്ന് എനിക്ക് അറിയാൻ കഴിഞ്ഞു, അയാൾക്ക് ബലി കൊടുക്കാതെ മുഫ്രിദായിക്കൊണ്ട് വേറെ ഹജ്ജ് നിർവ്വഹിക്കാമോ?

ഉ: അതെ ഹാജി തന്റെ നാട്ടിലേക്ക് മടങ്ങുകയും പിന്നീട് ഹജ്ജിന് മാത്രമായി മറ്റൊരു യാത്ര പുറപ്പെടുകയും ചെയ്താൽ, അയാൾ തന്റെ നാട്ടിലേക്ക് പോവലിലൂടെ ഹജ്ജിന്റെയും ഉംറയുടെയും ഇടയിൽ വേർപിരിച്ചു എന്നതിനാൽ അയാൾ മുഫ്രിദാണ്. അയാളുടെ പുതിയ യാത്ര ഹജ്ജിന് മാത്രമുള്ളതാണെങ്കിൽ അത് ഇഫ്റാദാണ്.അപ്പോൾ അയാൾക്ക് ബലി നിർബന്ധമില്ല. എന്നാൽ ഉംറക്ക് ശേഷം സ്വദേശത്തേക്ക് പോയത് തന്ത്രം എന്ന നിലക്കാണെങ്കിൽ അയാളിൽ നിന്നും ബലി ഒഴിവാകുകയില്ല.കാരണം ഹറാമായ ഒരു കാര്യത്തിന് തന്ത്രം പ്രയോഗിക്കുക വഴി അത് അനുവദനീ

യമാവുകയില്ല എന്നതുപോലെത്തന്നെ, ഒരു നിർബന്ധം വീണു പോവാനായി തന്ത്രം പ്രയോഗിച്ചാൽ അതുകൊണ്ട് നിർബന്ധം ഒഴിവാവുകയില്ല.

14) ഒരു മുസ്‌ലിം ഹജ്ജിന്റെ മാസങ്ങൾക്കു മുമ്പ് ഹജ്ജ് ഉദ്ദേശിച്ചുകൊണ്ട് മക്കയിലെത്തി, ഉംറ ചെയ്യുകയും ഹജ്ജ് വരെ നിന്ന് ശേഷം ഹജ്ജ് നിർവ്വഹിക്കുകയും ചെയ്തു. എങ്കിൽ ഇയാളുടെ ഹജ്ജ് തമത്തുഅ് ആയിരിക്കുമോ അതോ ഇഫ്റാദ് ആയിരിക്കുമോ?

ഉ: അയാളുടെ ഹജ്ജ് ഇഫ്റാദ് ആയിരിക്കും, കാരണം ഹജ്ജിന്റെ മാസങ്ങളിൽ ഉംറക്ക് ഇഹ്റാം ചെയ്ത് ശേഷം അതിൽ നിന്നും ഒഴിവായി പിന്നീട് അതേ വർഷം തന്നെ ഹജ്ജിന് ഇഹ്റാം ചെയ്യലാണ് തമത്തുഅ്. എന്നാൽ ഹജ്ജിന്റെ മാസങ്ങൾക്കുമുമ്പ് ഉംറക്ക് വേണ്ടി ഇഹ്റാം ചെയ്യുകയും ശേഷം ഹജ്ജ് വരെ മക്കയിൽ തങ്ങുകയും ഹജ്ജ് നിർവ്വഹിക്കുകയും ചെയ്തവൻ മുഫ്രിദായിരിക്കും.ഹജ്ജിനും ഉംറക്കും ഒന്നിച്ച് ഇഹ്റാം ചെയ്ത് ഖാരിനായാൽ ഒഴികെ. എന്നാൽ ഹജ്ജിന്റെ മാസങ്ങളിൽ ഉംറ നിർവ്വഹിച്ചവന് മാത്രമാണ് തമത്തുഅ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്, കാരണം ഹജ്ജി

ന്റെ മാസങ്ങളിൽഉംറയെക്കാൾ പ്രധാനം ഹജ്ജാണ്,എന്നാൽ ഉംറ നിർവ്വഹിച്ചതിനു ശേഷം ഹജ്ജ് വരെ സുഖമനുഭവിക്കാൻ അവസരം നൽകിയതിലൂടെ അല്ലാഹു തന്റെ അടിമകൾക്ക് ലഘൂകരിച്ച് നൽകിയിരിക്കുകയാണ്. അങ്ങനെ ഹജ്ജിനും ഉംറക്കുമിടയിൽ സുഖമെടുക്കാൻ അവൻ അവർക്കനുവാദം നൽകുക മാത്രമല്ല താൽപ്പര്യപ്പെടുത്തുകയും ചെയ്തു.

15) ഒരു ഹജ്ജ് ഗ്രൂപ്പ് സൂര്യാസ്തമയ ശേഷം അറഫയിൽ നിന്നും പുറപ്പെട്ടു, അവർ വഴി തെറ്റി മക്കയിലെത്തി, ശേഷം പോലീസ് അവരെ മുസ്ദലിഫയിലേക്ക് തിരിച്ചയച്ചു. അങ്ങനെ അവർ മുസ്ദലിഫയിലേക്ക് വന്നു കൊണ്ടിരിക്കെ നിറുത്തി മഗ്രിബും ഇശാഉം രാത്രി ഒരു മണിക്ക് നമസ്കരിച്ചു. ശേഷം ഫജ്ർ ബാങ്കിന്റെ സമയത്താണ് അവർക്ക് മുസ്ദലിഫയിൽ കടക്കാൻ സാധിച്ചത്. അവിടെ വെച്ചവർ ഫജ്ർ നമസ്കരിക്കുകയും ശേഷം അവർ പുറത്തുപോവുകയും ചെയ്തു. ഇതിന്റെ പേരിൽ അവർക്ക് വല്ലതും ബാധ്യതയുണ്ടോ?

ഉ: ഫജ്ർ ബാങ്കിന്റെ സമയത്ത് മുസ്ദലിഫയിൽ പ്രവേശിക്കാൻ സാധിച്ചതു കൊണ്ടും അവിടെ വെച്ച് കൂരിരുട്ടിൽ തന്നെ ഫജ്ർ നമസ്കരിക്കാൻ സാധിച്ചതുകൊണ്ടും തന്നെ അവരുടെമേൽ ഒരു ബാധ്യതയുമില്ല. നബി(ﷺ) പറഞ്ഞു: 'നമ്മുടെ ഈ നമസ്കാരത്തിന് ഹാജരാവുകയും നാം പുറപ്പെടുന്നതു വരെ നമ്മോടൊപ്പം നിൽക്കുകയും അതിന് മുമ്പ് രാത്രിയിലോ പകലിലോ അറഫയിൽ നിൽക്കുകയും ചെയ്തവൻ അവന്റെ ഹജ്ജ് പൂർത്തിയാക്കുകയും അവന്റെ അഴുക്കുകൾ നീക്കുകയും ചെയ്തിരിക്കുന്നു'.എന്നാൽ പാതിരാവു വരെ നമസ്കാരം വൈകിപ്പിച്ചത് അവർ ചെയ്തത് അബദ്ധമാണ്, കാരണം, പ്രവാചകനിൽ നിന്നും അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ(رضي الله عنه) ഉദ്ദരിച്ചതായി സ്വഹീഹ് മുസ്ലിം രേഖപ്പെടുത്തിയ പോലെ, ഇശാ നമസ്കാരത്തിന്റെ സമയം പാതിരാവു വരെയാണ്. അതിനാൽ പാതി രാവിനപ്പുറം നമസ്കാരം വൈകിപ്പിക്കൽ അനുവദനീയമല്ല.

16) തലമുണ്ഡനം ചെയ്യൽ ഇഹ്റാമിൽ നിഷിദ്ധമായ കാര്യങ്ങളിൽപ്പെട്ടതാണ്. അപ്പോൾ എങ്ങനെയാണ് പെരുന്നാൾ ദിവസം തഹല്ലുൽ കർമ്മം അ

തിൽ നിന്നും തുടങ്ങുന്നത്? കാരണം പണ്ഡിത ന്മാർ പറയുന്നു: 'മൂന്നിൽ രണ്ടുകാര്യങ്ങൾ കൊണ്ടാണ് തഹല്ലുൽ ആവുന്നത്, അവയിലൊന്നായി മുടി നീക്കലിനെ അവർ എണ്ണുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹാജിക്ക് മുടി നീക്കൽ കൊണ്ട് തുടങ്ങാമോ'?

ഉ: അതെ, മുണ്ഡനം കൊണ്ട് തുടങ്ങാവുന്നതാണ്. കാരണം അയാളുടെ മുണ്ഡനം ഹജ്ജിൽ നിന്നും തഹല്ലുലാവാൻ വേണ്ടിയാണല്ലോ. അപ്പോൾ അയാൾ ഇഹ്റാമിലില്ലാത്തവനെപ്പോലെയാണ്.മാത്രവുമല്ല അതയാളോട് കൽപ്പിക്കപ്പെട്ട ഒരു കർമ്മവുമാണ്. കൽപ്പിക്കപ്പെട്ട കർമ്മമാവുമ്പോൾ അയാളുടെ പ്രവർത്തനം കുറ്റകൃത്യമായോ നിഷിദ്ധമായത് പ്രവർത്തിക്കലായോ വിലയിരുത്തപ്പെടാവതല്ല.

നബി(ﷺ)യിൽ നിന്നും സ്ഥിരപ്പെട്ടിരിക്കുന്നു, ബലിയറുക്കുന്നതിനും ഏറിനും മുമ്പ് മുണ്ഡനം ചെയ്തതിനെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'വിരോധമില്ല'.

ശറഇൽ നിയമമാക്കപ്പെട്ടത് മാത്രമാണ് കൽപ്പിക്കപ്പെട്ടതോ നിഷിദ്ധമാക്കപ്പെട്ടതോ ആവുന്ന

ത്. താങ്കൾക്കറിയാമല്ലോ, അല്ലാഹു അല്ലാത്തവർക്ക് സുജൂദ് ചെയ്യൽ ശിർക്കാണ്. എങ്കിലും അല്ലാഹു മലക്കുകളോട് ആദമിന് സുജൂദ് ചെയ്യാൻ വേണ്ടി കൽപ്പിച്ചപ്പോൾ അദ്ദേഹത്തിനുള്ള അവരുടെ സുജൂദ് അല്ലാഹുവിനുള്ള അനുസരണമാവുകയാണുണ്ടായത്.

അതുപോലെത്തന്നെ താങ്കൾക്കറിയാമല്ലോ വൻപാപങ്ങളിൽപ്പെട്ടതാണ് മനുഷ്യവധം, പ്രത്യേകിച്ചും അത് കുഞ്ഞുങ്ങളാണെങ്കിൽ. എന്നാൽ ഇബ്റാഹീം നബി(ﷺ)യോട് തന്റെ തന്റെ മകൻ ഇസ്മാഈലി(ﷺ)നെ കൊല്ലാൻ (അറുക്കാൻ) അല്ലാഹു കൽപ്പിച്ചപ്പോൾ അത് അല്ലാഹുവിനുള്ള അനുസരണമായി മാറി, അതുമുഖേന ഇബ്റാഹിം (ﷺ) മഹത്തായ പദവി കരസ്ഥമാക്കുകയും ചെയ്തു. എന്നാൽ അല്ലാഹു അവന്റെ കാരുണ്യത്താൽ ഇബ്റാഹിം നബി(ﷺ)ക്കും അദ്ദേഹത്തിന്റെ മകന്നും ഇളവ് ചെയ്തുകൊടുത്തു.

17) മുതമത്തിഇന്റെ ബലിയുടെ സമയം കഴിയുന്നത് എപ്പോൾ?.

ഉ: തമത്തുഇന്റെ ബലി കൊടുക്കുന്ന സമയം ദുൽഹജ്ജ് 13ന് സൂര്യാസ്തമയത്തോടെയാണ് അവസാനിക്കുന്നത്. പെരുന്നാൾ ദിവസം സൂര്യൻ ഒരു കുന്തത്തിന്റെ അത്ര ഉയർന്നതിന് ശേഷം പെരുന്നാൾ നമസ്കാരം തീരുന്ന സമയമാവുന്നതോടെ അതിന്റെ സമയം ആരംഭിക്കുന്നു.

18) രാത്രി 12 മണി വരെ മിനായിൽ താമസിച്ച ഒരാൾ ശേഷം മക്കയിൽ പ്രവേശിച്ചു, പ്രഭാതോദയം വരെ അയാൾ മിനായിൽ തിരിച്ചെത്തിയില്ല, അയാളുടെ വിധി എന്ത്?

ഉ: രാത്രി 12 മണിക്ക് ശേഷമാണ് അയാൾ മിനാക്ക് പുറത്ത് കടന്നതെങ്കിൽ അത് മിനായിൽ പാതി രാവിന് ശേഷമാണ്. അതിന് ശേഷം മിനാക്ക് പുറത്ത് കടക്കുന്നതിന് വിരോധമില്ല. മിനായിൽ രാവും പകലുമെല്ലാം ഉണ്ടാവലാണ് ഏറ്റവും ശ്രേഷ്ഠം. പുറത്ത് കടക്കുന്നയാൾ 12 മണിക്ക് മുമ്പ് പുറത്ത് കടക്കരുത്. കാരണം മിനായിൽ രാത്രിയുടെ ഭൂരിഭാഗം സമയവും താമസിക്കണമെന്നത് രാപ്പാർക്കുന്നതിന്റെ നിബന്ധനയാണെന്ന് നമ്മുടെ കർമ്മശാസ്ത്ര പണ്ഡിതന്മാർ പറയുന്നു.

19) എറിയപ്പെട്ട കല്ലുകൾ കൊണ്ട് വീണ്ടും എറിയാൻ പാടില്ലെന്ന് പറയപ്പെടുന്നു. ഇത് ശരിയാണോ? അതിന് തെളിവ് എന്ത്?.

ഉ: അത് ശരിയല്ല. കാരണം എറിയപ്പെട്ട കല്ലുകൾ കൊണ്ട് വീണ്ടും എറിയാൻ പാടില്ലെന്ന് അഭിപ്രായപ്പെട്ടവർ അതിന് തെളിവ് പിടിച്ചത് മൂന്ന് ന്യൂനതകളാണ്. അവർ പറഞ്ഞു: എറിയപ്പെട്ട കല്ലുകൾ വീണ്ടും ഉപയോഗിക്കൽ, നിർബന്ധ ശുദ്ധിക്ക് ഉപയോഗിക്കപ്പെട്ട വെള്ളം ഉപയോഗിക്കുന്നത് പോലെയാണ്.നിർബന്ധ ശുദ്ധീകരണത്തിന്റെ കാര്യത്തിൽ ഉപയോഗിച്ച വെള്ളം സ്വയം ശുദ്ധിയുള്ളതും മറ്റുള്ളതിനെ ശുദ്ധീകരിക്കാൻ പറ്റാത്തതുമാണ്. അതുപോലെ, അത് (എറിയപ്പെട്ട കല്ലുകൾ കൊണ്ട് വീണ്ടും എറിയൽ) മോചിപ്പിക്കപ്പെട്ട അടിമയെ വീണ്ടും പ്രായശ്ചിത്തമായും മറ്റും മോചിപ്പിക്കുന്നതു പോലെയാണ്. (അത് പാടില്ലാത്തതാണല്ലൊ). അതുപോലെ, അത് (എറിയപ്പെട്ട കല്ലുകൾ കൊണ്ട് വീണ്ടും എറിയൽ) മുഴുവൻ ഹാജിമാരും ഒരൊറ്റ കല്ലു കൊണ്ട് എറിയൽ അനുവദനീയമാണെന്ന് പറയാൻ നിർബന്ധമാക്കും. അതായത് താങ്കൾ ഈ കല്ലുകൊണ്ട് എറിഞ്ഞു, ശേഷം അതേ കല്ലെടുത്ത് രണ്ടാമത്തെ ഏറും എറി

ഞ്ഞു, വീണ്ടും അതുകൊണ്ട് തന്നെ മൂന്നും... അങ്ങനെ ഏഴ് പൂർത്തിയാക്കി. ശേഷം മറ്റൊരു ഹാജി അതേ കല്ലുകൊണ്ട് ഇതേ രൂപത്തിൽ ചെയ്തു. ഏഴ് പൂർത്തിയാക്കുന്നതുവരെ. ഇതാണ് അവർ ചൂണ്ടിക്കാണിച്ച മൂന്ന് ന്യൂനതകൾ അഥവാ ന്യായങ്ങൾ. ഇവയെല്ലാം തന്നെ സൂക്ഷ്മ പരിശോധനയിൽ വളരെ ദുർബലമാണെന്ന് കാണാം.

**ഒന്നാമത്തെ ന്യായം:** മുസ്തഅ്മലായ വെള്ളം പോലെയാണ് ഈ കല്ലുകളെന്ന വാദം, ഇത് തീർത്തും അടിസ്ഥാന രഹിതമാണ്. വ്യക്തമായ തെളിവിന്റെ അടിസ്ഥാനത്തിലല്ലാതെ വെള്ളത്തിന്റെ 'ശുദ്ധീകരിക്കാൻ പറ്റുന്നത്' എന്ന അടിസ്ഥാന സ്വഭാവത്തെ മാറ്റിമറിക്കാൻ നിവൃത്തിയില്ല. ഇതിന്റെ അടിസ്ഥാനത്തിൽ നിർബന്ധ ശുദ്ധീകരണത്തിന് ഉപയോഗിച്ച വെള്ളം സ്വയം ശുദ്ധിയുള്ളതും ശുദ്ധീകരിക്കാൻ പറ്റുന്നതുമാണ്. ഉപമതന്നെ അടിസ്ഥാന രഹിതമായതിനാൽ ഉപമിക്കപ്പെട്ടതിന്റെ ആധികാരികതയെക്കുറിച്ച് ചർച്ച ചെയ്യേണ്ടതില്ലല്ലോ.

**രണ്ടാമത്തെ ന്യായം:** വിമോചിതനായ അടിമയോടാണ് ഇതിൽ ഉപയോഗിക്കപ്പെട്ട കല്ലുകളെ ഉപമി

ച്ചത്. ഇത് വൈരുദ്ധ്യാതിഷ്ഠിത ഉപാലങ്കാരമത്രെ. കാരണം ഒരു അടിമ വിമോചിതനാവുന്നതോടെ അടിസ്ഥാന വിശേഷണമായ അടിമത്വം ഇല്ലാതാവുന്നു. പിന്നീടയാൾ സ്വതന്ത്രനാണ്. പിന്നീട് അയാളെ(സ്വതന്ത്രനെ)മോചിപ്പിക്കാൻ അവസരമില്ല, (അതിന്റെ ആവശ്യവുമില്ല). എന്നാൽ എറിയപ്പെട്ട കല്ല് ഏറിന്റെ ശേഷവും കല്ലായിത്തന്നെ അവശേഷിക്കുന്നുണ്ട്. അതുപോലെ വിമോചിതമായ ഈ അടിമ ശറഇയായ എന്തെങ്കിലും കാരണത്താൽ വീണ്ടും അടിമയാക്കപ്പെട്ടാൽ അ യാളെ വീണ്ടും മോചിപ്പിക്കപ്പെടാവുന്നതുമാണ്.

**മൂന്നാമത്തെ ന്യായം:** മുഴുവൻ ഹാജിമാരും ഒരൊറ്റ കല്ലു കൊണ്ട് മാത്രം എറിയുന്നത് അനുവദനീയമാണെന്ന് പറയേണ്ടിവരും എന്നാണ് ന്യായം.നമുക്ക് പറയാനുള്ളത് അത് സാധ്യമാണെങ്കിൽ അങ്ങനെയുമാവാം. എന്നാൽ ഇത് അസംഭവ്യമാണ്.കല്ലുകൾ ധാരാളം ലഭിക്കാനുണ്ടെന്നിരിക്കെ അതിന്റെ ആവശ്യവുമില്ല.

ഈ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, താങ്കളുടെ കൈയിൽ നിന്നും ഏതാനും കല്ലുകൾ, അല്ലെങ്കിൽ കുറെ കല്ലുകൾ ജംറകളുടെ പരിസരത്ത് വീണുപോയാൽ അവിടെ കാണുന്നത് താങ്കൾക്ക്

പകരമായി എടുക്കുകയും അതുകൊണ്ട് എറിയുകയും ചെയ്യാം. അത് എറിയപ്പെട്ടതാണോ അല്ലാത്തതാണോ എന്ന് ഉറപ്പാക്കേണ്ട ആവശ്യമില്ല.

20) ഹാജിയും ഉംറ ചെയ്തവനും തന്റെ തലയുടെ മുഴുവൻ ഭാഗങ്ങളിൽ നിന്നും മുടി എടുക്കാതെ രണ്ട് ഭാഗങ്ങളിൽ നിന്ന് മാത്രം എടുത്തു, എന്താണ് അയാളുടെ വിധി?.

ഉ: അദ്ദേഹം ഹജ്ജിലായിരുന്നുവെങ്കിൽ ത്വവാഫും ഏറും കഴിയുകയും ചെയ്തിട്ടുണ്ടെങ്കിൽ, അയാൾക്ക് തന്റെ (സാധാരണ) വസ്ത്രത്തിൽ നിന്നു കൊണ്ട് തന്നെ മുടി വടിക്കുകയോ മുറിക്കുകയോ ആവാം. എന്നാൽ അയാൾ ഉംറയിലായിരുന്നുവെങ്കിൽ അയാൾ തന്റെ ആ വസ്ത്രം മാറ്റി ഇഹ്റാമിന്റെ വസ്ത്രം വീണ്ടും ഉടുത്ത് ഇഹ്റാമിന്റെ വസ്ത്രത്തിലായി ക്കൊണ്ട് തന്നെ ശേഷം തലയുടെ എല്ലാ ഭാഗങ്ങളിൽ നിന്നുമായി ക്കൊണ്ട് പൂർണ്ണമായി മുറിക്കുകയോ അല്ലെങ്കിൽ മുടി നീക്കുകയോ ചെയ്യണം.

21) ഹാജിക്ക് ഹജ്ജിന്റെ സഅ്യിനെക്കാൾ ത്വവാഫുൽ ഇഫാദയെ മുന്തിക്കാൻ പാടുണ്ടോ?

ഉ: ഹാജി മുഫ്രിദോ ഖാരിനോ ആണെങ്കിൽ സഅ്യിനെ ത്വവാഫുൽ ഇഫാദയെക്കാൾ മുന്തിക്കൽ അനുവദനീയമാണ്. നബി(ﷺ)യും ബലിമൃഗത്തെ കൊണ്ടുവന്ന അദ്ദേഹത്തിന്റെ സഹാബത്തും ചെയ്തതു പോലെ,ത്വവാഫുൽ ഖുദൂമിന്റെ ശേഷം തന്നെ അത് നിർവഹിക്കാവുന്നതാണ്.

എന്നാൽ മുതമത്തിഇന് രണ്ട് സഅ്യ് നിർബന്ധമാണ്. മക്കയിലേക്ക് വന്നപ്പോഴുള്ളതാണ് **ഒന്ന്**. അത് ഉംറക്കുള്ളതാണ്. രണ്ടാമത്തേത് ഹജ്ജിനുള്ളതും.

ഹജ്ജിന്റെ സഅ്യ് ത്വവാഫുൽ ഇഫാദക്ക് ശേഷം നിർവ്വഹിക്കലാണ് ഏറ്റവും ഉത്തമം. കാരണം സഅ്യ് ത്വവാഫിനെ തുടർന്നുവരുന്നതാണ്. എന്നാൽ മുൻഗണനാഭിപ്രായമനുസരിച്ച് സഅ്യിനെ ത്വവാഫിനെക്കാൾ മുന്തിച്ചാൽ അതുകൊണ്ട് വിരോധമില്ല. കാരണം നബി(ﷺ) ചോദിക്കപ്പെട്ടു: 'ത്വവാഫിന് മുമ്പ് ഞാൻ സഅ്യ് ചെയ്തു', നബി(ﷺ) പറഞ്ഞു: 'വിരോധമില്ല'. അപ്പോൾ ഹാജിക്ക് പെരുന്നാൾ ദിവസം ക്രമപ്രവൃദ്ധമായി അഞ്ച് കർമ്മങ്ങളാണ് നിർവ്വഹിക്കാനുള്ളത്. ജംറത്തുൽ അഖബയെ എറിയൽ, ശേഷം ബലിനൽകൽ, ശേ

ഷം തല മുണ്ഡനം ചെയ്യൽ അല്ലെങ്കിൽ മുടി മുറിക്കൽ, ശേഷം കഅ്ബയെ ത്വവാഫ് ചെയ്യൽ, ശേഷം സ്വഫാമർവക്കിടയിൽ സഅ്യ് നിർവ്വഹിക്കൽ എന്നിവയാണവ. ത്വവാഫുൽ ഖുദൂമിന്റെ കൂടെ സഅ്യ് ചെയ്ത ഖാരിനോ മുഫ്രിദോ ആണെങ്കിലൊഴികെ,അവർ വീണ്ടും സഅ്യ് ചെയ്യേണ്ടതില്ല. നാം പറഞ്ഞ പോലെ ക്രമപ്പെടുത്തലാണ് ഏറ്റവും ഉത്തമം. എന്നാൽ ഒന്നിനെക്കാൾ മറ്റൊന്നിനെ മുന്തിച്ചാൽ –പ്രത്യേകിച്ചും ആവശ്യമായി വന്നാൽ– അതുകൊണ്ട് യാതൊരു വിരോധവുമില്ല. ഇത് അല്ലാഹു എളുപ്പമാക്കിത്തന്നതും അല്ലാഹുവിന്റെ കാരുണ്യത്തിൽപ്പെട്ടതുമാണ്. അല്ലാഹുവിന്നാകുന്നു സർവ്വ സ്തുതിയും.

والله أعلم ، وصلى الله وسلم على نبينا محمد ، وعلى آله وصحبه وسلم

***********